11
ജൂലൈ 2024
വ്യാഴം
1446 മുഹറം 05
1199 മിഥുനം 27

ഗൾഫ് ചന്ദ്രിക

https://gulf-chandrika.com/

# ഗൾഫ് ചന്ദ്രിക

facebook.com/ @gulfchandrika
instagram.com/ @gulfchandrika
youtube/ @gulfchandrika

പേജ് 22
അബുദാബി

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം
RNI No. 3018/1957. Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal



05 ഭാര്യയുടെ ത്യാഗം തിരിച്ചറിയണമെന്ന് പുരുഷന്മാരോട് സുപ്രീംകോടതി



07 ഗസ്സ സിറ്റിയിൽ കൂട്ട ഒഴിപ്പിക്കൽ

08 ലോക ഫുട്ബോളിൽ പുതുയുഗം





എറണാകുളം മരട് കുണ്ടന്നൂർ തേവര പാലത്തിനു സമീപം ഓടിക്കൊണ്ടിരുന്ന സ്കൂൾ ബസ്സിന് തീപിടിച്ചപ്പോൾ. രാവിലെ കുട്ടികളെ കയറ്റാനായി പുറപ്പെട്ടപ്പോഴായിരുന്നു അപകടം. ഡ്രൈവറും സഹായിയും മാത്രമാണ് ബസിലുണ്ടായിരുന്നത്. ഇവർ പുറത്തേക്ക് ചാടി രക്ഷപ്പെട്ടതിനാൽ വൻ ദുരന്തം ഒഴിവായി ▶ വാർത്ത പേജ് 09

## തലസ്ഥാനത്ത് രണ്ടുപേർക്കു കൂടി കോളറ

തിരുവനന്തപുരം: കോളറ ബാധിച്ച് ഒരു വിദ്യാർത്ഥി മരിച്ച നെയ്യാറ്റിൻകരയിലെ സ്വകാര്യ സ്ഥാപനത്തിൽ രണ്ട് പേർക്ക് കൂടി കോളറ സ്ഥിരീകരിച്ചു. രോഗലക്ഷണങ്ങളോടെ ചികിത്സയിലുണ്ടായിരുന്ന രണ്ട് പേരുടെ സാമ്പിളാണ് പോസിറ്റീവായത്. ഇതോടെ മൂന്ന് പേർക്കാണ് ഈ സ്ഥാപനത്തിൽ കോളറ സ്ഥിരീകരിച്ചത്. ചികിത്സയിലുള്ള എല്ലാവരുടെയും ആരോഗ്യനില തൃപ്തികരമെന്നാണ് ആരോഗ്യവകുപ്പ് വ്യക്തമാക്കിയത്. രോഗ ഉറവിടം ഇനിയും കണ്ടെത്താനായിട്ടില്ല. കോളറ പരിസര പ്രദേശങ്ങളിൽ ബാധിക്കുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കാൻ ആരോഗ്യ വകുപ്പ് നിർദേശം നൽകി. ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിലാണ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കിയത്.

### താമിർ ജിഫ്രി കസ്റ്റഡി മരണം

## മലപ്പുറം മുൻ എസ്.പി സുജിത്ത് ദാസിനെ സി.ബി.ഐ ചോദ്യം ചെയ്തു

**യു.എ റസാഖ്**
തിരൂരങ്ങാടി

താമിർ ജിഫ്രി കസ്റ്റഡി കൊലക്കേസിൽ മലപ്പുറം ജില്ലാ മുൻ പൊലീസ് മേധാവി സുജിത്ത് ദാസിനെ സി.ബി. ഐ ചോദ്യം ചെയ്തു. തിരുവനന്തപുരത്ത് വച്ച് സി.ബി.ഐ ഡിവൈ.എസ്.പി കുമാർ റോണക്കിന്റെ നേതൃത്വത്തിലായിരുന്നു ചോദ്യം ചെയ്യൽ. സുജിത് ദാസ് മലപ്പുറം എസ്.പിയായിരുന്ന സമയത്ത് അദ്ദേഹത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിച്ചിരുന്ന ഡാൻസഫ് സംഘത്തിലെ അംഗങ്ങളായ, ഒന്നാം പ്രതി താനൂർ പൊലീസ് സ്റ്റേഷനിലെ സീനിയർ സി.പി.ഒ ജിനേഷ്, രണ്ടാം പ്രതി പരപ്പനങ്ങാടി സ്റ്റേഷനിലെ സി.പി.ഒ ആൽബിൻ അഗസ്റ്റിൻ, മൂന്നാം പ്രതി കൽപ്പകഞ്ചേരി സ്റ്റേഷനിലെ സി. പി.ഒയും താനാളൂർ കെ.പുരം വായനശാല സ്വദേശി കരേകത്ത് അഭിമന്യൂ, നാലാം പ്രതി തിരൂരങ്ങാടി സ്റ്റേഷനിലെ സി.പി.ഒ വിപി ൻ എന്നിവരെ നേരത്തെ സി.ബി. ഐ അറസ്റ്റ് ചെയ്തിരുന്നു. ഇവരുടെ മൊഴിയുടെ അടിസ്ഥാനത്തിലാണ് സുജിത്ത് ദാസിനെ ചോദ്യം ചെയ്തതെന്നാണ് വിവരം.



സുജിത് ദാസ്

2023 ജൂലൈ 31-ന് അന്നത്തെ ജില്ലാ പൊലീസ് മേധാവി സുജിത്ത് ദാസിന്റെ നിർദേശ പ്രകാരം അഞ്ച് മണിയോടെയാണ് ചേളാരിയിലെ ആലുങ്ങലിൽ നിന്നും താമിറടക്കം 12 പേരെ ഡാൻസഫ് സംഘം കസ്റ്റഡിയിലെടുത്തത്. കുറഞ്ഞത് എസ്.ഐ റാങ്കിലുള്ള ഉദ്യോഗസ്ഥനെങ്കിലും ഒരു വ്യക്തിയെ കസ്റ്റഡിയിലെടുക്കുമ്പോൾ വേണമെന്ന നിയമം കാറ്റിൽ പറത്തിയായിരുന്നു ലഹരി പിടികൂടി എന്ന് കാണിച്ചുള്ള ഡാൻസഫ് നീക്കം. തുടർന്ന് ഡാൻസഫ് സംഘം മർദിച്ചു അവശരാക്കിയ താമിർ ജിഫ്രി അടക്കമുള്ളവരെ താനൂർ ദേവദാർ പാലത്തിന് താഴെവെച്ച് താനൂർ എസ്.ഐ കൃഷ്ണലാലിനെ കൊണ്ട് കസ്റ്റഡിയിലെടുപ്പിക്കുകയും ഗസറ്റ് റാങ്കിലുള്ള തിരൂരങ്ങാടി എസ്.എച്ച്.ഒ കെ.ടി ശ്രീനിവാസനെ കൊണ്ട് ലഹരി കണ്ടെടുത്തുവെന്ന് ഒപ്പ് വെപ്പിച്ചതുമെല്ലാം ഉന്നത ഉദ്യോഗസ്ഥരുടെ ഇടപെടൽ മൂലമാണെന്ന് വ്യക്തമായിരുന്നു.



യദു കൃഷ്ണനെ(വൃത്തത്തിൽ മാർക്കു ചെയ്തയാൾ) സി.പി.എമ്മിലേക്ക് സ്വീകരിക്കുന്നതിന്റെ ദൃശ്യം

## കാപ്പാ കേസ് പ്രതിക്കൊപ്പം സി.പി.എമ്മിൽ ചേർന്നയാൾ കഞ്ചാവുമായി പിടിയിൽ

പത്തനംതിട്ട: പത്തനംതിട്ടയിൽ കാപ്പാ കേസ് പ്രതിക്കൊപ്പം സി.പി.എമ്മിൽ ചേർന്നയാൾ കഞ്ചാവുമായി എക്സൈസ് സംഘത്തിന്റെ പിടിയിൽ. കാപ്പാ കേസ് പ്രതി ശരൺ ചന്ദ്രനൊപ്പം അടുത്തിടെ സി.പി.എമ്മിൽ ചേർന്ന പത്തനംതിട്ട മൈലാടുംപാറ സ്വദേശി യദു കൃഷ്ണനാണ് പിടിയിലായത്. ഇയാളുടെ കൈയ്യിൽ നിന്ന് 2 ഗ്രാം കഞ്ചാവാണ് എക്സൈസ് സംഘം കണ്ടെടുത്തത്. കേസെടുത്ത ശേഷം എക്സൈസ് സംഘം പ്രതിയെ ജാമ്യത്തിൽ വിട്ടു.ജില്ലാ സെക്രട്ടറിയുടെയും മന്ത്രി വീണാ ജോർജിന്റെയും നേതൃത്വത്തിലാണ് കാപ്പാ കേസ് പ്രതി ശരൺ ചന്ദ്രനൊപ്പം യദു കൃഷ്ണനെയും സിപിഎമ്മിലേക്ക് സ്വീകരിച്ചത്. ഇത് വിവാദമായതോടെ പ്രതികളെ ന്യായികരിച്ച് മന്ത്രിയും സി.പി.എം നേതൃത്വവും രംഗത്ത് വന്നിരുന്നു. എന്നാൽ ജില്ലാ സെക്രട്ടറി കെ.പി ഉദയഭാനുവിന്റെ വാദം പത്തനംതിട്ട ജില്ലാ പൊലീസ് തന്നെ തള്ളിയിരുന്നു. ശരൺ ചന്ദ്രൻ ഇപ്പോഴും കാപ്പാ കേസ് പ്രതി തന്നെയാണെന്നും കാപ്പാ കേസ് നിലവിലുണ്ടെന്നുമാണ് ജില്ലാ പൊലീസ് മേധാവി വ്യക്തമാക്കിയത്. ശരൺ ചന്ദ്രനൊപ്പം മന്ത്രിയടക്കം മാലയിട്ടു സ്വീകരിച്ച യദു കൃഷ്ണനും ഇപ്പോൾ കഞ്ചാവ് കേസിൽ കോടതി കയറിയിറങ്ങണം. ക്രിമിനലുകളെ പിണറായി സർക്കാർ സംരക്ഷിക്കുന്നുവെന്ന് പ്രതിപക്ഷം ആരോപണം ഉന്നയിക്കുന്നതിനിടെയാണ് പാർട്ടിയിലേക്കുള്ള ക്രിമിനലുകളുടെ ഒഴുക്ക് ചർച്ചയാകുന്നത്.

### കാപ്പ ലംഘിച്ചയാൾ റിമാന്റിൽ

കൊടുങ്ങല്ലൂർ. നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയും കൊടുങ്ങല്ലൂർ പൊലീസ് സ്റ്റേഷൻ റൗഡി ലിസ്റ്റിൽ ഉൾപ്പെട്ടയാളുമായ പുല്ലൂറ്റ് നാരായണമംഗലം പാറക്കൽ സന്തോഷ് മകൻ അഖിൽ എന്ന ബോണ്ട അഖിൽ (23) റിമാൻഡിലായി. തൃശ്ശൂർ ഡി ഐ ജി യുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 6 മാസക്കാലത്തേക്ക് തൃശൂർ റവന്യൂ ജില്ലയിൽ പ്രവേശിക്കുന്നതിൽ നിന്ന് വിലക്കിയിരുന്ന ഇയാൾ രഹസ്യമായി നാരായണമംഗലത്തുള്ള വീട്ടിൽ വരുന്നതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഞായറാഴ്ച രാത്രി നാരായണമംഗലത്തുള്ള വീട്ടിൽ നിന്നും അറസ്റ്റ് ചെയ്തത്.

### ദളിത് പെൺകുട്ടിക്ക് നേരെ നടുറോഡിൽ ആക്രമണം

# സഭയിൽ കത്തിക്കയറി പ്രതിപക്ഷം

- സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ എണ്ണിപ്പറഞ്ഞ് കെ.കെ രമ
- സർക്കാർ വേട്ടക്കാർക്കൊപ്പമെന്ന് തെളിഞ്ഞു
- ക്രിക്കറ്റ് കോച്ചിന്റെ പീഡനം ബ്രിജ് ഭൂഷനെ വെല്ലുന്നത്



**സ്വന്തം ലേഖകൻ**
തിരുവനന്തപുരം

സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും നേരെ ആവർത്തിച്ചുണ്ടാകുന്ന ആക്രമണങ്ങൾ ഉന്നയിച്ച് നിയമസഭയിൽ പ്രതിപക്ഷ പ്രതിഷേധം. അരൂരിൽ ദളിത് പെൺകുട്ടിക്ക് നേരെയുണ്ടായ അക്രമത്തെക്കുറിച്ച് നടപടികൾ നിർത്തിവെച്ച് സഭ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുള്ള അടിയന്തര പ്രമേയ നോട്ടീസിനിടെ, പ്രക്ഷുബ്ധ രംഗങ്ങളും അരങ്ങേറി. നോട്ടീസ് അവതരണ വേളയിൽ ഭരണപ്രതിപക്ഷ അംഗങ്ങൾ തമ്മിൽ ബഹളവും വാഗ്വാദങ്ങളുണ്ടായി. ഒടുവിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അനുമതി നിഷേധിച്ചതോടെ പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയി. പൊലീസ് നടപടി സംബന്ധിച്ച് മറുപടി പറയേണ്ട മുഖ്യമന്ത്രി പിണറായി വിജയൻ, കെ.കെ രമക്ക് മറുപടി പറയാൻ സഭയിലെത്താതിരുന്നതും ശ്രദ്ധേയമായി.

സി.പി.എം പ്രവർത്തകരും അനുഭാവികളും ഉൾപ്പെട്ട കേസുകളിൽ പ്രതികളെ സംരക്ഷിക്കലാണ് പൊലീസിന്റെ പ്രധാന പണിയെന്നായിരുന്നു അടിയന്തര പ്രമേയ നോട്ടീസിൽ കെ.കെ രമയുടെ ആരോപണം. അരൂരിൽ പെൺകുട്ടിയെ നടുറോഡിൽ ക്രൂരമായി മർദിച്ച പ്രതികളെ അറസ്റ്റ് ചെയ്യാത്തത് എന്തുകൊണ്ടാണെന്ന് കെ.കെ രമ ആവർത്തിച്ചു ചോദിച്ചു. അവർ തൈക്കാട്ടുശേരിയിലെ സി.പി.എം പ്രവർത്തകർ ആയതുകൊണ്ടാണ് അറസ്റ്റ് ചെയ്യാത്തത്. കുസാറ്റിൽ ഇടതു സിൻഡിക്കേറ്റ് അംഗമാണ് കലോത്സവത്തിനിടെ പെൺകുട്ടിക്കു നേരെ അതിക്രമം നടത്തിയത്. ആ പെൺകുട്ടി പാർട്ടിക്കു പരാതി നൽകി അന്വേഷിക്കുമെന്നു കരുതി കാത്തുനിന്നു. എന്നാൽ നടപടി ഉണ്ടാകാതിരുന്നതോടെ പൊലീസിൽ പരാതി നൽകി. കുട്ടികളുടെ ക്ഷേമമുറപ്പാക്കേണ്ട ക്ഷേമകാര്യ കമ്മിഷൻ ചെയർമാനായ ബേബി എന്നയാളെ പൊലീസ് സംരക്ഷിക്കുകയാണ്. ഇയാളെ സ്ഥാനങ്ങളിൽനിന്ന് നീക്കാനുള്ള ഒരു നടപടിയും ഉണ്ടായിട്ടില്ല. ഇത്തരം വിഷയങ്ങൾ കേരളത്തെ നാണിപ്പിക്കുന്നതാണെന്നും രമ പറഞ്ഞു.

കാലടി ശ്രീശങ്കരാ കോളജിലെ മുൻ എസ്.എഫ്.ഐ നേതാവായ രോഹിത് എന്നയാളാണ് പെൺകുട്ടിയുടെ അശ്ലീലചിത്രം പ്രചരിപ്പിച്ചത്. പെൺകുട്ടി തെളിവുസഹിതം പരാതി നൽകിയിട്ടും പ്രതിയെ സ്റ്റേഷനിൽനിന്ന് ജാമ്യത്തിൽ വിട്ടു. ഇരുപതോളം പെൺകുട്ടികളുടെ ചിത്രമാണ് വൈകൃത മനസ്സിന് ഉടമയായ പ്രതി സമൂഹമാധ്യമങ്ങളിൽ പോസ്റ്റ് ചെയ്തത്. തിരുവനന്തപുരത്ത് ക്രിക്കറ്റ് കോച്ച് കൊച്ചുകുട്ടികളെ ലൈംഗികമായി പീഡിപ്പിക്കുകയും അവരോട് നഗ്നചിത്രങ്ങൾ ആവശ്യപ്പെടുകയും ചെയ്തുവെന്നത് ഞെട്ടിക്കുന്നതാണ്. ഡൽഹിയിൽ ബി.ജെ.പി എംപിയായിരുന്ന ബ്രിജ്ഭൂഷൺ ഗുസ്തി താരങ്ങളോടു ചെയ്തതിനെ വെല്ലുന്ന രൂപത്തിലാണ് കേരളത്തിൽ സംഭവിക്കുന്നത്. രക്ഷകർത്താക്കൾ എന്തുവിശ്വസിച്ചാണ് കുട്ടികളെ പരിശീലനത്തിന് അയയ്ക്കുക. രണ്ടു വർഷം മുൻപ് പോക്സോ കേസ് കോടതിക്കു പുറത്ത് ഒത്തുതീർപ്പാക്കിയയാളെയാണ് വീണ്ടും പരിശീലകനായി തുടരാൻ ക്രിക്കറ്റ് അസോഷിയേഷൻ അനുവദിച്ചതെന്നും രമ ചൂണ്ടിക്കാട്ടി.

എസ്.എഫ്.ഐക്കാർ കോളജുകളിൽ കാട്ടിക്കൂട്ടുന്ന അതിക്രമത്തെ ന്യായീകരിക്കുകയാണ് സർക്കാർ ചെയ്യുന്നത്. ഒരു കാലത്ത് എസ്.എഫ്.ഐക്കാരി ആയിരുന്നുവെന്ന് പറയാൻ അഭിമാനിച്ചിരുന്നു. എന്നാൽ ഇപ്പോഴുള്ള കുട്ടികൾക്ക് പിന്നീടത് അഭിമാനത്തോടെ പറയാൻ കഴിയില്ല. നടി ആക്രമിക്കപ്പെട്ട കേസിൽ കോടതിയുടെ സേഫ് കസ്റ്റഡിയിലിരിക്കുന്ന മെമ്മറി കാർഡ് പുറത്തുപോകുന്ന നാടായി കേരളം മാറി.

നടിയുടെ ഇച്ഛാശക്തി ഒന്നുകൊണ്ടു മാത്രമാണു മുന്നോട്ടു പോകുന്നത്. അതിന്റെ ഭാഗമായി സർക്കാർ ജസ്റ്റിസ് ഹേമ കമ്മിഷനെ നിയോഗിച്ചു. 1.6 കോടി രൂപ ചെലവിട്ട് പ്രവർത്തിച്ച കമ്മിഷൻ നാലു വർഷം മുൻപ് റിപ്പോർട്ട് സമർപ്പിച്ചിട്ടും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് രമ കുറ്റപ്പെടുത്തി. ഇതിനിടെ, ഭരണകക്ഷി അംഗങ്ങൾ ബഹളംവച്ചു. ക്രിക്കറ്റ് അസോസിയേഷനെ പറയുമ്പോൾ എന്തിനാണു നിങ്ങൾ ബഹളം വയ്ക്കുന്നതെന്നു പി.പി ചിത്തരഞ്ജനോടു സ്പീക്കർക്ക് തന്നെ ചോദിക്കേണ്ടി വന്നു.

അതേസമയം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അതിക്രമക്കേസുകളിൽ പ്രതികൾക്കെതിരെ ശക്തമായ നടപടിയാണു സർക്കാർ സ്വീകരിക്കുന്നതെന്നായിരുന്നു മുഖ്യമന്ത്രിക്ക് വേണ്ടി മറുപടി നൽകിയ ആരോഗ്യമന്ത്രി വീണാ ജോർജിന്റെ വിശദീകരണം. എന്നാൽ പ്രതിപക്ഷത്തിന്റ ചോദ്യങ്ങൾക്ക് കൃത്യമായ മറുപടി നൽകാതെ, കെ.കെ ശൈലജയെ ആർ. എം.പി നേതാവ് വാക്കുകൾ കൊണ്ട് അപമാനിച്ചില്ലേയെന്ന ചോദ്യമുയർത്തിയാണ് മന്ത്രി പ്രതിരോധം തീർക്കാൻ ശ്രമിച്ചത്.

## മുഖ്യമന്ത്രി പതിവുപോലെ 'മുങ്ങി'

തിരുവനന്തപുരം: നിയമസഭയിൽ കെ.കെ രമയുടെ ചോദ്യശരങ്ങളിൽ നിന്ന് ഒളിച്ചോടി മുഖ്യമന്ത്രി പിണറായി വിജയൻ. ഇന്നലെ അടിയന്തര പ്രമേയത്തിന് മറുപടി പറയേണ്ട മുഖ്യമന്ത്രി നിയമസഭാ മന്ദിരത്തിലെ ഓഫീസിലുണ്ടായിട്ടും ഫ്ളോറിൽ എത്തിയില്ല. ഇപ്പോൾ നടന്നുവരുന്ന പതിനൊന്നാം സമ്മേളനത്തിൽ മാത്രം ഇത് രണ്ടാം തവണയാണ് കെ.കെ രമ അവതരിപ്പിക്കുന്ന വിഷയങ്ങൾക്ക് മറുപടി നൽകാതെ മുഖ്യമന്ത്രി മുങ്ങുന്നത്.



സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുണ്ടാകുന്ന അതിക്രമങ്ങൾ സഭാനടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടാണ് രമ ഇന്നലെ അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയത്. ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയെന്ന നിലയിൽ മുഖ്യമന്ത്രിയായിരുന്നു നോട്ടീസിന് മറുപടി നൽകേണ്ടത്. എന്നാൽ ഈ സമയം മുഖ്യമന്ത്രി ഫ്ളോറിൽ നിന്ന് വിട്ടുനിന്നു. ഇത് മാധ്യമങ്ങൾ വാർത്തയാക്കിയതിന് പിന്നാലെ മുഖ്യമന്ത്രിയുടെ ഓഫീസ് വിശദീകരണവുമായി രംഗത്തെത്തി. സ്ത്രീകളുമായി ബന്ധപ്പെട്ട വിഷയമായതിനാൽ വനിതാ ശിശുവികസന വകുപ്പ് മന്ത്രിയായ വീണാ ജോർജിനെ മറുപടി നൽകാൻ ചുമതലപ്പെടുത്തുകായയിരുന്നെന്നായിരുന്നു വിശദീകരണം.

ജൂൺ 27നും സമാനമായ സാഹചര്യമാണ് സഭയിൽ കണ്ടത്. ടി.പി കേസിലെ പ്രതികൾക്ക് ശിക്ഷാ ഇളവ് നൽകാനുള്ള സർക്കാർ തീരുമാനത്തെ ചോദ്യം ചെയ്ത് കെ.കെ രമ അടിയന്തര പ്രമേയ നോട്ടീസ് നൽകിയിരുന്നു. നോട്ടീസ് പോലും പരിഗണിക്കാതെ പ്രതിപക്ഷത്തിന്റെ ആവശ്യം സ്പീക്കർ തള്ളുകയും പകരം സബ്മിഷനായി ഉന്നയിക്കാമെന്ന് അറിയിക്കുകയും ചെയ്തു. എന്നാൽ രമയുടെ സബ്മിഷന് മറുപടി നൽകിയതാകട്ടെ മന്ത്രി എം.ബി രാജേഷായിരുന്നു.

### ദളിത് പെൺകുട്ടിക്ക് മർദ്ദനം

## പ്രതികൾ പിടിയിൽ

അരൂക്കുറ്റി(ആലപ്പുഴ): പ്രതിപക്ഷം നിയമസഭയിൽ ശക്തമായി പ്രതിഷേധിച്ചതിന് പിറകെ ദളിത് പെൺകുട്ടിയെ നടുറോഡിൽ ക്രൂരമായി മർദ്ദിച്ച കേസിൽ ഒളിവിൽപ്പോയ പ്രതികൾ പിടിയിലെന്ന് പൊലീസ്. തൈക്കാട്ടുശ്ശേരി കൈതവളപ്പിൽ ഷൈജു (43), സൗത്ത് പറവൂർ കൈതവളപ്പിൽ ഷൈലേഷ് (40) എന്നിവരെയാണ് പൊലീസ് പിടികൂടിയത്. ദളിത് പെൺകുട്ടിക്ക് നേരെ അക്രമണം നടത്തിയ ശേഷം കാഞ്ഞിരമറ്റം ഭാഗത്ത് കണ്ടൽക്കാടുകൾക്കുള്ളിൽ ഒളിവിൽ കഴിഞ്ഞിരുന്ന പ്രതികളെ 16 മണിക്കൂർ നീണ്ട തിരച്ചിലിലാണ് പൊലീസ് കണ്ടെത്തിയത്. കണ്ടൽ കാടുകളാൽ മൂടപ്പെട്ട പ്രദേശമായതിനാൽ കാടിനുള്ളിൽ ഒളിച്ചിരുന്ന പ്രതികൾ പൊലീസിനെക്കണ്ട് രക്ഷപെടാൻ ശ്രമിച്ചെങ്കിലും ഓടിച്ചിട്ട് പിടികുടുകയായിരുന്നു. പൂച്ചാക്കൽ സി.ഐ ജോസ് എൻ.ആർ, സീനിയർ സി.പി.ഒ അരുൺകുമാർ എം, സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥരായ മനു മോഹൻ, മണിക്കുട്ടൻ എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടിച്ചത്. അതേ സമയം മർദ്ദനത്തിനിരയായ ദളിത് പെൺകുട്ടിക്കെതിരെ ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസെടുത്ത പൂച്ചക്കൽ പൊലീസിന്റെ നടപടിക്കെതിരെ വ്യാപക പ്രതിഷേധമാണ് ഉയരുന്നത്. നാലു ദിവസമായി തുറവൂർ ആശുപത്രിയിൽ അഡ്മിറ്റ് പോലും ചെയ്യാതെ യുവതിയെ ഒബ്സർവേഷനിൽ കിടത്തിയത് രാഷ്ട്രീയ സമർദ്ദത്തെ തുടർന്നാണെന്നും ആരോപണമുണ്ട്. പ്രതിഷേധം ശക്തമായ സാഹചര്യത്തിൽ ശാരീരികമായി ബുദ്ധിമുട്ടുകൾ നേരിടുന്ന പെൺകുട്ടിയെ ഇന്നലെ വണ്ടാനം മെഡിക്കൽ കോളജിലേക്ക് മാറ്റി.



ഷൈജു



ഷൈലേഷ്

## പി.എസ്.സി കോഴയിൽ സി.പി.എം ഒത്തുതീർപ്പ്

### പരാതിയേ ഇല്ലെന്ന് പാർട്ടി

തിരുവനന്തപുരം: കോഴിക്കോട്ടെ പി.എസ്.സി കോഴ ആരോപണത്തിൽ പ്രതിരോധ ശ്രമം പാളിയതോടെ ഒത്തുതീർപ്പിലൂടെ തലയൂരാൻ സി.പി.എം. പി.എസ്.സി അംഗത്വം ലഭിക്കുന്നതിന് കോഴയായി വാങ്ങിയ 20 ലക്ഷം രൂപ പ്രമോദ് കോട്ടൂളി തിരിച്ച് നൽകിയെന്ന് ആരോപണം ഉന്നയിച്ച ഡോക്ടറുടെ ഭർത്താവ് വെളിപ്പെടുത്തിയതോടെയാണ് പാർട്ടി തല ഒത്തുതീർപ്പ് പുറത്തുവന്നത്. പണം തിരികെ കിട്ടിയതിനാൽ പരാതി ഇല്ലെന്ന് ഡോക്ടറുടെ ഭർത്താവ് പൊലീസിന് മൊഴി നൽകി. പി.എസ്.സി അംഗത്വ നിയമനത്തിനുള്ള നീക്കമല്ല നടന്നതെന്നും ആയുഷ് വകുപ്പിലെ സ്ഥലം മാറ്റത്തിനുള്ള കോഴയായിരുന്നു ഇതെന്നുമാണ് പാർട്ടിക്കകത്തെ വിശദീകരണം. അന്തിമ നടപടി തീരുമാനിക്കാൻ ശനിയാഴ്ച ജില്ലാ കമ്മിറ്റി യോഗം ചേരും. കോഴ വിവാദം പുറത്ത് വന്നതോടെ നടന്നത് നാടകീയ സംഭവ വികാസങ്ങളാണ്. എട്ട് മാസത്തോളമായി പരാതിക്കാർ പാർട്ടിയെ സമീപിച്ചിട്ടും നൽകാതിരുന്ന കോഴപ്പണം വിവാദമായതോടെ തിരികെ കിട്ടി. മുഖ്യമന്ത്രി നിയമസഭയിൽ പ്രസ്താവന നടത്തിയതിന് ശേഷം പൊലീസെത്തി പരാതിക്കാരെ കണ്ടു. പരാതി ഇല്ലെന്നും തുക തിരികെ കിട്ടിയാതായും വ്യാപാരി കൂടിയായ ഡോക്ടറുടെ ഭർത്താവ് പൊലീസിനെ അറിയിച്ചു. ഇത്തരമൊരു ഒത്തുത്തീർപ്പ് നടത്തി പ്രശ്നം അവസാനിപ്പിക്കുമെന്ന സൂചന വന്നതോടെയാണ് വാർത്ത പുറത്തായതെന്നും ചില പാർട്ടിക്കാർ പറയുന്നു. പരാതിക്കാർ ഇനി രംഗത്ത് വരില്ലെന്ന് ഉറപ്പായതോടെയാണ് സി.പി.എം നേതൃത്വം ആദ്യം പറഞ്ഞ കാര്യങ്ങളിൽ നിന്ന് മലക്കം മറിഞ്ഞ് പരാതിയെ ഇല്ലെന്ന് വ്യക്തമാക്കിയത്.

## 'ചാര'മാകാത്ത സത്യം

### ഐ.എസ്.ആർ.ഒ ചാരക്കേസ് മുൻ സി.ഐ എസ് വിജയൻ കെട്ടിച്ചമച്ചതെന്ന് സി.ബി.ഐ കുറ്റപത്രം

ന്യൂഡൽഹി: മുൻ സി.ഐ എസ് വിജയനാണ് ഐ.എസ്.ആർ.ഒ ചാരക്കേസ് കെട്ടിച്ചമച്ചതെന്ന് സി.ബി.ഐ കുറ്റപത്രം. നമ്പി നാരായണനെ തെളിവുകളൊന്നുമില്ലാതെയാണ് മുൻ ഡി.ജി.പി സിബി മാത്യൂസ് ചാരക്കേസിൽ അറസ്റ്റ് ചെയ്തതെന്നും ഐ.എസ്.ആർ.ഒ ചാരക്കേസുമായി ബന്ധപ്പെട്ട ഗൂഢാലോചനാ കേസിൽ സി.ബി.ഐ സമർപ്പിച്ച കുറ്റപത്രത്തിൽ പറയുന്നു. മുൻ പൊലീസ് ഉദ്യോഗസ്ഥരും ഇന്റലിജൻസ് ബ്യൂറോ (ഐബി) ഉദ്യോഗസ്ഥരും ഉൾപ്പെടെ അഞ്ച് പേർക്കെതിരെയാണ് കുറ്റപത്രം.

സി.ഐ ആയിരുന്ന എസ് വിജയൻ മറിയം റഷീദക്കെതിരെ വഞ്ചിയൂർ സ്റ്റേഷനിൽ തെളിവുകളില്ലാതെ കേസെടുപ്പിച്ചുവെന്നാണ് കുറ്റപത്രത്തിൽ പറയുന്നത്. മറിയം റഷീദയെ അന്യായ തടങ്കലിൽ വയ്ക്കുകയും ഐ.ബി ടീമിനെ ചോദ്യം ചെയ്യാൻ അനുവദിക്കുകയും ചെയ്തു. മറിയം റഷീദയെ കസ്റ്റഡിയിൽ വച്ച് പീഡിപ്പിച്ചു. കുറ്റസമ്മതം നടത്താനായിരുന്നു പീഡനം. ഹോട്ടൽ മുറിയിൽ വച്ച് മറിയം റഷീദയെ കടന്ന് പിടിച്ചതിലെ പ്രകോപനമാണ് കേസെന്ന് സി.ബി.ഐ കുറ്റപത്രത്തിൽ പറയുന്നു. വ്യാജ രേഖകൾ ഉണ്ടാക്കിയത് അന്വേഷണ സംഘത്തിലുണ്ടായിരുന്ന സി.ഐ കെ.കെ ജോഷ്വയായിരുന്നു. ബോസായ സിബി മാത്യൂസിന് വേണ്ടി ജോഷ്വ കൃത്രിമരേഖയുണ്ടാക്കിയെന്നാണ് സി.ബി.ഐ കണ്ടെത്തൽ. മുൻ ഐ.ബി ഉദ്യോഗസ്ഥൻ ജയപ്രകാശ് കസ്റ്റഡിയിൽ വെച്ച് നമ്പി നാരായണനെ ക്രൂരമായി മർദ്ദിച്ചുവെന്നും സി.ബി.ഐയുടെ കുറ്റപത്രത്തിൽ പറയുന്നു.

മുൻ എസ്.പി എസ് വിജയൻ, മുൻ ഡി.ജി.പി സിബി മാത്യൂസ്, ഗുജറാത്ത് മുൻ ഡി.ജി.പി ആർ ബി ശ്രീകുമാർ, മുൻ സി.ഐ കെകെ ജോഷ്വാ, മുൻ ഐ.ബി ഉദ്യോഗസ്ഥൻ ജയപ്രകാശ് എന്നിവരാണ് പ്രതികൾ. എഫ്.ഐ.ആറിൽ ഉണ്ടായിരുന്ന മറ്റു ഉദ്യോഗസ്ഥരെ ഒഴിവാക്കിയിരുന്നു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 11 വ്യാഴം
ഗൾഫ് ചന്ദ്രിക

## ഒമാനിൽ ശക്തമായ മഴയ്ക്ക് സാധ്യത



മസ്കത്ത്: ഒമാനിൽ മഴയ്ക്ക് സാധ്യത. വിവിധ ഗവർണറേറ്റുകളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു. വടക്കൻ ശർഖിയ, ദാഹിറ, ദാഖിലിയ എന്നീ ഗവർണറേറ്റുകളിലാണ് മഴ മുന്നറിയിപ്പുള്ളത്. മണിക്കൂറിൽ 27 മുതൽ 45 കിലോമീറ്റർ വേഗതയിൽ കാറ്റു വീശാനും സാധ്യതയുണ്ട്.



## കറൻസി മൂല്യം

1 യു.എ.ഇ ദിർഹം 22.74 ₹
1 ഒമാനി റിയാൽ 216.97 ₹
1 സൗദി റിയാൽ 22.27 ₹
1 ഖത്തർ റിയാൽ 22.88 ₹
1 കുവൈത്ത് ദിനാർ 272.86 ₹
1 ബഹ്റൈൻ ദിനാർ 221.59 ₹



## സ്വർണവില

(ഗ്രാമിന്-ദിർഹം)

24 കാരറ്റ് 287.25
22 കാരറ്റ് 266.00
21 കാരറ്റ് 257.50
18 കാരറ്റ് 220.75

## ഗൾഫ് വാർത്തകൾ




### യുഇയിൽ ചൂട് 50.08 ഡിഗ്രി

അബുദാബി: യുഎഇയിൽ ഈ വർഷത്തെ ഏറ്റവും ഉയർന്ന താപനില ചൊവ്വാഴ്ച രേഖപ്പെടുത്തി. സൈഹാനിൽ വൈകീട്ട് 3.45 ഓടെ 50.08 ഡിഗ്രി ചൂട് രേഖപ്പെടുത്തിയതായി കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം വ്യക്തമാക്കി. അതേസമയം ചൂടിനിടയിലും ചിലയിടങ്ങളിൽ സപ്തംബർ വരെ വേനൽമഴയക്ക് സാധ്യതയുണ്ട്.

### ദുബൈ 'റോഡിലും' ഇനി ഐഐ

ദുബൈ: ദുബൈയിൽ റോഡ് തടസങ്ങളും കേടുപാടുകളും കണ്ടെത്താൻ നൂതന സംവിധാനം. എഐ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കേടുപാടുകൾ കണ്ടെത്തുന്ന സംവിധാനം സജ്ജീകരിച്ച വാഹനത്തിന്റെ പൈലറ്റ് ഓപറേഷൻ തുടങ്ങി. പാതകളുടെ അവസ്ഥ മനസിലാക്കുന്നതിന് ഉയർന്ന നിലവാരമുള്ള ഉപകരണങ്ങളാണ് വാഹനത്തിൽ സജ്ജീകരിച്ചിരിക്കുന്നതെന്ന് ആർടിഎ വ്യക്തമാക്കി.

### മുങ്ങി മരിക്കല്ലേ...

റാസൽഖൈമ: മുങ്ങി മരണത്തിന് ജാഗ്രതാ നിർദേശവുമായി റാസൽഖൈമ ഭരണകൂടം. ബീച്ചുകളിലും നീന്തൽ കുളങ്ങളിലും വിനോദത്തിനെത്തുന്നവർ കുട്ടികളുടെ കാര്യത്തിൽ ജാഗ്രത പുലർത്തണം. മുങ്ങി മരണം ഉൾപ്പെടെയുള്ള ദുരന്തങ്ങൾ ഒഴിവാക്കാൻ പ്രത്യേക വേനൽക്കാല ബോധവത്കരണ പരിപാടികൾ നടത്തുമെന്നും അധികൃതർ വ്യക്തമാക്കി.

### പരിശോധിക്കും സൂക്ഷിക്കുക

ദോഹ: ഖത്തറിൽ തൊഴിൽ നിയമലംഘനം കണ്ടെത്താനുള്ള പരിശോധനാ കാമ്പയിന് ഒരുങ്ങുന്നു. കഴിഞ്ഞ ദിവസം പരിശീലന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് തൊഴിൽ മന്ത്രാലയം പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചിരുന്നു. തൊഴിൽ അന്തരീക്ഷത്തിലെ അപകട സാധ്യതകൾ തിരിച്ചറിയാനുള്ള ശേഷി വർധിപ്പിക്കാനുമാണ് പരിശീലനം നൽകുന്നത്.

### കിണർ കാണാം

മദീന: മദീനയിലെ അൽ ഗർസ് കിണർ സന്ദർശകർക്കായി തുറന്നു കൊടുത്തു. പ്രവാചക ചരിത്രവുമായി ബന്ധപ്പെട്ട കിണർ ടൂറിസം കേന്ദ്രമാക്കി വികസിപ്പിക്കുന്ന പണികൾ പൂർത്തിയായതോടെയാണ് സന്ദർശകരെ പ്രവേശിപ്പിച്ചു തുടങ്ങിയത്. മദീനയിലെത്തുന്ന ഹജ്ജ്, ഉംറ തീർത്ഥാടകർക്ക് മുഹമ്മദ് നബിയുമായി ബന്ധപ്പെട്ട ചരിത്രസ്മാരകങ്ങൾ കണാൻ അവസരമൊരുക്കുകയാണ് അധികൃതർ.

### യോഗ്യത തെളിയിക്കണം

റിയാദ്: പ്രവാസി തൊഴിലാളികളുടെ യോഗ്യത ഉറപ്പാക്കാനൊരുങ്ങി സൗദി. പ്രഫഷണൽ വെരിഫിക്കേഷൻ പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയാക്കിയതായി മാനവ വിഭവ ശേഷി, സാമൂഹിക വികസന മന്ത്രാലയം വ്യക്തമാക്കി. 128 രാജ്യങ്ങളിലായി വ്യാപിച്ചു കിടക്കുന്ന ഈ സംരംഭം വിദേശകാര്യ മന്ത്രാലയവുമായി സഹകരിച്ച് ഒരു ഏകീകൃത ഇലക്ട്രോണിക് പ്ലാറ്റ്ഫോം വഴി നടപ്പിലാക്കുന്നത്.

### കടലിൽ ജാഗ്രത വേണം

ദോഹ ഖത്തറിൽ കടലിൽ മത്സ്യബന്ധനം നിയന്ത്രിക്കാനുള്ള ഉത്തരവും മാർഗ നിർദേശങ്ങളും പാലിക്കണമെന്ന് മുനിസിപ്പാലിറ്റി മന്ത്രാലയം മത്സ്യത്തൊഴിലാളികളോട് ആവശ്യപ്പെട്ടു. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ പാലിക്കുന്നതിലെ പ്രതിബദ്ധത വരുംതലമുറയ്ക്ക് വേണ്ടിയുള്ള യാഥാർത്ഥ നിക്ഷേപമാണെന്ന് മന്ത്രാലയം വ്യക്തമാക്കി.

# സായിദ് എയർപോർട്ടിൽ പുതിയ റൺവേ നിർമാണം തുടങ്ങി

അബുദാബി: സായിദ് ഇന്റർനാഷണൽ എയർപോർട്ടിന്റെ നോർത്ത് റൺവേയുടെ പണി ആരംഭിച്ചതായി അധികൃതർ അറിയിച്ചു. ബിൽഡിങ് ബെറ്റർ എയർപോർട്ട് കാമ്പയിനിന്റെ ഭാഗമായാണ് ഈ പദ്ധതി. ജനറൽ സിവിൽ ഏവിയേഷൻ അതോറിറ്റിയുടെ മാർഗനിർദേശത്തിന് കീഴിലാണിത്. വർധിച്ചുവരുന്ന എയർ ട്രാഫിക് ആവശ്യങ്ങൾ നിറവേറ്റുന്നതിനും ശേഷി വർധിപ്പിക്കുന്നതിനും പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നതായി അതോറിറ്റി വ്യക്തമാക്കി. ഉപഭോക്താക്കൾക്ക് കാര്യക്ഷമത വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അടുത്തിടെ എയർപോർട്ടിൽ വേനൽക്കാലത്ത് കുറച്ച് ദിവസത്തേക്ക് കാർ പാർക്കിങ് നിരക്കുകൾ കുറച്ചിരുന്നു. എയർപോർട്ടിൽ നിന്നും രണ്ട് മിനിറ്റ് മാത്രം അകലെയാണ് പാർക്കിംഗ് ഏരിയ. ഓഗസ്റ്റ് 31 വരെ ലഭ്യമായ സ്ലോട്ടുകൾ ഓൺലൈനായി മുൻകൂട്ടി ബുക്ക് ചെയ്യണമെന്ന് എയർപോർട്ട് അറിയിച്ചു. ട്രാൻസിറ്റ് യാത്രക്കാർക്ക് സ്റ്റോറേജ് സൗകര്യവും വിമാനത്താവളത്തിൽ ഒരുക്കിയിട്ടുണ്ട്. യുഎഇയിൽ നിന്ന് മറ്റൊരു ലക്ഷ്യസ്ഥാനത്തേക്കുള്ള ദീർഘദൂര വിമാനങ്ങളിൽ യാത്ര ചെയ്യുന്നവർക്ക് ലഗേജുകൾ സൗകര്യപ്രദമായി കൈകാര്യം ചെയ്യാൻ ഇതുപകരിക്കും.



സായിദ് എയർപോർട്ടിൽ പുതിയ റൺവേ നിർമാണ പ്രവൃത്തി വിലയിരുത്താനെത്തിയ ഉദ്യോഗസ്ഥ സംഘം

## ആധുനികവത്കരണം,വിജ്ഞാന കൈമാറ്റം

# ദുബൈ ജിഡിആർഎഫ്എയും അജ്മാൻ ടൂറിസവും കരാർ ഒപ്പുവച്ചു

ദുബൈ:ആധുനികവത്കരണം,വിജ്ഞാന കൈമാറ്റം എന്നീ മേഖലകളിലെ സഹകരണം വർദ്ധിപ്പിക്കുന്നതിനായി ദുബൈ ജനറൽ ഡയറക്ടറേറ്റ് ഓഫ് റെസിഡൻസി ആന്റ് ഫോറിനേഴ്സ് അഫയേഴ്സും (ജിഡിആർഎഫ്എ) അജ്മാൻ ടൂറിസം വികസന വകുപ്പും സഹകരണ കരാറിൽ ഒപ്പുവച്ചു. ജിഡിആർഎഫ്എ മേധാവി ലഫ്റ്റനന്റ് ജനറൽ മുഹമ്മദ് അഹ്മദ് അൽ മർറിയും അജ്മാൻ ടൂറിസം വികസന വകുപ്പ് ഡയറക്ടർ ജനറൽ മഹ്മൂദ് ഖലീൽ അൽ ഹാഷിമിയുമാണ് ധാരണ പത്രത്തിൽ ഒപ്പുവച്ചത്. മികച്ച സമ്പ്രദായങ്ങൾ മെച്ചപ്പെടുത്തുകയും നടപ്പിലാക്കുകയും ചെയ്യുക, ഭാവി സന്നദ്ധത, നവീകരണം, അറിവ് മാനേജ്മെന്റ് തുടങ്ങിയ പ്രത്യേക മേഖലകളിലെ വിദ്യാഭ്യാസ പരിപാടികൾ എന്നിവയിലെ സഹകരണം ധാരണാപത്രത്തിൽ ഉൾക്കൊള്ളുന്നു. മാനവ വിഭവശേഷിയുടെ കഴിവുകളും അനുഭവങ്ങളും വികസിപ്പിക്കാനും മികച്ച സംവിധാനം ഏർപ്പെടുത്താനും അവ ഉചിതമായി നടപ്പിലാക്കാനും ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട സമ്പ്രദായങ്ങൾ നവീകരിക്കാനും കരാർ ലക്ഷ്യമിടുന്നുണ്ട്. സ്ഥാപന പിന്തുണ, മാനവ വിഭവശേഷി മേഖലകളിലെ സഹകരണവും ധാരണാപത്രത്തിൽ ഉൾപ്പെടുന്നു. തന്ത്രപരമായ പങ്കാളിത്തം വികസിപ്പിക്കുന്നതിനുള്ള ജിഡിആർഎഫ്എയുടെ പ്രതിബദ്ധതയും വികസന പ്രക്രിയയെ പിന്തുണയ്ക്കുന്നതിൽ പങ്കാളികളുടെ പ്രാധാന്യവും ലഫ്റ്റനന്റ് ജനറൽ മുഹമ്മദ് അഹ്മദ് അൽ മർറി ചടങ്ങിൽ വിശദീകരിച്ചു. സർക്കാർ സ്ഥാപനങ്ങൾ തമ്മിലുള്ള സംയോജനം ശക്തിപ്പെടുത്തുന്നതിലും ദുബൈയുടെ വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള സംയുക്ത ശ്രമങ്ങൾ വർധിപ്പിക്കുന്നതിലും തന്ത്രപരമായ പങ്കാളിത്തങ്ങൾ നിർണായക പങ്കാണ് വഹിക്കുന്നുവെന്ന് അദ്ദേഹം വ്യക്തമാക്കി



ദുബൈ ജിഡിആർഎഫ്എ മേധാവി ലഫ്.ജനറൽ മുഹമ്മദ് അഹ്മദ് അൽ മർറിയും അജ്മാൻ ടൂറിസം വികസന വകുപ്പ് ഡയറക്ടർ മഹ്മൂദ് ഖലീൽ അൽ ഹാഷിമിയും കരാറിൽ ഒപ്പുവച്ചപ്പോൾ



ഷാർജയിൽ സൗരോർജ പ്ലാന്റ് നിർമാണ പദ്ധതിക്ക് തുടക്കം കുറിക്കുന്നു

# സൗരോർജ പദ്ധതിയുമായി ഷാർജ

ഷാർജ: എമിറേറ്റിലെ ഏറ്റവും വലിയ സോളാർ പദ്ധതി പ്രഖ്യാപിച്ച് ഷാർജ. ഷാർജ നാഷണൽ ഓയിൽ കോർപ്പറേഷനുമായി സഹകരിച്ച് സർക്കാർ ഉടമസ്ഥതയിലുള്ള പുനരുപയോഗ ഊർജ കമ്പനിയായ മസ്ദറിന്റെയും ഇഡിഎഫ് ഗ്രൂപ്പിന്റെയും സംയുക്ത സംരംഭമാണിത്. 60 മെഗാപീക്കിന്റെ പ്ലാന്റ് നിർമ്മാണം ആരംഭിച്ചു. എസ്എൻഒസിയുടെ സജാ ഗ്യാസ് കോംപ്ലക്സിൽ സ്ഥിതി ചെയ്യുന്ന ഈ പദ്ധതി സുസ്ഥിര ഊർജത്തിലേക്കുള്ള നഗരത്തിന്റെ നീക്കത്തിൽ നിർണായക പങ്ക് വഹിക്കും. ഓരോ വർഷവും 66,000 ടൺ കാർബൺ ഉദ്വമനം ഇല്ലാതാക്കും വിധത്തിലുള്ള തുല്യമായ ഊർജ്ജം പുതിയ പദ്ധതിയിൽ നിന്നും ഉൽപ്പാദിപ്പിക്കും.

ഇത് പ്രതിവർഷം 14,600 കാറുകൾ നിരത്തിലിറക്കുന്നതിന് തുല്യമാണ്. 2032ഓടെ നെറ്റ് സീറോ എമിഷൻ നേടാനുള്ള എസ്എൻഒസിയുടെ തന്ത്രത്തിന്റെ ഭാഗമാണ് ഈ നീക്കം. സോളാർ പ്ലാന്റ് കമ്പനിയുടെ ഫോസിൽ ഇന്ധനങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുകയും കൂടുതൽ ചെലവ് കുറഞ്ഞ ഊർജ്ജ ഉത്പാദിപ്പിക്കാനും കഴിയും. 2032ഓടെ സ്വന്തം പ്രവർത്തനങ്ങളിലൂടെ നെറ്റ്സീറോ നേടുന്നതിനുള്ള ഈ സുപ്രധാന നാഴികക്കല്ലിന് സാക്ഷ്യം വഹിക്കാനും ഷാർജയുടെ എമിറേറ്റിന്റെ സുസ്ഥിരത അജണ്ടയ്ക്കും പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള പ്രതിബദ്ധതയ്ക്കും പിന്തുണ നൽകാനും കഴിയുമെന്ന് എസ്എൻഒസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഹതേം അൽ മോസ പറഞ്ഞു. ഈ പ്രോജക്റ്റ് ഡീകാർബണൈസേഷൻ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും എമിറേറ്റിന് മൊത്തത്തിൽ കൂടുതൽ ചെലവ് കുറഞ്ഞ ഊർജ്ജ ഭാവി സുരക്ഷിതമാക്കുന്നതിനും പ്രാപ്തമാക്കുമെന്ന് എമേർജ് ജനറൽ മാനേജർ മൈക്കൽ അബി സാബ് കൂട്ടിച്ചേർത്തു.

## പാക് മോഷ്ടാവിന്റെ ആക്രമണത്തിൽ മരിച്ച

# കൊല്ലം സ്വദേശിയുടെ മൃതദേഹം നാട്ടിലെത്തിക്കും

ദുബൈ: ദുബൈയിൽ പാക് മോഷ്ടാവിന്റെ ആക്രമണത്തിൽ മരിച്ച കൊല്ലം ശൂരനാട് വടക്ക് സ്വദേശിയുടെ മൃതദേഹം നാട്ടിലെത്തിക്കും. ആനയടി വയ്യാങ്കര ചന്ദ്രാലയത്തിൽ ചന്ദ്രൻ പിള്ളയുടെയും രാജലക്ഷ്മിയുടേയും മകൻ പ്രദീപിന്റെ (43,ഹരിക്കുട്ടൻ) മൃതദേഹമാണ് ഒന്നര ആഴ്ചയ്ക്ക് ശേഷം നാട്ടിലെത്തിക്കുന്നത്. തിരുവനന്തപുരം വിമാനതാവളത്തിൽ എത്തിക്കുന്ന മൃതദേഹം ബന്ധുക്കൾ ഏറ്റുവാങ്ങി നാട്ടിലേക്ക് കൊണ്ടുപോകും. പൊതുദർശനത്തിനു ശേഷം വീട്ടുവളപ്പിൽ സംസ്ക്കരിക്കും. പാക് പൗരന്റെ മോഷണം തടയുന്നതിനിടെയുണ്ടായ ആക്രമണത്തിലാണ് പ്രദീപ് കൊല്ലപ്പെട്ടതെന്നാണ് നാട്ടിൽ ലഭിച്ച വിവരം. പ്രദീപിന്റെ കഴുത്തിൽ കിടന്ന സ്വർണമാല തട്ടിയെടുക്കാൻ പാകിസ്ഥാൻ പൗരൻ ശ്രമിക്കുകയും ഇത് ചെറുത്തതിനെ തുടർന്ന് ആയുധം ഉപയോഗിച്ച് ആക്രമിച്ച് കൊലപ്പെടുത്തുകയുമായിരുന്നു.



പ്രദീപ്

## സമൂഹ മാധ്യമങ്ങളിലൂടെ വിദ്വേഷ പ്രചാരണം

# ഖത്തറിൽ നാലുപേർ അറസ്റ്റിൽ

ഖത്തറിൽ സമൂഹ മാധ്യമങ്ങളിലൂടെ വിദ്വേഷ പ്രചാരണം നടത്തിയ സംഭവത്തിൽ നാല് പേർ അറസ്റ്റിൽ. വിദ്വേഷ പ്രചാരണം നടത്തുകയും സമൂഹത്തിൽ ഭിന്നതയുണ്ടാക്കുകയും ചെയ്ത കേസിലാണ് നാലു പേർ അറസ്റ്റിലായിരിക്കുന്നത്. എക്സിലൂടെ ഇവർ നടത്തിയ പോസ്റ്റാണ് അറസ്റ്റിലാവാൻ കാരണമെന്ന് ആഭ്യന്തര മന്ത്രാലയം അറിയിച്ചു. തുടർ നടപടികൾക്കായി ഇവരെ പബ്ലിക് പ്രോസിക്യൂഷന് കൈമാറിയതായും ആഭ്യന്തര മന്ത്രാലയം വ്യക്തമാക്കി.

# രാജ്യാന്തര ലൈബ്രറി കോൺഫറൻസ് ദുബൈയിൽ

ദുബൈ: മിഡിൽ ഈസ്റ്റ്, നോർത്ത് ആഫ്രിക്ക മേഖലയിലെ പ്രമുഖ ഇവന്റുകളിൽ ഒന്നായ 2024ലെ ആദ്യത്തെ ദുബായ് ഇന്റർനാഷണൽ ലൈബ്രറി കോൺഫറൻസ് സംഘടിപ്പിക്കുമെന്ന് മുഹമ്മദ് ബിൻ റാഷിദ് ലൈബ്രറി അറിയിച്ചു. 'നമ്മുടെ ലൈബ്രറികൾ, ഭൂതകാലം, വർത്തമാനം, ഭാവി' എന്ന ആശയത്തിൽ 2024 നവംബർ 15 മുതൽ 17 വരെയായിരിക്കും പരിപാടി. 25ലധികം രാജ്യങ്ങളുടെയും ലോകമെമ്പാടുമുള്ള 60ലധികം പ്രഭാഷകരുടെയും പങ്കാളിത്തത്തോടെയായിരിക്കും സമ്മേളനം ഒരുക്കുന്നത്. ദുബൈ ഇന്റർനാഷണൽ ലൈബ്രറി കോൺഫറൻസ് 2024ന്റെ സുപ്രീം കമ്മിറ്റിയിൽ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം ലൈബ്രറി ഫൗണ്ടേഷന്റെ ഡയറക്ടർ ബോർഡിലെ 3 അംഗങ്ങൾ ഉൾപ്പെടുന്നു.

ലോകമെമ്പാടുമുള്ള ലൈബ്രറികൾ അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി പ്രതിനിധികൾക്കും സ്പീക്കർമാർക്കും ഈ ഐക്കണിക് ലൈബ്രറിയിൽ നേരിട്ട് കാണാനുള്ള സുപ്രധാന അവസരമായിരിക്കും കോൺഫറൻസ്. ആശയവിനിമയത്തിന്റെ പാലങ്ങൾ കെട്ടിപ്പടുക്കുന്നതിലും ഒന്നിലധികം സംസ്കാരങ്ങളെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിലും സംസ്കാരത്തിന്റെയും അറിവിന്റെയും വഴിവിളക്കുകളായി ലൈബ്രറികളുടെ പങ്ക് പര്യവേക്ഷണം ചെയ്യുന്നതിനുള്ള ഒരു പ്രധാന ഇടമായിരിക്കും ദുബൈ ലൈബ്രറി കോൺഫറൻസ് 2024ന്റെ ആദ്യ പതിപ്പ്. ദുബൈ ഇന്റർനാഷണൽ ലൈബ്രറി കോൺഫറൻസ് 2024ലെ ചർച്ചകൾ, ഇവന്റുകൾ, പ്രത്യേക സെഷനുകൾ എന്നിവ ലൈബ്രറികളുടെയും വിവരങ്ങളുടെയും ലോകത്തിലെ ഏറ്റവും പുതിയ സാങ്കേതികവിദ്യകളും നൂതനത്വങ്ങളും വെല്ലുവിളികളും പര്യവേക്ഷണം ചെയ്യുന്നതിനുള്ള ഒരു സുപ്രധാന വേദിയായി മാറും.



ദുബൈ രാജ്യാന്തര ലൈബ്രറി കോൺഫറൻസിന്റെ പ്രഖ്യാപനത്തിൽ നിന്ന്

# ജനസംഖ്യാ വർധനവിനൊപ്പം ലോകത്ത് ദാരിദ്ര്യവും തൊഴിലില്ലായ്മയും കൂടുന്നു

**സൂര്യ വിനീഷ്**
അബുദാബി

ഓരോ ജനസംഖ്യാ ദിനവും ഓരോ ഓർമപ്പെടുത്തലുകളുമായാണ് കടന്നുപോകുന്നത്. വർധിച്ചു വരുന്ന ജനപ്പെരുപ്പം സൃഷ്ടിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള ചിന്തകളായിരിക്കും നമുക്കുണ്ടാവുക. ജനപ്പെരുപ്പം ഒരു വലിയ പ്രതിസന്ധിയായി ലോകത്തിന് മുന്നിൽ നിൽക്കുന്ന കാലത്താണ് 2024 കടന്നു പോകുന്നത്. പട്ടിണി മരണങ്ങളും, കാലാവസ്ഥാ വ്യതിയാനവും, അന്തരീക്ഷ മലിനീകരണവും തുടങ്ങി മനുഷ്യവാസത്തെ ബാധിക്കുന്ന നിരവധി പ്രതിസന്ധികൾക്ക് മുന്നിൽ ഒരു നിഴലായി ജനപ്പെരുപ്പവുമുണ്ട്. ജനസംഖ്യയിലെ ആഗോള വളർച്ചാതോത് ഓരോ വർഷവും 75 മില്യൺ ആണ്, അതായത് 1.1 ശതമാനം. ഈ കണക്കു പ്രകാരം 2030 ഓടെ 8.4 ബില്യണും, 2050 ഓടെ അത് 9.6 ബില്യണുമാകും. അതിവേഗത്തിലുള്ള ഈ വളർച്ചയ്ക്കൊപ്പം ദാരിദ്ര്യ നിരക്കും ഉയരുമെന്നതാണ് ഭയാനകമായ പ്രതിസന്ധി. വികസ്വര രാജ്യങ്ങളിൽ ജനപ്പെരുപ്പം സൃഷ്ടിക്കുന്ന പ്രതിസന്ധി ചെറുതല്ല.

ദാരിദ്ര്യം, തൊഴിലില്ലായ്മ, ഭക്ഷണത്തിന്റെ ലഭ്യതക്കുറവ്, താഴ്ന്ന ജീവിത ഗുണനിലവാരം എന്നിവയെല്ലാം ജനപ്പെരുപ്പത്തിനൊപ്പം ചേർത്ത് വയ്ക്കേണ്ടവയാണ്. അതുകൊണ്ട് തന്നെ ജനസംഖ്യ കുറയ്ക്കുന്നതിനൊപ്പം തന്നെ ദാരിദ്ര്യവും കുറയ്ക്കാമെന്ന ഓർമ്മപ്പെടുത്തലാണ് ലോകജനസംഖ്യ ദിനാചരണത്തിന്റെ ലക്ഷ്യം. ഐക്യരാഷ്ട്രസഭയുടെ വികസന ലക്ഷ്യങ്ങളിലൊന്ന് 2025ഓടെ ദാരിദ്ര്യവും പട്ടിണിയും പകുതിയായി കുറയ്ക്കുക എന്നതാണ്. എന്നാൽ ഈ ലക്ഷ്യം സാധ്യമാവണമെങ്കിൽ ജനസംഖ്യയിലെ സ്ഫോടനാത്മകമായ വളർച്ച തടഞ്ഞേ മതിയാകൂ. ശരിയായ രീതിയിലുള്ള ബോധവത്കരണവും നിയമങ്ങളും ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുണ്ട്.



ജനസംഖ്യയിൽ രണ്ടാം സ്ഥാനത്തായിരുന്ന ഇന്ത്യ ഒന്നാമതെത്തുകയും ഒന്നാമതായിരുന്ന ചൈന രണ്ടാമത് എത്തുകയും ചെയ്തത് ചൈനയിലെ ശകതമായ നിയന്ത്രണങ്ങൾ കൊണ്ടാണ്. അതുകൊണ്ട് തന്നെ ചൈനയിലെ ജനസംഖ്യ വളർച്ച നിരക്ക് നേരിയ തോതിൽ കുറഞ്ഞിട്ടുണ്ട്. പല വികസ്വര രാജ്യങ്ങൾക്കും ഇത്തരം നിയന്ത്രണങ്ങൾക്കോ, നിയമങ്ങൾ കർശനമാക്കാനോ സാധിച്ചിട്ടില്ല. എങ്കിലും ലോക ജനസംഖ്യ ക്രമാതീതമായി വർധിച്ചു വരുന്നത് ലോകത്തെയൊന്നാകെ ആശങ്കപ്പെടുത്തുന്നത് തന്നെയാണ്. പ്രകൃതി വിഭവങ്ങൾ ഗണ്യമായി കുറയുകയും പരിസ്ഥിതി മലിനീകരണം അനിയന്ത്രിതമാവുകയും ചെയ്യുന്ന ഈ കാലത്ത് ഇനിയെങ്കിലും ലോകജനത ജനപ്പെരുപ്പത്തിന്റെ കാര്യത്തിൽ ബോധവാൻമാരാകേണ്ടതുണ്ട്. ജനസംഖ്യക്കൊപ്പം വിഭവങ്ങൾ വർധിക്കുന്നില്ല എന്ന യാഥാർത്ഥ്യം അംഗീകരിക്കേണ്ടിയിരിക്കുന്നു. നിലവിൽ സുലഭമായ പല വിഭവങ്ങളും മനുഷ്യൻ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്ന സാഹചര്യം കൂടിയാണിത്. ഇക്കാര്യത്തിൽ വ്യക്തമായ ബോധവത്കരണം ആഗോളതലത്തിൽത്തന്നെ നടന്നില്ലെങ്കിൽ കൊടും പട്ടിണിയും ദാരിദ്ര്യവുമാണ് ലോകം അഭിമുഖീകരിക്കേണ്ടി വരിക.

### വാഹന ഉടമകൾക്ക് മുന്നറിയിപ്പ്

ദുബൈ: ടെസ്റ്റിങ് സെന്റുകളിൽ നിന്ന് തിരിച്ചയച്ച വാഹനങ്ങൾ ഒഴിവാക്കണമെന്ന് ദുബൈ മുനിസിപ്പാലിറ്റി വാഹന ഉടമകൾക്ക് മുന്നറിയിപ്പ് നൽകി. എമിറേറ്റിലെ 9 ടെസ്റ്റിങ് കേന്ദ്രങ്ങളിൽ നിന്നും ഒഴിവാക്കിയ വാഹനങ്ങൾ ഉടൻ നീക്കം ചെയ്തില്ലെങ്കിൽ കണ്ടുകെട്ടുമെന്നും അധികൃതർ മുന്നറിയിപ്പ് നൽകി. ഇത്തരത്തിൽ 68 വാഹനങ്ങൾ നീക്കാൻ നിർദേശം നൽകിയിട്ടുണ്ടെന്നും അധികൃതർ വ്യക്തമാക്കി.

### ടയർ പൊട്ടും സൂക്ഷിക്കണേ...

ദുബൈ: കനത്ത ചൂടിൽ വാഹനങ്ങളുടെ ടയർ പൊട്ടാനുള്ള സാധ്യതയുണ്ടെന്ന മുന്നറിയിപ്പുമായി ദുബൈയിലെ ഡ്രൈവർമാർ. കഴിഞ്ഞ മൂന്ന് ദിവസത്തിനിടെ 20ഓളം വാഹനങ്ങളുടെ ടയറുകൾ റോഡരുകിൽ നിന്ന് മാറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് ദൃക്സാക്ഷികൾ പറയുന്നു. താപനില 50 ഡിഗ്രിക്കടുത്തതോടെ വാഹനയാത്രികർ അതീവ ജാഗ്രത പുലർത്തണമെന്നാണ് അധികൃതരുടെ നിർദേശം.

### സൗദിയിൽ 116 വ്യാപാര സ്ഥാപനങ്ങൾ അടച്ചുപൂട്ടി

ജിദ്ദ: സൗദിയിൽ ഗുരുതരമായ നിയമലംഘനം നടത്തിയ വ്യാപാര സ്ഥാപനങ്ങൾ അടച്ചുപൂട്ടി. ജൂൺ മാസത്തിൽ 116 വ്യാപാര സ്ഥാപനങ്ങളാണ് ജിദ്ദ നഗരസഭ അടച്ചുപൂട്ടിയത്. നിയമ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ ജിദ്ദ നഗരസഭയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന 12,000 ത്തിലേറെ വ്യാപാര സ്ഥാപനങ്ങളിലാണ് നഗരസഭ ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തിയത്.

### ഇന്ധന ടാങ്കറിന് തീപിടിച്ച് ഡ്രൈവർ മരിച്ചു

മസ്കത്ത്: ഒമാനിലെ വടക്കൻ ശർഖിയയിൽ ഇന്ധന ടാങ്കറിന് തീപിടിച്ച് ഡ്രൈവർ മരിച്ചു. ബിദ്ബിദിലെ ശർഖിയ എക്സ്പ്രസ് വേയിലേക്കുള്ള പാലത്തിൽ ഇന്നലെ പുലർച്ചെയായിരുന്നു സംഭവം. ഇന്ധന ടാങ്കർ മറിഞ്ഞതിനെത്തുടർന്ന് തീപിടിക്കുകയായിരുന്നു.

ഗൾഫ് വാർത്തകൾ

# ഇമാറാത്തി കവി മുബാറക് ബിൻ ഖത്‌ലാൻ അന്തരിച്ചു


മുബാറക് ബിൻ ഖത്‌ലാൻ അൽ മസ്റൂയി

ദുബൈ: യുഎഇയിലെ പ്രമുഖ നബാത്തി കവികളിലൊരാളായ മുബാറക് ബിൻ ഖത്‌ലാൻ അൽ മസ്റൂയി (85) അന്തരിച്ചു. ചരിത്ര സംഭവങ്ങളെക്കുറിച്ചും പുരാതന ഭൂതകാല മേഖലകളെക്കുറിച്ചും കവിതകൾ എഴുതിയ മഹത്തായ കവിയായാണ് അൽ മസ്റൂയി അറിയപ്പെടുന്നത്. സാംസ്കാരിക മന്ത്രി ശൈഖ് സലേം ബിൻ ഖാലിദ് അൽ ഖാസിമി ഉൾപ്പെടെയുള്ള യുഎഇയിലെ നിരവധി സാംസ്കാരിക വ്യക്തികൾ അനുശോചനം രേഖപ്പെടുത്തി. യുഎഇക്ക് മഹത്തായ കവി മുബാറക് ബിൻ ഖത്‌ലാനെ നഷ്ടപ്പെട്ടതായും നബാത്തി കവിതയെ സമ്പന്നമാക്കിയ സർഗ്ഗാത്മകത നിറഞ്ഞ ജീവിതത്തിൽ എമിറാത്തി കാവ്യരംഗത്ത് അദ്ദേഹം അവിസ്മരണീയമായ അടയാളങ്ങൾ അവശേഷിപ്പിച്ചതായി അദ്ദേഹം അനുസ്മരിച്ചു. 1930ൽ ജനിച്ചു. അഞ്ചാം വയസ്സിൽ, അദ്ദേഹം തന്റെ ആദ്യ കാവ്യശ്രമങ്ങൾ എഴുതി, തുടർന്ന് കവികളുമായുള്ള സമ്പർക്കത്തിലൂടെ കഴിവ് വികസിപ്പിച്ചു. പിന്നീട് അദ്ദേഹം തന്റെ കുടുംബത്തെയും തന്റെ പ്രദേശത്തെ ജനങ്ങളെയും കുറിച്ച് കവിതകൾ എഴുതി. കാവ്യപ്രതിഭയെ ഉണർത്തുന്ന സാഹചര്യങ്ങളും അവസരങ്ങളും നിറഞ്ഞതായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. കഠിനമായ ചില ജോലികൾ ചെയ്യാൻ നിർബന്ധിതനായ ഒരു പ്രയാസകരമായ ജീവിതമായിരുന്നു. ഉപജീവനം തേടി 6 വർഷത്തോളം അദ്ദേഹം യാത്ര ചെയ്യുകയും പിന്നീട് പശ്ചിമ മേഖലയിലെ നിരവധി സ്വകാര്യ കമ്പനികളിലും അബുദാബി ട്രാൻസ്പോർട്ടിലും ദീർഘകാലം ജോലി ചെയ്യുകയും ചെയ്തു. തുടർന്ന് അദ്ദേഹം ലിവയിലേക്ക് മടങ്ങി, അവിടെ മരണം വരെ താമസിച്ചു. 2016ൽ, അബുദാബി പോയട്രി അക്കാദമി അൽ മസ്റൂയിയുടെ കവിതകളുടെ ഒരു സമാഹാരം പുറത്തിറക്കി.

## അജ്മാനിൽ നിന്ന് അബുദാബിയിലേക്ക്
# ബസ് സർവീസ് തുടങ്ങി




അബുദാബി: യുഎഇയുടെ തലസ്ഥാന നഗരിയായ അബുദാബിയെ ബന്ധിപ്പിച്ച് മറ്റു എമിറേറ്റുകളിൽ നിന്നും സർവീസ് നടത്തുന്ന ബസ് സർവീസുകൾ ഏതൊക്കെയാണെന്ന് അറിയുമോ. അജ്മാനിൽ നിന്നും അബുദാബിയിലേക്ക് പുതിയ ബസ് ഓടിതുടങ്ങിയിട്ടുണ്ട്. അജ്മാനിൽ നിന്നും അബുദാബിയിലെത്തിയാൽ ഇവിടെയുള്ള ബീച്ചുകൾ മറ്റു വിനോദസഞ്ചാര കേന്ദ്രങ്ങൾ കണ്ടാസ്വദിച്ച് തിരിച്ചുപോവാം. അങ്ങോട്ടും ഇങ്ങോട്ടുമായി നാല് സർവീസുകളാണുള്ളത്. ബസുകൾ അജ്മാനിലെ അൽ മുസല്ല സ്റ്റേഷനിൽ നിന്ന് ആദ്യ ബസ് രാവിലെ 7 മണിക്ക് പുറപ്പെടും. അവസാനത്തെ സർവീസ് വൈകുന്നേരം 7 മണിക്കുമാണ്. അബുദാബിയിൽ നിന്നും തിരിച്ച് ആദ്യ സവാരി രാവിലെ 10 മണിക്കും രാത്രി 9.30നുമാണ് സർവീസ്. ഒരു യാത്രക്ക് 35 ദിർഹമാണ് ചാർജ് ഈടാക്കുക. മസാർ കാർഡ് മുഖേന പണം നൽകാം. ഇത് കൂടാതെ ദുബൈഅബുദാബി റൂട്ടിൽ തടസ്സമില്ലാതെ ദുബൈ ആർടിഎ ബസുകൾ സർവീസ് നടത്തുന്നുണ്ട്. ആർടിഎയുടെ ഇ100, ഇ101 റൂട്ടുകൾ ദുബൈയും അബുദാബിയും തമ്മിൽ തടസ്സമില്ലാത്ത കണക്ഷനുകൾ നൽകുന്നു. ഇ100 നമ്പർ അൽ ഗുബൈബ ബസ് സ്റ്റേഷനും അബുദാബി സെൻട്രൽ ബസ് സ്റ്റേഷനും ഇടയിലാണ് ഓടുന്നത്. ഇ101 നമ്പർ ബസ് ഇബ്നു ബത്തൂത്ത ബസ് സ്റ്റേഷനെയും അബുദാബി സെൻട്രലുമായി ബന്ധിപ്പിക്കുന്നു. ദുബൈയിലെക്ക് 25 ദിർഹമാണ് ചാർജ്. ദുബൈ ആർടിഎയുടെ നോൾ കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യാം. ഷാർജ അബുദാബി റൂട്ടിലും ബസുണ്ട്. ഷാർജ നിവാസികൾക്ക് എസ്ആർടിഎ യുടെ 117ആർ റൂട്ടിൽ കയറാം. അബുദാബിയിൽ നിന്ന് ഷാർജയിലെ വിവിധ സ്റ്റോപ്പുകളിലേക്ക് 30 ദിർഹത്തിന് യാത്ര ചെയ്യാം. റാസൽഖൈമയിൽ നിന്ന് ഒരു യാത്ര പ്ലാൻ ചെയ്യുകയാണെങ്കിൽ ദിവസവും രാവിലെ 9 മണിക്കും വൈകുന്നേരം 3 മണിക്കും സർവീസ് നടത്തുന്ന ഇന്റർസിറ്റി ബസ് സർവീസ് 47 ദിർഹത്തിന് നിങ്ങളെ അബുദാബിയിൽ എത്തിക്കും.

# പാരമ്പര്യത്തിന്റെ പ്രൗഢിയും നിറവും കെടാതെ ഷാർജ ഗോൾഡ് സൂക്ക്




ഷാർജ: സ്വർണ വ്യാപാര മേഖലയിൽ വാശിയേറിയ മത്സരം നടക്കുമ്പോഴും പാരമ്പര്യത്തിന്റെ തിളക്കവുമായി ഷാർജ ഗോൾഡ് സൂക്ക്. യുഎഇ ജനതയുടെ വിലയേറിയ മഞ്ഞ ലോഹത്തോടുള്ള ശാശ്വതമായ ആകർഷണത്തിന്റെ തെളിവാണ് ഷാർജയുടെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ഗോൾഡ് സൂക്ക്. പാരമ്പര്യത്തിന്റെയും സംസ്കാരത്തിന്റെയും സമൃദ്ധിയുടെയും ഒരിടമെന്ന ചരിത്രപരമായ പദവിയാണ് ഇവിടേക്ക് വിനോദ സഞ്ചാരികളെ ആകർഷിക്കുന്നത്. യുഎഇയുടെ അഞ്ച് ദിർഹം കറൻസിയിലുള്ള ചിത്രം ഷാർജ സൂഖ് ആണ്.

ഇസ്‌ലാമിക ലിഖിതങ്ങളും നീല നിറങ്ങളും കൊണ്ട് അലങ്കരിച്ച സ്റ്റീം ട്രെയിൻ രൂപകൽപ്പനയുള്ള ഒരു വാസ്തുവിദ്യാ മാസ്റ്റർപീസ് ആണ്. വാസ്തുവിദ്യയിലെ ഈ നീല നിറത്തിന്റെ ആധിക്യമാണ് ബ്ലൂ സൂക്ക് എന്ന പേര് കെട്ടിടത്തിന് നേടിക്കൊടുത്തത്. എട്ട് ബാൽക്കണികളുള്ള രണ്ട് പ്രധാന കെട്ടിടങ്ങളും അവയെ ബന്ധിപ്പിക്കുന്ന രണ്ട് പാലങ്ങളും ഉൾക്കൊള്ളുന്നതാണ് സൂക്ക്. കെട്ടിടത്തിന്റെ ഒരു ഭാഗം സ്വർണ്ണത്തിലും, മറ്റേ ഭാഗം പരവതാനികൾ, പുരാവസ്തുക്കൾ, തുണിത്തരങ്ങൾ എന്നിവയുടെ വ്യാപാരത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഏകദേശം 600 ഷോപ്പുകളുള്ള സൂക്ക്, പ്രാദേശിക സ്വർണ്ണ വ്യാപാരികൾക്കും കരകൗശല വിദഗ്ധർക്കും അവരുടെ വൈദഗ്ധ്യം പ്രദർശിപ്പിക്കുന്നതിനും നഗരത്തിന്റെ സാമ്പത്തിക ഭൂപ്രകൃതിയിൽ സംഭാവന നൽകുന്നതിനുമുള്ള ഒരു വേദിയായി പ്രവർത്തിക്കുന്നു. സമീപ വർഷങ്ങളിൽ ഉപഭോക്താക്കളുടെ മാറി വന്ന ഷോപ്പിംഗ് ശീലങ്ങൾക്കനുസരിച്ച് ഗോൾഡ് സൂക്ക് വികസിച്ചു. പരമ്പരാഗത ഡിസൈനുകൾ തുടരുമ്പോൾ, ന്യൂജെൻ ഉപഭോക്താക്കൾക്കായി ആധുനികവും സമകാലികവുമായ ഡിസൈനുകൾ സൂക്കിൽ ലഭ്യമാണ്.

കഴിഞ്ഞ പത്ത് വർഷത്തിനിടെ ഇവിടെ സ്വർണം, വിലയേറിയ കല്ലുകൾ, മുത്തുകൾ എന്നിവയുടെ വ്യാപാരികൾക്കായി 727 ബിസിനസ് ലൈസൻസുകൾ അനുവദിച്ചതായി ഷാർജ സാമ്പത്തിക വികസന വകുപ്പ് അറിയിച്ചു. രജിസ്റ്റർ ചെയ്ത അംഗങ്ങളുടെ എണ്ണത്തിൽ 138% വർധനവാണ് ഇത് രേഖപ്പെടുത്തുന്നത്. 1965ൽ സ്ഥാപിതമായ ജിജി ആൻഡ് സൺസ് ജ്വല്ലറി, ഗോൾഡ് സൂക്കിലെ ആദ്യത്തെ സ്വർണവ്യാപാരികളാണ്. ഇവിടെ നിന്ന് തുടക്കം കുറിച്ച ഈ ജ്വല്ലറി ഉടമകൾക്ക് ഇപ്പോൾ യുഎഇയിൽ ഉടനീളം ആറ് ശാഖകളാണുള്ളത്.

ആഗോള വിപണിയിൽ സ്വർണ്ണ വിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടും ഷാർജ ഗോൾഡ് മാർക്കറ്റ് അതിന്റെ പാരമ്പര്യത്തിന്റെ പ്രൗഢി വിടാതെ വ്യാപാരം തുടരുന്നു. ചില വിപണികളിൽ സ്വർണ്ണാഭരണങ്ങൾക്കുള്ള ഡിമാൻഡ് കുറയുന്നുണ്ടെങ്കിലും, പ്രത്യേക അവസരങ്ങളിലും അവധി ദിവസങ്ങളിലും സൂക്കിലെ സ്വർണ്ണ വ്യാപാരം മാറ്റമില്ലാതെ നടക്കുന്നു. ഒമാൻ, ഖത്തർ, സൗദി അറേബ്യ, എമിറേറ്റ്സ് എന്നിവിടങ്ങളിൽ നിന്നുള്ള സന്ദർശകരാണ് മാർക്കറ്റിലെ ഉപഭോക്താക്കളിൽ കൂടുതൽ. ഒരു കാലത്ത് യുഎഇയിലെ സ്ത്രീകളുടെ സമ്പത്തിന്റെയും സാമൂഹിക പദവിയുടെയും പ്രതീകമായി കണക്കാക്കിയിരുന്ന ചെറിയ സ്വർണ്ണ നാണയങ്ങൾ കൊണ്ട് അലങ്കരിച്ച അൽമരിയ നെക്ലേസ്, പഴയ ആഭരണങ്ങളായ അൽ കവാഷി, നാക്ക്സ്, അരയിൽ ധരിക്കുന്ന ബെൽറ്റ് എന്നിവക്ക് സൂക്കിൽ ഇന്നും ആവശ്യക്കാർ ഏറെയാണ്. യുഎഇയിൽ എത്തിപ്പെടുന്ന ഒരാൾ ആകാംക്ഷയുള്ള സഞ്ചാരിയോ സ്വർണ്ണത്തിന്റെ ഒരു ആസ്വാദകനോ ആകസ്മിക ആരാധകനോ ആകട്ടെ, ഷാർജയിലെ ഗോൾഡ് സൂക്ക് അവർക്ക് സ്വർണ്ണത്തിന്റെ കാലാതീതമായ പ്രൗഢിയിലേക്ക് അവിസ്മരണീയമായ ഒരു യാത്ര പ്രദാനം ചെയ്യുന്നു.

# ഷാർജയിൽ അപേക്ഷിച്ച എല്ലാ കുട്ടികൾക്കും നഴ്സറി പ്രവേശനം നൽകുമെന്ന് ശൈഖ് സുൽത്താൻ


ഡോ. ശൈഖ് സുൽത്താൻ ബിൻ മുഹമ്മദ് അൽ ഖാസിമി

ഷാർജ: നഴ്സറികളിൽ പുതുതായി എൻ്റോൾ ചെയ്യുന്ന എല്ലാ കുട്ടികൾക്കും സീറ്റുകൾ നൽകുമെന്ന് സുപ്രീം കൗൺസിൽ അംഗവും ഷാർജ ഭരണാധികാരിയുമായ ഡോ. ശൈഖ് സുൽത്താൻ ബിൻ മുഹമ്മദ് അൽ ഖാസിമി അറിയിച്ചു. ഇപ്പോൾ ലഭ്യമായ 1,335 സീറ്റുകൾക്ക് പുറമേ, 446 അധിക സീറ്റുകൾ ജൂലൈ മാസത്തിലും അടുത്ത ഓഗസ്റ്റ് മാസത്തിലും ലഭ്യമാക്കുമെന്ന് ശൈഖ് സുൽത്താൻ സൂചിപ്പിച്ചു. ഷാർജ റേഡിയോയിലെയും ടിവിയിലെയും ഡയറക്ട് ലൈൻ പ്രോഗ്രാമിൽ ഷാർജ ബ്രോഡ്കാസ്റ്റിംഗ് അതോറിറ്റി ഡയറക്ടർ ജനറൽ മുഹമ്മദ് ഹസൻ ഖലാഫുമായി നടത്തിയ ഫോൺ കോളിൽ, 1,781 കുട്ടികൾ രജിസ്റ്റർ ചെയ്തതോടെ ഷാർജയിലെ സർക്കാർ നഴ്സറികളുടെ രജിസ്ട്രേഷൻ അവസാനിച്ചുവെന്ന് ശൈഖ് സുൽത്താൻ പറഞ്ഞു. ഇപ്പോൾ ലഭ്യമായ 1,335 സീറ്റുകളുണ്ട്. അധികമായി 446 സീറ്റുകൾ ആവശ്യമാണ്. ഈ മാസവും അടുത്ത മാസവും പുതിയ നഴ്സറികൾ സൃഷ്ടിച്ചുകൊണ്ട് അത് നൽകും. നഴ്സറികൾ കേവലം കുട്ടികളെ സുരക്ഷിതമായി സംരക്ഷിക്കുന്ന കേന്ദ്രങ്ങൾ മാത്രമല്ല, ഷാർജ നഴ്സറികളിലെ കുട്ടികൾക്ക് വളരെ വിപുലമായ പാഠ്യപദ്ധതി ലഭിക്കും. ഈ പാഠ്യപദ്ധതി വികസിപ്പിച്ചത് ഒറ്റയ്ക്കല്ല; യൂറോപ്പിൽ നിന്നുള്ള പങ്കാളിത്തമുണ്ട്.

ചെറുപ്പം മുതലേ കുട്ടികൾക്ക് അടിസ്ഥാനം സൃഷ്ടിക്കുന്നതിൽ ഈ നഴ്സറികൾ നിർണായകമാണ്. പ്രത്യേകിച്ച് അവരുടെ മാതാപിതാക്കൾ ജോലി ചെയ്യുന്നവരാണെങ്കിൽ, അവർക്ക് മികച്ച പരിശീലനം നൽകുന്നു. ഷാർജ നഴ്സറികളിൽ കുട്ടികളെ ചേർത്ത എല്ലാ രക്ഷിതാക്കൾക്കും കൂടുതൽ നഴ്സറികൾ സ്ഥാപിക്കുകയും സീറ്റുകൾ ഉറപ്പ് നൽകുകയും ചെയ്യുമെന്നും ശൈഖ് സുൽത്താൻ കൂട്ടിച്ചേർത്തു.

# ഇമ്രാൻ ഖാൻ 'കരളി'ന്റെ കരളായി; മകൾ റസിയക്ക് പുതുജീവൻ


കരൾമാറ്റ ശസ്ത്രക്രിയക്ക് വിധേയയായ റസിയ മാതാപിതാക്കൾക്കും ബുർജീൽ ആശുപത്രിയിലെ മെഡിക്കൽ സംഘത്തിനുമൊപ്പം

അബുദാബി: യുഎഇയിൽ ആദ്യമായി നാലു വയസ്സുകാരിയുടെ കരൾ മാറ്റിവെച്ച് ബുർജീൽ ഹോസ്പിറ്റൽ ശ്രദ്ധ നേടി. ഇന്ത്യൻ പ്രവാസി ഹൈദരാബാദ് സ്വദേശി ഇമ്രാൻഖാന്റെ പുത്രി നാല് വയസ്സുകാരി റസിയയുടെ കരൾ മാറ്റ ശസ്ത്രക്രിയയാണ് ഇവിടെ വിജയകരമായി പൂർത്തിയാക്കിയത്.

അപൂർവ ജനിതക രോഗത്താൽ ബുദ്ധിമുട്ടുന്ന നാലു വയസ്സുള്ള കുട്ടിക്കുവേണ്ടി എന്തും ചെയ്യാൻ തയ്യാറായിരുന്നു ഇമ്രാൻ ഖാൻ. മകൾക്ക് വേണ്ടി ഇമ്രാൻഖാനാണ് തന്റെ കരളിന്റെ ഒരു ഭാഗം ദാനം ചെയ്തത്. യുഎഇയിലെ ആദ്യത്തെ ലിവിംഗ്ഡോണർ പീഡിയാട്രിക് ലിവർ ട്രാൻസ്പ്ലാന്റ് ആയി കണക്കാക്കപ്പെടുന്ന 12 മണിക്കൂർ ശസ്ത്രക്രിയ അബുദാബിയിലെ ബുർജീൽ മെഡിക്കൽ സിറ്റിയിലാണ് നടത്തിയത്.

കരൾ തകരാറിലായാൽ കരൾ മാറ്റിവയ്ക്കൽ മാത്രമാണ് നിർണായകവും രോഗശമനവുമുള്ള ചികിത്സ. വിശദമായ വിലയിരുത്തലുകൾക്ക് ശേഷം റസിയയുടെ ജീവൻ രക്ഷിക്കാൻ കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയ അനിവാര്യമാണെന്ന് ഡോക്ടർമാർ നിർദ്ദേശിച്ചു. അവളുടെ പിതാവ് ദാതാവാകാൻ സന്നദ്ധനായി. ഡോ. സെയ്ഫിന്റെ നേതൃത്വത്തിലുള്ള ബിഎംസിയിലെ ട്രാൻസ്പ്ലാന്റ് ടീം 10 മണിക്കൂർ നീണ്ടുനിന്ന ദാതാക്കളുടെയും സ്വീകർത്താവിന്റെയും ശസ്ത്രക്രിയകൾ വിജയകരമായി നടത്തി.

യുഎഇയുടെ മെഡിക്കൽ സമൂഹത്തിന് ഇതൊരു മഹത്തായ നേട്ടമാണ്. റസിയയെപ്പോലുള്ള കുട്ടികൾക്ക് വിദേശയാത്ര ആവശ്യമില്ലാതെ ജീവൻ രക്ഷാ ചികിത്സ ലഭിക്കുമെന്ന് ഇത് ഉറപ്പാക്കുന്നു. ഈ നാഴികക്കല്ലിൽ എത്തിയതിൽ ഞങ്ങൾ അഭിമാനിക്കുന്നു. ഭാവിയിൽ കൂടുതൽ കുടുംബങ്ങളെ സഹായിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുഡോ. സെയ്ഫ് പറഞ്ഞു.

# പഴം,പച്ചക്കറി വ്യാപാരത്തിൽ ദുബൈയെ വലിയ ഹബ്ബാക്കി മാറ്റും


ദുബൈ അബീർ മാർക്കറ്റിലെ പുലർക്കാല കാഴ്ച

ദുബൈ: പഴം പച്ചക്കറി വിപണി വികസിപ്പിക്കാൻ യുഎഇ പുതിയ പദ്ധതി പ്രഖ്യാപിച്ചു. ദുബൈ ഒന്നാം ഉപ ഭരണാധികാരിയും ഉപപ്രധാനമന്ത്രിയും യുഎഇ ധനകാര്യ മന്ത്രിയുമായ ശൈഖ് മക്തൂം ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമാണ് ഈ മെഗാ പ്രോജക്ട് പ്രഖ്യാപിച്ചത്. ദുബൈയിൽ നിലവിലുള്ള പഴം പച്ചക്കറി വിപണിയുടെ വലിപ്പം ഇരട്ടിയാക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഭക്ഷ്യവസ്തുക്കൾ,പഴം,പച്ചക്കറി വ്യാപാരം എന്നിവയ്ക്കായി ലോകത്തിലെ ഏറ്റവും വലിയ ലോജിസ്റ്റിക് ഹബ് വികസിപ്പിക്കുന്നതിന് ദുബായ് മുനിസിപ്പാലിറ്റിയും ഡിപി വേൾഡും ഒരുമിച്ച് പ്രവർത്തിക്കും. ദുബൈയെ വിപണികളുടെ ലക്ഷ്യസ്ഥാനമാക്കി മാറ്റുകയാണ് ലക്ഷ്യമെന്ന് ശൈഖ് മക്തൂം പറഞ്ഞു. ഇറക്കുമതിയും ഇവിടെ നിന്നുള്ള പുനർ കയറ്റുമതി പ്രവർത്തനങ്ങൾ ഇവിടെ സാധ്യമാകും.

ഏറ്റവും പുതിയ സവിശേഷതകളും മികച്ച നിലവാരവും ഉള്ള നൂതന അടിസ്ഥാന സൗകര്യങ്ങൾ നൽകാനും നിക്ഷേപകർക്ക് കൂടുതൽ വാണിജ്യ നിക്ഷേപ അവസരങ്ങൾ സൃഷ്ടിക്കാനും യുഎഇയുടെ ഭക്ഷ്യ സുരക്ഷാ തന്ത്രത്തെ പിന്തുണയ്ക്കാനും ഈ പദ്ധതി ശ്രമിക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി. ഈ പദ്ധതി മലയാളികൾക്കും മറ്റ് ഇന്ത്യക്കാർക്കും പഴംപച്ചക്കറി വിപണിയിൽ പുതിയ അവസരങ്ങൾ തുറന്നുകൊടുക്കും. വിതരണക്കാർ, വ്യാപാരികൾ, ലോജിസ്റ്റിക്സ് പ്രൊവൈഡർമാർ തുടങ്ങിയ മേഖലകളിൽ അവർക്ക് തൊഴിലവസരങ്ങൾ ലഭ്യമാകുന്നതിന് സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പഴംപച്ചക്കറി വിപണിയുടെ വിപുലീകരണം ഡിപി വേൾഡ് നിയന്ത്രിക്കും. ഇത് കൂടുതൽ നിക്ഷേപ അവസരങ്ങൾ സൃഷ്ടിക്കും. രണ്ട് സ്ഥാപനങ്ങളും തമ്മിൽ ഒപ്പുവച്ച കരാറിന് കീഴിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കാനും മുഴുവൻ ഉപഭോക്തൃ ആവശ്യങ്ങൾ പൂർത്തീകരിക്കാനും ഏകീകൃത വ്യാപാര ജാലകം അവതരിപ്പിക്കും.

# നിരീക്ഷണം

ഒരു ജനതയ്ക്ക് മാർഗദർശനം നൽകിയതിന് ശേഷം, അവർ കാത്തുസൂക്ഷിക്കേണ്ടതെന്തെന്ന് അവർക്ക് വ്യക്തമാക്കികൊടുക്കുന്നതു വരെ അല്ലാഹു അവരെ പിഴച്ചവരായി ഗണിക്കുന്നതല്ല. തീർച്ചയായും അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു.

(വിശുദ്ധ ഖുർആൻ: 09: 115)

ഗൾഫ് ചന്ദ്രിക
1446 മുഹറം 05 • 1199 മിഥുനം 27 •

## ഫ്രഞ്ച് തിരഞ്ഞെടുപ്പിന്റെ രാഷ്ട്രീയ സന്ദേശം

ഇന്ത്യയിലെ ലോക്സഭാ തിരഞ്ഞെടുപ്പിന് സമാനമായി ലോകം ഉറ്റുനോക്കിയ തിരഞ്ഞെടുപ്പായിരുന്നു ഫ്രഞ്ച് തിരഞ്ഞെടുപ്പ്. രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം ഫ്രാൻസിന്റെ അധികാരം തീവ്രവലതുപക്ഷത്തിന്റെ കരങ്ങളിൽ അകപ്പെടുമോയെന്നതായിരുന്നു ആ ആകാംക്ഷയുടെ അന്തസത്ത. ജൂൺ 30ന് നടന്ന ഒന്നാംഘട്ട വോട്ടെടുപ്പിൽ 33 ശതമാനം വോട്ടും 30 സീറ്റും നേടി 'നാഷനൽ റാലി' ഒന്നാമതെത്തിയതോടെയാണ് ഈ ആകാംക്ഷ ഉടലെടുത്തത്. എന്നാൽ രണ്ടാംഘട്ടത്തിൽ പരമ്പരാഗത വൈരികളായിരുന്ന ഇടതുപക്ഷവും മിതവാദി വലതുപാർട്ടിയായ സെൻട്രിസ്റ്റ് അലയൻസും കൈകോർത്തതോടെ നാഷണൽ റാലിയുടെ മുന്നേറ്റം താൽക്കാലികമായി തടഞ്ഞു നിർത്തപ്പെട്ടിരിക്കുകയാണ്. 577 സീറ്റുള്ള നാഷനൽ അസ്സംബ്ലിയിൽ ഭൂരിപക്ഷത്തിന് 289 സീറ്റ് വേണം. നിലവിൽ ആർക്കും ഭൂരിപക്ഷമില്ലാത്ത സാഹചര്യത്തിൽ സഖ്യസർക്കാറിനാണ് സാധ്യത. ഇമ്മാനുവൽ മാക്രോണിന്റെ 'സെൻട്രിസ്റ്റ് അലയൻസി'ന്റെ പിന്തുണയോടെ ഇടതുപക്ഷം അധികാരത്തിലേറുമെന്നാണ് കരുതപ്പെടുന്നത്. നവ ഫാസിസത്തെ ചെറുക്കാൻ തിരഞ്ഞെടുപ്പിൽ ഇരുവിഭാഗവും ധാരണയിലെത്തിയപ്പോൾ ഒരുമിച്ചു ഭരിക്കുന്ന കാര്യത്തിൽ തീരുമാനത്തിലെത്തിയിരുന്നില്ല. എങ്കിലും തിരഞ്ഞെടുപ്പിൽ കാണിച്ച സഹകരണം ഇമ്മാനുവൽ മാക്രോൺ സർക്കാർ രൂപവത്കരണത്തിലുംപ്രകടിപ്പിക്കുമെന്നാണ് പ്രതീക്ഷ.

ഫാസിസത്തെ പ്രതിരോധിക്കാൻ ജനാധിപത്യ ശക്തികളുടെ കൂട്ടായ്മക്ക് സാധിച്ചുവെങ്കിലും തിരഞ്ഞെടുപ്പ് ഫലം നൽകുന്നത് അപകടകരമായ സൂചനകൾ തന്നെയാണ്. തീവ്ര വലതുപക്ഷ പാർട്ടിയായ നാഷണൽ റാലി 143 സീറ്റോടെ മൂന്നാമതാണെങ്കിലും ഒന്നാംഘട്ടത്തിലെ മുന്നേറ്റവും രണ്ടാം ഘട്ടത്തിൽ പരമ്പരാഗത വൈരികൾ ഒരുമിച്ചുനിന്നിട്ടും ഒപ്പത്തിനൊപ്പം നിൽക്കാൻ സാധിച്ചതും അവർക്ക് ആവേശം നൽകുന്നുണ്ട്. 'വേലിയേറ്റം ഉയരുകയാണ്. ഇത്തവണ അത് വേണ്ടത്ര ഉയർന്നില്ല. പക്ഷേ അത് ഉയർന്നുകൊണ്ടിരിക്കുകയണ്.' പാർട്ടി നേതാവ് ലെ പെൻ ന്റെ വാക്കുകൾ അവരുടെ ആത്മവിശ്വാസത്തിന്റെ പ്രതിഫലനമായിരുന്നു. ഇന്ത്യയിൽ ഫാസിസ്റ്റുകൾ സ്വീകരിച്ചതുപോലെ വൈകാരിക മുദ്രാവാക്യങ്ങളുയർത്തിപ്പിടിച്ചായിരുന്നു 'നാഷനൽ റാലി' തിരഞ്ഞെടുപ്പിനെ നേരിട്ടത്. രാഷ്ട്രീയ സഖ്യത്തിനു പുറമെ രാജ്യത്തിന്റെ നന്മ ആഗ്രഹിക്കുന്ന എല്ലാ വിഭാഗം ജനങ്ങളും തിരഞ്ഞെടുപ്പിൽ കൈകോർത്തിട്ടുണ്ട്. അതിൽ ഏറ്റവും ശ്രദ്ധേയമായ ഇടപെടലായിരുന്നു ഫ്രഞ്ച് ഫുട്ബോൾ ടീം ക്യാപ്റ്റൻ കിലിയൻ എംബാപ്പെയുടേത്. രാജ്യത്തിന്റെ ഭാവി ഛിദ്രശക്തികൾക്ക് വിട്ടുകൊടുക്കരുതെന്നും വോട്ടവകാശം ബുദ്ധിപൂർവം വിനിയോഗിക്കണമെന്നും ഫ്രഞ്ച് ജനതയോട് എംബാപ്പെ ആവശ്യപ്പെട്ടിരുന്നു. രണ്ടാം ഘട്ട വോട്ടെടുപ്പിനു മുമ്പ്, യൂറോ കപ്പുമായി ബന്ധപ്പെട്ട് വിളിച്ചു ചേർത്ത മാധ്യമ സമ്മേളനത്തിലായിരുന്നു ഈ ആഹ്വാനം. ഫുട്ബോളും രാഷ്ട്രീയവും തമ്മിൽ കലർത്തരുതെന്നാണ് പറയാറുള്ളത്. എന്നാൽ ഞാൻ ഇവിടെ പറയാൻ പോകുന്നത് ഫുട്ബോളിനേക്കാൾ പ്രാധാന്യമുള്ള വിഷയമാണെന്ന ആമുഖത്തോടെയായിരുന്നു എംബാപ്പെയുടെ വാർത്താസമ്മേളനത്തിന്റെ തുടക്കം.

രാജ്യത്തെ ജനങ്ങൾക്കിടയിൽ എംബാപ്പെക്കുള്ള സ്വാധീനം നന്നായറിയാവുന്ന നാഷണൽ റാലി നേതൃത്വം ഉടൻ തന്നെ ശക്തമായ പ്രതികരണവുമായി രംഗത്തെത്തിയെങ്കിലും യുവാക്കൾ ഒന്നടങ്കം എംബാപ്പോക്കൊപ്പം നിലകൊള്ളുകയായിരുന്നു. തിരഞ്ഞെടുപ്പിൽ ഫലസ്തീൻ പ്രശ്നവും പ്രതിഫലിച്ചിട്ടുണ്ടെന്നാണ് വിലയിരുത്തപ്പെടുന്നത്. ഇസ്രാഈൽഫലസ്തീൻ പ്രശ്നത്തിൽ ഇസ്രാഈലിനെ പിന്തുണക്കുന്ന സമീപനമാണ് ഫ്രാൻസ് ഭരണകൂടം സ്വീകരിച്ചിരുന്നത്. ഇതിനെതിരെ യൂറോപ്പിന്റെ മറ്റു ഭാഗങ്ങളിലെന്ന പോലെ ഫ്രാൻസിലും ശക്തമായ പ്രതിഷേധം അലയടിച്ചിരുന്നു. പ്രസിഡൻഷ്യൽ കാലാവധി 2027 വരെ നീണ്ടുകിടക്കുന്നതിനാൽ തിരഞ്ഞെടുപ്പ് ഫലം നിലവിൽ മക്രോണിന് ഭീഷണിയല്ല. എന്നാൽ പാരീസ് ഒളിമ്പിക്സിന് ആഴ്ച്ചകൾ മാത്രം അവശേഷിക്കുമ്പോഴുള്ള ഫ്രാൻസിലെ ഭരണപരമായ അനിശ്ചിതാവസ്ഥ ഗൗരവതരമാണ്. ഒറ്റക്ക് ഭൂരിപക്ഷമില്ലാത്തതിനാൽ മക്രോണിന്റെ പ്രധാനമന്ത്രി ഗബ്രിയേൽ അത്തർ രാജിവെച്ചിട്ടുണ്ടെങ്കിലും ഒളിമ്പിക്സ് കഴിയുന്നതുവരെ കെയർ ടേക്കറായി തുടർന്ന് അനിശ്ചിതത്വത്തിന് തടയിടുമെന്നാണ് കരുതപ്പെടുന്നത്.

### അടിക്കുറിപ്പ്

സാമൂഹിക സുരക്ഷാ പെൻഷനുകൾ കോൺഗ്രസ് കൊണ്ടുവന്നത് തന്നെ ഈ നാട്ടിലെ പാവപ്പെട്ടവന്റെ അവകാശമായാണ്. എന്നാൽ പെൻഷൻ അവകാശമല്ല ഔദാര്യമാണ് എന്നാണ് വിജയന്റെ സർക്കാർ കോടതിയിൽ പ്രഖ്യാപിച്ചത്. ഇത്തരം പ്രഖ്യാപനങ്ങൾ മാത്രമല്ല, പെൻഷൻ ചോദിച്ച് ഇറങ്ങിയ മറിയക്കുട്ടി ചേട്ടത്തിയെ പോലെയുള്ള പാവങ്ങളെ വ്യാജ പ്രചാരണം നടത്തി അങ്ങേയറ്റം നാണംകെടുത്തുകയും ചെയ്തു സിപിഎം. അന്നം മുട്ടിച്ച സർക്കാരിനെതിരെ പ്രതികരിച്ചതിന്റെ പേരിൽ സി.പി.എം അവരുടെ ജീവിതം വഴിമുട്ടിച്ചപ്പോൾ ചേർത്തു പിടിക്കാൻ ആണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് തീരുമാനിച്ചത്. അതിന്റെ ഭാഗമായി നിർമ്മിച്ചു കൊടുക്കുമെന്ന് പറഞ്ഞ വീട് പൂർത്തിയായിരിക്കുന്നു.

–കെ. സുധാകരൻ

1973 ബ്രസീലിന്റെ ബോയിങ് 707 വിമാനം പാരീസിനടുത്ത് ഓർലി വിമാനത്താവളത്തിൽ ഇറങ്ങാൻ ശ്രമിക്കവേ തകർന്ന് വിമാനത്തിലുണ്ടായിരുന്ന 134 പേരിൽ 123 പേരും മരിച്ചു.

1979 സ്കൈലാബ് ശൂന്യാകാശനിലയം ഭൂമിയിൽ തിരിച്ചെത്തി.

1982 ഇറ്റലി മൂന്നാമതും ലോകകപ്പ് ഫുട്ബോൾ കിരീടം നേടി.

1987 ഐക്യരാഷ്ട്രസഭയുടെ കണക്കനുസരിച്ച് ലോക ജനസംഖ്യ 500 കോടി കവിഞ്ഞു.

1995 വിയറ്റ്നാമും അമേരിക്കയുമായി സമ്പൂർണ്ണനയതന്ത്രബന്ധങ്ങൾ സ്ഥാപിച്ചു.

2006 മുംബൈയിൽ 209 പേരുടെ മരണത്തിനിടയാക്കിയ ബോംബു സ്ഫോടന പരമ്പര.

2006 വിൻഡോസ് 98, വിൻഡോസ് എം. ഇ. എന്നിവയുടെ ഔദ്യോഗിക സേവനപിന്തുണ മൈക്രോസോഫ്റ്റ് നിർത്തലാക്കി

# അസമത്വത്തിന്റെ ആഴം

## ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള UNDP 2023 – 24 ലെ മനുഷ്യ വിഭവശേഷി റിപ്പോർട്ട് പുറത്തുവന്നു

**ടി. ഷാഹുൽ ഹമീദ്**

ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള UNDP (ഐക്യരാഷ്ട്ര വികസന പരിപാടിയുടെ) 2023 – 24 ലെ മനുഷ്യ വിഭവശേഷി റിപ്പോർട്ട് പുറത്ത് വന്നിരിക്കുന്നു. ശാസ്ത്ര സാങ്കേതിക രംഗത്ത് വലിയ കുതിപ്പ് ഉണ്ടായെങ്കിലും ഇതിന്റെ ഫലം എല്ലാ ജനങ്ങളിലും സമതുലിതമായി എത്താതിനാൽ ലോകത്ത് അസമത്വം കൊടിക്കുത്തി വാഴുന്നു എന്ന് റിപ്പോർട്ട് സൂചിപ്പിക്കുന്നു. മനുഷ്യ വിഭവ വികസനം അളക്കുന്നതിന് ഐക്യരാഷ്ട്രസഭ വികസിപ്പിച്ചെടുത്ത സൂചികയാണ് HDI (Human Development Index). 1990 മുതൽ ഓരോ രാജ്യത്തിലേയും ആയുർദൈർഘ്യം, സ്കൂൾ വിദ്യാഭ്യാസം, പ്രതിശീർഷ വരുമാനം എന്നീ ഘടകങ്ങൾ പരിശോധിച്ച് രാജ്യങ്ങളുടെ മനുഷ്യ വിഭവ വികസന സൂചിക പട്ടിക തയ്യാറാക്കി വരുന്നുണ്ട്. 2023-24 വർഷത്തെ മനുഷ്യ വിഭവ വികസന സൂചികയിൽ മികച്ച 3 രാജ്യങ്ങൾ സ്വിറ്റ്സർലാന്റ്, നോർവ്വെ, ഐസ്ലാന്റ് എന്നിവയും ഏറ്റവും താഴെയുള്ള രാജ്യങ്ങൾ സോമാലിയ, സൗത്ത് സുഡാൻ, സെൻട്രൽ ആഫ്രിക്കൻ രാജ്യങ്ങൾ എന്നിവയുമാണ്. ലിസ്റ്റിൽ വരാത്ത രാജ്യങ്ങൾ ഉത്തരകൊറിയ, മൊണോക്കോ എന്നിവയാണ്. 193 രാജ്യങ്ങളിൽ 134 ാം സ്ഥാനമാണ് മനുഷ്യ വിഭവ വികസന സൂചികയിൽ ഇന്ത്യയുടെത്. ഇന്ത്യക്ക് മുകളിലായി ശ്രീലങ്ക 78 ാം സ്ഥാനത്തും ചൈന 75, ഭൂട്ടാൻ 125, ബംഗ്ലാദേശ് 129 എന്നീ സ്ഥാനങ്ങളിലും ഉണ്ട്. നേപ്പാൾ 146 സ്ഥാനത്തും പാക്കിസ്ഥാൻ 164ാം സ്ഥാനവുമായി ഇന്ത്യക്ക് പിറകിലാണ്.




### സാങ്കേതിക മുന്നേറ്റത്തിലും വിഭവശേഷിയുടെ അഭാവം

2022 ൽ 640 കോടി ജനങ്ങൾ മോബൈൽ ഫോൺ ഉപയോഗിക്കുന്നുണ്ട്. 2022 ൽ മാത്രം ലോകത്ത് 115 കോടി മൊബൈൽ ഫോൺ വില്പന നടന്നു. ലോകത്ത് ജനങ്ങളിൽ 7/1 നും സ്മാർട്ട് ഫോൺ ഉണ്ട്. 95% ജനങ്ങളും ബ്രോഡ്ബാന്റ് നെറ്റ്വർക്ക് ഉപയോഗിക്കുന്നു. 540 കോടി ഇന്റർനെറ്റ് ഗുണഭോക്താക്കൾ ലോകത്ത് ഉണ്ട്. ലോകത്ത് 64% പേരും നെറ്റ് ഉപയോഗിക്കുമ്പോൾ ആഫ്രിക്കയിൽ ഇത് 37% മാത്രം. സമ്പന്ന രാജ്യങ്ങൾ സാങ്കേതികമികവിൽ അഭൂതപൂർവ്വമായ വികസനമുണ്ടാക്കി മനുഷ്യ വിഭവ വികസന സൂചികയിൽ മുന്നേറുമ്പോൾ മറ്റു രാജ്യങ്ങളിൽ സമ്പന്നരും ദരിദ്രരും തമ്മിലുള്ള അസമത്വങ്ങൾ കൂടുന്നു. ജനാധിപത്യത്തെ പിന്തുണക്കുകയും അതിനെ തുരങ്കം വെക്കുന്ന നേതാക്കളെ അംഗീകരിക്കുകയും ചെയ്യുന്ന പ്രവണത ചില രാജ്യങ്ങളിൽ കാണുന്നു. രാജ്യങ്ങൾതമ്മിലുള്ള അസമത്വം കൂടുന്നു. സാമ്പത്തിക ഏകാഗ്രത പല രാജ്യങ്ങൾക്കും നഷ്ടപ്പെടുന്നു. ടെക്ക് കമ്പനികളുടെ ആധിപത്യം സമ്പത്ത് വ്യവസ്ഥക്ക് വലിയ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു എന്ന് റിപ്പോർട്ടിൽ ഉദാഹരണ സഹിതം വിവരിക്കുന്നു. ലോകത്ത് നടക്കുന്ന വൻകിട അന്താരാഷ്ട്ര ചരക്കുകളുടെ വ്യാപാര മേഖലയിൽ 40% വും ലോകത്തെ 3,4 രാജ്യങ്ങളിൽ മാത്രമായി ചുരുങ്ങി എന്ന് റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. ലോകത്തിലെ വൻകിട കമ്പനികൾ നികുതി കൃത്യമായി സർക്കാറുകൾക്ക് നൽകാത്തതിലൂടെ 2022 ൽ ഒരു ട്രില്ലിയൻ US ഡോളറിന്റെ ലാഭം കമ്പനികൾക്ക് കിട്ടി എന്ന് റിപ്പോർട്ട് പറയുന്നു. കൃഷിക്ക് ആവശ്യമുള്ള രാസവളം 3/2 ഉം ഉത്പാദിപ്പിക്കുന്നത് 4 പ്രധാന കമ്പനികളാണ്.

### പ്രധാന പ്രശ്നങ്ങൾ

1970 മുതൽ 2019 വരെ ലോകത്ത് 84 രാജ്യങ്ങളിൽ വിവിധ അന്താരാഷ്ട്ര സംഘടനയിലേക്കുള്ള പ്രവേശനം സംബന്ധിച്ച് പ്രധാനമായും റഫറണ്ടം നടന്നിട്ടുണ്ട്. മനുഷ്യവിഭവ ശേഷിയുടെ പരിപോഷണത്തിന് ഗുണകരമായിരുന്നില്ല മിക്ക റഫറൻഡം കഴിഞ്ഞ രാജ്യങ്ങളുടെയും അവസ്ഥ. പ്രകൃതി ദുരന്തങ്ങൾ മനുഷ്യരെ വേട്ടയാടുന്ന കഥ റിപ്പോർട്ടിൽ രാജ്യങ്ങളുടെ പേര് എടുത്ത് പറഞ്ഞ് വിശദീകരിക്കുന്നുണ്ട്. 2023 ൽ കാനഡ, അമേരിക്ക, ഹവായി എന്നീ രാജ്യങ്ങളിൽ ഏറ്റവും വലിയ കാട്ട് തീ ഉണ്ടായതും, ലിബിയ, യൂറോപ്പ്, ഏഷ്യയിലെ വിവിധ രാജ്യങ്ങൾ എന്നിവിടങ്ങളിൽ ശക്തമായ മഴയെ തുടർന്നുള്ള വെള്ളപൊക്കം ഉണ്ടായതും ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ചുഴലികൊടുങ്കാറ്റ് മനുഷ്യജീവിതം താറുമാറാക്കിയതും വിവരിക്കുന്നുണ്ട്. കടുത്ത ചൂടിനാൽ 40 ദശലക്ഷം ജനങ്ങൾ മരിച്ചെന്നും അടുത്ത വർഷത്തിൽ അത് 190 ദശലക്ഷമാകുമെന്ന റിപ്പോർട്ടിലെ കണ്ടെത്തലുകൾ വലിയ ആശങ്കയാണ് ഉണ്ടാക്കുന്നത്.

19 ാം നൂറ്റാണ്ടിനുശേഷം കടൽ 23 സെ.മി കരയിലേക്ക് കയറി, ഈ നൂറ്റാണ്ട് കഴിയുമ്പോഴേക്കും, ഇത് 40.7 സെ. മീ ആയി വർധിക്കുന്നതാണ്. ഇത് കടലോരമേഖലയിൽ ജീവിക്കുന്ന മനുഷ്യരെ പ്രതിസന്ധിയിലാക്കുന്നുമെന്നത് ഉറപ്പാണ്. 2030 ൽ ലോകം നേടാൻ ഉദ്ദേശിക്കുന്ന സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടാൻ ഇന്ന് ലോകം നേരിടുന്ന പ്രശ്നങ്ങൾ കൊണ്ട് സാധിക്കുകയില്ല എന്ന് റിപ്പോർട്ട് പ്രവചിക്കുന്നു. ജനങ്ങളെ ബന്ധികളായി കൊണ്ട് പോകുമ്പോൾ പോലും എന്താണ് അവർ ചെയ്ത കുറ്റം എന്ന് അവർ അറിയുന്നില്ല എന്ന റിപ്പോർട്ടിലെ കണ്ടെത്തൽ ഞെട്ടിക്കുന്നതാണ്. കോവിഡ് കഴിഞ്ഞതിനു ശേഷവും പല കാരണങ്ങളാൽ 28% പേർക്ക് വിഷാദ രോഗം ഉണ്ടാക്കുന്നു. കോവിഡ് കാലത്ത് വിദ്യാഭ്യാസ മേഖ ലയിൽ ഉണ്ടായ അടച്ചുപൂട്ടൽ കൊണ്ട് ഒരുലക്ഷത്തി അറുപതിനായിരം കോടി യു.എസ് ഡോളർ അന്താരാഷ്ട്ര സമ്പത്ത് വ്യവസ്ഥക്ക് നഷ്ടം ഉണ്ടായി . ലോകത്തെ 330 കോടി ജനങ്ങൾ ജീവിക്കുന്ന രാജ്യങ്ങൾ അവരുടെ രാജ്യത്തിലെ ബഡ്ജറ്റിൽ പലിശ തിരച്ചടവിനേക്കാൾ കുറഞ്ഞ തുകയാണ് വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലക്ക് വേണ്ടി ചിലവഴിക്കുന്നത്. ലോകത്ത് 51 രാജ്യങ്ങൾ കടക്കെണിയിലാണ്. അതിൽ 24 എണ്ണത്തിന്റെ അവസ്ഥ പരിതാപകരമാണ്.

> 2023–24 വർഷത്തെ മനുഷ്യ വിഭവ വികസന സൂചികയിൽ മികച്ച 3 രാജ്യങ്ങൾ സ്വിറ്റ്സർലാന്റ്, നോർവ്വെ, ഐസ് ലാന്റ് എന്നിവയും ഏറ്റവും താഴെയുള്ള രാജ്യങ്ങൾ സോമാലിയ, സൗത്ത് സുഡാൻ, സെൻട്രൽ ആഫ്രിക്കൻ രാജ്യങ്ങൾ എന്നിവയുമാണ്. ലിസ്റ്റിൽ വരാത്ത രാജ്യങ്ങൾ ഉത്തരകൊറിയ, മൊണോക്കോ എന്നിവയാണ്. 193 രാജ്യങ്ങളിൽ 134 ാം സ്ഥാനമാണ് മനുഷ്യ വിഭവ വികസന സൂചികയിൽ ഇന്ത്യയുടെത്. ഇന്ത്യക്ക് മുകളിലായി ശ്രീലങ്ക 78 ാം സ്ഥാനത്തും ചൈന 75, ഭൂട്ടാൻ 125, ബംഗ്ലാദേശ് 129 എന്നീ സ്ഥാനങ്ങളിലും ഉണ്ട്. നേപ്പാൾ 146 സ്ഥാനത്തും പാക്കിസ്ഥാൻ 164ാം സ്ഥാനവുമായി ഇന്ത്യക്ക് പിറകിലാണ്.

സമീപത്തെ സംഘർഷങ്ങൾ ചുറ്റുവട്ടത്തെ പ്രയാസകരമായ അവസ്ഥ എന്നിവ ലോകത്തെ 15% ജനങ്ങളെയും ബാധിക്കുന്നു. 2019 നു ശേഷം സൈന്യത്തിന്റെ ചിലവ് ക്രമാനുഗതമായി വർധിക്കുന്നു.

2022 ൽ യുദ്ധം കൊണ്ടുള്ള മരണം ലോകത്തെ ചുവപ്പിച്ച വർഷമാണ് എന്ന റിപ്പോർട്ട് വരച്ചു കാട്ടുന്നു. സാധാരണ ജനങ്ങൾ ആയുധങ്ങൾ എടുത്ത് യുദ്ധം നടത്തിയ വർഷം കൂടിയാണ് 2023 . 2022 ൽ നടന്ന 55 അഭ്യന്തര യുദ്ധങ്ങളിൽ 22 എണ്ണവും പല കാരണങ്ങളാൽ അന്താരാഷ്ട്രവൽക്കരിക്കപ്പെട്ടു. 2000 ൽ 37 അഭ്യന്തര യുദ്ധമുണ്ടായതിൽ 4 എണ്ണം മാത്രമേ അന്താരാഷ്ട്രവൽക്കരിക്കപ്പെട്ടിട്ടുളളു. ലോകത്ത് 5/1 കുട്ടികളും പ്രയാസത്തിലാണ്. 2024 ൽ 300 ദശലക്ഷം മനുഷ്യർക്ക് പോഷാകഹാരകുറവ് നേരിടുമെന്ന് റിപ്പോർട്ട് പ്രവചിക്കുന്നു. 85% ജനങ്ങൾ അധിവസിക്കുന്ന രാജ്യങ്ങളിൽ പത്ര സ്വാതന്ത്ര്യം ഇല്ല. വംശീയ ഗോത്രങ്ങളും അവരുടെ ഭാഷയും കടുത്ത പ്രയാസത്തിലാണ്.

### അസമത്വത്തിന് അറുതിവരുത്തണം

ലോകത്ത് വിശപ്പ് സഹിക്കുന്നവർ 691 ദശലക്ഷമാണ്. അത് 783 ദശലക്ഷമായി മാറുന്ന ഘട്ടത്തിൽ, മനുഷ്യ വിഭവ ശേഷി വികസന സമീപനം രാജ്യങ്ങൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇതിനായി ആറു അടിസ്ഥാന തത്വങ്ങളായ തുല്യത, സുസ്ഥിരത, ഉൽപാദനക്ഷമത, ശാക്തീകരണം, സഹകരണം, സുരക്ഷ എന്നിവ പിന്തുടരണം. അരിസ്റ്റോട്ടിലിന്റെ അഭിപ്രായത്തിൽ ' നമ്മൾ അന്വേഷിക്കുന്ന നൻമയല്ല സമ്പത്ത് കാരണം അത് മറ്റെന്തെങ്കിലും കാര്യത്തിന് ഉപയോഗപ്രദമാണ് 'എന്ന തത്വം എല്ലാവരും ഉൾക്കൊള്ളണം. ആദം സ്മിത്ത്, മഖ്ബുബൽ ഹഖ്, അമൃത്യാസെൻ എന്നീ സാമ്പത്തിക വിദഗ്ധൻമാർ മനുഷ്യരുടെ കഴിവുകളാണ് മനുഷ്യ വിഭവ വികസനത്തിന് നിദാനം എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. സമഗ്ര വളർച്ച നയങ്ങൾ പ്രോൽസാഹിപ്പിച്ചു, എല്ലാവരെയും ഉൾകൊള്ളുന്ന വികസന സമീപനം പിന്തുടർന്നും മാത്രമേ മനുഷ്യ വിഭവ ശേഷി വികസനം യാഥാർത്ഥ്യമാവുകയുള്ളൂ. വരുമാനത്തിൽ അസമത്വം കുറക്കുവാനും സമൂഹത്തിലെ എല്ലാ വിഭാഗം അളുകൾക്കും വിദ്യാഭ്യാസം, ആരോഗ്യം സാമ്പത്തികം, അവസരങ്ങൾ, സാമൂഹ്യ സുരക്ഷവലയങ്ങൾ എന്നിവ എത്തിക്കുവാനുമുള്ള നയങ്ങളും പരിപാടികളുമാണ് സർക്കാറുകൾ ഏറ്റെടുക്കേണ്ടത്.

ഇന്ത്യയിലെ 2022/23 ൽ ദേശിയ വരുമാനത്തിന്റെ 22.66 % വും രാജ്യത്തിലെ 1% ഇന്ത്യക്കാർക്കാണ് ലഭിക്കുന്നത്. ബ്രസിൽ, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങളിലും വരുമാനത്തിൽ അസമത്വം വളരെ ഉയർന്ന നിലയിലാണ്. അഞ്ചാമത്തെ വലിയ സമ്പദ് വ്യവസ്ഥയായിട്ടും മനുഷ്യ വിഭവ സൂചികയിൽ ശ്രീലങ്ക, ഭൂട്ടാൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങൾക്ക് പിറകിലാണ് ഇന്ത്യയുടെ സ്ഥാനം. രാജ്യം നടപ്പിലാക്കികൊണ്ടിരിക്കുന്ന പല പദ്ധതികളും എല്ലാ വിഭാഗം ജനങ്ങളിലും എത്തിയിട്ടില്ല എന്നതിന്റെ തെളിവാണിത്, സാമ്പത്തിക വളർച്ച മനുഷ്യ വിഭവശേഷി വികസനത്തിലെ വളർച്ചയായി പരിവർത്തനം ചെയ്തിട്ടില്ല എന്ന് വരുമാനത്തിലെ അസമത്വതിന്റെ തോതു കൊണ്ട് മനസ്സിലാകുന്നു. വിദ്യാഭ്യാസത്തിൽ കൂടുതൽ നിക്ഷേപം നടത്തി, ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തി, ഗുണനിലവാരമുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് പൊതു അവബോധം ഉണ്ടാക്കിയെടുക്കുവാൻ രാജ്യങ്ങൾ മുന്നോട്ട് വന്നാൽ മാത്രമേ മനുഷ്യവിഭവശേഷി പൂർണ്ണമായും രാജ്യങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ഉണ്ടാക്കിയെടുക്കാൻ സാധിക്കുകയുള്ളൂ.

# തെറ്റുകളുടെ തനിയാവർത്തനം

**റസാഖ് ആദൃശ്ശേരി**

2019ലെ കനത്ത തോൽവിയുടെ വേദന ശമിപ്പിക്കാൻ 2024 ലെ തിരഞ്ഞെടുപ്പിലൂടെ സാധ്യമാവും എന്ന ആത്മവിശ്വാസംസി.പി.എം നേതൃത്വത്തിനുണ്ടായിരുന്നു. ദേശീയ തലത്തിലെ ഹിന്ദുത്വ രാഷ്ട്രീയത്തെ പിടിച്ചുകെട്ടാൻ കെൽപ്പുള്ള പാർട്ടി തങ്ങളാണെന്ന അവരുടെ പ്രചരണം ജനങ്ങൾ വിശ്വസിച്ചു കൊള്ളുമെന്നായിരുന്നു വിശ്വാസം. 'ഇടതില്ലെങ്കിൽ ഇന്ത്യയില്ല' എന്ന മുദ്രാവാക്യം വരെ ഉയർത്തിയത് അതുകൊണ്ടായിരുന്നു. പക്ഷേ, കേരള ജനത അവരുടെ എല്ലാ അവകാശവാദങ്ങളും പൊളിച്ചടക്കിയപ്പോൾ ആ പ്രചരണത്തിൽ നിന്ന് അവർ പിന്നോട്ടു പോയി അതിന് പുതിയ ന്യായീകരണം കണ്ടെത്തി. ദേശീയ തലത്തിൽ ബി.ജെ.പിയെ നേരിടാൻ കോൺഗ്രസിനു മാത്രമെ സാധ്യമാവുകയുള്ളു എന്നു ജനങ്ങൾ തിരിച്ചറിയുകയായിരുന്നുവെന്നു മുഖ്യമന്ത്രിക്കും പാർട്ടി സെക്രട്ടറിക്കും കുമ്പസരിക്കേണ്ടി വന്നു.

> ഒരു ഏരിയാ കമ്മിറ്റി മെമ്പർ പോലും പി.എസ്.സി അംഗത്വം പോലെയുള്ള ഉയർന്ന തസ്തികകൾ വാഗ്ദാനം ചെയ്ത് ലക്ഷങ്ങൾ കൈപറ്റുമ്പോൾ മാർക്സിസ്റ്റ് പാർട്ടിയെത്തപ്പെട്ട ചളിക്കുണ്ട് എത്ര ആഴമേറിയതാണ് എന്ന കാര്യം ചിന്തിക്കണം.

സി.പി.എമ്മിനേറ്റ കനത്ത പരാജയം പാർട്ടിയുടെ കേന്ദ്രസംസ്ഥാന കമ്മിറ്റികൾ വിലയിരുത്തി തെറ്റുതിരുത്തൽ നടപടികളുമായി മുമ്പോട്ടു പോയി കൊണ്ടിരിക്കുമ്പോഴും 'എന്നെ തല്ലണ്ട, ഞാൻ നന്നാവൂല' എന്ന മനോഭാവത്തോടെയാണ് പാർട്ടിയുടെ ഇപ്പോഴത്തെ പോക്ക്. എസ്.എഫ്.ഐയുടെ അക്രമ രാഷ്ട്രീയം തിരഞ്ഞെടുപ്പ് തോൽവിക്ക് കാരണങ്ങളിലൊന്നായി പാർട്ടി വിലയിരുത്തിയിരുന്നു. എന്നാൽ തോൽവിക്ക് ശേഷം തങ്ങളുടെ അക്രമ രാഷ്ട്രീയ പ്രവർത്തന രീതി കൂടുതൽ ശക്തിപ്പെടുത്തിയിരിക്കുകയാണ് എസ്.എഫ്.ഐ. കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിൽ കെ.എസ്.യു ജില്ലാ സെക്രട്ടറിയും കോളജിലെ എം.എ വിദ്യാർത്ഥിയുമായ സാൻജോസിനെ ഹോസ്റ്റലിലെ ഇടിമുറിയിലിട്ട് ക്രൂരമായി മർദ്ദിക്കുന്നു. കോളേജിൽ സംഘടനാ പ്രവർത്തനം നടത്താൻ പാടില്ലെന്നാക്രോശിച്ചു കൊണ്ടായിരുന്നു ആക്രമണം. സാൻജോസിനെ മർദ്ദിച്ചവർക്കെതിരെ നടപടി ആവശ്യപ്പെട്ടുകൊണ്ടു പൊലീസ് സ്റ്റേഷനിലെത്തിയ എം.എൽ.എമാരായ എം.വിൻസെന്റ്, ചാണ്ടി ഉമ്മൻ എന്നിവരുൾപ്പെടെയുള്ളവരെയും എസ്.എഫ്.ഐ ക്രിമിനലുകൾ കൈയേറ്റം ചെയ്തു. കൊയിലാണ്ടി ഗുരുദേവകോളജിൽ പ്രിൻസിപ്പലിനെ എസ്.എഫ്.ഐ മർദ്ദിച്ചതും ഈയിടെയാണ്. പ്രിൻസിപ്പലിനെ എസ്.എഫ്.ഐ നേതാവ് ഭീഷണിപ്പെടുത്തിയ ഭാഷ സാംസ്കാരിക കേരളത്തിന് നാണക്കേടുണ്ടാക്കുന്ന തരത്തിലുള്ളതായിരുന്നു.

'എസ്.എഫ്.ഐ തുടരുന്നത് പ്രാകൃതസംസ്കാരമാണെന്നും എസ്.എഫ്.ഐയെ തിരുത്തിയില്ലെങ്കിൽ ഇടതുപക്ഷത്തിനു ബാധ്യതയാകുമെന്നും' സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വത്തിനു വരെ വിമർശിക്കേണ്ടി വന്നു. അതേസമയം, എസ്.എഫ്.ഐ യുടെ ഇത്തരം ഗുണ്ടാപ്രവർത്തനങ്ങളെ മുഖ്യമന്ത്രി പിണറായി വിജയൻ ന്യായീകരിക്കുകയായിരുന്നു.എസ്.എഫ്.ഐ പൊങ്ങി പൊങ്ങി പോകുന്ന പ്രസ്ഥാനമാണെന്നും എസ്.എഫ്.ഐ ആയതു കൊണ്ട് മാത്രം 35 പേർ രക്തസാക്ഷികളായെന്നുമടക്കമുള്ള ചരിത്രം പറഞ്ഞു കൊണ്ടാണ് മുഖ്യമന്ത്രി എസ്.എഫ്.ഐ ആക്രമണങ്ങളെ ന്യായീകരിച്ചത്. ആ 35 രക്തസാക്ഷികൾ ആരാണെന്ന പ്രതിപക്ഷ വിദ്യാർത്ഥി സംഘടനകളുടെ ചോദ്യത്തിനു ഉത്തരം നൽകാൻ എസ്.എഫ്.ഐക്കോ ഡി.വൈ.എഫ്.ഐക്കോ സാധ്യമായിട്ടില്ലയെന്നത് വേറെ കാര്യം. അതേ സമയം എതിർശബ്ദങ്ങളെ ഇല്ലാതാക്കാൻ എസ്.എഫ്.ഐ പല കലാലയങ്ങളിലും സ്ഥാപിച്ച കുപ്രസിദ്ധമായ ഇടിമുറികളിൽ വെച്ചു കൊന്നു തള്ളിയവരുടെയും അവരുടെ അക്രമത്തിൽ മാരകമായി പരിക്കേറ്റവരുടെയും പഠനം നിർത്തി കലാലയ ജീവിതം അവസാനിപ്പിച്ചവരുടെയും കരളലയിപ്പിക്കുന്ന ചരിത്രങ്ങൾ ഒട്ടേറെയുണ്ട്.

സി.പി.എമ്മിന്റെ കൊലപാതക രാഷ്ട്രീയവും ക്വട്ടേഷൻ ഗുണ്ടാ മാഫിയാ സംഘങ്ങളുമായുള്ള ബന്ധവും തിരഞ്ഞെടുപ്പ് തോൽവിക്ക് കാരണമായി വിലയിരുത്തുമ്പോൾ തന്നെയാണ് പത്തനംതിട്ടയിൽ ആരോഗ്യ മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ജില്ലാ കമ്മിറ്റി മുൻകൈ എടുത്ത്, ക്രിമിനൽ കുറ്റവാളിയെന്ന നിലയിൽ കാപ്പ ചുമത്തി ജയിലിൽ അടച്ചിരുന്ന ശരൺ ചന്ദ്രന് ജയിലിൽ നിന്ന് പുറത്തിറങ്ങിയ ഉടനെ പാർട്ടിയുടെ സമ്മേളന വേദിയിൽ വെച്ച് അംഗത്വം നൽകുന്നത്. ശരൺ ചന്ദ്രൻ ബി.ജെ.പി പ്രവർത്തകനായിരുന്ന സമയത്ത് അനവധി സി.പി.എമ്മുകാർ അയാളുടെ ആക്രമണത്തിന് വിധേയമായിരുന്നു. അത്തരം കേസുകളിൽ ബി.ജെ.പിയുടെ സംരക്ഷണം കിട്ടാതെ വന്നപ്പോഴാണ് അയാൾ സി.പി.എമ്മിലേക്ക് വന്നത്. എന്നാൽ വീണാ ജോർജ് അതിനെ ന്യായീകരിച്ചത് വിചിത്ര വാദവുമായിട്ടായിരുന്നു. തെറ്റായ രാഷ്ട്രീയവും രീതികളും പിന്തുടർന്നവർ, അത് ഉപേക്ഷിച്ചു കൊണ്ടാണ് പാർട്ടിയിലേക്ക് വരുന്നതെന്നും ശരൺ ചന്ദ്രനെതിരെ ഇപ്പോൾ കാപ്പ ഇല്ലെന്നുമായിരുന്നു മന്ത്രിയുടെ ന്യായീകരണം. എന്നാൽ മന്ത്രിയുടെ വാദത്തിൽ കഴമ്പില്ലെന്നാണ് പൊലീസ് നൽകുന്ന വിശദീകരണം. ഇയാൾക്കെതിരെ കാപ്പ നിലവിലുണ്ടെന്നും 12 കേസുകൾ നിലവിലുണ്ടെന്നും പത്തനംതിട്ട ജില്ലാ പൊലീസ് മേധാവി വി.അജിത് പറയുന്നു. കോഴിക്കോട് ജില്ലയിലെ ഒരു ഡോക്ടർക്ക് പി.എസ്.സി അംഗത്വം നൽകാമെന്ന് വാഗ്ദാനം നൽകി സി.ഐ.ടി.യുവിന്റെ കോഴിക്കോട് ഏരിയാ കമ്മിറ്റി നേതാവ് 22 ലക്ഷം കൈപറ്റിയതും പാർട്ടിയെത്തപ്പെട്ട അപചയത്തിന്റെ ആഴം വർദ്ദിപ്പിക്കുന്നതാണ്. മന്ത്രി മുഹമ്മദ് റിയാസ് വഴി കാര്യം നടത്താമെന്ന ഉറപ്പിൽ 60 ലക്ഷം രൂപക്കാണ് പി.എസ്.സി അംഗത്വം ഉറപ്പിച്ചത്. 22 ലക്ഷം അഡ്വാൻസായി വാങ്ങുകയും ചെയ്തു. എന്നാൽ ഡോക്ടർക്ക് പി.എസ്.സി അംഗത്വം കിട്ടിയതുമില്ല. അഡ്വാൻസ് കൊടുത്തത് തിരിച്ചു കൊടുത്തതുമില്ല. ആയുഷ് വകുപ്പിൽ ഉയർന്ന സ്ഥാനം നൽകാമെന്നു വാഗ്ദാനം നൽകി കുറെ കാലം കാത്തിരിപ്പിച്ചു. അതും കിട്ടിയില്ല. അപ്പോഴാണ് ഡോക്ടർ പാർട്ടിക്ക് പരാതി കൊടുക്കുന്നത്. സംഭവം പുറത്തറിഞ്ഞതോടെ മന്ത്രി റിയാസും സംസ്ഥാന നേതൃത്വത്തെ വിവരം അറിയിച്ചിരുന്നു. അതേ സമയം, വിഷയത്തെകുറിച്ച് അറിയില്ലെന്നാണ് മന്ത്രി മുഹമ്മദ് റിയാസ് കോഴിക്കോട് മാധ്യമങ്ങളോട് പ്രതികരിച്ചത്.

ഒരു ഏരിയാ കമ്മിറ്റി മെമ്പർ പോലും പി.എസ്.സി അംഗത്വം പോലെയുള്ള ഉയർന്ന തസ്തികകൾ വാഗ്ദാനം ചെയ്ത് ലക്ഷങ്ങൾ കൈപറ്റുമ്പോൾ മാർക്സിസ്റ്റ് പാർട്ടിയെത്തപ്പെട്ട ചളിക്കുണ്ട് എത്ര ആഴമേറിയതാണ് എന്ന കാര്യം ചിന്തിക്കണം. കാപ്പ കേസ് പ്രതികളെ പോലും പാർട്ടിയിലേക്ക് പൂമാലയിട്ട് സ്വീകരിച്ച് വീണ്ടും വീണ്ടും കൊടി സുനിമാരെയും ആകാശ് തില്ലങ്കേരിമാരെയും സൃഷ്ടിക്കുമ്പോൾ പാർട്ടി അക്രമ രാഷ്ട്രീയത്തിൽ നിന്നും കൊലപാതക രാഷ്ട്രീയത്തിൽ നിന്നും പിൻമാറി തെറ്റുതിരുത്തില്ലയെന്നല്ലേ അനുമാനിക്കേണ്ടത്. എസ്.എഫ്.ഐ കുട്ടി സഖാക്കളുടെ ഏത് വൃത്തികെട്ട പ്രവർത്തനങ്ങളെയും മുഖ്യമന്ത്രിയും പാർട്ടി നേതൃത്വവും ന്യായീകരിച്ച് അവരെ കൂടുതൽ കൂടുതൽ തെറ്റുകളിലേക്ക് തള്ളിവിടുമ്പോൾ ഇനിയും ക്വട്ടേഷൻ സംഘങ്ങളും ചാവേറുകളും പാർട്ടി ക്കാവശ്യമുണ്ടെന്നല്ലെ വ്യക്തമാകുന്നത്. പണത്തിനു വേണ്ടി ഏത് തട്ടിപ്പ് നടത്താനും മടിയില്ലാത്ത ഒരു വിഭാഗമായി പാർട്ടി അണികൾ മാറുമ്പോൾ, സഖാക്കൾക്ക് പണത്തോട് ആർത്തി കൂടുകയാണെന്ന് സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ വിലപിച്ചിട്ടെന്തു കാര്യം?. സാമ്പത്തിക നേട്ടമുണ്ടാക്കാമെന്ന് ലക്ഷ്യമിട്ടാണ് പലരും പാർട്ടിയിലേക്ക് എത്തുന്നതെന്നും പാർട്ടി മൂല്യങ്ങൾ നോക്കിയല്ലെന്നും അദ്ദേഹം പറയുമ്പോൾ ആ മൂല്യങ്ങൾ ആരാണ് കളഞ്ഞു കുളിച്ചതെന്നു തുറന്നു പറയാൻ പാർട്ടിക്ക് ബാധ്യതയുണ്ട്. ഭരണത്തിന്റെ തണലിൽ നേതാക്കൾ തടിച്ചുകൊഴുക്കുമ്പോൾ അണികൾ ആ മാർഗത്തിൽ ചിന്തിക്കുകയെന്നത് സ്വാഭാവികം. താഴെ തട്ടിൽ മാത്രം തെറ്റ് തിരുത്തിയാൽ പോരാ, മുകൾ തട്ടിലും വേണമെന്നാണ് സഖാവേ ഇതിനർത്ഥം.

RNI 3018/1957 Vol No. 91. Issue No.179 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikode at Chandrika Press, Y M C A road, Kozhikode - 673 001.
Editor-Kamal Varadoor (responsible for selection of news under PRB Act). Phone: 0495-2766032, 2765122, Fax: 0495-2765950. Email-chandrika1000@gmail.com, chandadvt@gmail.com



## മോദി സർക്കാർ ദുരന്തമായി

ന്യൂഡൽഹി: വ്യാജ അവകാശവാദങ്ങളും പൊങ്ങച്ചം പറച്ചിലും കൊണ്ട് മോദി സർക്കാർ ദുരന്തമായി മാറിയെന്ന വസ്തുതയാണ് ജമ്മു കശ്മീരിലെ ഭീകരാക്രമണങ്ങൾ തെളിയിക്കുന്നതെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ. ജമ്മു കശ്മീരിൽ സ്ഥിതി നാൾക്കുനാൾ മോശമാകുകയാണ്. ദിവസവും സൈനികരുടെ ജീവൻ നഷ്ടമാകുന്നു. എന്നാൽ പ്രധാനമന്ത്രി വിദേശയാത്രയുടെ ആലസ്യത്തിലാണ്. കേന്ദ്രസർക്കാർ ജമ്മു കശ്മീരിൽ പൂർണമായും പരാജയപ്പെട്ടു. അവിടെ സമാധാനം പുനസ്ഥാപിച്ചെന്ന മോദിയുടെ അവകാശവാദങ്ങൾ പൊള്ളയാണെന്ന് വ്യക്തമായി. അവിടെ സ്ഥിതി നാൾക്കുനാൾ മോശമാകുകയാണ്.



## ഭീകരാക്രമണത്തിൽ ആശങ്ക

ന്യൂഡൽഹി: ജമ്മു കശ്മീരിൽ വർധിച്ചു വരുന്ന ഭീകരാക്രമണങ്ങളിൽ ആശങ്കയുണ്ടെന്ന് കോൺഗ്രസ് എം.പി ദീപേന്ദർ സിങ് ഹൂഡ. കേന്ദ്ര സർക്കാർ ഇക്കാര്യം ഗൗരവമായി എടുക്കുന്നില്ല. 2023 ജനുവരി മുതൽ ജമ്മു ഡിവിഷനിലെ ഭീകരാക്രമണങ്ങളിൽ വീരമൃത്യു വരിച്ച സിവിലിയൻമാരുടെയും സൈനികരുടെയും എണ്ണം ഇരട്ടിയായി. സൈനികർക്ക് നേരെയുള്ള ഭീരുത്വം നിറഞ്ഞ ആക്രമണം അങ്ങേയറ്റം അപലപനീയമാണ്. ഭീകരർക്ക് അവരുടെ ഭാഷയിൽ മറുപടി നൽകണമെന്ന വികാരം എല്ലാ പൗരന്മാർക്കുമുണ്ട്. രാജ്യത്തിന്റെ സുരക്ഷക്കായി കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന ഏത് നടപടിക്കും കോൺഗ്രസ് പാർട്ടി പിന്തുണ ഉറപ്പ് നൽകുന്നു.



# ഭാര്യയുടെ ത്യാഗം തിരിച്ചറിയണം



## പുരുഷന്മാരോട് സുപ്രീംകോടതി

- ഭാര്യയുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കണം
- ജോയിന്റ് അക്കൗണ്ടും എ.ടി.എമ്മും വേണം
- ജീവനാംശം ദാനമല്ല, അവകാശമാണ്
- ജീവനാംശം നൽകിയില്ലെങ്കിൽ കേസ്

ന്യൂഡൽഹി: മുഴുവൻ സമയം ഗൃഹനാഥകളായി കഴിയുന്ന മറ്റു വരുമാന മാർഗങ്ങളില്ലാത്ത സ്ത്രീകളുടെ ത്യാഗം പുരുഷന്മാർ തിരിച്ചറിയണമെന്ന് സുപ്രീംകോടതി. ഇത്തരം സ്ത്രീകൾക്ക് സാമ്പത്തിക ഭദ്രത ഉറപ്പാക്കുക എന്നത് ഭർത്താവിന്റെ കടമയാണ്. ഇതിനായി ഭാര്യമാർക്ക് അവരെക്കൂടി ഉൾപ്പെടുത്തിയുള്ള ജോയിന്റ് അക്കൗണ്ടും ഒപ്പം എ.ടി.എമ്മും നൽകണം- കോടതി അഭിപ്രായപ്പെട്ടു.

ജീവനാംശം സംബന്ധിച്ച കേസ് പരിഗണിക്കവെയാണ് ജസ്റ്റിസുമാരായ ബി.വി നാഗരത്ന, അഗസ്റ്റിൻ ജോർജ് മസീഹ് എന്നിവരുൾപ്പെട്ട ബെഞ്ചിന്റെ പരാമർശം. വിവാഹ മോചിതയായ മുസ്‌ലിം വനിതക്ക് മാസം 10,000 രൂപ വീതം ജീവനാംശം നൽകാനുള്ള തെലങ്കാനാ ഹൈക്കോടതി വിധി ചോദ്യം ചെയ്ത് മുൻ ഭർത്താവ് സമർപ്പിച്ച ഹർജി തള്ളിക്കൊണ്ടാണ് സുപ്രീംകോടതി, സുപ്രധാന നിരീക്ഷണങ്ങൾ നടത്തിയത്. ക്രിമനൽ നടപടി ക്രമത്തിലെ 125ാം വകുപ്പ് അനുസരിച്ച് ജീവനാംശം നൽകാത്ത മുൻ ഭർത്താവിനെതിരെ കേസുകൊടുക്കാൻ ഭാര്യക്ക് അവകാശമുണ്ടെന്ന് പറഞ്ഞ കോടതി, സെക്ഷൻ 125ന് ഏതെങ്കിലും പ്രത്യേക മതത്തിന്റെ അതിരുകൾ കൽപ്പിക്കേണ്ടതില്ലെന്നും എല്ലാ മതത്തിലും പെട്ടവർക്ക് നിയമം ബാധകമാണെന്നും കോടതി പറഞ്ഞു.

കുടുംബം കെട്ടിപ്പടുക്കുന്നതിൽ ഗൃഹനാഥകളായ സ്ത്രീകളുടെ പങ്ക് അടിവരയിട്ട കോടതി, ഭാര്യമാരുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തേണ്ടത് ഭർത്താവിന്റെ കടമയായി കാണണമെന്ന് പറഞ്ഞു. ഇത് ഔദാര്യമല്ല. ഭാര്യയുടെ അവകാശമാണ്. സ്വന്തമായി വരുമാനമാർഗമില്ലാത്ത ഭാര്യമാർക്ക് അവരുടെ വ്യക്തിപരമായ ആവശ്യങ്ങൾ നിർവഹിക്കാൻ സാമ്പത്തിക സ്ഥിരത ഉറപ്പുവരുത്തേണ്ടത് ഭർത്താക്കന്മാരാണ്.

ജീവനാംശവുമായി ബന്ധപ്പെട്ടും നിർണായക നിരീക്ഷണങ്ങളാണ് കോടതി നടത്തിയത്. ജീവനാംശം ദാനമല്ലെന്നും സ്ത്രീകളുടെ അവകാശമാണെന്നും വിധി പ്രസ്താവിച്ച ബെഞ്ചിന് നേതൃത്വം നൽകിയ ജസ്റ്റിസ് ബി.വി നാഗരത്ന പറഞ്ഞു. മുസ്‌ലിം സ്ത്രീകളുടെ വിവാഹ മോചനത്തിനുള്ള 1986ലെ നിയമത്തിന്റെ അടിസ്ഥാനത്തിലാവണം ജീവനാംശം തീരുമാനിക്കേണ്ടതെന്ന ഹർജിക്കാരന്റെ വാദം കോടതി തള്ളി. കുടുംബത്തിന്റെ ഭദ്രത ഉറപ്പാക്കാനും ഭർത്താവ്, കുട്ടികൾ, മുതിർന്നവർ എന്നിവരുടെ പരിചരണച്ചുമതല സ്വയം ഏറ്റെടുക്കുന്നതിനാലുമാണ് ഭൂരിഭാഗം സ്ത്രീകളും സ്വന്തമായ ജോലിയും വരുമാനവും എന്ന തങ്ങളുടെ മോഹം ഉപേക്ഷിക്കുന്നത്. അതുകൊണ്ടുതന്നെ അവരുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കാൻ ഭർത്താവിന് ബാധ്യതയുണ്ട്. വിവാഹ മോചിതയാണെങ്കിലും സ്വന്തമായ വരുമാന മാർഗമില്ലാത്ത സ്ത്രീയെ സംബന്ധിച്ചിടത്തോളം ജീവനാംശത്തിന് അവകാശമുണ്ട്. ഇത് പാലിക്കപ്പെട്ടില്ലെങ്കിൽ സെക്ഷൻ 125 പ്രകാരം നടപടി സ്വീകരിക്കാം. ഏതെങ്കിലും മതത്തിൽ പെട്ടവർക്ക് മാത്രമല്ല, വിവാഹിതായയ എല്ലാ ഇന്ത്യൻ സ്ത്രീകൾക്കും ഈ അവകാശമുണ്ടെന്നും കോടതി പറഞ്ഞു.

# മിഹിർ ഷാ ഏഴു ദിവസം പൊലീസ് കസ്റ്റഡിയിൽ

- കാമുകിയെ ചോദ്യം ചെയ്തേക്കും



മുംബൈ: ബി.എം.ഡബ്ല്യു കാർ ഇടിച്ച് സ്ത്രീ മരിച്ച സംഭവത്തിൽ അറസ്റ്റിലായ ശിവസേന (ഷിൻഡെ വിഭാഗം) നേതാവിന്റെ മകൻ മിഹിർ ഷായെ ഏഴു ദിവസത്തേക്ക് പൊലീസ് കസ്റ്റഡിയിൽ വിട്ടു. മുംബൈ ചീഫ് മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് കോടതിയുടെതാണ് ഉത്തരവ്. 72 മണിക്കൂർ തിരച്ചിലിന് ശേഷം കഴിഞ്ഞ ദിവസമാണ് മിഹിറിനെ പൊലീസ് അറസ്റ്റ് ചെയ്തത്.

പ്രതി തെളിവ് നശിപ്പിക്കാൻ ശ്രമിച്ചെന്നും രക്ഷപ്പെടാൻ അടക്കം ഇയാളെ സഹായിച്ചവരെ തിരിച്ചറിയേണ്ടതുണ്ടെന്നും പൊലീസ് കോടതിയെ അറിയിച്ചു. പ്രതി മുടിയും താടിയും വെട്ടി രൂപമാറ്റം വരുത്തി. പൊലീസിനെ തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമമായിരുന്നു ഇത്. അപകടശേഷം പ്രതി ഉപേക്ഷിച്ചുവെന്ന് പറയപ്പെടുന്ന കാറിന്റെ നമ്പർ പ്ലേറ്റിന് എന്ത് സംഭവിച്ചെന്ന് കണ്ടെത്തേണ്ടതുണ്ടെന്നും പൊലീസ് കോടതിയിൽ പറഞ്ഞു. അതേസമയം മിഹിറിനെയും ഡ്രൈവറെയും പൊലീസ് ചോദ്യം ചെയ്തതായി മിഹിറിന്റെ അഭിഭാഷകൻ കോടതിയെ അറിയിച്ചു. ഇവരുടെ ഫോണുകളും പിടിച്ചെടുത്തിട്ടുണ്ട്. മിഹിറിനെ കസ്റ്റഡിയിൽ വിട്ടുകിട്ടാൻ പൊലീസിന് യാതൊരു കാരണവുമില്ലെന്ന് അഭിഭാഷകൻ വാദിച്ചെങ്കിലും കോടതി ഇത് തള്ളുകയായിരുന്നു. അതേസമയം മിഹിർ ഷായെ രക്ഷപ്പെടാൻ സഹായിച്ച കാമുകിയെ കസ്റ്റഡിയിലെടുക്കുമെന്ന് പൊലീസ് അറിയിച്ചു. വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ ഇവരെ മിഹിർ 40 തവണയാണ് ഫോൺ വിളിച്ചത്.

സംഭവത്തിന് ശേഷം ഓട്ടോറിക്ഷയിൽ കാമുകിയുടെ വീട്ടിലെക്കുള്ള യാത്രക്കിടെയായിരുന്നു ഫോൺകോളുകൾ. അപകടത്തിന് ശേഷം മിഹിറും ഡ്രൈവറും സ്ഥലത്തുനിന്ന് കാറുമായി കടന്നുകളയുകയായിരുന്നു. പിന്നീട് കല നഗറിൽവെച്ച് മിഹിർ കാറിൽനിന്നിറങ്ങി ഒരു ഓട്ടോറിക്ഷയിലാണ് സഞ്ചരിച്ചത്. ഇതിനിടയിലായിരുന്നു കോളുകൾ. പിന്നാലെ കാമുകിയുടെ വീട്ടിലെത്തി. ഇവർ മിഹിറിന്റെ സഹോദരിയെ ഫോണിൽ വിളിച്ച് വിവരമറിയിച്ചു. തുടർന്ന് സഹോദരി ഇവിടെയെത്തി മിഹിറിനെ ബോറിവള്ളിയിലെ വീട്ടിലേക്ക് കൊണ്ടുപോകുകയായിരുന്നു. മിഹിർ ഓടിച്ച ബി.എം.ഡബ്ല്യൂ ഇടിച്ച് സ്കൂട്ടർ യാത്രക്കാരിയായ കാവേരി നഖ്‌വ(45)യാണ് മരിച്ചത്. ഞായറാഴ്ച പുലർച്ചെ മുംബൈ വർളിയിലായിരുന്നു അപകടം. സ്കൂട്ടറിൽ സഞ്ചരിക്കുകയായിരുന്ന കാവേരിയെയും ഭർത്താവ് പ്രദീപിനെയും അമിത വേഗത്തിലെത്തിയ ബി.എം.ഡബ്ല്യൂ ഇടിച്ചിടുകയായിരുന്നു.

### പ്രതി മദ്യപിച്ച ബാറിന്റെ ഒരുഭാഗം പൊളിച്ചു

മുംബൈ: ബി.എം.ഡബ്ല്യു കാർ സ്കൂട്ടറിലിടിച്ച് മൽസ്യ വിൽപ്പനക്കാരിയായ സ്ത്രീ മരിച്ച സംഭവത്തിൽ പ്രതി മദ്യപിച്ച ബാറിന്റെ ഒരുഭാഗം പൊളിച്ചു നീക്കി. ജുഹുവിന് സമീപമുള്ള വൈസ് ഗ്ലോബർ തപസ് ബാറാണ് ബൃഹൻ മുംബൈ മുനിസിപ്പൽ കോർപറേഷൻ അധികൃതർ പൊളിച്ചത്.

അനധികൃത നിർമാണമെന്ന് ചൂണ്ടിക്കാട്ടിയാണ് നടപടി. ചട്ടങ്ങൾ ലംഘിച്ച് പുർച്ചെ വരെ മദ്യം വിളമ്പിയ തപസ് ബാർ കഴിഞ്ഞ ദിവസം എക്സൈസ് വകുപ്പ് സീൽ ചെയ്തിരുന്നു. ഇതിനു പിന്നാലെയാണ് അനധികൃത നിർമാണം ചൂണ്ടിക്കാട്ടി മുംബൈ കോർപറേഷൻ ഒരുഭാഗം ബുൾഡോസർ ഉപയോഗിച്ച് പൊളിച്ചത്. അപകടത്തിനു മുമ്പ് ഞായറാഴ്ച പുലർച്ചെ ഒന്നര വരെ മിഹിർ ഷായും സുഹൃത്തുക്കളും ബാറിലുണ്ടായിരുന്നു. എന്നാൽ അപകട സമയത്ത് താൻ മദ്യപിച്ചിരുന്നില്ല എന്നാണ് 24കാരനായ പ്രതിയുടെ മൊഴി. 25 വയസ്സിനു താഴെ പ്രായമുള്ളവർ വീര്യംകൂടിയ മദ്യം ഉപയോഗിക്കുന്നതിന് മഹാരാഷ്ട്രയിൽ വിലക്കുണ്ട്.

പ്രതി മദ്യപിച്ചെന്ന വ്യക്തമാണെങ്കിലും രക്ത പരിശോധനയിൽ ഇനിയിത് തെളിയിക്കാനാകുമോ എന്ന് ആശങ്കയുണ്ട്. സംഭവത്തിന് രണ്ട് ദിവസം കഴിഞ്ഞാണ് പ്രതിയെ കസ്റ്റഡിയിലെടുക്കാനായത്.

### ചുരുക്കത്തിൽ

#### നീറ്റ് ഇന്ന് വീണ്ടും കോടതിയിൽ

ന്യൂഡൽഹി: നീറ്റ് ക്രമക്കേട് സംബന്ധിച്ച ഹർജികൾ സുപ്രീംകോടതി ഇന്ന് വീണ്ടും പരിഗണിക്കും. കഴിഞ്ഞ ദിവസം കേസ് പരിഗണിച്ച കോടതി, ഇന്നലെ വൈകീട്ട് അഞ്ച് മണിക്കു മുമ്പായി അന്വേഷണ പുരോഗതി സംബന്ധിച്ച് സി.ബി.ഐയോടും ചോദ്യപേപ്പർ ചോർച്ചയുടെ വ്യാപ്തി സംബന്ധിച്ച് എൻ.ടി.എയോടും റിപ്പോർട്ട് സമർപ്പിക്കാൻ നിർദേശിച്ചിരുന്നു. ചോദ്യപേപ്പർ ചോർച്ചയുടെ വ്യാപ്തി പരിശോധിച്ച ശേഷം നീറ്റ് യു.ജി പ്രവേശന പരീക്ഷ റദ്ദാക്കണമോ വേണ്ടയോ എന്ന കാര്യം തീരുമാനിക്കും എന്നാണ് ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് കഴിഞ്ഞ ദിവസം വ്യക്തമാക്കിയത്. അതുകൊണ്ടതുന്നെ എൻ.ടി.എ കോടതിയിൽ നൽകുന്ന റിപ്പോർട്ട് നിർണായകമാണ്. 23 ലക്ഷത്തിലധികം വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കുന്ന വിഷയമായതിനാൽ കരുതലോടെ മാത്രമേ നീങ്ങൂ എന്ന് സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ചോദ്യപേപ്പർ വ്യാപകമായി ചോർന്നിട്ടുണ്ടെങ്കിൽ പരീക്ഷ റദ്ദാക്കേണ്ടി വരുമെന്ന സൂചനയും നൽകിയിരുന്നു. പരീക്ഷ റദ്ദാക്കരുതെന്നാണ് കേന്ദ്ര സർക്കാർ സുപ്രീംകോടതിയിൽ സ്വീകരിച്ച നിലപാട്. നീറ്റ് ക്രമക്കേട് സുപ്രീംകോടതി പരിഗണിക്കുന്ന പശ്ചാത്തലത്തിൽ ഈ മാസം ആറിന് ആരംഭിക്കേണ്ടിയിരുന്ന കൗൺസലിങ് നടപടികൾ അനിശ്ചിത കാലത്തേക്ക് മാറ്റിവച്ചിരുന്നു.

#### ഗ്യാസ് മസ്റ്ററിങ്; വി.ഡി സതീശന്റെ കത്തു പങ്കുവച്ച് കേന്ദ്രമന്ത്രി

ന്യൂഡൽഹി: മസ്റ്ററിങ്ങിന്റെ പേരിൽ പാചകവാതക ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കില്ലെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശന്റെ കത്ത് പങ്കുവച്ച് കേന്ദ്ര പെട്രോളിയം മന്ത്രിയുടെ ഉറപ്പ്. ആധാർ മസ്റ്ററിങ്ങിന്റെ പേരിൽ പാചകവാതക ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കില്ലെന്ന് കേന്ദ്ര പെട്രോളിയം മന്ത്രി ഹർദീപ് സിങ് പുരി സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ എക്സിലൂടെയാണ് അറിയിച്ചത്. മസ്റ്ററിങുമായി ബന്ധപ്പെട്ട് എൽ.പി.ജി ഉപഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെടുത്തി പ്രതിപക്ഷ നേതാവ് കേന്ദ്ര പെട്രോളിയം പ്രകൃതിവാതക മന്ത്രിക്ക് കത്തയക്കുകയും ആ കത്ത് എക്സിൽ പോസ്റ്റ് ചെയ്യുകയും ചെയ്തിരുന്നു. പ്രതിപക്ഷ നേതാവിന്റെ പോസ്റ്റ് റീ പോസ്റ്റു ചെയ്തു കൊണ്ടാണ് കേന്ദ്ര മന്ത്രി ഹർദീപ് സിങ് പുരി ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കില്ലെന്ന ഉറപ്പ് നൽകിയത്. മസ്റ്ററിങ് എട്ട് മാസമായി നടക്കുകയാണെന്നും വ്യാജ ഉപഭോക്താക്കളെ ഒഴിവാക്കാൻ വേണ്ടിയാണിതെന്നും മന്ത്രി പറഞ്ഞു. ഗ്യാസ് ഡെലിവറി ചെയ്യാനെത്തുന്ന ജീവനക്കാർ മൊബൈൽ ആപ്പ് ഉപയോഗിച്ച് മസ്റ്ററിങ് പൂർത്തിയാക്കും. ഉപഭോക്താക്കൾക്ക് ആപ്പ് ഇൻസ്റ്റാൾ ചെയ്ത് സ്വന്തമായി മസ്റ്ററിങ് പൂർത്തിയാക്കാനും സാധിക്കും. എൽ.പി.ജി ഔട്ട്ലെറ്റുകളിൽ എത്തി മസ്റ്ററിങ് നടത്തേണ്ട ആവശ്യമില്ല. മസ്റ്ററിങ്ങിന് അവസാന തീയതി നിശ്ചയിച്ചിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി.

#### അമിതവേഗത വീണ്ടും ജീവനെടുത്തു; യുവതിക്ക് ദാരുണാന്ത്യം

മുംബൈ: മുംബൈയിൽ അമിത വേഗത്തിലെത്തിയ കാറിടിച്ച് യുവതിക്ക് ദാരുണാന്ത്യം. ചൊവ്വാഴ്ച വൈകുന്നേരം അഞ്ച് മണിയോടെ ഗംഗാപൂരിലായിരുന്നു സംഭവം. വൈശാലി ഷിൻഡെ (36) ആണ് മരിച്ചത്. ഗുരുതരമായി പരിക്കേറ്റ ഇവരെ ഉടൻ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചു. അപകടത്തിന്റെ സി.സി.ടി.വി ദൃശ്യം പുറത്തുവന്നിട്ടുണ്ട്. അമിത വേഗത്തിലെത്തിയ കാർ യുവതിയെ ഇടിച്ചുതെറിപ്പിക്കുകയായിരുന്നു.

# ഉപതിരഞ്ഞെടുപ്പിനിടെ ബംഗാളിൽ അക്രമം

### വോട്ടെടുപ്പ് നടന്നത് 13 നിയമസഭാ മണ്ഡലങ്ങളിലേക്ക്

ന്യൂഡൽഹി: ഏഴു സംസ്ഥാനങ്ങളിലായി 13 നിയമസഭാ മണ്ഡലങ്ങളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് പൂർത്തിയായി. വോട്ടെടുപ്പ് നടന്ന പശ്ചിമബംഗാളിലെ മണ്ഡലങ്ങളിൽ വ്യാപക അക്രമ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തപ്പോൾ മറ്റിടങ്ങളിൽ സമാധനപരമായിരുന്നു. താരതമ്യേന ഉയർന്ന പോളിങ് എല്ലാ മണ്ഡലങ്ങളിലും രേഖപ്പെടുത്തിയതായാണ് റിപ്പോർട്ട്.

ലോക്സഭാ തിരഞ്ഞെടുപ്പിനു ശേഷം രാജ്യത്ത് നടന്ന ഏറ്റവും വലിയ വോട്ടെടുപ്പ് കൂടിയായിരുന്നു ഇത്. സിറ്റിങ് എം.എൽ.എമാരുടെ മരണത്തെതുടർന്നോ രാജിയെ തുടർന്നോ ഒഴിവുവന്ന നിയമസഭാ മണ്ഡലങ്ങളിലാണ് ഇന്നലെ വോട്ടെടുപ്പ് നടന്നവയെല്ലാം. ലോക്സഭാ തിരഞ്ഞെടുപ്പിലെ വിജയത്തെ തുടർന്ന് നിയമസഭാംഗത്വം രാജിവെച്ച ഒഴിവുകളിലേക്ക് അടുത്ത ഘട്ടത്തിലേ വോട്ടെടുപ്പ് നടക്കൂ. ഉത്തരാഖണ്ഡിലെ മംഗൾപൂരിൽ കോൺഗ്രസ് - ബി.ജെ.പി പ്രവർത്തകർ ഏറ്റുമുട്ടിയതിനതുടർന്ന് നാലുപേർക്ക് പരിക്കേറ്റു. ഒരു ബൂത്തിൽ വെടിവെപ്പ് നടന്നതായും റിപ്പോർട്ടുണ്ട്. അതേസമയം പൊലീസ് ഇക്കാര്യം നിഷേധിച്ചു.

കോൺഗ്രസ് മുൻ എം.എൽ.എയും സ്ഥാനാർത്ഥിയുമായ ഖാസി നിസാമുദ്ദീൻ ഒരു പ്രവർത്തകനെ വസ്ത്രത്തിൽ രക്തം പുരണ്ട നിലയിൽ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നതിന്റെ വീഡിയോ ദൃശ്യങ്ങൾ സാമൂഹ്യ മാധ്യമങ്ങളിൽ വ്യാപകമായി പ്രചരിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ ചരിത്രത്തിലില്ലാത്ത വിധത്തിലുള്ള അക്രമങ്ങളാണ് ബി.ജെ.പി ഉപതിരഞ്ഞെടുപ്പിൽ അഴിച്ചുവിട്ടതെന്ന് കോൺഗ്രസ് നേതാവും മുൻ മുഖ്യമന്ത്രിയുമായ ഹരീഷ് റാവത്ത്, പ്രതിപക്ഷ നേതാവ് യശ്പാൽ ആര്യ, സഹാറൻപൂർ കോൺഗ്രസ് എം.പി ഇമ്രാൻ മസൂദ് എന്നിവർ ആരോപിച്ചു.

മംഗൾപൂരിലും ബദ്രിനാഥിലുമാണ് ഉത്തരാഖണ്ഡിൽ ഉപതിരഞ്ഞെടുപ്പ് നടന്നത്. പശ്ചിമബംഗാളിലെ ദക്ഷിണ രംഗനാഥ്, ബഗ്ദാഹ് എന്നിവിടങ്ങളിലാണ് തൃണമൂൽ - ബി.ജെ.പി പ്രവർത്തകർ ഏറ്റുമുട്ടിയത്. തങ്ങളുടെ ഏജന്റുമാരെ ബൂത്തിൽ പ്രവേശിക്കാൻ തൃണമൂൽ കോൺഗ്രസ് പ്രവർത്തകർ അനുവദിക്കാതിരുന്നതാണ് സംഘർഷത്തിനിടയാക്കിയതെന്ന് ബി.ജെ.പി നേതാക്കൾ ആരോപിച്ചു. അതേസമയം ബി.ജെ.പി പ്രവർത്തകർ ആസൂത്രിതമായി അക്രമം അഴിച്ചുവിടുകയായിരുന്നുവെന്ന് തൃണമൂൽ കോൺഗ്രസും ആരോപിച്ചു.

ഇരു പാർട്ടികളും തിരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകിയിട്ടുണ്ട്. പശ്ചിമബംഗാളിൽ ദക്ഷിണ രംഗനാഥ്, റായ്ഗഞ്ച്, ബഗ്ദാഹ് മണിക്തല എന്നീ മണ്ഡലങ്ങളിലാണ് ഉപതിരഞ്ഞെടുപ്പ് നടന്നത്. പഞ്ചാബിലെ ജലന്ധർ, ബിഹാറിലെ രൂപാലി, തമിഴ്നാട്ടിലെ വിക്രവണ്ടി, മധ്യപ്രദേശിലെ അമർവാര മണ്ഡലങ്ങളിലും ഇന്നലെ ഉപതിരഞ്ഞെടുപ്പ് നടന്നു. ഡി.എം. കെ അംഗം പുകഴേന്തിയുടെ മരണത്തെതുടർന്നാണ് വിക്രവണ്ടിയിൽ ഉപതിരഞ്ഞെടുപ്പ് അനിവാര്യമായത്. ഹിമാചൽ പ്രദേശിലെ മൂന്നു മണ്ഡലങ്ങളിലാണ് ഉപതിരഞ്ഞെടുപ്പ് നടന്നത്.

## കത്വ ഭീകരാക്രമണം; 24 പേർ കസ്റ്റഡിയിൽ

ജമ്മു: ജമ്മുകശ്മീരിലെ കത്വയിൽ കഴിഞ്ഞ ദിവസമുണ്ടായ ഭീകരാക്രമണവുമായി ബന്ധപ്പെട്ട് 24 പേരെ കസ്റ്റഡിയിൽ എടുത്തതായി പൊലീസ്. ഇവരെ വിശദമായി ചോദ്യം ചെയ്തു വരികയാണ്. ഭീകരർക്കായി പ്രദേശത്ത് സൈന്യവും പൊലീസും ഉൾപ്പെടുത്തുന്ന സംയുക്ത സംഘം തിരച്ചിൽ തുടരുന്നതായും റിപ്പോർട്ടുകൾ പറയുന്നു. കത്വ ഭീകരാക്രമണത്തിൽ അഞ്ച് സൈനികരെ രാജ്യത്തിന് നഷ്ടമായിരുന്നു. സംഭവത്തിനു പിന്നാലെ വനമേഖലയിലേക്ക് കടന്ന ഭീകരർക്കായി വിവിധ സംഘങ്ങളായി തിരിഞ്ഞാണ് സൈന്യം തിരച്ചിൽ നടത്തുന്നത്. കത്വ, ഉദ്ദംപൂർ, ബദേർവാഹ് എന്നീ മേഖലകൾ കേന്ദ്രീകരിച്ചാണ് തിരച്ചിൽ ഏകോപിപ്പിക്കുന്നത്. ഭീകരർക്കായി തിരച്ചിൽ തുടരുന്നതിനിടെ ചൊവ്വാഴ്ച വൈകീട്ട് വെടിവെപ്പുണ്ടായ ദോഡയിൽ കൂടുതൽ സൈന്യത്തെ വിന്യസിച്ചിട്ടുണ്ട്. സാംബ, രജൗരി, പൂഞ്ച് ജില്ലകളിലും സുരക്ഷ വർധിപ്പിച്ചതായി സൈനിക വൃത്തങ്ങൾ വ്യക്തമാക്കി.

## ബിഹാറിൽ വീണ്ടും പാലം തകർന്നു: മൂന്നാഴ്ചയ്ക്കിടെ തകർന്നത് 13 പാലങ്ങൾ

പറ്റ്ന: ബിഹാറിൽ വീണ്ടും പാലം തകർന്നു. സഹർസ ജില്ലയിലെ മഹിഷി ഗ്രാമത്തിലാണ് ഒടുവിലായി പാലം തകർന്നത്. ഇന്നലെ പുലർച്ചെയായിരുന്നു അപകടം. പരിക്കോ ആളപായമോ റിപ്പോർട്ട് ചെയ്തിട്ടില്ല.

സംഭവത്തെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുകയാണെന്നും ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുമെന്നും അഡീഷണൽ കലക്ടർ ജ്യോതി കുമാർ പറഞ്ഞു. മൂന്നാഴ്ചക്കുള്ളിൽ സംസ്ഥാനത്ത് തകരുന്ന പതിമൂന്നാമത്തെ പാലമാണിത്. സിവാൻ, സരൺ, മധുബാനി, അരാരിയ, ഈസ്റ്റ് ചമ്പാരൻ, കിഷൻഗഞ്ച് എന്നിവയുൾപ്പെടെയുള്ള ജില്ലകളിലാണ് പാലം തകർന്നത്. പാലം തകർച്ച തുടർക്കഥയായതോടെ ജലവിഭവ വകുപ്പിലെ 16 എൻജിനീയർമാരെ ബിഹാർ സർക്കാർ സസ്പെൻഡ് ചെയ്തിരുന്നു. പഴയ പാലങ്ങളെക്കുറിച്ച് സർവേ നടത്താനും അറ്റകുറ്റപ്പണികൾ ആവശ്യമുണ്ടെങ്കിൽ ഉടൻ ചെയ്യാനും ഉദ്യോഗസ്ഥരുടെ അവലോകന യോഗത്തിൽ മുഖ്യമന്ത്രി നിതീഷ് കുമാർ നിർദേശം നൽകുകയും ചെയ്തു. ഇതിന് പിന്നാലെയാണ് പാലം വീണ്ടും നിലംപൊത്തിയത്.

സംഭവത്തിൽ ആർ.ജെ.ഡി നേതാവ് തേജസ്വി യാദവ് സർക്കാരിനെതിരെ രൂക്ഷ വിമർശനവുമായി രംഗത്തെത്തി. നിതീഷ് കുമാർ സർക്കാരിന്റെ എല്ലാ വകുപ്പുകളിലും എത്രത്തോളം അഴിമതി നിറഞ്ഞിട്ടുണ്ടെന്നാണ് ഇത്തരം സംഭവങ്ങൾ തെളിയിക്കുന്നതെന്ന് അദ്ദേഹം പ്രതികരിച്ചു.

## പീരുമേട് തിരഞ്ഞെടുപ്പ് കേസ്; സിറിയക് തോമസ് സുപ്രീം കോടതിയിൽ

ന്യൂഡൽഹി: പീരുമേട് നിയമസഭാ മണ്ഡലത്തിൽ നിന്നുള്ള വാഴൂർ സോമന്റെ തിരഞ്ഞെടുപ്പ് വിജയം ശരിവച്ച ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയെ സമീപിച്ച് യു.ഡി.എഫ് സ്ഥാനാർത്ഥിയായിരുന്ന സിറിയക് തോമസ്. നാമനിർദേശ പത്രികയ്ക്ക് ഒപ്പം വാഴൂർ സോമൻ ഫയൽ ചെയ്ത സത്യവാങ്മൂലത്തിൽ പല വിവരങ്ങളും മറച്ചു വെച്ചുവെന്നും ഇതു സംബന്ധിച്ച വാദങ്ങൾ കണക്കിലെടുക്കാതെയാണ് തിരഞ്ഞെടുപ്പ് വിജയം ഹൈക്കോടതി ശരിവച്ചതെന്നും ചൂണ്ടിക്കാട്ടിയാണ് ഹർജി. ഭാര്യയുടെ പാൻ കാർഡ് വിവരങ്ങൾ സത്യവാങ്മൂലത്തിൽ കാണിച്ചിരുന്നില്ല. ഇൻകം ടാക്സ് റിട്ടേണിലെ വിവരങ്ങൾ പൂർണമല്ല. ബാങ്ക് അക്കൗണ്ട് വിശദാംശങ്ങളിൽ വ്യക്തതയില്ല, ബാധ്യതയും വരുമാനവും കൃത്യമായി പറഞ്ഞിട്ടില്ല തുടങ്ങിയ ആരോപണങ്ങളും ഹർജിയിൽ ഉന്നയിക്കുന്നു. വാഴൂർ സോമന്റെ നാമനിർദ്ദേശ പത്രികയിൽ അപാകതയുണ്ടങ്കിലും അത് അംഗീകരിച്ചത് ആ സമയത്ത് ഭരിക്കുന്ന സർക്കാരിന്റെ രാഷ്ട്രീയ സമ്മർദ്ദം മൂലമാണെന്നും വികലമായ നാമനിർദ്ദേശ പത്രിക സ്വീകരിച്ചതിനാൽ മറ്റുള്ളവരുടെയും സമാനമായ പത്രികകൾ സ്വീകരിക്കേണ്ടി വന്നെന്നും ഹർജിയിൽ ആരോപിക്കുന്നു. സുപ്രീം കോടതി അഭിഭാഷകൻ അൽജോ കെ ജോസഫാണ് സിറിയക് തോമസിനു വേണ്ടി ഹർജി സമർപ്പിച്ചത്.

## ശംഭുവിലെ ബാരിക്കേഡ് നീക്കണം

ചണ്ഡിഗഡ്: കർഷക സംഘടനകളുടെ 'ദില്ലി ചലോ' മാർച്ച് തടയാനായി ശംഭു അതിർത്തിയിൽ സ്ഥാപിച്ച ബാരിക്കേഡുകൾ ഏഴ് ദിവസത്തിനകം മാറ്റണമെന്ന് പഞ്ചാബ്- ഹരിയാന ഹൈകോടതി ഉത്തരവിട്ടു. പഞ്ചാബ്- ഹരിയാന അതിർത്തിയായ ശംഭുവിൽ ഫെബ്രുവരിയിലാണ് ഹരിയാന സർക്കാർ ബാരിക്കേഡുകൾ സ്ഥാപിച്ചത്. ഇതിനെതിരെ സമർപ്പിച്ച ഹരജികൾ പരിഗണിച്ചാണ് കോടതി ഉത്തരവ് പുറപ്പെടുവിച്ചത്.

## പ്രധാനമന്ത്രി ഓസ്ട്രിയയിൽ; ചാൻസിലറുമായി കൂടിക്കാഴ്ച നടത്തി

വിയന്ന: ഓസ്ട്രിയൻ സന്ദർശനത്തിനിടെ ചാൻസിലർ കാൾ നെഹാമ്മറുമായി കൂടിക്കാഴ്ച നടത്തി പ്രധാനമന്ത്രി നരേന്ദ്രമോദി. രണ്ടു രാജ്യങ്ങളും തമ്മിൽ പരസ്പ സഹകരണത്തിന് സാധ്യതയുള്ള മേഖലകളെക്കുറിച്ച് ചർച്ച ചെയ്തതായും രണ്ടു രാജ്യങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്താൻ ധാരണയായതായും കൂടിക്കാഴ്ചക്കു ശേഷം പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. 40 വർഷത്തിനിടെ ഓസ്ട്രിയ സന്ദർശിക്കുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയാണ് മോദി. റഷ്യ - യുക്രെയ്ൻ യുദ്ധം അവസാനിപ്പിക്കേണ്ടതിന്റെയും പശ്ചിമേഷ്യയിൽ സമാധാനം പുനഃസ്ഥാപിക്കേണ്ടതിന്റെയും ആവശ്യകതയെക്കുറിച്ച് വിയന്ന സന്ദർശനത്തിലും താൻ ഊന്നിപ്പറഞ്ഞതായി മോദി പറഞ്ഞു. ഇന്ദിരാ ഗാന്ധിയാണ് ഏറ്റവും ഒടുവിൽ ഓസ്ട്രിയ സന്ദർശിച്ച ഇന്ത്യൻ പ്രധാനമന്ത്രി.



ഓസ്ട്രിയയിൽ സന്ദർശനത്തിനെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് വിയന്നയിലെ ഫെഡറൽ ചാൻസലറിയിൽ ആചാരപരമായ സ്വീകരണം നൽകുന്നു. 40 വർഷത്തിന് ശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ഓസ്ട്രിയയിലെത്തുന്നത്

## ആഗ്ര – ലക്നോ എക്സ്പ്രസ് വേയിൽ ഡബിൾ ഡക്കർ ബസ് ടാങ്കറിൽ ഇടിച്ച് 18 മരണം

ലക്നോ: ആഗ്ര- ലക്നോ എക്സ്പ്രസ് വേയിൽ ഉന്നാവോക്ക് സമീപം ഡബിൾ ഡക്കർ ബസ് പാൽ കയറ്റിയ പോയ ടാങ്കറിൽ ഇടിച്ച് വൻ ദുരന്തം. 18 പേർ മരിച്ചു. 19 പേർക്ക് പരിക്കേറ്റു. ബേട്ടാ മുജാവർ പൊലീസ് സ്റ്റേഷൻ പരിധിയിൽ ജോജികോട്ട് വില്ലേജിൽ ഇന്നലെ പുലർച്ചെ അഞ്ച് മണിയോടെയാണ് അപകടം. ബിഹാറിലെ മോതിഹാരിയിൽ നിന്ന് ഡൽഹിയിലേക്ക് പോകുകയായിരുന്ന ബസാണ് അപകടത്തിൽ പെട്ടത്.

പരിക്കേറ്റവിൽ ഏതാനും പേരുടെ നില അതീവ ഗുരുതരമാണെന്നാണ് റിപ്പോർട്ട്. മരിച്ചവരിൽ മൂന്ന് സ്ത്രീകളും ഒരു കുട്ടിയും ഉൾപ്പെടും. ഇടിയുടെ ആഘാതത്തിൽ രണ്ടു വാഹനങ്ങളും പൂർണമായും തകർന്നു. രണ്ടു വാഹനങ്ങളുടേയും ഡ്രൈവർമാരും അപകടത്തിൽ മരിച്ചു. ദുരന്തത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയും പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും അടക്കമുള്ളവർ നടുക്കം രേഖപ്പെടുത്തി. മരിച്ചവരുടെ കുടുംബങ്ങൾക്ക് രണ്ടു ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായധനം നൽകുമെന്ന് പി.എം ഓഫീസ് അറിയിച്ചു. അപകടത്തിൽപെട്ടവർക്കും കുടുംബങ്ങൾക്കും സാധ്യമായ എല്ലാ സഹായവും നൽകണമെന്ന് ഇന്ത്യാ മുന്നണി പ്രവർത്തകരോട് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ അഭ്യർത്ഥിച്ചു.

ദുരന്തവാർത്ത അങ്ങേയറ്റം വേദനയുളവാക്കുന്നതാണെന്ന് കോൺഗ്രസ് ജനറൽ സെക്രട്ടറി പ്രിയങ്കാഗാന്ധി പറഞ്ഞു. എക്സ്പ്രസ് വേയോടു ചേർന്ന് പാർക്ക് ചെയ്തിരുന്ന മിൽക് ടാങ്കറിലേക്ക് അതിവേഗതയിൽ വന്ന ബസ് ഇടിച്ചു കയറുകയായിരുന്നുവെന്നാണ് റിപ്പോർട്ട്. ദുരന്തത്തിൽ ഉത്തർപ്രദേശിലെ ബി.ജെ.പി സർക്കാറിനെതിരെ രൂക്ഷ വിമർശനവുമായി എസ്.പി അധ്യക്ഷൻ അഖിലേഷ് യാദവ് രംഗത്തെത്തി. എക്സ്പ്രസ് വേയുടെ പേരിൽ കോടികൾ ടോൾ പിരിക്കുന്ന സർക്കാർ, പാതകളുടെ സംരക്ഷണത്തിനും മാനേജ്മെന്റിനും എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്നും ഡ്രൈവർമാർക്ക് തോന്നിയ സ്ഥലങ്ങളിലാണ് എക്സ് പ്രസ് വേകളിൽ വാഹനം പാർക്ക് ചെയ്യുന്നതെന്നും അഖിലേഷ് ആരോപിച്ചു.

നിരീക്ഷിക്കാനോ നടപടി എടുക്കാനോ പൊലീസിന് കഴിയുന്നില്ല. പട്രോളിങ് സംഘം എന്തു ചെയ്യുകയായിരുന്നു. ദുരന്തം സംസ്ഥാന സർക്കാർ വിളിച്ചു വരുത്തിയതാണെന്നും അഖിലേഷ് കുറ്റപ്പെടുത്തി.



ആഗ്ര- ലക്നോ എക്സ്പ്രസ് വേയിൽ ടാങ്കറിൽ ഇടിച്ച് തകർന്ന ഡബിൾ ഡക്കർ ബസ്. അപകടത്തിൽ 18 പേർ മരിച്ചു

## തളിപ്പറമ്പ് സർ സയ്യിദ് കോളജ് മുസ്‌ലിം കമ്യൂണിറ്റി റാങ്ക് ലിസ്റ്റ് അഭിമുഖം

തളിപ്പറമ്പ്: സർ സയ്യിദ് കോളജിൽ ബിരുദ പ്രവേശനത്തിനുള്ള മുസ്‌ലിം കമ്യൂണിറ്റി റാങ്ക് ലിസ്റ്റ് www.sisryedcollege.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ താഴെ നിർദേശിക്കുന്ന പ്രകാരം ആവശ്യമായ രേഖകൾ സഹിതം രക്ഷിതാവുമൊത്ത് കോളജിൽ അഭിമുഖത്തിന് ഹാജരാവണം. ബി.എസ്‌സി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർഥികൾ 15 ന് രാവിലെ 9.30 നും ബി.എ റാങ്ക് ലിസ്റ്റിൽ 1 മുതൽ 50 വരെയുള്ളവർ 18 ന് രാവിലെ 9.30 നും ബി.കോം, ബിഎംഎസി റാങ്ക് ലിസ്റ്റിൽ 1 മുതൽ 30 വരെയുള്ള വിദ്യാർത്ഥികൾ 19 ന് രാവിലെ 9.30 നുമാണ് ഹാജരാവേണ്ടത്. കൂടുതൽ വിവരങ്ങൾക്ക്: 0460-2203217, 2205866.

## വിദ്യാർഥി സംഘർഷം: ബ്രണ്ണൻ കോളജ് ദിവസത്തേക്ക് അടച്ചു

തലശ്ശേരി: എസ്.എഫ്.ഐ-എ.ബി.വി.പി സംഘർഷത്തെ തുടർന്ന് ധർമടം ഗവ.ബ്രണ്ണൻ കോളജ് രണ്ട് ദിവസത്തേക്ക് അടച്ചു. അച്ചടക്ക സമിതി യോഗത്തിനിടെയാണ് സംഘർഷം. ഒന്നാം വർഷ ബിരുദ ക്ലാസുകൾ തുടങ്ങുന്നതിന്റെ ഭാഗമായി ഇന്നലെ ഉച്ചയ്ക്ക് രണ്ടോടെ കോളജിൽ ചേർന്ന യോഗത്തിനിടെയാണ് സംഭവം. യോഗത്തിനിടെ എസ്.എഫ്.ഐ-എ.ബി.വി.പി പ്രവർത്തകർ തമ്മിൽ വാക്കേറ്റവും കൈയാങ്കളിയും നടക്കുകയായിരുന്നു. തുടർന്ന് പ്രിൻസിപ്പൽ പൊലീസിൽ വിവരമറിയിച്ചു. പൊലീസ് സംഘവും ഉന്നത ഉദ്യോഗസ്ഥരും സ്ഥലത്തെത്തി സംഘർഷാവസ്ഥ നിയന്ത്രിച്ചു.



# പാഠമുദ്ര

ജൂലൈ 11
ലോക ജനസംഖ്യാദിനം

## ഭൂമിയുടെ അവകാശികൾ

ഇന്ന് ലോക ജനസംഖ്യാ ദിനമാണ്. ലോകത്ത് വർധിച്ചുവരുന്ന ജനസംഖ്യയെക്കുറിച്ചും അത് സാമൂഹികമായും പാരിസ്ഥിതികമായും ചെലുത്തുന്ന സ്വാധീനങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കാനാണ് എല്ലാവർഷവും ജൂലൈ 11 ലോക ജനസംഖ്യാ ദിനമായി ആചരിക്കുന്നത്. 1987-ൽ ലോകജനസംഖ്യ 500 കോടിയിലെത്തിയതിനു പിന്നാലെയാണ് ഇത്തരമൊരു ദിനാചരണം സംബന്ധിച്ച് ഐക്യരാഷ്ട്രസഭ ചിന്തിച്ചത്. കുടുംബാസൂത്രണം, ലിംഗസമത്വം, ദാരിദ്ര്യം, മനുഷ്യാവകാശം തുടങ്ങിയ ഒട്ടേറെ വിഷയങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കുകയെന്ന ലക്ഷ്യമായിരുന്നു ഇതിന്. 1989ൽ ചേർന്ന് ഐക്യരാഷ്ട്രസഭ സമ്മേളനം ദിനാചരണത്തിന് അംഗീകാരം നൽകുകയും 1990 ജൂലൈ 11ന് ആദ്യ ദിനാചരണം നടത്തുകയും ചെയ്തു. 2017ലെ കണക്കു പരിശോധിച്ചാൽ ലോകജനസംഖ്യ 700 കോടിയോളമായിരുന്നു. ഈ വർഷം ഇത് 810 കോടിയാണെന്നാണ് റിപ്പോർട്ട്. 2020-നെ അപേക്ഷിച്ച് 2050-ൽ ലോകജനസംഖ്യ 20-30 ശതമാനം വരെ കൂടുതലായിരിക്കും. ഔദ്യോഗിക കണക്കനുസരിച്ച് ഇന്ത്യയാണ് ലോകത്ത് ജനസംഖ്യയിൽ ഒന്നാം സ്ഥാനത്ത്.



# ആകർഷണ ബലം

**ഭൂമിയിലെ ജീവജാലങ്ങൾക്ക് ഭാരം അനുഭവപ്പെടുന്നത് എന്താണെന്ന് കൂട്ടുകാർ ചിന്തിച്ചിട്ടുണ്ടോ? ഗുരുത്വാകർഷണമെന്ന പ്രകൃതി പ്രതിഭാസമാണ് ആളുകൾക്ക് ഭാരം നൽകി ഭൗമോപരിതലത്തിൽ പതിഞ്ഞു നിൽക്കാൻ സഹായിക്കുന്നത്. ഈയൊരു പ്രതിഭാസമില്ലെങ്കിൽ ബഹിരാകാശത്തെ പോലെ നമ്മൾ പറന്നു നടന്നേനെ... ഐസക് ന്യൂട്ടന്റെ ഗുരുത്വാകർഷണ സിദ്ധാന്തമാണ് ഗുരുത്വാകർഷണത്തെ നിർവചിക്കുന്നത്. ഭൂമി എല്ലാ വസ്തുക്കളെയും അതിന്റെ കേന്ദ്രത്തിലേക്ക് ആകർഷിക്കുന്നു. ഈ ആകർഷണ ബലമാണ് ഭൂഗുരുത്വാകർഷണബലം. ഒമ്പതാം ക്ലാസിലെ ഭൗതിക ശാസ്ത്രത്തിൽ ഗുരുത്വാകർഷണം സംബന്ധിച്ച് പഠിക്കാനുണ്ട്. കൂടുതലറിയാം...**

കൃഷിയിടത്തിൽ അമ്മക്കൊപ്പം പോയപ്പോഴാണ് ഐസക് ന്യൂട്ടൻ ഭൂമിക്കെന്തോ ഒരു ആകർഷണമുണ്ടെന്ന് കണ്ടെത്തുന്നത്. അതും മരച്ചുവട്ടിലിരിക്കുമ്പോൾ ന്യൂട്ടന്റെ തലയിൽ ആപ്പിൾ വീണപ്പോൾ. ലോകത്തിന്റെ തന്നെ ഗതി മാറ്റിമറിച്ച ഗുരുത്വാകർഷണ സിദ്ധാന്തത്തിനാണ് അവിടം പിറവി കൊണ്ടത്. ആപ്പിൾ ഭൂമിയിലേക്ക് വീഴാൻ കാരണമെന്തെന്നായിരുന്നു ന്യൂട്ടന്റെ ചിന്ത. ഇതേ പ്രതിഭാസം തന്നെയായിരിക്കില്ലെ ആകാശത്തു നിന്ന് താഴെ വീഴാതെ ചന്ദ്രനെ വരുതിയിൽ നിർത്താൻ ഭൂമിക്കാകുന്നത് എന്നാണ് ന്യൂട്ടൻ ആലോചിച്ചത്. ഇങ്ങനെയാണ് ഗുരുത്വാകർഷണമെന്ന സങ്കൽപത്തെക്കുറിച്ച് മഹാനായ ന്യൂട്ടനെ പുതിയ പഠനങ്ങൾ നടത്തുന്നത്. പിണ്ഡമുള്ള ഏതൊരു വസ്തുവും പരസ്പാരം ആകർഷിക്കുന്ന പ്രതിഭാസത്തെയാണ് പൊതുവിൽ ഗുരുത്വാകർഷണമായി കണക്കാക്കുന്നത്. പ്രപഞ്ചത്തിന്റെ ഘടനയും ഗതിയും നിയന്ത്രിക്കുന്നത് തന്നെ ഇവയാണ്. രണ്ടു വസ്തുക്കൾ തമ്മിലുള്ള പരസ്പര ആകർഷണ ബലം അവയുടെ പിണ്ഡത്തിന്റെ ഗുണനഫലത്തിന് നേർ അനുപാതത്തിലും അവ തമ്മിലുള്ള അകലത്തിന്റെ വർഗത്തിന് വിപരീതാനുപാതത്തിലുമായിരിക്കും.

$$F = Gm_1 x m_2/d^2.$$

G എന്ന സ്ഥിരാങ്കത്തെ ഗുരുത്വാകർഷണ സ്ഥിരാങ്കം എന്നു വിളിക്കുന്നു. ഇതിന്റെ മൂല്യം $6.67x10^{-11}$ $Nm^2/kg^2$. ഹെൻറി കാവെന്റിഷാണ് ഇതിന്റെ മൂല്യം ആദ്യമായി കണക്കാക്കിയത്. ജ്യോതിശാസ്ത്രത്തിൽ ഏറ്റവും ആകർഷണമുള്ള ഈ ബലം അനുഭവപ്പെടുന്ന ഇടം ഗുരുത്വാകർഷണ മണ്ഡലമായി അറിയപ്പെടുന്നു. ഒരു പിണ്ഡത്തിന് ചുറ്റുമുള്ള സ്ഥലത്തേക്ക് വ്യാപിക്കുന്ന സ്വാധീനങ്ങളെ വിശദീകരിക്കാൻ ഉപയോഗിക്കുന്ന വെക്റ്റർ ഫീൽഡാണ് ഗുരുത്വാകർഷണ മണ്ഡലം. അത് മറ്റ് കണങ്ങളെ അവയിൽ ബലം പ്രേരിപ്പിച്ചു കൊണ്ട് ആശയവിനിമയം നടത്തുന്നു.





### ഐസക് ന്യൂട്ടൺ

ഭൗതികശാസ്ത്രജ്ഞനും ഗണിജ്ഞനുമായ സർ ഐസക് ന്യൂട്ടൺ 1642 ഡിസംബർ 25ന് ഇംഗ്ലണ്ടിലാണ് ജനിച്ചത്. ഗുരുത്വാകർഷണവും, ചലനനിയമങ്ങളുമടക്കം ശാസ്ത്രലോകത്തിന് ഒട്ടേറെ സംഭാവനകൾ നൽകിയ അദ്ദേഹം ഭൗമോപരിതലത്തിലെ വസ്തുക്കളുടെയും ആകാശഗോളങ്ങളുടെയും ചലനം ഒരേ പ്രകൃതിനിയമങ്ങൾക്കനുസൃതമാണെന്ന് തെളിയിച്ചു. പ്രകാശത്തിന്റെ കണികാ സ്വഭാവം വ്യക്തമാക്കുന്ന കണികാ സിദ്ധാന്തവും ന്യൂട്ടന്റെ സംഭാവനയാണ്. 1727 മാർച്ച് 20ന് അദ്ദേഹം ഈ ലോകത്തോട് വിട പറഞ്ഞു.




### മാസ്സും ഭാരവും

ഒരു വസ്തുവിൽ അടങ്ങിയിരിക്കുന്ന ദ്രവ്യത്തിന്റെ അളവാണ് മാസ്സ് അഥവാ പിണ്ഡം. മാസ്സിന്റെ യൂണിറ്റ് കിലോഗ്രാമാണ്. എന്നാൽ ഒരു വസ്തുവിൽ ഭൂമി പ്രയോഗിക്കുന്ന ഗുരുത്വാകർഷണ ബലമാണ് അതിന്റെ ഭാരം. ഭാരത്തിന്റെ യൂണിറ്റുകളാണ് ന്യൂട്ടണും കിലോഗ്രാം വെയ്റ്റും (kgwt). ഒരു വസ്തുവിന്റെ മാസ്സ് സ്ഥിരമായിരിക്കും. എന്നാൽ ഒരു വസ്തുവിന്റെ ഭാരം ഓരോ ഭാഗത്തും വ്യത്യസ്തമായിരിക്കും. ഭൗമോപരിതലത്തിൽ ധ്രുവപ്രദേശത്താണ് ഒരു വസ്തുവിന് പരമാവധി ഭാരം അനുഭവപ്പെടുന്നത്. ഏറ്റവും കുറവ് അനുഭവപ്പെടുന്നതാവട്ടെ ഭൂമിയുടെ മധ്യരേഖാ പ്രദേശങ്ങളിലുമാണ്. ഭൂമിയുടെ ഉപരിതലത്തിൽ നിന്ന് നമ്മൾ ഉയരുന്തോറും ഭാരം കുറഞ്ഞുവരികയും ഭൂകേന്ദ്രത്തിലെത്തുമ്പോൾ ഭാരം പൂജ്യമാകുകയും ചെയ്യും.

### ഭൂഗുരുത്വാകർഷണ ബലം

ഭൂമി ഗൃഹത്തിലെ എല്ലാ വസ്തുക്കളെയും അതിന്റെ കേന്ദ്രത്തിലേക്ക് ആകർഷിക്കുന്നുണ്ട്. ഈ ആകർഷണബലമാണ് ഭൂഗുരുത്വാകർഷണബലം. വസ്തുവിന്റെ മാസ് m, ഭൂമിയുടെ മാസ്സ് M, ഭൂകേന്ദ്രത്തിൽ നിന്നും വസ്തുവിലേക്കുമുള്ള ദൂരം R-ഉം ആയി കണക്കാക്കുകയാണെ ... ഗു ... ഷ ... ഭൂ ... $R^2$ ... ക്കും.



*ഒരു ബോൾ വായുവിൽ എറിയുന്നു. ഭൂമിയുടെ ഗുരുത്വാകർഷണം മൂലം അത് താഴേക്ക് വീഴുന്നു*

## കോട്ടയം മെഡിക്കൽ കോളജിൽ അതിനൂതന ശസ്ത്രക്രിയ വിജയകരം

കോട്ടയം: ജന്മനായുള്ള ഹൃദയത്തിലെ ദ്വാരമായ സൈനസ് വിനോസസ് എ.എസ്.ഡി, കാർഡിയോളജി ഇന്റർവെൻഷണൽ പ്രൊസീജിയറിലൂടെ അടച്ചു. ആൻജിയോപ്ലാസ്റ്റി പോലെ താക്കോൽ ദ്വാര സുഷിരം വഴി സ്റ്റെന്റ് ഘടിപ്പിച്ചാണ് ഇന്റർവെൻഷൻ നടത്തിയത്. പാലാ സ്വദേശിനി 42 കാരിക്കാണ് ഇന്റർവെൻഷണൽ പ്രൊസീജിയർ നടത്തിയത്. സാധാരണ സങ്കീർണ ഹൃദയ ശസ്ത്രക്രിയ വഴി അടയ്ക്കുന്ന ദ്വാരമാണ് നൂതന ചികിത്സാരീതിയായ സ്റ്റെന്റ് ഉപയോഗിച്ച് കാത്ത് ലാബിൽ വച്ച് അടച്ചത്.

താക്കോൽദ്വാര പ്രൊസീജിയറായതിനാൽ രക്തസ്രാവം ഒഴിവാക്കാനായി. അതിനാൽതന്നെ രക്തം നൽകേണ്ടി വന്നതുമില്ല. ശസ്ത്രക്രിയ പോലെ അധികം വിശ്രമവും ആവശ്യമില്ല. തീവ്ര പരിചരണത്തിന്ശേഷം രോഗിയെ ഡിസ്ചാർജ് ചെയ്തു. പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിലെ സീനിയർ കൺസൾട്ടന്റ് പീഡിയാട്രിക് കാർഡിയോളജിസ്റ്റ് ഡോ. അനിൽ എസ്.ആർ, അസി. പ്രൊഫസർ ഡോ. ഹരിപ്രിയ ജയകുമാർ, അനസ്തീഷ്യോളജിസ്റ്റ് ഡോ. സജി കെ.എം, കാത്ത് ലാബ് ടെക്നീഷ്യൻ അനു, സന്ധ്യ, ജയിൻ, അനസ്തീഷ്യ ടെക്നീഷ്യൻ അരുൺ, സീനിയർ നഴ്സ് സൂസൻ എന്നിവരാണ് ഈ പ്രൊസീജിയറിന് നേതൃത്വം നൽകിയത്.

ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ കോട്ടയം മെഡിക്കൽ കോളജിലെ മുഴുവൻ ടീം അംഗങ്ങളേയും മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

## അട്ടപ്പാടിയിൽ വീണ്ടും നവജാത ശിശു മരണം

പാലക്കാട്: അട്ടപ്പാടിയിൽ വീണ്ടും നവജാത ശിശു മരണം. ഷോളയൂർ വെള്ളകുളത്തെ മണികണ്ഠൻ-ദീപ ദമ്പതികളുടെ ഒരുദിവസം പ്രായമായ പെൺകുഞ്ഞാണ് മരിച്ചത്. ജന്മനാ ഹൃദയസംബന്ധമായ അസുഖമുള്ള കുഞ്ഞായിരുന്നു. തൃശ്ശൂർ മെഡിക്കൽ കോളജിൽ ചികിത്സയിലിരിക്കെയാണ് മരണം. ഈ മാസം നാലാം തിയ്യതിയാണ് ദീപയെ തൃശ്ശൂർ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ഇന്നലെ ശസ്ത്രക്രിയയിലൂടെയാണ് കുഞ്ഞിനെ പുറത്തെടുത്തത്. അമ്മ ദീപ അരിവാൾ രോഗ ബാധിതയാണ്.

## കേരള സോപ്പ് ഗൾഫിലേക്ക് കയറ്റുമതി ചെയ്യും

കൊച്ചി: പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ യൂണിറ്റായ കേരളാ സോപ്പ്സ് നിർമിക്കുന്ന പ്രീമിയം ഉത്പന്നങ്ങൾ ഗൾഫ് രാജ്യങ്ങളിലേക്ക് നടത്തുന്ന കയറ്റുമതിയുടെ ഔദ്യോഗിക ഉദ്ഘാടനം ജൂലൈ 13ന് മൂന്ന് മണിക്ക് ബോൾഗാട്ടി ഗ്രാൻഡ് ഹയാത്ത് ഹോട്ടലിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി പി. രാജീവ് നിർവഹിക്കും. കേരള സോപ്സിന്റെ പ്രീമിയം ഉത്പന്നങ്ങളുടെ സാന്നിധ്യം ആഗോള വിപണിയിൽ ശക്തമാക്കുന്നതിനോടനുബന്ധിച്ചാണ് പുതിയ നീക്കമെന്ന് കെ.എസ്.ഐ.ഇ ചെയർമാൻ പീലിപ്പോസ് തോമസ്, മാനേജിങ് ഡയറക്ടർ ജി. രാജീവ് എന്നിവർ അറിയിച്ചു. പുതിയ ഉത്പന്നങ്ങളായ കേരള സാൻഡൽ ശ്രേണിയിൽ പെട്ട ലിക്വിഡ് ഹാൻഡ് വാഷ്, വാഷ് വെൽ ഡിറ്റർജന്റ്, ക്ലീൻവെൽ ഫ്ളോർ ക്ലീനർ, ഷൈൻ വെൽ ഡിഷ് വാഷ്, പുതിയ ടോയ്‌ലറ്റ് സോപ്പുകളായ കോഹിനൂർ സാൻഡൽ ടർമെറിക്, ത്രിൽ ലാവെൻഡർ, ത്രിൽ റോസ്, ത്രിൽ വൈറ്റ് എന്നിവയുടെ വിതരണോദ്ഘാടനവും ഇതോടൊപ്പം നടക്കും. 1914ൽ ബ്രിട്ടീഷുകാർ സ്ഥാപിച്ച കേരളാ സോപ്പ് ഇൻസ്റ്റിറ്റ്യൂട്ട് ആണ് ഇന്നത്തെ കേരളാ സോപ്സിന്റെ മാതൃ സ്ഥാപനം. അന്ന് ഏഷ്യയിലെതന്നെ ഏറ്റവും വലിയ സോപ്പ് നിർമാണ പരിശീലന യൂണിറ്റായിരുന്നു ഇത്. ഇവിടെ നിർമിക്കുന്ന സോപ്പുകൾ ജനപ്രിയമാകുകയും രാജ്യത്തെ വൈസ്രോയി അടക്കമുള്ള പ്രമുഖർക്ക് വിതരണം നടത്തുകയും ചെയ്തിരുന്നു. വിവിധ കാരണങ്ങളാൽ നിർജീവമായ കമ്പനി 2010ലാണ് കെഎസ്ഐഇ യുടെ നേതൃത്വത്തിൽ കോഴിക്കോട് വെള്ളയിൽ അത്യാധുനിക യന്ത്രസജ്ജീകരണങ്ങളോടെ പുനരാരംഭിച്ചത്.

## പ്രധാനാധ്യാപകരെ നിയമിക്കണം: കെ.എസ്.ടി.യു

കോഴിക്കോട്: ഗവണ്മെന്റ് ഹൈസ്കൂളുകളിൽ ഹെഡ്മാസ്റ്റർ, ഉപജില്ലകളിൽ എ.ഇ.ഒ തുടങ്ങിയ 200 ൽ പരം തസ്തികകൾ മെയ് 31 മുതൽ ഒഴിഞ്ഞുകിടക്കുകയാണ്. 25, 30 പിരിയഡുകൾ ക്ലാസ് എടുക്കാനുള്ള സീനിയർ അധ്യാപകർക്ക് അഡീഷണൽ ചാർജ് കൊടുത്തുകൊണ്ട് ക്ലാസ്സിനെയും സ്കൂളിന്റെ നടത്തിപ്പിനേയും ബാധിക്കുന്ന രീതിയിലാണ് കാര്യങ്ങൾ മുന്നോട്ട് പോകുന്നത്. ക്വാളിഫൈഡ് ആയ അധ്യാപകർ മെയ് മാസത്തിൽ തന്നെ സി.ആർ നൽകി പ്രമോഷൻ കാത്തിരുന്നിട്ടും ഗവൺമെന്റ് യാതൊരു തീരുമാനവും എടുക്കുന്നില്ല. ഹെഡ്മാസ്റ്റർ പ്രമോഷൻ ഉടൻ നടത്താനുള്ള നടപടി സ്വീകരിക്കണമെന്ന് കേരള സ്കൂൾ ടീച്ചേഴ്സ് യൂണിയൻ സംസ്ഥാന പ്രസിഡണ്ട് കെ.എം അബ്ദുള്ള ജനറൽ സെക്രട്ടറി പി.കെ അസീസ് എന്നിവർ ആവശ്യപ്പെട്ടു.

## മഹിളാ കോൺഗ്രസ് സംസ്ഥാന ക്യാമ്പ് ആലുവയിൽ

കൊച്ചി: വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് കർമ പരിപാടി തയ്യാറാക്കാൻ മഹിളാ കോൺഗ്രസ് സംസ്ഥാന ക്യാമ്പ് എക്സിക്യൂട്ടീവ് മഹിള സാഹസ് എന്ന പേരിൽ അടുത്ത മാസം 12 മുതൽ 14 വരെ ആലുവ ശാന്തിഗിരി ആശ്രമത്തിലെ ഉമ്മൻചാണ്ടി നഗറിൽ നടക്കും. സംസ്ഥാന ഭാരവാഹികൾ, ജില്ലാ പ്രസിഡന്റുമാർ, അഡ്വൈസറി കമ്മിറ്റി അംഗങ്ങൾ എന്നിവർ പങ്കെടുക്കുന്ന ക്യാമ്പിൽ അടുത്ത നിയമസഭ തിരഞ്ഞെടുപ്പ് വരെയുള്ള പ്രവർത്തന പദ്ധതിക്ക് രൂപം നൽകുമെന്ന് സംസ്ഥാന പ്രസിഡന്റ് ജെബി മേത്തർ എം.പി വാർത്താസമ്മേളനത്തിൽ അറിയിച്ചു. 2ന് രാവിലെ പത്തിന് ദേശീയ പ്രസിഡന്റ് അൽക്ക ലാംബ ക്യാമ്പ് ഉദ്ഘാടനം ചെയ്യും. സ്ത്രീകൾക്ക് നേരേയുണ്ടാകുന്ന അതിക്രമങ്ങളെക്കുറിച്ച് വേഗത്തിലും ശക്തമായും അന്വേഷിക്കുന്നതിന് സംസ്ഥാനത്ത് പൊലീസ് ഐ.ജിയുടെ നേതൃത്വത്തിൽ പ്രത്യേക സെൽ രൂപവത്കരിക്കണമെന്ന് ജെബി മേത്തർ ആവശ്യപ്പെട്ടു. സ്ത്രീകളിൽ സുരക്ഷിതത്വബോധം സൃഷ്ടിക്കുന്നതിന് പ്രത്യേക സെൽ ഫലപ്രദമാകും. രാജ്യത്ത് ഏറ്റവും കൂടുതൽ സ്ത്രീപീഡനങ്ങൾ നടക്കുന്നത് കേരളത്തിലാണ്. അയ്യായിരത്തിനും ആറായിരത്തിനും ഇടയിലാണ് ഒരു വർഷം നടക്കുന്ന പീഡനങ്ങൾ. സ്ത്രീപീഡനം അടക്കം നിരവധി കേസുകളിൽ ഉൾപ്പെട്ട് കാപ്പ ചുമത്തിയ പ്രതികളെ മന്ത്രി വീണ ജോർജ് നേരിട്ട് സി.പി.എമ്മിലേക്ക് സ്വീകരിച്ചത് സ്ത്രീസമൂഹത്തോടുള്ള വെല്ലുവിളിയണെന്നും ജെബി മേത്തർ ആരോപിച്ചു.

### സോളാറിന് വൈദ്യുതി തീരുവ ഒഴിവാക്കി

# കുടുംബ കോടതികളിൽ കോർട്ട് ഫീ സ്റ്റാമ്പ് നിരക്കിൽ ഇളവ്

## പ്രതിഷേധങ്ങൾ ഫലം കണ്ടു

തിരുവനന്തപുരം: സ്വന്തമായി വൈദ്യുതി ഉദ്പാദിപ്പിച്ച് ഉപയോഗിക്കുന്നവർക്കുള്ള തീരുവ വർധിപ്പിച്ച നടപടിയിൽ നിന്ന് സോളാർ സ്ഥാപിച്ചവരെ ഒഴിവാക്കി. കുടുംബകോടതിയിൽ വരുന്ന സ്വത്ത് സംബന്ധമായ വ്യവഹാരങ്ങളിൽ ബജറ്റിൽ പ്രഖ്യാപിച്ച കോർട്ട് ഫീ സ്റ്റാമ്പ് നിരക്കിലും ഇളവ് വരുത്തി. താമസത്തിനുള്ള വീട് ഒഴിവാക്കിയുള്ള വസ്തുവകകളായിരിക്കും വ്യവഹാരത്തിനായി പരിഗണിക്കുക. നിയമസഭയിൽ ധനകാര്യബില്ലിന്റെ ചർച്ചക്കുള്ള മറുപടിയിലാണ് ധനകാര്യമന്ത്രി ഇളവുകൾ പ്രഖ്യാപിച്ചത്. ഇക്കഴിഞ്ഞ ബജറ്റിലാണ് സ്വന്തമായി വൈദ്യുതി ഉദ്പാദിപ്പിക്കുന്നവർക്കുള്ള തീരുവ 1.2 പൈസ എന്നത് 15 പൈസായി വർധിപ്പിച്ചത്. ഇതിലൂടെ 24 കോടി വരുമാനം സമാഹരിക്കാനാണ് സർക്കാർ ലക്ഷ്യമിട്ടത്. എന്നാൽ സോളാർ പാനലുകൾ സ്ഥാപിച്ചവർക്കും ഇത് ബാധമാകുമെന്നും പ്രോത്സാഹിപ്പിക്കേണ്ട ഇത്തരം സംരംഭങ്ങൾ തീരുവ വർധന തിരിച്ചടിയാകുമെന്നും വിമർശനമുയർന്നു. കുടുംബകോടതിയിൽ വരുന്ന സ്വത്ത് സംബന്ധമായ വ്യവഹാരങ്ങളിലെ കോർട്ട് ഫീ സ്റ്റാമ്പ് നിരക്കിലെ വർധനവിനെതിരെയും വ്യാപക പ്രതിഷേധം ഉയർന്ന സാഹചര്യത്തിലാണ് ഇളവിന് സർക്കാർ നിർബന്ധിതമായത്.

പുതിയ വ്യവസ്ഥ പ്രകാരം 5 ലക്ഷം രൂപ വരെ 200 രൂപയാകും കോർട്ട് ഫീ സ്റ്റാമ്പിന് നൽകേണ്ടത്. 5 ലക്ഷം മുതൽ 20 ലക്ഷം രൂപ വരെ 500 രൂപയും 20 ലക്ഷം മുതൽ 50 ലക്ഷം രൂപ വരെ 1000 രൂപയുമാണ് കോർട്ട് ഫീ സ്റ്റാമ്പിന് നൽകേണ്ടത്. 50 ലക്ഷം മുതൽ 1 കോടി രൂപ വരെ 2000 രൂപയും ഒരു കോടി രൂപയ്ക്ക് മുകളിൽ 5000 രൂപയും നൽകണം. അപ്പീൽ വ്യവഹാരങ്ങൾക്ക് 5 ലക്ഷം രൂപ വരെ 100 രൂപ, 5 ലക്ഷത്തിന് മുകളിൽ 20 ലക്ഷം വരെ 250 രൂപ, 20 മുതൽ 50 ലക്ഷം വരെ 500 രൂപ, 50 ലക്ഷം മുതൽ 1 കോടി രൂപ വരെ 1000 രൂപ, 1 കോടി രൂപയ്ക്ക് മുകളിൽ 2500 രൂപ എന്നിങ്ങനെ പുതുക്കി നിശ്ചയിച്ചു. ചെക്ക് കേസുകളിൽ 50,000 രൂപ വരെയുള്ള വ്യവഹാരങ്ങൾക്ക് 250 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒടുക്കണം. 50,000 മുതൽ 2 ലക്ഷം രൂപ വരെ 500 രൂപയും, 2 ലക്ഷം മുതൽ 5 ലക്ഷംരൂപ വരെ 750 രൂപയും, 5 ലക്ഷം മുതൽ 10 ലക്ഷം രൂപ വരെ 1000 രൂപയും, 10 ലക്ഷം മുതൽ 20 ലക്ഷം രൂപ വരെ 2000 രൂപയും, 20 ലക്ഷം മുതൽ 50 ലക്ഷം രൂപ വരെ 5000 രൂപയും, 50 ലക്ഷത്തിന് മുകളിൽ 10,000 രൂപയും കോർട്ട് ഫീസ് ഒടുക്കണം. ഇത്തരം കേസുകളുടെ അപ്പീലിൽ, വെറുതെ വിടുന്ന ബില്ലുകളിൽ 2 ലക്ഷം രൂപ വരെ 500 രൂപയും 2 ലക്ഷത്തിന് മുകളിൽ 1000 രൂപയും ഫീസ് ഒടുക്കിയാൽ മതി. പാട്ടക്കരാറുകൾക്ക് ഒരു വർഷത്തിൽ താഴെ കാലാവധിയ്ക്ക് 500 രൂപയും, ഒരു വർഷത്തിന് മുകളിൽ 5 വർഷം വരെ വസ്തുവിന്റെ മൂല്യത്തിന്റെ 10 ശതമാനം (കുറഞ്ഞത് 500 രൂപ) സ്റ്റാമ്പ് ഡ്യൂട്ടി നിശ്ചയിച്ചു. 5 വർഷം മുതൽ 10 വർഷം വരെ കരാറുകൾക്ക് 20 ശതമാനം (കുറഞ്ഞത് 1000 രൂപ) 10 വർഷം മുതൽ 20 വർഷം വരെ കരാറുകൾക്ക് 35 ശതമാനം (മിനിമം 2000 രൂപ) 20 വർഷത്തിന് മുകളിൽ 30 വർഷം വരെ 60 ശതമാനം, 30 വർഷത്തിന് മുകളിൽ 90 ശതമാനം എന്നിങ്ങനെയാണ് സ്റ്റാമ്പ് ഡ്യൂട്ടി.

### അമീബിക് മസ്തിഷ്ക ജ്വരം

# 12കാരന്റെ ആരോഗ്യനിലയിൽ പുരോഗതി

കൊച്ചി: അത്യപൂർവമായ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലുള്ള 12 വയസുകാരന്റെ ആരോഗ്യനിലയിൽ മികച്ച പുരോഗതി. ആരോഗ്യനില മെച്ചപ്പെട്ടതിനെ തുടർന്ന് കുട്ടിയെ കഴിഞ്ഞ ദിവസം ഐസിയുവിൽ നിന്ന് മുറിയിലേക്ക് മാറ്റി. തൃശൂർ വെങ്കിടങ്ങ് പാടൂർ സ്വദേശിയായ 7ാം ക്ലാസ് വിദ്യാർഥിയാണ് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നത്. കഴിഞ്ഞ ജൂൺ ഒന്നിന് പനിയെ തുടർന്ന് കുട്ടി പാടൂരിലെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ചികിത്സ തേടിയിരുന്നു. തുടർന്ന് 2ന് തൃശൂരിലെ സ്വകാര്യ മെഡിക്കൽ ആശുപത്രിയിലും പ്രവേശിപ്പിച്ചു. എന്നാൽ പനി കൂടിയതിനെ തുടർന്ന് കുട്ടിയെ ഇവിടെ നിന്നും തൃശൂർ ഗവ.മെഡിക്കൽ കോളജിലേക്ക് മാറ്റുകയായിരുന്നു. ഇവിടെ ചികിത്സയിലിരിക്കെ പുതുച്ചേരിയിലെ ലാബിലേക്ക് കുട്ടിയുടെ സെറിബ്രോ സ്പൈനൽ ഫ്ളൂയിഡ് സാമ്പിൾ അയച്ച് നടത്തിയ പരിശോധനയിലാണ് വെർമമീബ വെർമിഫോർസിസ് അണുബാധയുണ്ടെന്ന് സ്ഥിരീകരിച്ചത്. പിന്നീട് കുട്ടിയുടെ ആരോഗ്യനില മോശമാകുകയും വെന്റിലേറ്ററിൽ പ്രവേശിപ്പിക്കുകയുമായിരുന്നു. തുടർന്ന് ഗുരുതരാവസ്ഥയിലായ കുട്ടിയെ ജൂൺ 16ന് കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിലേക്കെത്തിച്ചു. കുട്ടിയുടെ സാമ്പിളുകൾ ഇതേ ലാബിലേക്ക് അയച്ചുനൽകി നടത്തിയ പുന:പരിശോധനയിലും ഫലം പോസിറ്റീവായിരുന്നു. തുടർന്ന് ഒരാഴ്ചത്തെ ചികിത്സക്ക് ശേഷം കുട്ടിയുടെ ആരോഗ്യനില മെച്ചപ്പെടുകയും, രണ്ടാഴ്ച മുമ്പ് വെന്റിലേറ്ററിന്റെ സഹായമില്ലാതെ കുട്ടി ശ്വസിച്ചു തുടങ്ങുകയും ചെയ്തു. ഐസിയുവിൽ നിരീക്ഷണത്തിലായിരുന്ന കുട്ടിയെ ആരോഗ്യസ്ഥിതി തൃപ്തികരമായതിനെ തുടർന്ന് കഴിഞ്ഞ ദിവസമാണ് മുറിയിലേക്ക് മാറ്റിയത്. നിലവിൽ കുട്ടിയുടെ ആരോഗ്യസ്ഥിതിയിൽ കാര്യമായ പുരോഗതിയുണ്ടെന്നും ആഴ്ചകൾക്കുള്ളിൽ പൂർണമായും ആരോഗ്യം വീണ്ടെടുക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നതായും ചികിത്സക്ക് നേതൃത്വം നൽകിയ ഡോക്ടർമാർ പറഞ്ഞു. കാലുകളുടെ ചലനക്ഷമത പൂർണമായും വീണ്ടെടുക്കുന്നതിനുള്ള ഫിസിയോ തെറാപ്പി കൂടി പൂർത്തിയാക്കി ഏതാനും ദിവസങ്ങൾക്കുള്ളിൽ കുട്ടിക്ക് ആശുപത്രിയിൽ നിന്ന് മടങ്ങാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## അണുബാധ എവിടെ നിന്നെന്ന് സ്ഥിരീകരണമില്ല

കൊച്ചി: അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലുള്ള 12 വയസുകാരന് അമീബിക് അണുബാധയുണ്ടായത് എവിടെ നിന്നാണെന്ന് കണ്ടെത്താനായിട്ടില്ല. സമീപകാലത്ത് കുളത്തിലോ പുഴയിലോ കുളിച്ചിട്ടില്ലെന്നാണ് കുട്ടി പറയുന്നത്. വീടിന് സമീപത്തുള്ള പാടത്ത് കുട്ടി സ്ഥിരമായി ഫുട്ബോൾ കളിക്കാൻ പോകാറുണ്ടായിരുന്നു. ഇവിടെ നിന്നാകാം അമീബിക് ബാധയുണ്ടായതെന്നാണ് സംശയിക്കുന്നത്. എല്ലാ അമീബിക് മസ്തിഷ്ക ജ്വരങ്ങളും ജീവഹാനിയുണ്ടാക്കുന്ന തരത്തിൽ മാരകമാകണമെന്നില്ല എന്നാണ് ഈ കേസ് സൂചിപ്പിക്കുന്നതെന്ന് ഡോക്ടർമാർ പറയുന്നു. ഏത് തരം അമീബയാണ് ബാധിക്കുന്നത് എന്നത് ചികിത്സാ വിധികൾ നിർണയിക്കുന്നതിൽ വളരെ നിർണായകമായേക്കാം. കേരളത്തിൽ ഇപ്പോൾ റിപ്പോർട്ട് ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന അമീബിക് മസ്തിഷ്ക ജ്വരത്തിന് ചികിത്സ നൽകുന്നതിനുള്ള തുടർ പഠനങ്ങളും, വ്യക്തമായ മാർഗനിർദേശങ്ങളും വളരെ ആവശ്യമാണ്. ഇതിനായി വൈദ്യശാസ്ത്ര രംഗത്തെ സംഘടനകളും സർക്കാരും അടിയന്തരമായി പരിശ്രമിക്കണമെന്നും ഡോക്ടർമാർ അഭിപ്രായപ്പെട്ടു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 11 വ്യാഴം




ഭർത്താവിന്റെ പാതയിൽ റഷ്യയുടെ ഭാവിക്കുവേണ്ടി പോരാടും. തനിക്കെതിരെയുള്ള കോടതി വിധിയിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതില്ല.പുടിനെതിരെ പോരാട്ടം തുടരുകയാണ് ചെയ്യേണ്ടത്. അദ്ദേഹത്തിന്റെ ഇടം ജയിലിലാണ്. ഹേഗിൽ എവിടെയെങ്കിലും ടി.വിയോടുകൂടിയ സുഖപ്രദമായ സെല്ലിലല്ല. റഷ്യയിൽ അലെക്സി കൊല്ലപ്പെട്ട പീനൽ കോളനിയിലെ അതേ ജിയിലിൽ രണ്ട് മീറ്റർ വീതിയും മൂന്ന് മീറ്റർ നീളവുമുള്ള സെല്ലിൽ തന്നെ അയാളെ പാർപ്പിക്കണം.

**യൂലിയ നവാൽനയ**
അലക്സി നവാൽനിയുടെ ഭാര്യ

## സത്യം ഒരുനാൾ പുറത്തുവരുമെന്ന് വിശ്വാസമുണ്ടായിരുന്നു: നമ്പി നാരായണൻ

തിരുവനന്തപുരം: ഐ.എസ്.ആർ.ഒ ചാരക്കേസിൽ സത്യം ഒരു നാൾ പുറത്തുവരുമെന്ന് ഉറപ്പായിരുന്നുവെന്ന് നമ്പി നാരായണൻ. താൻ ജീവിച്ചിരിക്കുമ്പോൾ തന്നെ സത്യം പുറത്ത് വന്നതിൽ സന്തോഷമെന്നും നമ്പി നാരായണൻ പറഞ്ഞു. ചാരക്കേസിന്റെ കാലത്ത് എല്ലാ മാധ്യമങ്ങളും തനിക്കെതിരെ നിന്നു. ഇനി തെറ്റുകാർ ശിക്ഷിക്കപ്പെട്ടില്ലെങ്കിലും തനിക്ക് കുഴപ്പമില്ല. സിബി മാത്യൂസ് ജയിലിൽ പോകണമെന്ന് ആഗ്രഹമില്ല. അവർ തന്നോട് മാപ്പ് പറയണമെന്ന് പോലുമില്ലെന്നും സുപ്രീംകോടതി കുറ്റവിമുക്തനാക്കിയതോടെ തന്റെ ജോലി കഴിഞ്ഞെന്നും നമ്പി നാരായണൻ പറഞ്ഞു. ഞാൻ തെറ്റുക്കാരൻ അല്ലെന്ന് തെളിയിക്കേണ്ട ബാധ്യത എനിക്ക് ഉണ്ടായിരുന്നു. 30 വർഷം അതിന് വേണ്ടിയാണ് പൊരുതിയത്. ഞാൻ ജീവിച്ചിരിക്കെ തന്നെ അത് നടന്നതിൽ സന്തോഷമുണ്ട്- അദ്ദേഹം കൂട്ടിച്ചേർത്തു.

## വിദേശ വാർത്തകൾ

# ഗസ്സ സിറ്റിയിൽ കൂട്ട ഒഴിപ്പിക്കൽ

ഗസ്സ: ഖാൻ യൂനിസിൽ അഭയാർത്ഥികൾ തങ്ങിയിരുന്ന സ്കൂളിനുനേരെയുണ്ടായ വ്യോമാക്രമണത്തിൽ 27 പേർ കൊല്ലപ്പെട്ടതിനു പിന്നാലെ ഗസ്സ സിറ്റിയിൽനിന്ന് മുഴുവൻ ഫലസ്തീനികളോടും ഒഴിഞ്ഞുപോകാൻ ഇസ്രാഈലിന്റെ ഉത്തരവ്. ഗസ്സ വംശഹത്യയിൽ മരണനിരക്ക് 38,295 ആയി ഉയർന്നിരിക്കെ സമാനതകളില്ലാത്ത ക്രൂരതകൃത്യങ്ങളാണ് ഇസ്രാഈൽ നടത്തുന്നത്.

ഗസ്സ സിറ്റിയിൽ യു.എൻ അഭയാർത്ഥി ഏജൻസിയുടെ ആസ്ഥാനത്തിനുനേരെയും ആക്രമണമുണ്ടായി. ഒഴിഞ്ഞുപോകാനുള്ള ഇസ്രാഈൽ ഉത്തരവിനു പിന്നാലെ ഗസ്സ സിറ്റിയിൽനിന്നും ഖാൻ യൂനിസിൽനിന്നും പതിനായിരക്കണക്കിന് ആളുകൾ പലായനം തുടങ്ങി. വടക്കൻ ഗസ്സയിൽ മൂന്ന് പ്രധാന ആശുപത്രികൾ അടച്ചുപൂട്ടി. രോഗികളെയും ജീവനക്കാരെയും ഇവിടെനിന്ന് ഒഴിപ്പിച്ചു. ഈജിപ്തിലെ വെടിനിർത്തൽ ചർച്ചകൾക്കുശേഷം ഖത്തറിൽ കൂടിയാലോചന പുനരാരംഭിച്ചതിനു പിന്നാലെയാണ് ഇസ്രാഈൽ ആക്രമണം ശക്തമാക്കിയത്. ബോംബു വർഷത്തോടൊപ്പം ഫലസ്തീനികളെ പട്ടിണിക്കിട്ട് കൊലപ്പെടുത്താനും ഇസ്രാഈൽ ശ്രമം തുടരുകയാണ്. 65 ദിവസമായി ഗസ്സയിലേക്ക് മാനുഷിക സഹായങ്ങളൊന്നും കടത്തിവിടുന്നില്ല. ലക്ഷക്കണക്കിന് ടൺ ഭക്ഷ്യവസ്തുക്കളും മെഡിക്കൽ സാമഗ്രികളും അതിർത്തി കവാടങ്ങളിൽ കാത്തുകെട്ടിക്കിടക്കുകയാണ്.

കഴിഞ്ഞ ദിവസങ്ങളിൽ നാല് സ്കൂളുകളാണ് ഇസ്രാഈൽ ബോംബിട്ടു തകർത്തത്. സ്കൂളുകൾക്കുനേരെയുള്ള ആക്രമണങ്ങളെ ഫ്രാൻസ് അപലപിച്ചു. അത്തരം ആക്രമണങ്ങൾ അംഗീകരിക്കാനാവില്ലെന്നും സംഭവത്തെക്കുറിച്ച് സമ്പൂർണ അന്വേഷണം നടത്തണമെന്നും ഫ്രഞ്ച് വിദേശകാര്യ മന്ത്രാലയം ആവശ്യപ്പെട്ടു. അതേസമയം ഗസ്സ സിറ്റിയിൽ ഇസ്രാഈൽ സേനയുമായി ഏറ്റുമുട്ടുന്ന വീഡിയോ ദൃശ്യങ്ങൾ ഹമാസ് പുറത്തുവിട്ടു. റോഡുകളിൽ സ്ഫോടക വസ്തുക്കൾ വിതറിയതും ഇസ്രാഈൽ സേനയുടെ ബുൾഡോസറുകൾക്കും ടാങ്കുകൾക്കും അടിയിൽ അവ പൊട്ടിത്തെറിക്കുകയും ചെയ്യുന്നത് വീഡിയോയിൽ കാണാം. ഒരു കെട്ടിടത്തിനുള്ളിൽ ഇസ്രാഈൽ സൈനികർക്കുനേരെ റോക്കറ്റാക്രമണവും നടത്തുന്നുണ്ട്.



ഗസ്സയിൽ ഇസ്രാഈൽ ആക്രമണത്തിൽ കൊല്ലപ്പെട്ട മകന്റെ ചോരയിൽ കുതിർന്ന മൃതദേഹം ചേർത്തുപിടിച്ച് കരയുന്ന പിതാവ്

# മധ്യ ലബനാനിൽ ഇസ്രാഈൽ ആക്രമണം; തിരിച്ചടിച്ച് ഹിസ്ബുല്ല

ബെയ്റൂത്ത്: ലബനീസ് അതിർത്തിക്കുള്ളിൽ ഹിസ്ബുല്ലയുടെ പ്രധാന കേന്ദ്രത്തിൽ ആക്രമണം നടത്തിയതായി ഇസ്രാഈൽ. തലസ്ഥാനമായ ബെയ്റൂത്തിൽനിന്ന് 79 കിലോമീറ്റർ അകലെ ജൻദ ഗ്രാമത്തിനു സമീപം ഹിസ്ബുല്ലയുടെ വ്യോമ പ്രതിരോധ സംവിധാനങ്ങളെ ലക്ഷ്യമിട്ടായിരുന്നു ആക്രമണമെന്ന് ഇസ്രാഈൽ സേന അവകാശപ്പെട്ടു. ലബനീസ് അതിർത്തിക്കുള്ളിലേക്ക് കടന്നുകയറി ഇസ്രാഈൽ നടത്തുന്ന പ്രധാന ആക്രമണമാണിത്. ഗസ്സയിൽ കൂട്ടക്കുരുതി ആരംഭിച്ച ശേഷം പുകഞ്ഞു തുടങ്ങിയ ഹിസ്ബുല്ല-ഇസ്രാഈൽ സംഘർഷം തുറന്ന യുദ്ധത്തിലേക്ക് നീങ്ങുകയാണെന്ന് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

തെക്കൻ പട്ടണമായ ബരാചിറ്റിലെ ഹിസ്ബുള്ളയുടെ വ്യോമ പ്രതിരോധ കേന്ദ്രവും കെഫാർ കില മേഖലയിലെ ആയുധ സംഭരണശാലയും ഇസ്രാഈൽ വ്യോമസേന ആക്രമിച്ചു.

ബെകാഅ താഴ്വരയിലെ യാറൂൺ, ഹദ്ദാത്ത, ഹുല, ടൗലിൻ, അൽനബി ഷെയ്ത് എന്നീ പ്രദേശങ്ങളിലും മിസൈൽ, ഡ്രോൺ ആക്രമണവും ഷെൽവർഷവുമുണ്ടായി. ചൊവ്വാഴ്ച സിറിയ-ലബനാൻ അതിർത്തിക്ക് സമീപം ഹിസ്ബുല്ലയുടെ ഒരു വാഹനത്തിനു നേരെ ഇസ്രാഈൽ നടത്തിയ വ്യോമാക്രമണത്തിൽ രണ്ടു പേർ കൊല്ലപ്പെട്ടു. ഇവരിൽ ഒരാൾ ഹിസ്ബുല്ല നേതാവ് ഹസൻ നസ്റുല്ലയുടെ മുൻ അംഗരക്ഷകനാണ്. ഇതിന് പ്രതികാരമായി അധിനിവേശ ജൂലാൻ കുന്നുകളിലെ ഇസ്രാഈൽ സൈനിക താവളത്തിനുനേരെ ഹിസ്ബുല്ല നടത്തിയ റോക്കറ്റാക്രണങ്ങളിൽ രണ്ടുപേർ കൊല്ലപ്പെട്ടതായി റിപ്പോർട്ടുണ്ട്.

ഗസ്സയിൽ ഫലസ്തീനികൾക്ക് പിന്തുണ തുടരുമെന്നും ഇസ്രാഈൽ കൂട്ടക്കുരുതി അവസാനിപ്പിക്കാതെ ആക്രമണത്തിൽനിന്ന് പിന്മാറില്ലെന്നും പോരാട്ടം തുടരുമെന്നും ഹിസ്ബുല്ല പറയുന്നു.

## വെസ്റ്റ്ബാങ്കിൽ 12 പേർ അറസ്റ്റിൽ

റാമല്ല: അന്താരാഷ്ട്ര സമൂഹത്തിന്റെ മൗനം മുതലെടുത്ത് അധിനിവേശ വെസ്റ്റ്ബാങ്കിലും ഇസ്രാഈൽ സേന നരനായാട്ട് തുടരുകയാണ്. കിഴക്കൻ ജറൂസലമിൽ ഒരു വിദ്യാർത്ഥിനിയടക്കം 12 ഫലസ്തീനികളെ ഇസ്രാഈൽ സേന തട്ടിക്കൊണ്ടുപോയി.

കഴിഞ്ഞ ദിവസം മോചിതരായ തടവുകാരും അറസ്റ്റിലായവരിൽ പെടും.

ഒക്ടോബർ ഏഴിനു ശേഷം 9,610 പേർ അറസ്റ്റിലായിട്ടുണ്ടെന്നാണ് കണക്ക്. കുട്ടികളടക്കം അനവധി പേരെ വെടിവെച്ച് കൊലപ്പെടുത്തി.

# ബൈഡന്റെ ഭാവി: യു.എസിൽ രഹസ്യയോഗം

വാഷിങ്ടൺ: അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡന്റെ ശാരീരിക, മാനസിക ആരോഗ്യത്തെക്കുറിച്ച് ചർച്ച സജീവമായിരിക്കെ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ അദ്ദേഹത്തെ മത്സരിപ്പിക്കുന്നതു സംബന്ധിച്ച് ഡെമോക്രാറ്റിക് പാർട്ടി നേതാക്കൾ രഹസ്യ ചർച്ച നടത്തി. ജോ ബൈഡന്റെ സ്ഥാനാർത്ഥിത്വവുമായി ബന്ധപ്പെട്ട് പാർട്ടിയിൽ ഭിന്നത രൂപപ്പെട്ടിട്ടുണ്ട്. റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയായ മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനോട് മത്സരിക്കാൻ ബൈഡൻ ശാരീരികമായും മാനസികമായും അശക്തനാണെന്ന് ഒരുപറ്റം നേതാക്കൾ പറയുന്നു.

അടച്ചിട്ട മുറിയിൽ നടന്ന ചർച്ചയിൽ ഡെമോക്രാറ്റിക് പാർട്ടിയുടെ ഉന്നത നേതാക്കളെല്ലാവരും പങ്കെടുത്തു. തിരഞ്ഞെടുപ്പിൽനിന്ന് പിന്മാറില്ലെന്നും ട്രംപിനെ തോൽപ്പിക്കാൻ തനിക്ക് സാധിക്കുമെന്നും ബൈഡൻ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും പല നേതാക്കളും ആശങ്കയിലാണ്.

യു.എസ് സെനറ്റ് അംഗവും പ്രമുഖ പാർട്ടി നേതാവുമായ ചക്ക് ഷൂമർ യോഗത്തിൽ ബൈഡന് പിന്തുണ പ്രഖ്യാപിച്ചു. ഷൂമറെപ്പോലെ ഡെമോക്രാറ്റിക് നേതാക്കളെല്ലാവരും ഓരേ പേജിൽ തന്നെയാണോ എന്ന ചോദ്യത്തിന് താൻ ആ പേജിൽ ഇല്ലെന്നായിരുന്നു ടെന്നസിയിൽനിന്നുള്ള കോൺഗ്രസ് അംഗം സ്റ്റീവ് കോഹെന്റെ മറുപടി.

ന്യൂജഴ്സിയിൽനിന്നുള്ള മിക്കി ഷെറിലും ബൈഡനോട് മത്സരത്തിൽനിന്ന് പിന്മാറാൻ ആവശ്യപ്പെട്ടു. ബൈഡൻ രാജ്യത്തിനു ചെയ്ത സംഭാവനകൾ വിസ്മരിക്കുന്നില്ലെങ്കിലും പുതിയ സ്ഥാനാർത്ഥിയെ നിർത്താൻ പാർട്ടിയെ സഹായിക്കണമെന്ന് അവർ ആവശ്യപ്പെട്ടു.

## സോഷ്യൽ മീഡിയയിൽ അശ്ലീലം: വിട്ടയച്ച എസ്എഫ്ഐ നേതാവ് വീണ്ടും അറസ്റ്റിൽ

കൊച്ചി: സൗഹൃദം നടിച്ച് വിദ്യാർത്ഥിനികളുടെ ഫോട്ടോയെടുത്ത് അശ്ലീല കമന്റുകളോടെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ പോസ്റ്റ് ചെയ്ത കേസിൽ കഴിഞ്ഞ ദിവസം അറസ്റ്റ് ചെയ്ത് വിട്ടയച്ച എസ്.എഫ്.ഐ നേതാവ് വീണ്ടും അറസ്റ്റിൽ. കാലടി ശ്രീശങ്കരാകോളജിൽ പൂർവ വിദ്യാർത്ഥിയും എസ്എഫ്ഐ യൂണിറ്റ് ഭാരവാഹിയുമായിരുന്ന എസ്.രോഹിതിനെയാണ് കാലടിപൊലീസ് ഇന്നലെ വീണ്ടും അറസ്റ്റ് ചെയ്തത്. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയുടെ ചിത്രം അശ്ലീലമായി സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചെന്ന പെൺകുട്ടിയുടെ പരാതിയെ തുടർന്നാണ് ഇന്നലെ വീണ്ടും അറസ്റ്റ് ചെയ്തത്. എസ്.രോഹിതിനെതിരേ കോളജ് വിദ്യാർത്ഥിനികൾ നൽകിയ പരാതിയിലായിരുന്നു കഴിഞ്ഞ ദിവസം അറസ്റ്റ് ചെയ്തത്. എന്നാൽ എന്നാൽ ദുർബലമായ വകുപ്പുകൾ ചാർത്തി പ്രതിയെ ജാമ്യത്തിൽ വിടുകയായിരുന്നു. പ്രതിയെ രക്ഷിക്കാനും കേസ് ഒതുക്കി തീർക്കാനുമാണ് പൊലീസ് ലക്ഷ്യമിടുന്നതെന്നു കാട്ടി കെ.എസ്.യു യൂണിറ്റ് കമ്മിറ്റി പ്രതിഷേധവുമായി രംഗത്ത് വന്നിരുന്നു. പൊലീസിന്റെ കൃത്യവിലോപത്തിൽ പ്രതിഷേധിച്ച് ഇന്നലെ കോളജ് കാമ്പസിൽ പ്രതിഷേധസദസും സംഘടിപ്പിച്ചിരുന്നു.

ഫോട്ടോഗ്രാഫറായും സോഷ്യൽമീഡിയ അഡ്മിനായുമെല്ലാം വ്യാപരിച്ചിരുന്ന രോഹിത് ഇരുപതോളം വിദ്യാർഥിനികളുടെ ഫോട്ടോകൾഫെയ്ക്ക്ഐഡിക്രിയേറ്റ്ചെയ്ത്ഗ്രൂപ്പുകളിലുംസ്വകാര്യവ്യക്തികളുടെവാട്സ്ആപ്പിലുമെല്ലാം അശ്ലീല കമന്റുകളോടെ ഫോർവേഡ്ചെയ്തതായികണ്ടെത്തുകയുണ്ടായി. 2018–21 ബാച്ചിൽ പഠിച്ചിറങ്ങിയിട്ടും തുടർന്നും കോളേജിൽ വന്നു പോകുന്നത് പതിവാക്കിയിരുന്നു. കൂടാതെ ഇവിടെ നടക്കുന്ന ചടങ്ങുകളിൽ ഫോട്ടോഗ്രാഫറെന്ന നിലയിൽ വരികയും വിദ്യാർത്ഥിനികളുമായി സൗഹൃദം സ്ഥാപിക്കുകയും ചെയ്തുവന്നിരുന്നു. ഇതിന്റെ മറവിൽ ഇവരുടെ ഫോട്ടോയെടുക്കുകയും ഇത്തരത്തിൽ പല ഗ്രൂപ്പുകളിലായി പോസ്റ്റ്ചെയ്യുകയുമാണ്ചെയ്തത്. എസ്എഫ്ഐയുടെ സജീവ പ്രവർത്തകനായ പ്രതി ഇത്തരത്തിൽ 2021 മുതൽ ഈ പ്രവർത്തിയിലേർപ്പെട്ടിരുന്നതായി കണ്ടെത്തി. പ്രതിയെ സ്റ്റേഷനിലെത്തിച്ച് ചോദ്യം ചെയ്തപ്പോൾ കുറ്റം സമ്മതിച്ചു. ഇയാളുടെ കൈവശമുണ്ടായിരുന്ന രണ്ടു മൊബൈൽ ഫോണുകൾ പിടിച്ചെടുത്ത് ഫോറൻസിക് പരിശോധനക്കായി അയച്ചിരിക്കുകയാണ്.

# യുക്രെയ്ൻ: ഓർബാനോട് നിസ്സഹകരിച്ച് നാറ്റോ

ബെയ്ജിങ്: യുക്രെയ്നിൽ റഷ്യ ആക്രമണം തുടർന്നുകൊണ്ടിരിക്കെ വെടിനിർത്തലിന് നയതന്ത്ര ശ്രമങ്ങളുമായി ഹംഗേറിയൻ പ്രധാനമന്ത്രി വിക്ടർ ഓർബാൻ. റഷ്യയും യുക്രെയ്നും സന്ദർശിച്ച ശേഷം അദ്ദേഹം ചൈനയിൽ പ്രസിഡന്റ് ഷി ജിൻപിങ്ങുമായും കൂടിക്കാഴ്ച നടത്തി. ഓർബാൻ നടത്തുന്ന നയതന്ത്ര നീക്കങ്ങളോട് നാറ്റോയും യൂറോപ്യൻ യൂണിയനും മുഖം തിരിഞ്ഞുനിൽക്കുകയാണ്. ആദ്യം അദ്ദേഹവുമായി നിസ്സഹകരിച്ചിരുന്ന റഷ്യ ഇപ്പോൾ പിന്തുണയുമായി രംഗത്തെത്തിയിട്ടുണ്ട്. ഓർബാൻ രാഷ്ട്രീയ ഉച്ചാശക്തി കാണിച്ചതായും അദ്ദേഹത്തിന്റെ നീക്കങ്ങളോടു വളരെ അനുകൂലമായാണ് തങ്ങൾ പ്രതികരിക്കുന്നതെന്നും റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിന്റെ വക്താവ് ദിമിത്രി പെസ്കോവ് അറിയിച്ചു. യൂറോപ്യൻ യൂണിയന്റെ അധ്യക്ഷസ്ഥാനം ഹംഗറി ഏറ്റെടുത്തതിനുശേഷം ഓർബാൻ യുക്രെയ്നിലും റഷ്യയിലും സന്ദർശനം നടത്തിയിരുന്നു. അതേസമയം വെടിനിർത്തൽ ചർച്ചകളിൽ റഷ്യ കർക്കശ ഉപാധികളാണ് മുന്നോട്ടുവെക്കുന്നത്. യുക്രെയ്നിൽനിന്ന് പിടിച്ചെടുത്ത പ്രദേശങ്ങൾ റഷ്യക്ക് വിട്ടുതരണമെന്നാണ് പുടിന്റെ പ്രധാന ആവശ്യം. ഡോണെസ്ക്, ലുഗാൻസ്ക്, ഖേഴ്സൺ, സപോരിജിയ മേഖലയിൽനിന്ന് യുക്രെയ്ൻ സേന പൂർണമായും പിന്മാറാണമെന്ന് അദ്ദേഹം ആവശ്യപ്പെടുന്നു. അമേരിക്കയിൽ നാറ്റോ സഖ്യത്തിന്റെ 75–ാമത് ഉച്ചകോടി നടക്കുന്നതിന് തൊട്ടുമുമ്പ് യുക്രെയ്നിൽ റഷ്യ നടത്തിയ ആക്രമണങ്ങളിൽ 36 പേർക്കാണ് ജീവൻ നഷ്ടപ്പെട്ടത്.

## നവാൽനിയുടെ ഭാര്യക്കെതിരെ അറസ്റ്റ് വാറന്റ്

മോസ്കോ: ജയിലിൽ മരണപ്പെട്ട റഷ്യൻ പ്രതിപക്ഷ നേതാവ് അലക്സി നവാൽനിയുടെ ഭാര്യ യൂലിയ നവാൽനയക്കെതിരെ അറസ്റ്റ് വാറന്റ് പുറപ്പെടുവിച്ച് മോസ്കോ കോടതി. വിദേശത്ത് പ്രവാസ ജീവിതം നയിക്കുന്ന നവാൽനയ വിഘടനവാദ പ്രവർത്തനങ്ങളിൽ പങ്കെടുത്തതായി കോടതി ആരോപിച്ചു. റഷ്യയിൽ കാലുകുത്തിയാൽ ഉടനെ അറസ്റ്റ് ചെയ്യാനാണ് കോടതി ഉത്തരവ്. ഫെബ്രുവരിയിൽ അലക്സി നവാൽനി റഷ്യയിൽ ജയിലിൽ ദുരൂഹ സഹാചര്യത്തിൽ മരണപ്പെട്ടതിനുശേഷമാണ് നവാൽനയ ലോകശ്രദ്ധ പിടിച്ചുപറ്റിയത്.

ഭർത്താവിന്റെ പാതയിൽ റഷ്യയുടെ ഭാവിക്കുവേണ്ടി പോരാടുമെന്ന് അവർ പ്രഖ്യാപിച്ചു. തനിക്കെതിരെയുള്ള കോടതി വിധിയിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതില്ലെന്നും പുടിനെതിരെ പോരാട്ടം തുടരണമെന്നും നവാൽനയ അനുയായികളോട് ആവശ്യപ്പെട്ടു. പുടിൻ കൊലയാളിയും യുദ്ധ കുറ്റകൃത്യം ചെയ്തവനുമാണെന്ന് അവർ എക്സിൽ കുറിച്ചു. 'അദ്ദേഹത്തിന്റെ ഇടം ജയിലിലാണ്. ഹേഗിൽ എവിടെയെങ്കിലും ടി.വിയോടുകൂടിയ സുഖപ്രദമായ സെല്ലിലല്ല. റഷ്യയിൽ അലെക്സി കൊല്ലപ്പെട്ട പീനൽ കോളനിയിലെ അതേ ജിയിലിൽ രണ്ട് മീറ്റർ വീതിയും മൂന്ന് മീറ്റർ നീളവുമുള്ള സെല്ലിൽ തന്നെ അയാളെ പാർപ്പിക്കണം'-നവാൽനയ കൂട്ടിച്ചേർത്തു. പുടിന്റെ ഉത്തരവുപ്രകാരമാണ് നവാൽനിയെ കൊലപ്പെടുത്തിയതെന്ന് ആരോപണമുണ്ട്.



പ്രവാസി ലീഗ് സംസ്ഥാന കൗൺസിൽ മുസ്‌ലിം ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് എം.സി മായിൻ ഹാജി ഉദ്ഘാടനം ചെയ്യുന്നു

## ബഗ്ദാദിയുടെ വിധവക്ക് വധശിക്ഷ വിധിച്ച് ഇറാഖ് കോടതി

ബഗ്ദാദ്: തീവ്രവാദ സംഘടനയായ ഐ.എസ്.ഐ.എൽ നേതാവ് അബൂബക്കർ അൽ ബഗ്ദാദിയുടെ വിധവക്ക് വധശിക്ഷ വിധിച്ച് ഇറാഖ് കോടതി. അമേരിക്കൻ ആക്രമണത്തിൽ കൊല്ലപ്പെട്ട ബഗ്ദാദിയുടെ ഭാര്യയെന്ന നിലയിൽ ഐ.എസ്.ഐ.എല്ലിന്റെ ഭീകരപ്രവർത്തനങ്ങളിൽ അവർക്ക് നേരിട്ട് പങ്കുള്ളതായി കോടതി ചൂണ്ടിക്കാട്ടി. വടക്കൻ ഇറാഖില സിൻജാറിൽ ഐ.എസ്.ഐ.എൽ തീവ്രവാദികൾ തട്ടിക്കൊണ്ടുപോയ യസീദി സ്ത്രീകളെ പാർപ്പിച്ചിരുന്നത് മൊസൂളിൽ അവരുടെ വീട്ടിലാണ്. വധശിക്ഷക്കെതിരെ മേൽക്കോടതികളെ സമീപിക്കാൻ അവർക്ക് അവസരമുണ്ട്.

ഇറാഖിന്റെയും സിറിയയുടെയും വലിയൊരു ഭാഗം പിടിച്ചെടുത്ത് സ്വയം പ്രഖ്യാപിത ഖലീഫയായി ഭരണം നടത്തിയിരുന്ന ബഗ്ദാദിയെ യു.എസ് സ്പെഷ്യൽ സേന കൊലപ്പെടുത്തുകയായിരുന്നു. 2014ൽ ബഗ്ദാദിയുടെ ആഹ്വാനപ്രകാരം അനവധി യസീദി പുരുഷന്മാരെ തീവ്രവാദികൾ കൊലപ്പെടുത്തി. യസീദി സ്ത്രീകളെ ലൈംഗിക അടിമകളാക്കി തടവിൽ വെച്ചതായി ആരോപണമുണ്ട്. 2017ൽ ഐ.എസ്.ഐ.എൽ തീവ്രവാദികളെ തുരത്തിയ ശേഷം ഇറാഖി കോടതികൾ നൂറുകണക്കിന്



ശസ്ത്രക്രിയക്കുശേഷം ലിസ പിസാനോ

## പന്നിയുടെ വൃക്ക; കൃത്രിമ ഹൃദയ പമ്പ്; ലിസ മരണത്തിന് കീഴടങ്ങി

വാഷിങ്ടൺ: അമേരിക്കയിൽ പന്നിയുടെ വൃക്കകളും ഹൃദയത്തിന് കൃത്രിമ പമ്പും ഘടിപ്പിച്ച് ഒരു മാസത്തിലേറെ ജീവിച്ച 54കാരി മരണത്തിന് കീഴടങ്ങി. ന്യൂജയ്ഴിയിൽ ലിസ പിസാനോയാണ് മരണപ്പെട്ടത്. ഇരു വൃക്കകളും ഹൃദയവും തകരാറിലായതിനെത്തുടർന്ന് ഇവർക്ക് ജനിതകമാറ്റം വരുത്തിയ പന്നിയുടെ വൃക്കകളും ഹൃദയത്തിന് കൃത്രിമ പമ്പും ഘടിപ്പിച്ചിരുന്നു.

ഒരു മാസത്തോളം ഇവർ ആശുപത്രിയിൽ കഴിഞ്ഞെങ്കിലും ഹൃദയത്തിൽനിന്ന് രക്തപ്രവാഹം നിലച്ചു തുടങ്ങിയതോടെ വൃക്കകൾ തകരാറിലായി. ശേഷം ഡയാലിസിസ് ചെയ്തായിരുന്നു ജീവൻ നിലനിർത്തിയത്. പരീക്ഷണ ശസ്ത്രക്രിയക്കും ചികിത്സക്കും സന്നദ്ധയായ ലിസ ആരോഗ്യമേഖലക്ക് വലിയ സംഭാവനയാണ് നൽകിയതെന്ന് ന്യൂയോർക്കിലെ ലാൻഗോൺ ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. റോബർട് പറഞ്ഞു. ജനിതക മാറ്റം വുരുത്തിയ കിഡ്നി വെച്ചുപിടിപ്പിച്ച ലോകത്തെ രണ്ടാമത്തെയാളാണ് ലിസ.

## ക്ഷാമബത്ത പ്രഖ്യാപനം മുഖ്യമന്ത്രി ജീവനക്കാരെ പരിഹസിക്കുന്നു: എസ്.ഇ.യു

കോഴിക്കോട്: മുഖ്യമന്ത്രി നിയമസഭയിൽ ചട്ടം മുന്നൂറ് പ്രകാരം നടത്തിയ ക്ഷാമബത്ത കുടിശ്ശിക പ്രഖ്യാപനം അവ്യക്തത നിറഞ്ഞതാണെന്നും വർഷത്തിൽ രണ്ടു തവണകളായി നൽകിക്കൊണ്ടിരുന്ന ക്ഷാമബത്ത പുതിയ പ്രഖ്യാപനമായി ജീവനക്കാരെ പരിഹസിക്കുകയാണെന്നും സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ (എസ്ഇയു) പ്രസ്താവനയിൽ അറിയിച്ചു. അടുത്ത സാമ്പത്തിക വർഷം മുതൽ കുടിശ്ശികയായ ക്ഷാമബത്ത രണ്ട് ഗഡു വീതം വിതരണം ചെയ്യുമെന്ന് പ്രഖ്യാപനം നിലവിൽ കുടിശ്ശികയായ ആറ് ഗഡു അടുത്ത മൂന്നര വർഷക്കാലം കൊണ്ട് വിതരണം ചെയ്യുമെന്നാണ്. ജീവനക്കാരെയും അധ്യാപകരെയും സർക്കാർ വിഡ്ഢികളാക്കുകയാണെന്നും എസ്.ഇ.യു. സംസ്ഥാന പ്രസിഡന്റ് സിബി മുഹമ്മദ് ജനറൽ സെക്രട്ടറി ആമിർ കോഡൂർ എന്നിവർ പറഞ്ഞു.

### വിഴിഞ്ഞത്ത് മദർഷിപ്പിന് സ്വീകരണം; ലത്തിൻ ബിഷപ്പ് പങ്കെടുക്കില്ല

# ഔദ്യോഗിക ക്ഷണമില്ലാതെ നോട്ടീസിൽ പേര് അഹമ്മദ് ദേവർകോവിലും പുറത്ത്

തിരുവനന്തപുരം: വിഴിഞ്ഞത്ത് ആദ്യ മദർഷിപ്പിനു സ്വീകരണം നൽകുന്ന ചടങ്ങിൽ തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ച് ബിഷപ്പ് തോമസ് ജെ. നെറ്റോ പങ്കെടുക്കില്ല. തുറമുഖ വകുപ്പിന്റെ ഭാഗമായ വിഴിഞ്ഞം ഇന്റർനാഷനൽ സീപോർട്ട് ലിമിറ്റഡ് (വിസിൽ) പുറത്തിറക്കിയ നോട്ടിസിൽ വിശിഷ്ട സാന്നിധ്യമായി തോമസ് ജെ. നെറ്റോയുടെ പേര് ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബിഷപ്പിനെ ഔദ്യോഗികമായി സർക്കാർ ക്ഷണിച്ചിട്ടില്ലെന്ന് ബിഷപ്പ് ഹൗസ് പ്രതികരിച്ചു. പരിപാടി സംബന്ധിച്ച് യാതൊരു അറിയിപ്പും ക്ഷണവും ലഭിച്ചിട്ടില്ലെന്ന് ആർച്ച് ബിഷപ്പിന്റെ സെക്രട്ടറി വ്യക്തമാക്കി. നോട്ടിസിൽ പേര് കാണുക മാത്രമാണു ചെയ്തതെന്നാണ് ലത്തീൻ അതിരൂപത വൃത്തങ്ങളും പറയുന്നത്.



മുൻകൂട്ടി നിശ്ചയിച്ച പരിപാടികൾ ഉള്ളതിനാൽ ആർച്ച് ബിഷപ്പ് തോമസ് ജെ. നെറ്റോ ഇന്ന് കൊച്ചിയിലേക്കു പോകും. ഓൾ കേരള ബിഷപ്പ് കൗൺസിൽ യോഗത്തിൽ പങ്കെടുത്തശേഷം അദ്ദേഹം മൂന്നു ദിവസം കഴിഞ്ഞു മാത്രമേ തിരുവനന്തപുരത്തേക്കു മടങ്ങുകയുള്ളൂ. ലത്തീൻ അതിരൂപത വികാരി ജനറൽ യൂജീൻ പെരേരയും അദ്ദേഹത്തിനൊപ്പം കൊച്ചിയിലേക്കു പോകുന്നുണ്ട്. അതേസമയം സഭയുടെ തീരുമാനം പുറത്തു വന്നതോടെ അനുനയിപ്പിക്കാൻ സമവായ ശ്രമത്തിനാണു സർക്കാർ നീക്കം. വിഴിഞ്ഞം ഇന്റർനാഷനൽ സീപോർട്ട് ലിമിറ്റഡ് (വിസിൽ) എം.ഡി ദിവ്യ എസ്. അയ്യരോട് ബിഷപ്പിനെ നേരിട്ടു ക്ഷണിക്കാൻ മന്ത്രി ആവശ്യപ്പെട്ടു.

ആർച്ച് ബിഷപ്പിനെ ക്ഷണിക്കാത്തതിനു പിന്നാലെ സഭയെ അപമാനിക്കുന്ന നിലപാടാണു സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായതെന്നാണ് ലത്തീൻ അതിരൂപതയുടെ നിലപാട്. വിഴിഞ്ഞം തുറമുഖത്തിനു വേണ്ടി സർവ ത്യാഗവും സഹിച്ച മത്സ്യത്തൊഴിലാളികളെ അപമാനിക്കുന്ന തരത്തിലാണ് ആർച്ച് ബിഷപ്പിന്റെ പേര് സർക്കാരിന്റെ ഔദ്യോഗിക നോട്ടിസിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നാണു വിമർശനം. നോട്ടിസിൽ അവസാനത്തെ പേരുകളിലൊന്നായാണ് ആർച്ച് ബിഷപ്പിന്റെ പേര് ഉൾപ്പെടുത്തിയിരിക്കുന്നത്.

വിഴിഞ്ഞം തുറമുഖത്തിനെതിരെ ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ മുൻപ് സമരം നടത്തിയിരുന്നു. സർക്കാർ നൽകിയ ഏഴ് ഉറപ്പുകളുടെ അടിസ്ഥാനത്തിലാണു സമരം അവസാനിപ്പിച്ചത്. എന്നാൽ മുതലപ്പൊഴി വിഷയത്തിൽ ഉൾപ്പെടെ യാതൊരു ഉറപ്പും സർക്കാർ പാലിച്ചിട്ടില്ലെന്നും തീരദേശവാസികൾക്ക് ഇക്കാര്യത്തിൽ വലിയ അമർഷമുണ്ടെന്നും മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ ചുമതലയുള്ള ഫാ. ലൂസിയാൻ പറഞ്ഞു. മുൻ മന്ത്രി അഹമ്മദ് ദേവർകോവിലിനെ ചടങ്ങിലേക്ക് ക്ഷണിക്കാത്തതിൽ ഐ.എൻ.എല്ലിനും നീരസമുണ്ട്. എന്നാൽ മുന്നണിക്ക് ദോഷമുണ്ടാക്കുന്ന തരത്തിൽ പരസ്യ പ്രസ്താവന വേണ്ടെന്നാണ് നേതാക്കളുടെ നിലപാട്. പരിഭവം സി.പി.എം നേതൃത്വത്തെ അറിയിക്കും. തുറമുഖ നിർമാണവുമായി ബന്ധപ്പെട്ട ഭൂരിപക്ഷം പ്രവർത്തനങ്ങളും ദേവർകോവിലിന്റെ കാലയളവിലാണ് നടന്നത്.

## പ്രവാസി പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ ഇടപെടണം: മായിൻ ഹാജി

കോഴിക്കോട്: പ്രവാസികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങ ൾ പരിഹരിക്കുന്നതിൽ സർക്കാരുകൾ ആവശ്യമായ ഇടപെടലുകൾ നടത്തുന്നില്ലെന്ന് മുസ്‌ലിം ലീഗ് സംസ്ഥാന വൈസ് പ്രസിഡണ്ട് എം. സി മായിൻ ഹാജി പ്രസ്താവിച്ചു. തിരിച്ചു വന്ന പ്രവാസികൾക്കായുള്ള പുനരധിവാസ പദ്ധതികൾ,പ്രവാസി വോട്ടവകാശം,യാത്രാ പ്രശ്നങ്ങൾ തുടങ്ങി പ്രവാസികളുടെ ധാരാളം പ്രശ്നങ്ങൾ നിലനിൽക്കുകയാണ് ഈ വിഷയങ്ങളിൽ കേന്ദ്രകേരള സർക്കാറുകൾ മൗനം പാലിക്കുന്നത് പ്രവാസികളോട് കാട്ടുന്ന കടുത്ത അനീതിയാണെന്ന് അദ്ദേഹം പറഞ്ഞു.

പ്രവാസിലീഗ് സംസ്ഥാന കൗൺസിൽ കോഴിക്കോട് ലീഗ് ഹൗസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രസിഡണ്ട് ഹനീഫ മൂന്നിയൂർ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി കെ.പി. ഇമ്പിച്ചി മമ്മു ഹാജി സ്വാഗതം പറഞ്ഞു. ജൂലൈ 31നകം ജില്ലാതല പ്രവാസി സംഗമങ്ങൾ സംഘടിപ്പിക്കാനും ആഗസ്റ്റ് മാസത്തിൽ മണ്ഡലം പഞ്ചായത്ത് പ്രവാസി കൂട്ടായ്മകൾ സംഘടിപ്പിക്കുവാനും യോഗം തീരുമാനിച്ചു. ദളിത് നേതാവും മുസ്‌ലിം ലീഗ് മലപ്പുറം ജില്ല സെക്രട്ടറിയുമായിരുന്ന എ.പി ഉണ്ണികൃഷ്ണന്റെ വിയോഗത്തിൽ യോഗം അനുശോചിച്ചു.

പ്രവാസി ലീഗ് ദേശീയ ജനറൽ കൺവീനർ എം.എസ് അലവി, സംസ്ഥാന ട്രഷറർ കാപ്പിൽ മുഹമ്മദ് പാഷ, ഭാരവാഹികളായ കെ.സി അഹമ്മദ് ഹുമയനല്ലൂർ, ശിഹാബുദ്ദീൻ കെ.കെ, എൻ.പി ഷംസുദ്ദീൻ തുടങ്ങിയവർ സംസാരിച്ചു. എ.പി. ഉമ്മർ, കാദർ ഹാജി ചെങ്കള, സി.പി.വി അബ്ദുള്ള, അഹമ്മദ് കുറ്റിക്കാട്ടൂർ, ടി.എച്ച് കുഞ്ഞാലിഹാജി, സൈഫുദ്ധീൻ വലിയ കത്ത്, ബഷീർ തെക്കൻ, സി.കെ ബീരാൻ, പി.കെ. മൂസ, ശുഹൈബ് അബ്ദുള്ളക്കോയ, റിയാസ് അൽ ഫൗസ്, കലാപ്രേമി മാഹിൻ, സി.എ സജീർ, ഐ മുഹമ്മദ്, നാസർ കറുമ്പല്ലൂർ, അബ്ദു റസാഖ്, ഹസയിനാർ തളങ്കര, അബ്ദുള്ള മാതേരി, റസാഖ് തായലക്കണ്ടി, എ.എം.എസ് അലവി, പി.കെ. മജീദ് ഹാജി, ടി.കെ അബ്ദുള്ളക്കോയ. സി.ടി അബ്ദുന്നാസർ, ബീരാൻ ആക്കോട്, മൊയ്തീൻ കോയ മായക്കര, വി.ടി അബ്ദുറസാഖ്, മുട്ടേങ്ങാടൻ മുഹമ്മദലി ഹാജി, പി.എം ബാവ, പി.എം.എ ജലിൽ, പി.ഇബ്രാഹീം ഹാജി, എം.പി.എ ബക്കർ മാസ്റ്റർ, കെ.ടി കുഞ്ഞിമുഹമ്മദ്, എം. ഹമീദ് ഹാജി, വി.എ ഖാലിദ്, ബഷീർ എമ്പ്രയിൽ, കാദർ മുണ്ടേരി, ഒ.കെ അലിയാർ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.



# കടക്ക് പുറത്ത്

## വഹാബ് റിയാസ് തെറിച്ചു

ലഹോർ: പാക്കിസ്താൻ ടി-20 ലോകകപ്പ് ആദ്യ റൗണ്ടിൽ നിന്ന് പുറത്തായതിലെ ആദ്യ ഇരകളായി. സെലക്ഷൻ കമ്മിറ്റിയിൽ നിന്നും വഹാബ് റിയാസ്, അബ്ദുൾ റസാക്ക് എന്നിവരെ പാക്കിസ്താൻ ക്രിക്കറ്റ് ബോർഡ് പുറത്താക്കി. നേരത്തെ ചിഫ് സെലക്ടറായിരുന്ന റിയാസ് പുതിയ ഏഴംഗ സെലക്ഷൻ കമ്മിറ്റിയിലുമുണ്ടായിരുന്നു. പി.സി.ബി തലവനായ മൊഹ്സിൻ നഖ്‌വിയുടെ അടുത്ത മിത്രമായിരുന്നു അദ്ദേഹം. വളരെ പെട്ടെന്നാണ് അദ്ദേഹം നഖ്‌വിയുടെ ശത്രുവായത്. നഖ്‌വി പാക് പഞ്ചാബിലെ മുഖ്യമന്ത്രിയായപ്പോൾ അദ്ദേഹത്തിന്റെ കായിക മന്ത്രിയായിരുന്നു വഹാബ്. പിന്നീട് നഖ്‌വി പി.സി.ബി ചെയർമാനായപ്പോൾ വഹാബ് മുഖ്യസെലക്ടറായി. സീനിയർ ടീം മാനേജർ എന്ന നിലയിൽ അദ്ദേഹം ടി-20 ലോകകപ്പ് സംഘത്തിനൊപ്പം അമേരിക്കയിലുമെത്തി. വഹാബിന്റെ ഇടപെടലുകളാണ് ടീമിനെ ഇല്ലാതാക്കിയത് എന്ന പൊതുവാദം അംഗീകരിച്ചാണ് അദ്ദേഹത്തെ പുറത്താക്കിയിരിക്കുന്നത്. ഏഴംഗ സെലക്ഷൻ കമ്മിറ്റിയിൽ നിന്ന് രണ്ട് പേർ പുറത്തായതോടെ ബാക്കിയുള്ളവർ ഇവരാണ്- മുഖ്യ കോച്ച് ഗാരി കിർസ്റ്റൺ, നായകൻ ബബർ അസം, മുൻ നായകൻ മുഹമ്മദ് യൂസഫ്, ആസാദ് ഷഫീഖ്, ബിലാൽ അഫ്സൽ.

## ഹാപ്പി 75




മുംബൈ: ഈ ബ്ലാക് ആൻഡ് വൈറ്റ് ചിത്രം പുതിയ തലമുറയിലെ ക്രിക്കറ്റ് പ്രിയർക്ക് തിരിച്ചറിയാനായില്ലെന്ന് വരാം. എന്നാൽ എഴുപതുകൾ മുതൽ ഇന്ത്യൻ ക്രിക്കറ്റിനെ പിന്തുടരുന്നവർ എളുപ്പത്തിൽ ഈ ചെറുപ്പക്കാരനെ തിരിച്ചറിയും. 1949 ലെ ജൂലൈ പത്തിന് പിറന്ന ഇതിഹാസം. ഇന്ത്യൻ ക്രിക്കറ്റ് ലോകം അദ്ദേഹത്തെ ലിറ്റിൽ മാസ്റ്റർ എന്ന് വിശേഷിപ്പിച്ചു. ടെസ്റ്റ് കരിയറിൽ എത്രയോ സുന്ദരമായ ഇന്നിംഗ്സുകൾ കളിച്ച താരം. ഏകദിന ക്രിക്കറ്റിന്റെ വേഗതയിലേക്ക് ലോകം മാറിയപ്പോൾ അദ്ദേഹത്തിന് വലിയ ഇന്നിംഗ്സുകൾ കളിക്കാനായിരുന്നില്ല. പക്ഷേ 1983 ൽ ലോർഡ്സിലെ അതിവിഖ്യാത വേദിയിൽ കപിൽദേവിന്റെ ചെകുത്താൻ സംഘം ലോകകപ്പ് ആദ്യമായി ഉയർത്തിയപ്പോൾ ആ സംഘത്തിലെ ഓപ്പണർ ഈ ചെറുപ്പക്കാരനായിരുന്നു. കളികളം വിട്ട ശേഷം അദ്ദേഹം കളി പറയാൻ തുടങ്ങി. അതിമനോഹര ഇംഗ്ലീഷിൽ നിശിത വിമർശനത്തിന്റെ ക്രിസിൽ അദ്ദേഹം അചഞ്ചലനായി നിലകൊള്ളുന്നു. പറയാനുള്ളത് തുറന്ന് പറയും. ഇന്ത്യ ടി-20 ലോകകപ്പ് ബാർബഡോസിൽ സ്വന്തമാക്കിയപ്പോൾ അവിടെയും അദ്ദേഹമുണ്ടായിരുന്നു. ഇന്നലെ അദ്ദേഹത്തിന് 75. ഹാപ്പി ബെർത്ത്ഡേ ഗവാസ്ക്കർ ഭായ്.

# ചന്ദ്രിക സ്പോർട്സ്

**ആ ഗോൾ** അപാരമായിരുന്നു. പുതിയ ഒരു സൂപ്പർ താരമാണ് ആ ഗോളിലൂടെ പിറന്നത്. സത്യം പറഞ്ഞാൽ ആ ഗോൾ എത്ര കണ്ടാലും മതി വരില്ല. ലാമിനേ യമാൽ എന്ന പതിനാറുകാരനാണ് ആ ഗോൾ നേടിയതെന്നോർക്കണം. ശരിക്കും ഫ്രാൻസും സ്പെയിനും തമ്മിലുള്ള സെമി ഫൈനലിലെ യഥാർത്ത മുഹൂർത്തം അതായിരുന്നു. ഒരു പക്ഷേ ഈ യൂറോയിലെ ഏറ്റവും വലിയ മുഹൂർത്തവും ആ ഗോളായിരിക്കും. ചില ഗോളുകൾ കാലങ്ങളെ അതിജയിക്കും. യമാലിനെ പോലുള്ള കൗമാരക്കാരന്റെ കന്നി രാജ്യാന്തര ഗോൾ വലിയ വേദിയിലായതും അപാരം

–ഗാരി ലിനേക്കർ



www.chandrikadaily.com

**BREAKING** യൂറോയിൽ മൂന്ന് നാൾ വിശ്രമം. ഞായറാഴ്ച്ച ബെർലിനിലെ ഒളിംപിക് സ്റ്റേഡിയത്തിൽ ഫൈനൽ



### ഇന്ന്

കോപ്പ അമേരിക്ക
സെമി ഫൈനൽ
കൊളംബിയ-യുറഗ്വായി
(രാവിലെ 5-30)
ലൈവ് ഇല്ല

വിംബിൾഡൺ
ക്വാർട്ടർ ഫൈനലുകൾ
(ഉച്ചക്ക് 3-00 മുതൽ)
സ്റ്റാർ സ്പോർട്സ്,
ഡിസ്നേ ഹോട്ട്സ്റ്റാർ
ലൈവ്

ഒന്നാം ടെസ്റ്റ്
ഇംഗ്ലണ്ട്- വിൻഡീസ്
വൈകീട്ട് 3-30 മുതൽ
ടെൻ വൺ-ലൈവ്

# യമാൽയുഗം



## ചരിത്രഗോൾ

മ്യൂണിച്ച്: യൂറോ ചരിത്രത്തിലെ കന്നി ഗോളുകളുടെ സൗന്ദര്യം പരിശോധിക്കുമ്പോൾ പല നിമിഷങ്ങളും മുന്നിൽ വരും. 1988 ലെ യൂറോയിൽ അന്നത്തെ ഡച്ച് യുവതാരം മാർകോ വാൻബാസ്റ്റൺ സ്വന്തമാക്കിയ ഗോൾ ആദ്യം വരും. 96 ലെ യൂറോയിൽ ഇംഗ്ലണ്ടിന്റെ വിഖ്യാത താരം പോൾ ഗാസ്ക്കോയിൻ സ്വന്തമാക്കിയ ഗോൾ മറക്കാനാവില്ല. ഇതേ ചാമ്പ്യൻഷിപ്പിൽ ജർമൻ താരം കാറൽ പോബോസ്ക്കി നേടിയ ഗോളും ഒന്നാന്തരമായിരുന്നു. ആ പട്ടികയുടെ ഉയരത്തിലേക്കായിരുന്നു ഇന്നലെ അലിയൻസ് അറീനയിൽ പിറന്ന മനോഹരമായ ഗോൾ. സ്പെയിനിന്റെ 16-കാരനായ മാജിക് ബോയ് ലാമിനേ യമാൽ സ്വന്തമാക്കിയ ഗോൾ എത്ര കണ്ടാലും മതി വരില്ല. ഗോളിന്റെ ചരിത്രവും വലുതാണ്. ഒരു മേജർ സെമിയിൽ പിറക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ ഗോൾ. പെലെ എന്ന ഇതിഹാസം 58 ലെ ലോകകപ്പിൽ ഗോൾ സ്വന്തമാക്കുമ്പോൾ അദ്ദേഹത്തിന്റെ പ്രായം പതിനേഴായിരുന്നെങ്കിൽ ഇന്നലെ യൂറോ സെമിയിൽ യമാൽ ഫ്രഞ്ച് വലയിൽ പന്തെത്തിക്കുമ്പോൾ പ്രായം 16 വർഷവും 362 ദിവസവും. ആ ഗോളിന്റെ സൗന്ദര്യം പലർക്കും പറഞ്ഞിട്ടും പറഞ്ഞിട്ടും മതിയാവുന്നില്ല. ടെലിവിഷനിൽ കളി പറഞ്ഞ പ്രമുഖ ഇംഗ്ലീഷ് താരങ്ങളായ ഗാരി ലിനേക്കർ, അലൻ ഷിയറർ തുടങ്ങിയവർ പറഞ്ഞത് ഇതാണ് യൂറോയിലെ ഗോൾ എന്നായിരുന്നു. ഫ്രഞ്ചുകാരൊഴികെ ഗോൾ കണ്ടവരെല്ലാം എഴുന്നേറ്റ് നിന്നാണ് കയ്യടിച്ചത്. മൽസരത്തിന്റെ തുടക്കത്തിൽ തന്നെ ഫ്രാൻസ് സ്കോർ ചെയ്ത വേളയിലായിരുന്നു യമാലിന്റെ കാലുകളിൽ പന്ത് കിട്ടിയത്. അദ്ദേഹത്തെ തടയാൻ അഡ്രിയാൻ റാബോട്ട് ഉൾപ്പെടെ മൂന്ന് പ്രതിരോധക്കാർ. ഇവരിൽ രണ്ട് പേരെ ആദ്യ വലത് കാലിലും പിന്നെ പന്ത് ഇടത് കാലിലേക്കും മാറ്റി കബളിപ്പിച്ച് പായിച്ച നെടുനീളൻ ഷോട്ട് പതിച്ചത് പോസ്റ്റിന്റെ വലയിൽ. സാധാരണ ഗതിയിൽ ആദ്യം ഗോൾ നേടുന്നവർക്കാണ് മൽസരത്തിൽ മേൽകൈ എങ്കിൽ ഫ്രാൻസിന്റെ ആദ്യ ഗോളിലേക്ക് പന്ത് നൽകിയ സാക്ഷാൽ കിലിയൻ എംബാപ്പേ പോലും യമാലിന്റെ ഗോളിൽ ഞെട്ടിത്തരിച്ചു. ഈ ചാമ്പ്യൻഷിപ്പിലെ എല്ലാ മൽസരങ്ങളിലും പന്ത് തട്ടിയ യമാൽ മൂന്ന് അസിസ്റ്റാണ് ഇത് വരെ നൽകിയിരുന്നത്. ഇന്നലെ മൽസരത്തിന് മുമ്പ് അദ്ദേഹം മൈതാനത്ത് ഇറങ്ങിയത് മുതൽ ആത്മവിശ്വാസത്തിലായിരുന്നു. ഇടത് വിംഗിൽ നികോ വില്ല്യംസ് എന്ന കൂട്ടുകാരൻ. മധ്യത്തിൽ ഡാനി ഒൽമോ എന്ന പത്താം നമ്പറുകാരൻ. വലത് വിംഗിലായിരുന്നു യമാൽ. പലപ്പോഴും റോഡ്രിഗോയും മറ്റ് സ്പാനിഷ് മധ്യനിരക്കാരും യമാലിന് തന്നെ പന്ത് നൽകി. പേരുകേട്ട ഫ്രഞ്ച് ഡിഫൻഡർമാർ ചുറ്റും അണിനിരന്നിട്ടും പതിനാറുകാരനെ അതൊന്നും ബാധിച്ചില്ല. സ്വതസിദ്ധമായി തന്നെ അദ്ദേഹം കളിച്ചു. മൽസരത്തിന് ശേഷം സ്പാനിഷ് കോച്ച് ലുയിസ് ഡി ലാ ഫുവൻഡെ പറഞ്ഞ വാക്കുകളാണ് പ്രധാനം. പ്രതിഭയുടെ കാൽസ്പർശമാണ് നിങ്ങൾ കണ്ടത്. അതിനെ പ്രോൽസാഹിപ്പിക്കണം. അവനിൽ ലാളിത്യവും സ്നേഹവും നിലനിർത്തി കാലുകൾ മണ്ണിലുന്നി തന്നെ മുന്നേറാൻ ഞാൻ സഹായിക്കും.

## പിറന്നാൾ കപ്പാവണം

മ്യൂണിച്ച്: രാജ്യാന്തര ഫുട്ബോളിലെ കന്നി ഗോൾ-അത് യൂറോ സെമിയിൽ. അതും അതിമനോഹരമായ ലോംഗ് റേഞ്ചർ. ഗ്യാലറിയും ടെലിവിഷൻ പ്രേക്ഷകരും കയ്യടിച്ച അതിസുന്ദര മുഹൂർത്തം. ഈ മാസം 13 ന് അതായത്- രണ്ട് ദിവസം കഴിഞ്ഞാൽ അദ്ദേഹത്തിന് പിറന്നാളാണ്. പതിനേഴ് വയസ് പൂർത്തിയാവുന്നു. സ്പെയിനിന് യൂറോ കിരീടം സമ്മാനിച്ച് പിറന്നാൾ ആഘോഷിക്കാനാണ് യമാൽ ആഗ്രഹിക്കുന്നത്. ഞായറാഴ്ച്ച രാത്രിയാണ് ഫൈനൽ. ആ ദിവസത്തിലും ഗോൾ നേടണമെന്നതാണ് താരത്തിന്റെ ആഗ്രഹം. എല്ലാ മൽസരങ്ങളിലും വിജയിക്കണം. എല്ലാ മൽസരങ്ങളിലും ഗോളുകൾ സ്വന്തമാക്കണം. ഇതാണ് അദ്ദേഹത്തിന്റെ വലിയ മോഹങ്ങൾ. അപ്പോഴും ഫുട്ബോൾ ലോകം പറയുന്ന ഒരു കാര്യമുണ്ട്-ആദ്യ ഗോളിനെ മറക്കരുത്. ഒരു താരവും തന്റെ രാജ്യാന്തര കരിയറിലെ കന്നി ഗോൾ മറക്കില്ല. യമാലിനാണെങ്കിൽ അത് ലോകവും മറക്കില്ല എന്ന വലിയ അംഗീകാരവുമുണ്ട്. അഡ്രിയാൻ റാബിയോട്ട് എന്ന ഫ്രാൻസിന്റെ ഏറ്റവും മികച്ച ഡിഫൻഡറുടെ അണ്ണാക്കിലേക്കായിരുന്നു സത്യത്തിൽ ആ ഗോൾ. റാബിയോട്ട് എന്ന വലിയ ഡിഫൻഡർ കരുതിയത് തന്നെ മറികടക്കാൻ കൗമാരക്കാരന് കഴിയില്ല എന്നാണ്. അത്തരത്തിലായിരുന്നു അദ്ദേഹത്തിന്റെ ചലനങ്ങൾ. പക്ഷേ യമാലിന് മറ്റ് ഐഡിയകളായിരുന്നു. രണ്ട് ചുറ്റൽ. പിന്നെ റാബിയോട്ടിനെയും ഗോൾക്കീപ്പറെയും നിസ്സഹയനാക്കി കിടിലൻ ഷോട്ട്... ബാക്കിയെല്ലാം ചരിത്രം.

## ഗോൾ മതി

ഇന്നലെ മ്യൂണിച്ചിലെ അലിയൻസ് അറീനയെന്ന ബയേൺ മ്യൂണിച്ചിന്റെ അതിവിഖ്യാത വേദിയിൽ സ്പെയിനും ഫ്രാൻസും തമ്മിലുള്ള സെമി അവസാനിക്കുമ്പോൾ ഇന്ത്യയിൽ സമയം പുലർച്ചെ രണ്ടര മണി. കളി നടന്ന ജർമനിയിൽ സമയം അർധരാത്രി 12-15. പതിനാറുകാരായ എല്ലാ കുട്ടികളും ഏത് നാടാണെങ്കിലും കൂർക്കം വലിച്ചുറങ്ങുന്ന സമയം. എന്നാൽ സ്പെയിനിലെ ആ പതിനാറുകാരൻ അലിയൻസ് അറീനയിലെ ഫ്രഞ്ചുകാർ എന്ന പ്രതിരോധ കോട്ടക്കാരെ നേരിടുകയായിരുന്നു. സുന്ദരമായ ഗോൾ നേടി കളി കഴിഞ്ഞ് അദ്ദേഹം വാർത്താ സമ്മേളനത്തിനെത്തി. ചോദ്യങ്ങൾക്കെല്ലാം മനോഹര മറുപടി. എനിക്കിനയും ഗോൾ നേടണം. യൂറോ സ്വന്തമാക്കണം. ഫൈനൽ ആർക്കെതിരെ കളിക്കാനാണ് ആഗ്രഹമെന്ന് ചോദിച്ചപ്പോൾ അതിനും സുന്ദരമായ മറുപടി. ആര് വന്നാലും എനിക്ക് ഗോളടിക്കണം. സ്പെയിനിന് കപ്പ് സമ്മാനിക്കണം.

## ബാർസാ പയ്യൻസ്



2007 ജൂലൈ 13ന് ബാർസിലോണയിൽ ജനിച്ച യമാലിന്റെ പിതാവ് മൊറോക്കോ വംശജനായ മുനീർ നസൗറിയും മാതാവ് ഗുനിയകാരിയായ ശൈല ഇബാനയുമാണ്. മുത്തശ്ശി ഫാത്തിമ മൊറോക്കോയിൽ നിന്നും സ്പെയിനിലെത്തിയതോടെയാണ് യമാൽ സ്പാനിഷുകാരനായത്. യമാലിന് മൂന്ന് വയസുള്ളപ്പോൾ മാതാപിതാക്കൾ വേർപിരിഞ്ഞുവെങ്കിലും മകനൊപ്പം തന്നെയാണ് ഇരുവരും. ആറാം വയസിലാണ് ബാർസാ അക്കാദമിയിൽ ട്രയൽസിനെത്തുന്നത്. 2014 മുതൽ അക്കാദമി താരം. ചെറിയ പ്രായത്തിൽ തന്നെ സ്പാനിഷ് അണ്ടർ 15 സംഘത്തിലെത്തി. പോയ വർഷം യൂറോപ്യൻ അണ്ടർ 17 സോക്കറിൽ പങ്കെടുത്തു. 2023 സെപ്തംബർ ഒന്നിനാണ് ദേശീയ സീനിയർ ടീമിലെത്തിയത്. യൂറോ യോഗ്യതാ റൗണ്ടിൽ ജോർജിയ, സൈപ്രസ് എന്നിവർക്കെതിരെ കളിച്ചു. 16 വയസും 57 ദിവസമുള്ളപ്പോഴായിരുന്നു സ്പാനിഷ് നിരയിലെ ആദ്യ ഗോൾ. 2024 ജൂലൈ 9ന് യൂറോ സെമിയിലെ ഗോൾ വഴി യൂറോപ്യൻ ചാമ്പ്യൻഷിപ്പിൽ മാത്രമല്ല മേജർ ചാമ്പ്യൻഷിപ്പ് സെമിയിൽ ഗോൾ നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ കളിക്കാരനായി.

## സ്വപ്നം തകർന്ന് എംബാപ്പേ

മ്യൂണിച്ച്: യൂറോയിൽ ഫ്രാൻസിന്റെ മോഹങ്ങൾ തല്ലിക്കെടുത്തി സ്പെയിൻ. യൂറോയിലുടനീളം തപ്പിതടഞ്ഞ് കളിച്ച ദിദിയർ ദെഷാംപ്സ് സംഘം റാൻഡൽ കോലോ മൗനിയിലൂടെ ഒമ്പതാം മിനുട്ടിൽ ലീഡ് നേടിയതാണ്. പക്ഷേ ലാമിനേ യമാൽ എന്ന പതിനാറുകാരൻ നേടിയ അതിസുന്ദര ഗോളിൽ സമനില നേടിയ സ്പെയിൻ നാല് മിനുട്ടിനികം ഡാനി ഒൽമോയുടെ തകർപ്പൻ ഗോളിൽ ലീഡും നേടി. ആദ്യ പകുതിയിൽ പലവട്ടം സ്പാനിഷ് ബോക്സിൽ പറന്നു കയറിയ കിലിയൻ എംബാപ്പേക്ക് ഗോൾ നേടാൻ കഴിയാതെ വന്നപ്പോൾ രണ്ടാം പകുതിയിലും സ്പെയിനിന് തന്നെയായിരുന്നു ആധിപത്യം. മൽസരത്തിന്റെ തുടക്കത്തിൽ കരുത്ത് കാട്ടിയത് സ്പെയിനായിരുന്നു. അഞ്ചാം മിനുട്ടിൽ തന്നെ യമാൽ നൽകിയ സുന്ദരമായ ക്രോസ് ഉപയോഗപ്പെടുത്തിയില്ല. എന്നാൽ സ്പെയിൻ ആക്രമണം തുടരുന്നതിനിടെയായിരുന്നു ഫ്രഞ്ച് ഗോൾ. ഇടത് വിംഗിൽ നിന്നും കിലിയൻ എംബാപ്പേ നൽകിയ കൃത്യമായ ക്രോസ്. കോലോ മൗനി അവിടെ മാർക്ക് ചെയ്യപ്പെട്ടിരുന്നില്ല. ഉയരത്തിൽ ചാടിയ അദ്ദേഹം തകർപ്പൻ ഹെഡ്ഡറിൽ സ്പാനിഷ് ഗോൾക്കീപ്പർ ഉനോ സിമോണിനെ വീഴ്ത്തി. സ്പെയിൻ ഞെട്ടിയ നിമിഷമായിരുന്നു അത്. സ്പാനിഷ് ബെഞ്ചിൽ നിരാശ പ്രകടമാവുകയും ചെയ്തു. എന്നാൽ കടന്നാക്രമണം തുടർന്നാണ് സ്പെയിൻ യമാലിലൂടെ മിന്നും ഗോൾ നേടിയത്. യമാലും വില്ല്യംസും കർക്കശമായി മാർക്ക് ചെയ്യപ്പെട്ടിരുന്നു. ഇവരുടെ കാലുകളിൽ പന്ത് ലഭിക്കുമ്പോൾ ഫ്രഞ്ച് ഡിഫൻഡർമാരും മധ്യനിരക്കാരും വളയും. പെനാൽട്ടി ബോക്സിലേക്ക് കയറുക പ്രയാസമാണെന്ന് കരുതിയാണ് യമാൽ കിടിലൻ ലോംഗ് റേഞ്ചർ പായിച്ചത്. അതാണ് തകർപ്പൻ ഗോളായത്. ഈ ആവേശത്തിലായിരുന്നു ഒൽമോയുടെ രണ്ടാം ഗോൾ. രണ്ടാം പകുതിയിൽ ഫ്രാൻസ് സമനിലക്കായി പരമാവധി ശ്രമിച്ചു. പക്ഷേ സ്പെയിൻ അതിലേറെ മികവിൽ ചെറുത്തുനിന്നു

# മെസിയിസം

## നായകന് പുത്തൻ റെക്കോർഡ്

ന്യൂജഴ്സി: ഒന്നാം പകുതിയിൽ ജുലിയൻ അൽവാരസ്. രണ്ടാം പകുതിയിൽ ലിയോ മെസി. അർജന്റീനക്ക് സെമി വാം അപ്പിന് ഈ രണ്ട് ഗോളുകൾ ധാരാളമായിരുന്നു. കനേഡിയൻ കോച്ച് കോപ്പ സെമി ഫൈനലിന് മുമ്പ് നടത്തിയ വെല്ലുവിളി വെള്ളത്തിലെ വര പോലെയായപ്പോൾ നിലവിലെ ചാമ്പ്യന്മാർ ചാമ്പ്യൻഷിപ്പിലെ അഞ്ചാം മൽസരവും വിജയകരമായി പൂർത്തിയാക്കി ഫൈനൽ ബെർത്ത് നേടി. ഇരുവരും ചാമ്പ്യൻഷിപ്പിന്റെ ഉദ്ഘാടന മൽസരത്തിൽ മുഖാമുഖം വന്നപ്പോൾ ഇതേ മാർജിനിലായിരുന്നു അർജൻറീനക്കാരുടെ വിജയം. ഒരു മാറ്റം മാത്രം ഇന്നലെ കണ്ടു. ആദ്യ മൽസരത്തിൽ തീർത്തും പ്രതിരോധ ജാഗ്രതയിലായിരുന്ന കാനഡക്കാർ ഇന്നലെ ഇടക്കിടെ അർജന്റീനിയൻ ബോക്സിൽ അപകടകരമായ റെയ്ഡ് നടത്തി. ഇരുപത്തിരണ്ടാം മിനുട്ടിലായിരുന്നു അർജൻറീനയുടെ ആദ്യ ഗോൾ. സ്പാനിഷ് ലീഗിൽ അത്‌ലറ്റിക്കോ മാഡ്രിഡിനായി പന്ത് തട്ടുന്ന റോഡിഗ്രോ ഡി പോൾ മനോഹരമായി നൽകിയ പാസ് മാഞ്ചസ്റ്റർ സിറ്റിക്കാരനായ അൽവാരസ് അതിലും മനോഹരമായി ഉപയോഗപ്പെടുത്തിയപ്പോൾ കനേഡിയൻ ഗോൾക്കീപ്പർ മാക്സിമി ക്രപ്പോവകാഴ്ച്ചക്കാരനായിരുന്നു. ആരോഗ്യ പ്രശ്നങ്ങൾ കാരണം പതിവ് ഫോമിൽ കളിക്കാൻ കഴിയാതിരുന്ന മെസിക്ക് ഇത് വരെ ഈ കോപ്പയിൽ സ്കോർ ചെയ്യാനായിരുന്നില്ല. ആ കുറവ് അദ്ദേഹം നികത്തിയ കാഴ്ച്ചയും സുന്ദരമായിരുന്നു. എൻസോ ഫെർണാണ്ടസിൽ നിന്നും തെറിച്ച് കിട്ടിയ പന്തുമായി ബോക്സിൽ കയറിയ സൂപ്പർ താരത്തിന് ഗോൾക്കീപ്പറെ വീഴ്ത്താൻ പ്രയാസപ്പെടേണ്ടി വന്നില്ല. ഈ ഗോളോടെ കളിച്ച ആറ് കോപ്പകളിലും ഗോൾ നേടുന്ന താരമെന്ന ബഹുമതിയും രാജ്യാന്തര ഗോൾ വേട്ടയിൽ ഇറാന്റെ അലി ദായിയെ പിറകിലാക്കി കൃസ്റ്റിയാനോ റൊണാൾഡോക്ക് പിറകിൽ രണ്ടാം സ്ഥാനവും മെസി നേടി. കഴിഞ്ഞ എട്ട് തവണകളിൽ നിന്നായി അർജൻറീനയുടെ ആറാം ഫൈനൽ ബെർത്താണിത്.

ആദ്യ പകുതിയിൽ കരുത്തോടെ കളിച്ചിരുന്നു കാനഡക്കാർ. അമേരിക്കൻ മേജർ സോക്കർ ലീഗ് ക്ലബായ നാഷ്‌വിലേക്കായി കളിക്കുന്ന ജേക്കബ് ഷാഫൽബർഗിനായിരുന്നു നല്ല അവസരം ലഭിച്ചത്. പക്ഷേ അർജൻറീനിയൻ ഗോൾക്കീപ്പർ എമിലിയാനോ മാർട്ടിനസിനെ കീഴ്പ്പെടുത്താൻ അദ്ദേഹത്തിനായില്ല. ഒന്നാം പകുതിയുടെ സ്റ്റോപ്പേജ് സമയത്തായിരുന്നു കാനഡക്കാർക്ക് മൽസരത്തിലെ ഏറ്റവും മികച്ച അവസരം ലഭിച്ചത്. ഫ്രഞ്ച് ലീഗിൽ ലിലേക്കായി കളിക്കുന്ന ജോനാഥൻ ഡേവിഡിന് ലോംഗ് ത്രോയിൽ നിന്ന് പന്ത് ലഭിക്കുമ്പോൾ അദ്ദേഹത്തിന് മുന്നിൽ എമിലിയാനോ മാർട്ടിനസ് മാത്രം. എന്നാൽ ആവേശത്തിൽ ഗോൾക്കീപ്പറുടെ കരങ്ങളിലേക്കാണ് ഡേവിഡ് പന്തടിച്ചത്. സെമിയിൽ പുറത്തായെങ്കിലും ഇതാദ്യമായി കോപ്പയിൽ പങ്കെടുത്ത് കരുത്ത് കാണിച്ചാണ് ജെസി മെർസേ പരിശീലിപ്പിക്കുന്ന സംഘം മടങ്ങുന്നത്. അടുത്ത ലോകകപ്പിന് അമേരിക്കക്കും മെക്സിക്കോക്കുമൊപ്പം ആതിഥേയത്വം വഹിക്കുന്നവരെന്ന നിലയിൽ കരുത്തോടെ ഒരുങ്ങാനുള്ള അവസരവുമാണ് കോപ്പ കാനഡക്ക് നൽകിയിരിക്കുന്നത്.



ഗോൾ ആഹ്ലാദത്തിൽ ലിയോ മെസി

## വിരമിക്കാൻ ഡി മരിയ, വിടില്ലെന്ന് കോച്ച്

ഞായറാഴ്ച്ച നടക്കുന്ന കോപ്പ അമേരിക്ക ഫൈനൽ അർജന്റീനിയൻ ജഴ്സിയിൽ രണ്ട് സീനിയേഴ്സിനുള്ള അവസാന മൽസരമായിരിക്കുമെന്ന് സൂചന. മുൻനിരക്കാരൻ എയ്ഞ്ചലോ ഡി മരിയയും പിൻനിരക്കാരൻ നിക്കോളാസ് ഓട്ടോമെൻഡിയും രാജ്യാന്തര ഫുട്ബോൾ വിടാനുള്ള ഒരുക്കത്തിലാണ്. ഇത് സംബന്ധിച്ച് രണ്ട് പേരും സൂചനയും നൽകിയെങ്കിലും ഇരുവരെയും വിടില്ലെന്ന നിലപാടിലാണ് കോച്ച് ലയണൽ സ്കലോനി. ഇന്നലെ കോപ്പ സെമി ഫൈനൽ വിജയത്തിന് ശേഷം നായകൻ ലിയോ മെസിയും ഈ കാര്യം സുചിപ്പിച്ചു. അടുത്ത ലോകകപ്പ് വരെയെങ്കിലും ഇവർ തുടരണമെന്നതാണ് എല്ലാവരുടെയും താൽപ്പര്യം. അതിന് കാരണമായി പറയുന്നത് ടീം സ്പിരിറ്റ്. കുറെ കാലമായി അർജന്റീനിയൻ ജഴ്സിയിൽ കാണുന്ന കൂട്ടായ്മ അപാരമാണ്. അത് ലോകകപ്പ് വരെ നിലനിർത്തണം. ഇക്കാര്യം ഡിമരിയയെയും ഓട്ടോമെൻഡിയെയും നായകൻ മെസിയെയും ബോധ്യപ്പെടുത്തുമെന്നാണ് കോച്ച് വ്യക്തമാക്കിയത്. ഫൈനലിലെത്തുക എന്നത് ചെറിയ വികാരമല്ലെന്നാണ് മെസി പറഞ്ഞത്. അത് കൂട്ടായ്മയുടെ വിജയമാണ്. അതിനെ ആസ്വദിക്കുക. അർജൻറീനിയൻ ദേശീയ ജഴ്സിയിൽ കൂടുതൽ കാലം കളിക്കുക- ഇതായിരുന്നു മെസിയുടെ വാക്കുകൾ. മെസിക്ക് വിരമിക്കാൻ ആഗ്രഹമുള്ളിടത്തോളം സമയം അദ്ദേഹം ദേശീയ ടീമിനൊപ്പം വേണമെന്നതാണ് സ്കലോനിയുടെ വാദം. അദ്ദേഹത്തെ ആരും തടയില്ല. അതേ പോലെ തന്നെ എയ്ഞ്ചലോയെയും കാര്യം മനസിലാക്കാൻ ശ്രമിക്കുന്നതായും അദ്ദേഹം പറഞ്ഞു.

## ഇന്ത്യക്ക് ലീഡ്

### 23 റൺസ് വിജയം

ഹരാരേ: സിംബാബ്‌വെക്കെതിരായ പഞ്ചമൽസര ടി-20 പരമ്പരയിൽ ഇന്ത്യക്ക് 2-1 ലീഡ്. ഇന്നലെ നടന്ന മൂന്നാം മൽസരത്തിൽ 23 റൺസിന് ജയിച്ചാണ് ശുഭ്മാൻ ഗിൽ നയിക്കുന്ന ഇന്ത്യൻ യുവസംഘം കരുത്തരായത്. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ നാല് വിക്കറ്റിന് 182 റൺസ് സ്വന്തമാക്കിയപ്പോൾ സിംബാബ്‌വേ ആറ് വിക്കറ്റിന് 159 റൺസാണ് സ്വന്തമാക്കിയത്. നായകൻ ഗില്ലിനൊപ്പം യശ്സവി ജയ്സ്വാളാണ് ഇന്നലെ ഇന്നിംഗ്സിന് തുടക്കമിട്ടത്. 27 പന്തിൽ അദ്ദേഹം 36 ലെത്തിയപ്പോൾ രണ്ടാം മൽസരത്തിൽ അതിവേഗ സെഞ്ചറി സ്വന്തമാക്കിയ അഭിഷേക് ശർമ മൂന്നാം നമ്പറിൽ 10 റൺസാണ് നേടിയത്. ഗിൽ 49 പന്തിൽ 66 റൺസ് നേടിയപ്പോൾ റിഥുരാജ് ഗെയിക്‌വാദും തകർത്തടിച്ചു. 28 പന്തിൽ 49 റൺസ്. സഞ്ജു സാംസൺ അവസാനത്തിലാണ് ഇറങ്ങിയത്. ഏഴ് പന്തിൽ രണ്ട് ബൗണ്ടറികൾ ഉൾപ്പെടെ അദ്ദേഹം പുറത്താവാതെ 12 റൺസ് നേടിയപ്പോൾ റിങ്കുസിംഗ് ഒരു പന്തിൽ ഒരു റൺ നേടി. മറുപടി ബാറ്റിംഗിൽ തുടക്കത്തിൽ തന്നെ സിംബാബ്‌വേക്ക് പാളി. ആവേശ്ഖാന്റെ ആദ്യ ഓവറിൽ വെസ്‌ലേ മധ്‌വിരെ പുറത്തായി. തദിവനാഷേ മൗമാനി (13), ബ്രയൻ ബെന്നറ്റ് (4) എന്നിവരെല്ലാം വേഗം പുറത്തായപ്പോൾ ഡിയോൺ മേയേഴ്സ് അവസാനം വരെ പൊരുതി. 49 പന്തിൽ 65 റൺസ് നേടിയ അദ്ദേഹത്തിന് പക്ഷേ കാര്യമായ പിന്തുണ കിട്ടിയില്ല. 15 റൺസ് മാത്രം നൽകി മൂന്ന് വിക്കറ്റ് നേടിയ സ്പിന്നർ വാഷിംഗ്ടൺ സുന്ദറാണ് കളിയിലെ കേമൻ.



'ആശുപത്രിയിൽ പനിപിടിച്ച് വിറച്ചു കിടക്കുന്നവന് പാരസെറ്റമോൾ വാങ്ങി ക്കൊടുക്കാൻ പണമില്ലാത്ത സർക്കാരാണ് ഡിസംബറിൽ കേരളീയം നടത്തുവാൻ പോകുന്നത്. എന്തിനാണ് ഈ ധൂർത്ത് മേളയെന്ന് സർക്കാർ പറയണം. സർക്കാറിന്റെ മുൻഗണനാക്രമമാണ് ഇതിലൂടെ വെളിച്ചത്ത് വരുന്നത്'

– ടി.വി. ഇബ്രാഹീം



'ഇവിടെ എസ്.എഫ്.ഐ ഇല്ല, അതുകൊണ്ട് സ്വാഗതം' എന്ന നിലയിലാണ് ഇപ്പോൾ കാര്യങ്ങൾ. നാലുവർഷം ഡിഗ്രി കോഴ്സ് എന്ത് അടിസ്ഥാനത്തിലാണ് നടപ്പിലാക്കിയതെന്ന് മനസിലാകുന്നില്ല. ഏതെങ്കിലും ഒരു റിപ്പോർട്ട്, അല്ലെങ്കിൽ ഏതെങ്കിലും ഒരു പഠനം ഇതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുണ്ടോ. മൂന്നുവർഷംകൊണ്ട് പഠിച്ച കാര്യം നാലുവർഷം കൊണ്ട് പഠിക്കണമെന്നാണോ നിങ്ങൾ കാണുന്നത്. ഇതുകൂടി നിങ്ങൾ പാർട്ടിയിൽ ചർച്ച ചെയ്യണം.

– പി.കെ ബഷീർ

## കേരള വാർത്തകൾ

## നടിയെ ആക്രമിച്ച കേസ്: അതിജീവിതയുടെ ഹർജിയിൽ വാദം കേൾക്കും

കൊച്ചി: നടിയെ ആക്രമിച്ച കേസിൽ മെമ്മറി കാർഡ് പരിശോധിച്ചതിലെ അന്വേഷണ റിപ്പോർട്ട് റദ്ദാക്കണമെന്ന അതിജീവിതയുടെ ഹർജിയിൽ ഹൈക്കോടതി ആഗസ്റ്റ് അഞ്ചിന് വാദം കേൾക്കും. ഉപ ഹർജിയായി പരിഗണിക്കാനാകുമോ എന്നതിൽ വാദം അറിയിക്കണമെന്ന് കോടതി വ്യക്തമാക്കി. മെമ്മറി കാർഡ് പരിശോധിച്ചതിലെ അന്വേഷണ റിപ്പോർട്ട് റദ്ദാക്കണമെന്ന ആവശ്യവുമായി നടി കോടതിയെ സമീപിച്ചത്.കൊച്ചിയിൽ നടിയെ ആക്രമിച്ച കേസിലെ സുപ്രധാന തെളിവായ മെമ്മറി കാർഡ് മൂന്ന് തവണയാണ് നിയമ വിരുദ്ധമായി പരിശോധിച്ചത്. നടിയെ ആക്രമിച്ച കേസിലെ തെളിവായ, പീഡന ദൃശ്യങ്ങളടങ്ങിയ മെമ്മറി കാർഡ് നിയമ വിരുദ്ധമായി പരിശോധിച്ചത് മൂന്ന് കോടതികളിലെന്നാണ് അന്വേഷണ റിപ്പോർട്ട്.

ജഡ്ജ് ഹണി എം വർഗീസ് ആണ് മെമ്മറി കാർഡ് സംബന്ധിച്ച അന്വേഷണം നടത്തിയത്. അവർ ഹൈക്കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിലെ വിവരങ്ങളാണ് പുറത്തുവന്നത്.2018 ജനുവരി 9ന് മെമ്മറി കാർഡ് നിയമ വിരുദ്ധമായി പരിശോധിച്ചത് അങ്കമാലി മജിസ്ട്രേറ്റ് ആണെന്ന് റിപ്പോർട്ട് പറയുന്നു. 2018 ഡിസംബർ 13ന് മെമ്മറി കാർഡ് പരിശോധിച്ചത് ജില്ലാ പ്രിൻസിപ്പാൾ സെൻസ് കോടതി ബെഞ്ച് ക്ലാർക്ക് ആണ്. മെമ്മറി കാർഡ് ഉപയോഗിച്ച വിവോ ഫോൺ ശിരസ്തദാറിന്റേതാണെന്നും അന്വേഷണ റിപ്പോർട്ട് പറയുന്നു. വിചാരണ കോടതിയിൽ മെമ്മറി കാർഡ് ഉപയോഗിച്ചത് ശിരസ്തദാറിന്റെ ഫോണിലാണെന്നും റിപ്പോർട്ടിലുണ്ട്.



സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ കീഴിൽ നെടുമ്പാശ്ശേരിയിൽ നിന്നും യാത്രതിരിച്ച് ഹജ്ജ് കഴിഞ്ഞ് തിരിച്ചെത്തിയ ആദ്യ സംഘത്തെ ഹജ്ജ് കമ്മിറ്റി ഭാരവാഹികൾ സ്വീകരിക്കുന്നു.

## ഹാജിമാരുടെ ആദ്യ സംഘം തിരിച്ചെത്തി



നെടുമ്പാശ്ശേരി: സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് കീഴിൽ നെടുമ്പാശ്ശേരി വിമാനത്താവളം വഴി യാത്ര തിരിച്ച ഹജ്ജ് തീർത്ഥാടകരിലെ ആദ്യ സംഘം തിരിച്ചെത്തി. രാവിലെ 10.25ന് നെടുമ്പാശ്ശേരിയിൽ എത്തിച്ചേർന്ന സംഘത്തിന് സംസ്ഥാന ഹജ്ജ് കമ്മിറ്റി ഭാരവാഹികളുടെ നേതൃത്വത്തിൽ ഹൃദ്യമായ വരവേൽപ്പ് നൽകി. രാവിലെയെത്തിയ സൗദി എയർലൈൻസ് വിമാനത്തിൻ 257 ഹാജിമാരാണ് ഉണ്ടായിരുന്നത്.

ഹജ്ജ് കമ്മിറ്റി മെമ്പർ സഫർ ഖയാലിന്റെ നേതൃത്വത്തിൽ തൊടിയൂർ മുഹമ്മദ് കുഞ്ഞ് മൗലവി, മുസമ്മിൽ ഹാജി, ടി കെ സലിം ഹൈദ്രോസ് ഹാജി, ജംഷീദ് ഷാജഹാൻ, എൻ.പി അൻസാരി എന്നിവർ ഇവരെ സ്വീകരിക്കാൻ ഉണ്ടായിരുന്നു. ഇന്ന് പുലർച്ചെ 1.15 നുള്ള വിമാനത്തിൽ ഹാജിമാരുടെ രണ്ടാമത്തെ തീർത്ഥാടക സംഘം എത്തും. ആകെ 16 വിമാനത്തിലായാണ് കൊച്ചിയിൽ നിന്ന് പോയ ഹാജിമാർ തിരിച്ചെത്തുന്നത്. 21ന് അവസാന ഫ്ളൈറ്റ് എത്തുന്നതോടെ കൊച്ചിയിൽ നിന്നുള്ള എല്ലാ ഹാജിമാരും എത്തിച്ചേരും. മൊത്തം 4478 പേരാണ് കൊച്ചിയിൽ നിന്ന് ഹജ്ജിനായി യാത്ര തിരിച്ചത്.

## സി.പി.എം ഇടത്തേക്ക് സിഗ്നലിട്ട് വലത്തേക്ക് പോകുന്ന പാർട്ടി: പി.കെ ബഷീർ

തിരുവനന്തപുരം: ഇടത്തേക്ക് സിഗ്നലിട്ട് വലത്തേക്ക് പോകുന്ന പാർട്ടിയായി സി.പി.എം മാറിയെന്നും ഇനിയെങ്കിലും നന്നാകണമെന്നും പി.കെ ബഷീർ. നിയമസഭയിൽ ധനാഭ്യർത്ഥന ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സി.പി.എമ്മിന്റെ പ്രസംഗം ഒന്നും പ്രവർത്തി മറ്റൊന്നുമാണ്. നാദാപുരത്തെ സി.പി.എം നേതാവ് പറയുന്നു ബിനോയ് വിശ്വത്തിന്റെ കയ്യും കാലും തല്ലിയൊടിക്കുമെന്ന്. സി.പി.ഐക്കാർ ആലോചിക്കണം, നിങ്ങൾക്ക് കേരള സമൂഹത്തിൽ ഒരു അന്തസ് ഉണ്ടായിരുന്നു. അത് ഞങ്ങൾക്ക് ഒപ്പം നിന്നപ്പോളാണ്.

1980ന് ശേഷം സി.പി.ഐയുടെ സ്ഥിതി എന്താണ്, എന്തെങ്കിലും ഒരു നേട്ടം ഉണ്ടായിട്ടുണ്ടോയെന്നും അദ്ദേഹം ചോദിച്ചു. സി.പി.എം കേന്ദ്രക്കമ്മിറ്റിക്ക് മുൻപ് കെ.കെ ശൈലജ ടീച്ചർക്ക് നിയമസഭയിൽ പ്രസംഗിക്കാൻ 15 മിനുട്ട് നൽകിയിരുന്നു. കേന്ദ്രക്കമ്മിറ്റി കഴിഞ്ഞപ്പോൾ ശൈലജ ടീച്ചർക്ക് 13 മിനുട്ടും കെ.ടി ജലീലിന് 15 മിനുട്ടുമായി. ജലീലിനും അഹമ്മദ് ദേവർകോവിലിനും നിയമസഭയിൽ പ്രസംഗിക്കേണ്ട പ്രസംഗം മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് എഴുതി കൊടുക്കുന്നതാണെന്നും ബഷീർ പരിഹസിച്ചു.

സി.പി.എം പോലൊരു പാർട്ടിക്ക് ബി.ജെ.പിയുടെ ക്രിമിനലുകൾക്ക് സ്വീകരണം നൽകി ജയ് വിളിക്കേണ്ടി വരുന്നത് ഗതികേടാണ്. തിരുവമ്പാടിയിൽ കെ.എസ്.ഇ.ബി ഓഫീസ് അക്രമിച്ചയാളുടെ പിതാവിന്റെ പേരിലുള്ള കണക്ഷൻ കട്ട് ചെയ്തു. അങ്ങനെയാണെങ്കിൽ സി.പി.എം നേതാക്കളുടെ മക്കൾ ചെയ്തുകൂട്ടുന്നതിനെല്ലാം എത്ര അച്ഛന്മാരുടെ പേരിലാണ് നടപടി എടുക്കേണ്ടി വരിക. മെഡിക്കൽ കോളജിൽ മകൻ ചെയ്ത അക്രമത്തിൽ പിതാവിന് ചികിത്സ കൊടുക്കാൻ പറ്റുമോ. മകൻ റേഷൻ ഓഫീസ് അക്രമിച്ചാൽ പിതാവിന്റെ പേരിൽ നടപടിയെടുക്കാൻ പറ്റുമോ. ഏതുകാലത്താണ് നിങ്ങൾ ജീവിക്കുന്നത്. എസ്.എഫ്.ഐ ആയതിൽ അഭിമാനം കൊള്ളുന്നു എന്നാണ് ചില നേതാക്കൾ പറയുന്നത്. ശരിയാണ്, അങ്ങനെ ഒരു കാലഘട്ടം ഉണ്ടായിരുന്നു.

ആ കാലഘട്ടം നിങ്ങൾ കളഞ്ഞുകുളിച്ചു. ഇപ്പോൾ എസ്.എഫ്.ഐയുടെ കൗണ്ട്ഡൗൺ ആണ്. പരിയാരം മെഡിക്കൽ കോളജിന്റെ കാര്യം ഓർമ്മിക്കുന്നുണ്ടല്ലോ. പരിയാരം മെഡിക്കൽ കോളജ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി, തിരുവനന്തപുരത്ത് കാര്യവട്ടം കാമ്പസ് നിങ്ങൾക്ക് എന്തുപറ്റിയെന്ന് നിങ്ങൾ ഇനിയെങ്കിലും ആലോചിക്കണം.

# പറഞ്ഞ് കുടുങ്ങി മന്ത്രി എം.ബി രാജേഷ്

### പ്രതിപക്ഷം ചോദ്യം ചെയ്തതോടെ പിൻവലിച്ച് തടിയൂരി

തിരുവനന്തപുരം: ഉപധാഭ്യർഥനകളിന്മേൽ നടന്ന ചർച്ചയ്ക്കിടെ പരസ്പരം വഴങ്ങുന്നതിലെ ജനാധിപത്യമര്യാദയെച്ചൊല്ലി സഭയിൽ ഭരണ, പ്രതിപക്ഷ വാക്കേറ്റം. തർക്കത്തിൽ ഇടപെട്ട സ്പീക്കർ അംഗങ്ങൾ പരസ്പരം വഴങ്ങുന്നതാണ് ജനാധിപത്യ മര്യാദയെന്ന് ഓർമിപ്പിച്ചു. തർക്കത്തിനിടെ പിൻനിരയെപ്പോലെയാണോ മുൻനിരയെന്ന മന്ത്രി എം.ബി രാജേഷിന്റെ പരാമർശം പ്രതിപക്ഷ നിരയിൽനിന്ന് മാത്യു കുഴൽനാടൻ ചോദ്യം ചെയ്തതോടെ മന്ത്രിക്ക് പരാമർശം പിൻവലിക്കേണ്ടിയും വന്നു. ഇന്നലെ ഉപധനാഭ്യർഥന ചർച്ച അന്തിമഘട്ടത്തിലേക്ക് കടക്കുന്നതിനിടെയാണ് പരസ്പരം വഴങ്ങലും ജനാധിപത്യ മര്യാദയുമൊക്കെ സഭയിൽ ചർച്ചയായത്. ധനമന്ത്രി കെ.എൻ ബാലഗോപാൽ ചർച്ചയ്ക്ക് മറുപടി പറയുന്നതിനിടെ പ്രതിപക്ഷ നേതാവ് ഇരിപ്പിടത്തിൽ ഇരുന്നുകൊണ്ട് രോഷാകുലനായി എതിർവാദമുന്നയിച്ചത് മന്ത്രി എം.ബി രാജേഷ് ചോദ്യംചെയ്തതോടെയായിരുന്നു വാക്കേറ്റത്തിന് തുടക്കം. പ്രതിപക്ഷ നേതാവ് ഇങ്ങനെയാണോ സഭയിൽ പെരുമാറേണ്ടതെന്ന് മന്ത്രി എം.ബി രാജേഷ് ചോദിച്ചു.

പ്രതിപക്ഷ നേതാവ് എപ്പോൾ എഴുന്നേറ്റാലും സംസാരിക്കാൻ ചെയർ അവസരം നൽകാറുണ്ട്. പിന്നെന്തിനാണ് പിൻബെഞ്ചിൽ ഇരിക്കുന്നവരെ പോലെ മുൻബെഞ്ചിലിരിക്കുന്ന പ്രതിപക്ഷ നേതാവ് ചെയ്യുന്നത്. പിൻബെഞ്ചിലിരിക്കുന്നവർക്ക് എന്തുമാകാം. അങ്ങയെപ്പോലെ ഒരാളിത് ചെയ്യാമോയെന്നും മന്ത്രി ചോദിച്ചു. താൻ സംസാരിക്കുന്ന സമയത്ത് എല്ലാവർക്കും മാതൃകയാകേണ്ട പാർലമെന്ററികാര്യ മന്ത്രി എം.ബി രാജേഷ് ഇടയ്ക്കിടക്ക് എഴുന്നേറ്റ് തടസപെടുത്താറുണ്ടെന്നും അങ്ങനെയുള്ള മന്ത്രി തനിക്ക് മാതൃക കാണിച്ചു തരേണ്ടെന്നും പ്രതിപക്ഷ നേതാവ് തിരിച്ചടിച്ചു. താൻ എഴുന്നേൽക്കാറുണ്ടെന്നും പ്രതിപക്ഷ നേതാവ് വഴങ്ങുമ്പോൾ മാത്രമേ സംസാരിക്കാറുള്ളൂവെന്നും മന്ത്രി പറഞ്ഞതോടെ സഭയിൽ ബഹളമായി. ഇടപെട്ടു സംസാരിച്ച സ്പീക്കർ മന്ത്രിമാർ പ്രതിപക്ഷ നേതാവിനും പ്രതിപക്ഷ നേതാവ് മന്ത്രിമാർക്കും സംസാരിക്കുന്നതിന് വഴങ്ങുന്നതാണ് ജനാധിപത്യ മര്യാദയെന്ന് ഓർമിപ്പിച്ചു. താൻ സംസാരിക്കുമ്പോൾ ഭരണപക്ഷത്ത് നിന്ന് ഒരാളല്ല, പകരം അവർ എല്ലാവരും കൂടി എഴുന്നേറ്റ് നിന്ന് ഭീഷണിപ്പെടുത്തി വഴങ്ങാൻ ആവശ്യപ്പെടുകയാണെന്നും അങ്ങനെയാകുമ്പോൾ തന്നിൽ നിന്ന് ആ മര്യാദ പ്രതീക്ഷിക്കേണ്ടെന്നും പ്രതിപക്ഷ നേതാവ് തിരിച്ചടിച്ചു. ഇതിനിടയിൽ എഴുന്നേറ്റ മാത്യു കുഴൽനാടൻ പാർലമെന്ററികാര്യ മന്ത്രിയിൽ നിന്നും ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത പരാമർശമാണ് മന്ത്രി എം.ബി രാജേഷ് നടത്തിയതെന്ന് വിമർശിച്ചു. പിൻബെഞ്ചിൽ ഇരിക്കുന്നവർക്ക് എന്തുമാകാമെന്ന മന്ത്രിയുടെ പരാമർശം ചൂണ്ടിക്കാട്ടിയ മാത്യു തങ്ങളെന്താ മോശക്കാരാണോയെന്ന് ചോദിച്ചു. ഇവിടെ എല്ലാവർക്കും ഒരേ അവകാശങ്ങളും അധികാരങ്ങളും അല്ലേ ഉള്ളതെന്നും ചോദിച്ചതോടെ സ്പീക്കർ വീണ്ടും ഇടപെട്ടു. ഇതിനിടയിൽ എഴുന്നേറ്റ മന്ത്രി എം.ബി രാജേഷ് തന്റെ പരാമർശം തെറ്റായിപ്പോയെന്നും പിൻവലിക്കുകയാണെന്നും പറഞ്ഞു. സഭാരേഖകളിൽ നിന്നും നീക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

## പാഠപുസ്തകം പോലും തെറ്റുകൂടാതെ ഇറക്കാൻ കഴിയുന്നില്ല: ടി.വി ഇബ്രാഹീം

തിരുവനന്തപുരം: പരിഷ്കരിച്ച പാഠപുസ്തകങ്ങൾ വികലമായതും ചരിത്രത്തോട് നീതി പുലർത്താത്തതുമാണെന്ന് ടി.വി ഇബ്രാഹീം. നിയമസഭയിൽ ധനകാര്യ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും വലിയതുക ചെലവഴിച്ച് രൂപകൽപന ചെയ്തതാണ് പാഠപുസ്തകങ്ങൾ. 30 ലക്ഷം രൂപയോളം ശമ്പളവും യാത്രാബത്തയും മറ്റ് അനുകൂല്യങ്ങളുമാണ് പാഠപുസ്തക നിർമ്മാണ കമ്മിറ്റിയിലെ ഒരംഗം കൈപ്പറ്റിയത്. എന്നാൽ മതിയായ ചർച്ചയോ പരിശോധനയോ നടത്താതെയാണ് പാഠ പുസ്തകങ്ങൾ അച്ചടിച്ചത്. വ്യാപകമായ തെറ്റുകളാണ് പാഠപുസ്തകങ്ങളിലുള്ളത്. ഗൂഗിളിൽ നോക്കിയാൽ പോലും കിട്ടുന്ന യാഥാർത്ഥ്യങ്ങളാണ് വലിയ തെറ്റുകളായി പാഠ പുസ്തകങ്ങളിൽ കടന്ന് കൂടിയിട്ടുള്ളത്. കോടിക്കണക്കിന് രൂപയാണ് ഇതിനെല്ലാം ചെലവഴിച്ചത്. ഇത്തരം ധനകാര്യ പിടിപ്പുകേടാണ് കേരളത്തിനെ നിലവിലെ പരിതാപകരമായ അവസ്ഥയിലേക്ക് എത്തിച്ചത്.

ഹയർ സെക്കണ്ടറി അധ്യാപക നിയമനങ്ങൾ അട്ടിമറിക്കപ്പെട്ടുവെന്നും അദ്ദേഹം കുറ്റപ്പെടുത്തി. കഷ്ടപ്പെട്ട് പി.എസ്.സി പരീക്ഷ എഴുതി ലിസ്റ്റിൽ കയറിയ വിവിധ വിഷയങ്ങളിലെ അധ്യാപകർ, നിയമനം കിട്ടാതെ ഉഴലുകയാണ്. ഇവരെ എങ്ങിനെ നിയമിക്കാതിരിക്കാൻ കഴിയുമെന്നാണ് സർക്കാർ ആലോചിക്കുന്നത്. സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സാഹചര്യത്തിൽ ചെലവുകൾ വെട്ടിക്കുറക്കുന്നതിനായി ഇറക്കിയ ഉത്തരവുകൾ പാലിക്കപ്പെടുന്നില്ല. ചെലവ് ചുരുക്കുക എന്നാൽ പാവപ്പെട്ടവർക്ക് നൽകാനുള്ള ആനുകൂല്യങ്ങൾ തടഞ്ഞുവെക്കുക എന്നതാണ് സർക്കാരിന്റെ ഇപ്പോഴത്തെ നയമെന്നും അദ്ദേഹം പരിഹസിച്ചു.

2018ലെ കേരള ധന സംബന്ധമായ ഉത്തരവാദിത്ത ഭേദഗതി ആക്ട് പ്രകാരമുള്ള പുതുക്കിയ ധനലക്ഷ്യങ്ങൾ കൈവരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. കോവിഡിന്റെ പശ്ചാത്തലത്തിൽ ചെലവ് ചുരുക്കുന്നതിനും വരുമാനം വർധിപ്പിക്കുന്നതിനും രണ്ട് വിദഗ്ധസമിതികളെ സർക്കാർ നിയോഗിച്ചു. അവർ സർക്കാറിന് റിപ്പോർട്ടും നൽകി. എന്നാൽ റിപ്പോർട്ടിനുമേൽ സർക്കാർ തുടർ നടപടികൾ സ്വീകരിച്ചില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

## കുണ്ടന്നൂരിൽ സ്കൂൾ ബസിന് തീപിടിച്ചു; ആളപായമില്ല

മരട് (കൊച്ചി): മരട് കുണ്ടന്നൂർ തേവര പാലത്തിനു സമീപം സ്കൂൾ ബസ്സിന് തീപിടിച്ചു. ഈ സമയത്ത് ബസ്സിൽ വിദ്യാർഥികളാരും തന്നെ ഉണ്ടായിരുന്നില്ല. ബസ്സിലുണ്ടായിരുന്ന ഡ്രൈവറും സഹായിയായ സ്ത്രീയും രക്ഷപ്പെട്ടു. കുട്ടികളെ കയറ്റാൻ വേണ്ടി പോകുന്ന സമയത്താണ് ബസ്സിന് തീപിടിത്തം ഉണ്ടായത്, തേവര സേക്രട്ട് ഹാർട്ട് ഹൈസ്കൂളിലെ സ്കൂൾ വാഹനമാണ് അഗ്നിക്കിരയായത്. തീപിടിച്ച് ഉടനെ സമീപത്തു കൂടി പോയ വാട്ടർടാങ്ക് വെള്ളം ഉപയോഗിച്ച് തീ കെടുത്തുവാൻ ശ്രമിച്ചെങ്കിലും പൂർണ്ണമായും അണക്കാൻ സാധിച്ചില്ല. തുടർന്ന് എറണാകുളം ഗാന്ധിനഗർ ഫയർ സ്റ്റേഷനിലെ ഫയർഫോഴ്സ് യൂണിറ്റും, തൃപ്പൂണിത്തുറ ഫയർ സ്റ്റേഷനിലെ യൂണിറ്റുമെത്തി തീ പൂർണ്ണമായും അണച്ചു. ഫയർ ഉപകരണങ്ങൾ ബസ്സിൽ ഉണ്ടായിരുന്നെങ്കിലും അത് എടുക്കാനുള്ള സമയം പോലും ഉണ്ടായില്ല. അതിവേഗം തീ പടർന്നു പിടിക്കുകയാണുണ്ടായത്. തീ പിടിത്ത കാരണം വ്യക്തമായിട്ടില്ല.

## കിഫ്ബി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കണം: എൻ ഷംസുദ്ദീൻ

തിരുവനന്തപുരം: കിഫ്ബി ഏറ്റെടുത്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് എൻ.ഷംസുദ്ദീൻ. നിയമസഭയിൽ ധനകാര്യ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ബജറ്റിനു പുറമേ നിന്ന് കടമെടുക്കുന്ന കിഫ്ബി സംവിധാനം വലിയ വിമർശനങ്ങൾക്കും കേസുകൾക്കും കേരളത്തിന്റെ കടപരിധി കുറയ്ക്കുവാനും കാരണമായി. അതുകൊണ്ടുതന്നെ പുതിയ പദ്ധതികൾ കിഫ്ബി ഏറ്റെടുക്കുന്നില്ല. എന്നാൽ നിലവിൽ കിഫ്ബി ഏറ്റെടുത്ത പ്രവർത്തികൾ ഇഴഞ്ഞു നീങ്ങുകയാണ്. ഇത് സമയബന്ധിതമായി പൂർത്തിയാക്കണം.

മണ്ണാർക്കാട് അന്തർസംസ്ഥാന പാതയായ മണ്ണാർക്കാട് അട്ടപ്പാടി റോഡിന്റെ പണി അടിയന്തരമായി പൂർത്തിയാക്കുവാൻ ധനകാര്യമന്ത്രി ഇടപെടണം. ഒന്നാം ഘട്ടം പണി പുരോഗമിക്കുകയും രണ്ടാം ഘട്ടം ടെൻഡറാവുകയും ചെയ്ത ഈ റോഡിന്റെ മൂന്നാം ഘട്ടത്തിന് അനുമതിയായിട്ടില്ല. അടിയന്തരമായി മൂന്നാം ഘട്ടത്തിന് അനുമതി നൽകണം.

സംസ്ഥാനത്തെ നികുതി കുടിശ്ശിക പിരിച്ചെടുക്കുവാനുള്ള ആംനസ്റ്റി സ്കീമിന്റെ നടത്തിപ്പ് തീരുമാനിക്കാനുള്ള അധികാരം ടാക്സ് കമ്മീഷണർക്ക് നൽകുന്നത് ശരിയല്ലെന്നും അദ്ദേഹം പറഞ്ഞു.

നിയമസഭയുടെ അധികാരം സർക്കാരിന് കൈമാറുന്നതിന് പകരം ഉദ്യോഗസ്ഥന് കൈമാറുന്നത് നിയമനിർമാണ തത്വങ്ങൾക്ക് എതിരാണെന്നും അദ്ദേഹം പറഞ്ഞു. ചർച്ചക്ക് മറുപടി നൽകിയ ധനകാര്യ മന്ത്രി കെ.എൻ ബാലഗോപാൽ, ഷംസുദ്ദീന്റെ ഭേദഗതി അംഗീകരിക്കുകയും പിന്നീട് ധനകാര്യബിൽ മാറ്റം വരുത്തുകയും ചെയ്തു.

### പ്രതിവർഷം രണ്ടു ഗഡു ഡി.എ

## ക്ഷേമപെൻഷൻ കുടിശിക തീർക്കുമെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: ക്ഷേമപെൻഷൻ വർധിപ്പിക്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. നിലവിൽ സാമൂഹ്യക്ഷേമ പെൻഷനുകളുടെ അഞ്ചുഗഡുക്കൾ കുടിശ്ശികയാണ്. 4,250 കോടി രൂപയാണ് നിലവിൽ ഈ ഇനത്തിൽ കുടിശ്ശികയായുള്ളത്. 2024–25 സാമ്പത്തിക വർഷത്തിൽ കുടിശ്ശികയുടെ ഭാഗമായി 1,700 കോടി രൂപ വിതരണം ചെയ്യുമെന്നും ചട്ടം 300 പ്രകാരം നിയമസഭയിൽ അവതരിപ്പിച്ച പ്രമേയത്തിൽ മുഖ്യമന്ത്രി വ്യക്തമാക്കി. പണഞെരുക്കം കാരണമുണ്ടായ സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക ഗുണഭോക്താക്കൾക്ക് 2024–25 സാമ്പത്തിക വർഷത്തിൽ രണ്ടു ഗഡുക്കളും 2025–26 ൽ മൂന്നു ഗഡുക്കളും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്നും മുഖ്യമന്ത്രി സഭയെ അറിയിച്ചു. സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിക്കു കാരണം കേന്ദ്രസർക്കാരിന്റെ തെറ്റായ സമീപനങ്ങളാണെന്നു ആവർത്തിച്ച മുഖ്യമന്ത്രി സാമ്പത്തിക ഉപരോധത്തിനൊപ്പം നികുതി വിഹിതവും കേന്ദ്രം വെട്ടിക്കുറച്ചെന്ന് കുറ്റപ്പെടുത്തി. ജനസംഖ്യാ നിയന്ത്രണത്തിലും പ്രതിശീർഷ വരുമാനത്തിലും കേരളം കൈവരിച്ച നേട്ടങ്ങൾ ധനകാര്യ കമ്മിഷന്റെ പുതിയ മാനദണ്ഡപ്രകാരം സംസ്ഥാനത്തിന് ദോഷകരമാകുന്ന സ്ഥിതിയാണ്. അതിന്റെ പേരിൽ നികുതിവിഹിതം കുറയ്ക്കുന്ന സമീപനമാണ് ഉണ്ടാകുന്നത്. കിഫ്ബി എടുക്കുന്ന വായ്പയും പ്രതിവർഷ കടപരിധിയിൽനിന്നു കേന്ദ്രം വെട്ടിക്കുറയ്ക്കുകയാണെന്നും, 2020–21ൽ 31,068 കോടി രൂപയായിരുന്ന കേന്ദ്രസർക്കാർ ഗ്രാൻറുകൾ 2023–24ൽ 12,068 കോടി രൂപയായി ചുരുങ്ങിയെന്നും മുഖ്യമന്ത്രി പറഞ്ഞു.

## ആരോഗ്യ–വിദ്യാഭ്യാസ മേഖലകളിൽ അവഗണന

### പരാതിയുമായി എ.കെ.എം അഷ്റഫ്

തിരുവനന്തപുരം: ആരോഗ്യ–വിദ്യാഭ്യാസ മേഖലകളിലെ പ്രശ്നങ്ങൾ പരിഹാരം കാണാതെ കാലങ്ങളായി സർക്കാർ മഞ്ചേശ്വരം മണ്ഡലത്തോട് തുടരുന്ന അവഗണന അവസാനിപ്പിക്കണമെന്ന് എ.കെ.എം അഷ്റഫ്. നിയമസഭയിൽ ധനാഭ്യർത്ഥന ബില്ലിന്മേലുള്ള ചർച്ചയിൽ സംസാരിക്കുകയായിരുന്നു.

എയിംസിന്റെ പട്ടികയിൽ ജില്ലയുടെ പേര് ഉൾപ്പെടുത്താൻ പോലും തയ്യാറാകാത്ത സർക്കാർ ആരോഗ്യമേഖലയിൽ കാസർകോട്ടെ പാവപ്പെട്ട എൻഡോസൾഫാൻ രോഗികളെയടക്കം പരിഹസിക്കുകയാണ്. കോവിഡ് കാലത്ത് അനുവദിച്ച ടാറ്റ ആശുപത്രി തകർച്ചയുടെ വക്കിലാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. കർണാടക അതിർത്തിയടച്ചതിനെ തുടർന്ന് ചികിത്സ കിട്ടാതെ കോവിഡ് കാലത്ത് 22 ജീവനുകൾ പൊലിഞ്ഞപ്പോൾ മഞ്ചേശ്വരത്ത് സർക്കാർ മേഖലയിൽ അത്യാധുനിക ചികിത്സാ സംവിധാനം ഏർപ്പെടുത്തുമെന്ന് പറഞ്ഞതാണ്. എന്നാൽ മംഗൽപ്പാടി താലൂക് ആശുപത്രി കെട്ടിട നിർമാണത്തിന് കിഫ്ബിയിൽ അനുവദിച്ച 15 കോടിയുടെ തുടർ നടപടികൾ എങ്ങുമെത്തിയിട്ടില്ല. ഇക്കാര്യം നിരവധി തവണ ആരോഗ്യ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണെന്നും എ.കെ.എം അഷ്റഫ് പറഞ്ഞു.

വിദ്യാഭ്യാസ മേഖലയിൽ ഏറെ പിന്നോക്കം നിൽക്കുന്ന മഞ്ചേശ്വരത്ത് പുതിയ ബാച്ചുകളില്ലാത്തതിനാൽ, പ്ലസ്വൺ പഠനത്തിന് സീറ്റ് ലഭിക്കാതെ അഞ്ചൂറോളം വിദ്യാർഥികൾ പടിക്ക് പുറത്താണ്. ഉന്നത പഠനത്തിന് കർണാടകയെ ആശ്രയിക്കുന്നത് ഒഴിവാക്കി, മഞ്ചേശ്വരം ഗോവിന്ദ പൈ കോളജിൽ പുതിയ കോഴ്സുകൾ അനുവദിക്കാൻ സർക്കാർ തയ്യാറാകണം. മഞ്ചേശ്വരം, കുമ്പള പൊലിസ് സ്റ്റേഷൻ വിഭജിക്കണമെന്ന ആവശ്യമുയരാൻ തുടങ്ങി കാലങ്ങളായി. പൈവളിഗെയിൽ സ്ഥലം ലഭ്യമായിട്ടും അതിന്റെ തുടർ നടപടികൾ എങ്ങുമെത്തിയിട്ടില്ല.

അതിർത്തി പ്രദേശങ്ങളിൽ കവർച്ചാ സംഘങ്ങൾ വിലസുന്നതിൽ ജനങ്ങൾ ഭീതിയിലാണ്. പട്ടാപകൽ പോലും വീടുകളും സ്ഥാപനങ്ങളും കൊള്ളയടിക്കുന്ന സ്ഥിതിയാണുള്ളത്. മോഷണ പരമ്പരകൾ നടന്നിട്ടും കേസന്വേഷണത്തിൽ പുരോഗതിയോ പ്രതികളെ പിടികൂടാനോ പൊലിസിന് കഴിയാത്തത് നാണക്കേടാണെന്നും എ.കെ.എം അഷ്റഫ് കുറ്റപ്പെടുത്തി.

### ഇൻസ്റ്റഗ്രാം പരിചയം

## 15കാരിയെ പീഡിപ്പിച്ച പ്രതിക്ക് 64 വർഷം തടവ്

തളിപ്പറമ്പ: ഇൻസ്റ്റഗ്രാമിലൂടെ പരിചയപ്പെട്ട 15 കാരിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച കേസിലെ ഒന്നാം പ്രതിക്ക് 64 വർഷവും പീഡനത്തിന് ഒത്താശ ചെയ്ത രണ്ടാം പ്രതിക്ക് 10 വർഷവും കോടതി ശിക്ഷ വിധിച്ചു. ഒന്നാംപ്രതി ഒന്നേമുക്കാൽ ലക്ഷവും രണ്ടാം പ്രതി കാൽ ലക്ഷം രൂപയും പിഴ അടക്കണം. ഒന്നാംപ്രതി തിരുവനന്തപുരം കാട്ടാക്കട സ്വദേശി എസ്.എസ്.ജിതീഷിനും രണ്ടാം പ്രതി കണ്ണൂർ പുതിയതെരുവിലെ ഹോട്ടൽ റിസപ്ഷനിസ്റ്റായിരുന്ന കണ്ണോത്തുംചാലിലെ ലയാൻ പീറ്ററിനുമാണ് തളിപ്പറമ്പ് അതിവേഗ പോക്സോ കോടതി ശിക്ഷ വിധിച്ചത്. ഇൻസ്റ്റഗ്രാമിലൂടെ പരിചയപ്പെട്ട 15 കാരി വീട്ടിൽ നിന്നു സ്കൂളിലേക്ക് ഇറങ്ങിയപ്പോഴാണ് കാട്ടാക്കട സ്വദേശി എസ്.എസ്. ജിതീഷ് കാറിലെത്തി തട്ടിക്കൊണ്ടു പോയത്. 2022 ജൂൺ എട്ടിനാണ് സംഭവം. പെൺകുട്ടിയെ കാറിൽ വച്ച് പീഡിപ്പിച്ച പ്രതി പിന്നീട് ഇക്കാര്യം പറഞ്ഞു ഭീഷണിപ്പെടുത്തി 2022 ജൂൺ 25 ന് വീണ്ടും തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ചു. 26 ന് ബെംഗളൂരുവിലേക്ക് കൊണ്ടുപോയും പീഡനം തുടർന്നു. പെൺകുട്ടിയുടെ മാതാവ് നൽകിയ പരാതിയിൽ അന്നത്തെ തളിപ്പറമ്പ് പൊലീസ് ഇൻസ്പെക്ടർ എ.വി.ദിനേശൻ, എസ്.ഐ.പി സി സഞ്ജയ് കുമാർ എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ അന്വേഷണത്തിലാണ് 28 ന് ജിതീഷിനെ അറസ്റ്റ് ചെയ്തത്. പിന്നീടാണ് കണ്ണൂർ പുതിയ തെരുവിലെ സ്വകാര്യ റെസിഡൻസിയിലെ റിസപ്ഷനിസ്റ്റായ ലയാൻ പീറ്റർ മുറി നൽകി പീഡനത്തിന് ഒത്താശ ചെയ്തു എന്ന വിവരം ലഭിച്ചത്. തുടർന്ന് 2022 ജൂലൈ 18ന് ഇയാളെയും അറസ്റ്റ് ചെയ്തു. ഈ കേസിലാണ് തളിപ്പറമ്പ് അതിവേഗ പോക്സോ കോടതി ജഡ്ജ് ആർ.രാജേഷ് വിധി പറഞ്ഞത്. പ്രോസിക്യൂഷന് വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ.ഷെറി മോൾ ജോസ് ഹാജരായി.



ജിതീഷ്



ലയാൻ പീറ്റർ

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 11 വ്യാഴം
ഗൾഫ് ചന്ദ്രിക

## സഅദിയ്യയിൽ കുറാ തങ്ങൾ അനുസ്മരണം 14ന്

ദേളി: ജാമിഅ സഅദിയ്യ ജനറൽ സെക്രട്ടറിയും ഉള്ളാൾ സംയുക്ത ജമാഅത്ത് ഖാസിയുമായ സയ്യിദ് ഫസൽ കോയമ്മ തങ്ങൾ അൽ ബുഖാരി അനുസ്മരണ പ്രാർഥനാ സമ്മേളനം 14ന് സഅദിയ്യയിൽ നടക്കും. രാവിലെ 10ന് ജലാലിയ്യ ഓഡിറ്റോറിയത്തിൽ പ്രമുഖ സാദാത്തീങ്ങളും പണ്ഡിതന്മാരും നേതൃത്വം നൽകും. ഖത്മുൽ ഖുർആൻ, തഹ്‌ലീൽ, ഉദ്ബോധനം, സമൂഹ പ്രാർഥന എന്നീ പരിപാടികൾ നടക്കും.

## മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനം

കാസർകോട്: മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ എഴുതാൻ താൽപര്യമുള്ള ഈ അധ്യായന വർഷം പ്ലസ് വൺ സയൻസ് കോഴ്സിൽ പഠനം നടത്തുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് രണ്ടു വർഷത്തെ എൻട്രൻസ് പരിശീലനം നൽകുന്നു. ജൂലൈ 25നകം എൻട്രൻസ് കോച്ചിംഗ് സ്ഥാപനം സ്ഥിതി ചെയ്യുന്ന ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കണം. അംഗീകൃത സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന വിദ്യാർഥികൾക്ക് രണ്ടു ഗഡുക്കളായി 20000 രൂപ അനുവദിക്കും. സ്ഥാപനങ്ങൾ സംബന്ധിച്ച വിവരങ്ങൾക്ക് ജില്ലാ പട്ടികജാതി വികസന ഓഫീസുമായി ബന്ധപ്പെടണം. ഫോൺ- 04994 256162.



# എരിയാലിലെ 'ചെളിക്കുള'ത്തിന് താൽക്കാലിക പരിഹാരം

എരിയാൽ: ദേശീയപാതയിൽ എരിയാൽ പാലത്തിന് സമീപത്തെ റോഡിലെ ചെളിക്കുളത്തിന് താൽക്കാലിക പരിഹാരം. ബുധനാഴ്ച രാവിലെയാണ് പണി തുടങ്ങിയത്. മഴ കുറഞ്ഞത് കാരണം ഈ ഭാഗത്ത് വെള്ളം കെട്ടിനിൽക്കുന്ന ഭാഗം നന്നാക്കുകയായിരുന്നു. റോഡിൽ വെള്ളം കെട്ടിനിൽക്കുന്നത് കാരണം യാത്രക്കാർക്ക് പ്രയാസമായിരുന്നു. ചെറുതും വലുതുമായ നൂറു കണക്കിന് വാഹനങ്ങൾ പോകുന്ന റോഡിനായിരുന്നു ഈ ദുരവസ്ഥ. രാത്രി സമയത്ത് ഇതിലൂടെയുള്ള യാത്രക്കിടയിൽ പലരും അപകടത്തിൽപെട്ടിരുന്നു.

കാസർകോട്- മംഗളൂരു പാതയിലെ ഏറ്റവും തിരക്കേറിയ സ്ഥലത്താണ് ഈ 'ചെളിക്കുളം'. ഇരുചക്ര വാഹനങ്ങൾ മറിഞ്ഞ് അപകടത്തിൽ പെടുന്നത് പതിവാണിവിടെ. വലിയ വാഹനങ്ങൾ കടന്നുപോകുമ്പോൾ ബൈക്ക് യാത്രക്കാരുടെ ദേഹത്തേക്ക് ചെളിവെള്ളം പതിക്കുന്നതും പതിവാണ്. ഭിന്നശേഷിക്കാരുടെ മുച്ചക്ര വാഹനങ്ങൾ കടന്നുപോകുന്നതിനു പ്രയാസമുണ്ട്. എരിയിൽ പാലത്തിലെ ദേശീയപാതയിലെ യാത്രക്കാരുടെ ദുരിതത്തിന് പരിഹാരം കാണണമെന്ന് സാമൂഹിക പ്രവർത്തകനായ മാഹിൻ കുന്നിൽ, ജില്ലാ കലക്ടർ, കുഡ്‌ലു വില്ലേജ് ഓഫീസർ, മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർ മുഖേന അധികൃതരോട് ആവശ്യപ്പെട്ടിരുന്നു. ഇതേതുടർന്ന് ജില്ലാ ഭരണകൂടം ചെളിക്കുളം നന്നാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശവും നൽകിയിരുന്നു.



*ദേശീയപാതയിൽ എരിയാൽ പാലത്തിന് സമീപം രൂപപ്പെട്ട ചെളിക്കുളം മെറ്റലിട്ട് നന്നാക്കുന്നു*

## കേരള കേന്ദ്ര സർവകലാശാലയിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് നിയമനം

പെരിയ: കേരള കേന്ദ്ര സർവകലാശാലയിൽ കരാർ അടിസ്ഥാനത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിനെ നിയമിക്കുന്നു. ക്ലിനിക്കൽ സൈക്കോളജി/കൗൺസിലിംഗ് സൈക്കോളജി എന്നിവയിൽ ഏതിലെങ്കിലും റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ (ആർ.സി.ഐ)യുടെ രജിസ്ട്രേഷനോടുകൂടിയ ബിരുദാനന്തര ബിരുദം, എം.ഫിൽ, കൗമാര/ യൂത്ത് കൗൺസിലിങ്ങിൽ രണ്ടു വർഷത്തെ പ്രവൃത്തി പരിചയം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ പ്രാവീണ്യം എന്നിവയാണ് അടിസ്ഥാന യോഗ്യതകൾ. പ്രായപരിധി 55 വയസ്സ്. താത്പര്യമുള്ളവർ ജൂലൈ 18ന് രാവിലെ 11 മണിക്ക് പെരിയ കാമ്പസിൽ നടക്കുന്ന അഭിമുഖത്തിന് അസൽ രേഖകളുമായി ഹാജരാകണം. രാവിലെ 10 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റ് സന്ദർശിക്കുക.

## തൃക്കരിപ്പൂരിൽ അറുപത് ലൈഫ് വീടുകളുടെ താക്കോൽദാനം നാളെ

തൃക്കരിപ്പൂർ: തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിൽ ലൈഫ് പദ്ധതിയിൽ 2023-24 സാമ്പത്തിക വർഷത്തിൽ പണി പൂർത്തീകരിച്ച അറുപത് വീടുകളുടെ താക്കോൽ ദാനവും ഗുണഭോക്താക്കളുടെ കുടുംബ സംഗമവും സംഘടിപ്പിക്കും. ഭരണസമിതിയുടെ കൃത്യമായ മോണിറ്ററിംഗും പിന്തുണയും നിർവഹണ ഉദ്യോഗസ്ഥന്റെ കൃത്യമായ ഇടപെടലുമാണ് കരാറിലേർപ്പെട്ട 90 ശതമാനത്തിനു മുകളിൽ വീടുകളും പൂർത്തിയാക്കുന്നതിൽ പങ്കുവഹിച്ചതെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.കെ ബാവ പറഞ്ഞു.

നാളെ ഉച്ചക്ക് മൂന്നു മണിക്ക് സി.എച്ച് മുഹമ്മദ് കോയ സ്മാരക ഓഡിറ്റോറിയത്തിൽ പഞ്ചായത്ത് പ്രസിഡന്റ് വി.കെ ബാവ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ ഗുണഭോക്താക്കൾക്കുള്ള താക്കോൽദാനകർമം നിർവഹിക്കും. ലൈഫ് മിഷൻ ജില്ലാ കോർഡിനേറ്റർ എം. വത്സൻ മുഖ്യാതിഥിയാകും. പഞ്ചായത്തിന്റെ സ്നേഹോപഹാരമായി എല്ലാ കുടുംബങ്ങൾക്കും സ്പോൺസർ ചെയ്തിട്ടുള്ള ഗൃഹോപകരണവും വിതരണം ചെയ്യും.

## ഡി.വൈ.എഫ്.ഐ നേതാവിന്റെ സ്വത്തിനെ കുറിച്ച് ഉന്നതതല അന്വേഷണം വേണം: യൂത്ത് ലീഗ്


ഉദുമ: ഡി.വൈ.എഫ്.ഐ നേതാവ് വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചുവെന്നും അതിനെ കുറിച്ച് സി.പി.എം ഉദുമ ഏരിയ കമ്മിറ്റിയിൽ ചർച്ച വരുകയും പാർട്ടി അന്വേഷണ കമ്മിഷൻ നിയമിച്ചുവെന്നും വാർത്തകൾ പുറത്തുവന്ന സാഹചര്യത്തിൽ ഉന്നതതല അന്വേഷണം വേണമെന്ന് മുസ്‌ലിം യൂത്ത് ലീഗ് ഉദുമ മണ്ഡലം കമ്മിറ്റി ആവശ്യപ്പെട്ടു.

ജോലി ലഭിക്കാൻ അമ്പത് ലക്ഷം, അമ്പത് ലക്ഷത്തിന്റെ വീട്, 22 ലക്ഷത്തിന്റെ കാർ, ഒരു കമ്മ്യൂണിസ്റ്റ് യുവജന നേതാവിന്റെ ആസ്തിയെ കുറിച്ച് പാർട്ടി ഏരിയ കമ്മിറ്റിയിൽ വന്ന ചർച്ചയിൽ പുറത്തുകാര്യങ്ങളാണ്. ഒരു യുവജന നേതാവിന് ഇത്രയും വലിയ ആസ്തി എങ്ങനെയുണ്ടായി എന്നത് വലിയ അൽഭുതമാണ്. നേതാവ് പറയുന്നത് പോലെ ബാങ്ക് വായ്പയാണെങ്കിൽ ഇതിനേക്കാൾ വലിയ ആസ്തി രേഖകൾ കാണിക്കേണ്ടിവരും. അങ്ങനെയെങ്കിൽ ആകെ ആസ്തി ഒന്നരകോടി കവിയും.ബേക്കൽ ബീച്ച് ഫെസ്റ്റിവെലുമായി ബന്ധപ്പെട്ട് വലിയ ആരോപണങ്ങൾ ഉയർന്നത് എല്ലാവരും അറിയുന്ന കാര്യമാണ്. ഫെസ്റ്റിവലിന്റെ പ്രധാന കമ്മിറ്റിയിൽ യുവജന നേതാവ് ഉണ്ടായിരുന്നുവെന്നതും ഇതിനോടൊപ്പം കൂട്ടി വായിക്കേണ്ട കാര്യമാണ്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണമെന്ന് പ്രസിഡന്റ് റഊഫ് ബായിക്കര, ജനറൽ സെക്രട്ടറി ഖാദർ ആലൂർ ആവശ്യപ്പെട്ടു.

## കെ. കരുണാകരന്റെ ജന്മദിനം ആചരിച്ചു

കാസർകോട്: കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഭരണം സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക സുരക്ഷിതത്വത്തിന് ഉലച്ചിൽ ഉണ്ടാക്കുമെന്ന് തിരിച്ചറിഞ്ഞ നേതാവാണ് കെ. കരുണാകരനെന്ന് രാജ്മോഹൻ ഉണ്ണിത്താൻ എം.പി അനുസ്മരിച്ചു. ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഡി.സി.സി ഓഫീസിൽ മുൻ മുഖ്യമന്ത്രി കെ. കരുണാകരന്റെ നൂറ്റി ആറാം ജന്മദിനത്തിൽ പുഷ്പാർച്ചനക്കു ശേഷം നടന്ന അനുസ്മരണ യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചും സമൂഹത്തിൽ വർഗീയപരമായ ഭിന്നിപ്പുണ്ടാക്കിയും അധികാരത്തിൽ വന്ന് കേരളത്തിന്റെ സമ്പത്ത് കൊള്ളയടിക്കാനും ജനങ്ങളിൽ ഭീതി ഉണ്ടാക്കി ഏകാധിപത്യഭരണമുറപ്പിക്കുക എന്നതുമാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ലക്ഷ്യം. അതിനെതിരെ ജനാധിപത്യത്തിലും മതേതര സങ്കൽപ്പങ്ങൾക്കും പ്രാമുഖ്യം നൽകുന്ന ഐക്യ ജനാധിപത്യമുന്നണി കെട്ടിപ്പടുത്തത് ലീഡർ കെ. കരുണാകരനാണ്- അദ്ദേഹം പറഞ്ഞു. ഡി.സി.സി പ്രസിഡന്റ് പി.കെ ഫൈസൽ അധ്യക്ഷത വഹിച്ചു. നേതാക്കളായ കെ. നീലകണ്ഠൻ, പി.എ അഷ്റഫലി, എം.സി പ്രഭാകരൻ, കരുൺ താപ്പ, അഡ്വ: പി.വി സുരേഷ്, സി.വി ജയിംസ്, ഗീതാ കൃഷ്ണൻ, ധന്യാ സുരേഷ്, എം. രാജീവൻ നമ്പ്യാർ, കെ.വി ഭക്തവത്സലൻ, കെ. ഖാലിദ്, എ. വാസുദേവൻ ജവാദ് പുത്തൂർ, ബി.എ ഇസ്മയിൽ, ശ്യാം പ്രസാദ് മാന്യ, എം. പുരുഷോത്തമൻ നായർ, എ. ഷാഹുൽ ഹമീദ്, അർജുനൻ തായലങ്ങാടി സംസാരിച്ചു.



*മുൻ മുഖ്യമന്ത്രി കെ. കരുണാകരന്റെ നൂറ്റി ആറാം ജന്മദിനത്തിൽ പുഷ്പാർച്ചനക്കു ശേഷം ഡി.സി.സി ഓഫീസിൽ നടന്ന അനുസ്മരണ യോഗം രാജ്മോഹൻ ഉണ്ണിത്താൻ എം.പി ഉദ്ഘാടനം ചെയ്യുന്നു*

## പട്ടാപ്പകൽ യുവതിയുടെ സ്കൂട്ടർ മോഷ്ടിച്ചു

കാഞ്ഞങ്ങാട്: പട്ടാപ്പകൽ യുവതിയുടെ സ്കൂട്ടർ മോഷണം പോയതായി പരാതി. അതിഞ്ഞാൽ നീതി മെഡിക്കൽ സ്റ്റോറിലെ ജീവനക്കാരി പാലക്കുന്ന് പള്ളത്തെ രജിതയുടെ ജൂപ്പിറ്റർ സ്കൂട്ടറാണ് മോഷണം പോയത്. അതിഞ്ഞാലിലെ അജാനൂർ അർബൻ സഹകരണ സംഘം ഓഫീസിന് മുന്നിൽ പാർക്ക് ചെയ്തതായിരുന്നു. മോഷ്ടാവിന്റെ സിസിടിവി ദൃശ്യം പുറത്തുവന്നിട്ടുണ്ട്. ഇയാളെക്കുറിച്ചുള്ള വിവരങ്ങൾ അറിയുന്നവർ അടുത്തുള്ള പൊലീസ് സ്റ്റേഷനിലോ 9495617007 നമ്പറിലോ അറിയിക്കാൻ അഭ്യർഥന.



*യുവാവ് സ്കൂട്ടിയുമായി പോകുന്ന സി.സി.ടി.വി ദൃശ്യം*

## ആരോഗ്യ- വിദ്യാഭ്യാസ മേഖലയിലെ അവഗണന ചൂണ്ടിക്കാട്ടി മഞ്ചേശ്വരം എം.എൽ.എ

മഞ്ചേശ്വരം: ആരോഗ്യ- വിദ്യാഭ്യാസ മേഖലകളിലെ പ്രശ്നങ്ങൾ പരിഹാരം കാണാതെ കാലങ്ങളായി സർക്കാർ മഞ്ചേശ്വരം മണ്ഡലത്തോട് തുടരുന്ന അവഗണന അവസാനിപ്പിക്കണമെന്ന് എ.കെ.എം അഷ്റഫ് എം.എൽ.എ. നിയമസഭയിൽ ധനാഭ്യർത്ഥന ബില്ലിന്മേലുള്ള ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു. എയിംസിന്റെ പട്ടികയിൽ ജില്ലയുടെ പേര് ഉൾപ്പെടുത്താൻ പോലും തയാറാകാത്ത സർക്കാർ ആരോഗ്യ മേഖലയിൽ കാസർകോട്ടെ പാവപ്പെട്ട എൻഡോസൾഫാൻ രോഗികളെയടക്കം പരിഹസിക്കുകയാണെന്നും അദ്ദേഹം ആരോപിച്ചു.



കോവിഡ് കാലത്ത് അനുവദിച്ച ടാറ്റ ആശുപത്രി തകർച്ചയുടെ വക്കിലാണ്. ഇതിന്റെ കണ്ടെയ്നർ മാറ്റാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കർണാടക അതിർത്തിയടച്ചതിനെ തുടർന്ന് ചികിത്സ കിട്ടാതെ കൊവിഡ് കാലത്ത് 22 ജീവനുകൾ പൊലിഞ്ഞപ്പോൾ മഞ്ചേശ്വരത്ത് സർക്കാർ മേഖലയിൽ അത്യാധുനിക ചികിത്സാ സംവിധാനം ഏർപ്പെടുത്തുമെന്ന് പറഞ്ഞതാണ്. എന്നാൽ മംഗൽപാടി താലൂക് ആശുപത്രി കെട്ടിട നിർമാണത്തിന് കിഫ്ബിയിൽ അനുവദിച്ച 15 കോടിയുടെ തുടർനടപടികൾ എങ്ങുമെത്തിയിട്ടില്ല. ഇക്കാര്യം നിരവധി തവണ ആരോഗ്യ മന്ത്രിയുടെ ശ്രദ്ധയിൽ പ്പെടുത്തിയതായും എ.കെ.എം അഷ്റഫ് പറഞ്ഞു.

വിദ്യാഭ്യാസ മേഖലയിൽ ഏറെ പിന്നോക്കം നിൽക്കുന്ന മഞ്ചേശ്വരത്ത്, പുതിയ ബാച്ചുകളില്ലാത്തതിനാൽ പ്ലസ് വൺ പഠനത്തിന് സീറ്റ് ലഭിക്കാതെ അഞ്ഞൂറോളം വിദ്യാർഥികൾ പടിക്കു പുറത്താണ്. ഉന്നത പഠനത്തിന് കർണാടകയെ ആശ്രയിക്കുന്നത് ഒഴിവാക്കി മഞ്ചേശ്വരം ഗോവിന്ദ പൈ കോളജിൽ പുതിയ കോഴ്സുകൾ അനുവദിക്കാൻ സർക്കാർ തയാറാകണം. മഞ്ചേശ്വരം, കുമ്പള പൊലിസ് സ്റ്റേഷൻ വിഭജിക്കണമെന്ന ആവശ്യമുയരാൻ തുടങ്ങി കാലങ്ങളായി. പൈവളിഗെയിൽ സ്ഥലം ലഭ്യമായിട്ടും അതിന്റെ തുടർ നടപടികൾ എങ്ങുമെത്തിയിട്ടില്ല. അതിർത്തി പ്രദേശങ്ങളിൽ കവർച്ചാ സംഘങ്ങൾ വിലസുന്നതിൽ ജനങ്ങൾ ഭീതിയിലാണ്. പട്ടാപ്പകൽ പോലും വീടുകളും സ്ഥാപനങ്ങളും കൊള്ളയടിക്കുന്ന സ്ഥിതിയാണുള്ളത്. മോഷണ പരമ്പരകൾ നടന്നിട്ടും കേസന്വേഷണത്തിൽ പുരോഗതിയോ പ്രതികളെ പിടികൂടാനോ പൊലിസിന് കഴിയാത്തത് നാണക്കേടാണെന്നും എ.കെ.എം അഷ്റഫ് കുറ്റപ്പെടുത്തി.

# തദ്ദേശ സ്ഥാപനങ്ങളെ സാമ്പത്തികമായി തകർക്കുന്ന സർക്കാർ നടപടിക്കെതിരെ വ്യാപക പ്രതിഷേധം

കുമ്പള: കുമ്പള ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരത്ത് മുസ്‌ലിം ലീഗ് മഞ്ചേശ്വരം മണ്ഡലം പ്രസിഡന്റ് അസീസ് മരിക്ക ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് യു.പി താഹിറ യൂസുഫ് അധ്യക്ഷത വഹിച്ചു. ബി.എ റഹ്മാൻ ആരിക്കാടി സ്വാഗതം പറഞ്ഞു. മുസ്‌ലിം ലീഗ് കുമ്പള പഞ്ചായത്ത് പ്രസിഡന്റ് ബി.എൻ മുഹമ്മദലി, ജനറൽ സെക്രട്ടറി യൂസുഫ് ഉളുവാർ, മണ്ഡലം മുസ്‌ലിം ലീഗ് ഭാരവാഹികളായ എംപി ഖാലിദ്, ടി.എം ശുഹൈബ്, മുസ്‌ലിം ലീഗ് പഞ്ചായത്ത് ഭാരവാഹികളായ ഇബ്രാഹിം ബത്തേരി, മുഹമ്മദ് കുഞ്ഞി കുമ്പോൽ, സിദ്ദീഖ് ദണ്ഡഗോളി, പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ നസീമ ഖാലിദ്, അംഗങ്ങളായ താഹിറ ഷംസീർ, കൗലത്ത് ബീവി, എം.എസ്.എഫ് ജില്ലാ സെക്രട്ടറി ജംഷീദ് മൊഗ്രാൽ, ഹുസൈൻ ദർവേഷ് ആരിക്കാടി, പി.എ ഇബ്രാഹിം മൈസൂർ, നൂർ ജമാൽ, യൂസുഫ് കോട്ട, ബിഎ ഹമീദ് കടവത്ത്, അബ്ദുല്ല പേരാൽ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എം. സബൂറ പ്രസംഗിച്ചു.

കുമ്പഡാജെ: കുമ്പഡാജെ ഗ്രാമപഞ്ചായത്തിൽ മുസ്‌ലിം ലീഗ് പഞ്ചായത്ത് പ്രസിഡന്റ് അലി തുപ്പക്കല്ല് ഉദ്ഘാടനം ചെയ്തു. ഹമീദ് പൊസോളിഗെ അധ്യക്ഷത വഹിച്ചു. ബി.ടി അബ്ദുല്ലക്കുഞ്ഞി, എസ്. മുഹമ്മദ് കുഞ്ഞി, ഷാഫി മാർപ്പിനടുക്ക, ഖദീജ, മുംതാസ്, സുഹറ, ആയിഷത്ത് മാശിദ പി, റഫീഖ് കറുവത്തടുക്ക, എം.എ ബഷീർ, മുഹമ്മദ് അഗൽപ്പാടി, അലി ജി.എൻ, അബ്ദുൽ റഹ്മാൻ, അബ്ദുല്ല കെയു, ബഷീർ നീർമൂല, ബഷീർ ആർ.കെ, സൈഫ് ബാബു മാർപ്പനടുക്ക, ബാബു പടിക്കൽ സംബന്ധിച്ചു.

മഞ്ചേശ്വരം: ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന് മുന്നിൽ എ.കെ ആരിഫ് ഉദ്ഘാടനം ചെയ്തു. ഷമീന, പി.കെ ഹനീഫ്, ഷംസീന അബ്ദുള്ള, സഫ ഫാറൂഖ്, സുഹറ, കജ അബ്ദുല്ല, ഗുഡ്ഡഗിരി അബ്ദുള്ള, ഫാറൂഖ് ചെക്ക് പോസ്റ്റ്, ഹനീഫ്, ഇർഷാദ്, അഷ്റഫ്, മുബാറക്ക്, അബ്ദുള്ള ഗുഡ്ഡഗിരി, കെ.എം.കെ അബ്ദുറഹ്മാൻ ഹാജി, രാഘവ, റുബീന, സൈബുന്നിസ പ്രസംഗിച്ചു.

വോർക്കാടി: വോർക്കാടി ഗ്രാമപഞ്ചായത്ത് ഓഫീസിന് മുന്നിൽ അന്തുഞ്ഞി ഹാജി ചിപ്പാർ ഉദ്ഘാടനം ചെയ്തു. കെ. മുഹമ്മദ് പാവൂർ, മജീദ് വൊർക്കാടി, ഹാരിസ് പാവൂർ, ഇബ്രാഹിം ധർമ്മനഗർ, ബാവ ഹാജി, കെപി മൂസ, റസാക്ക് കെദമ്പാടി, പി. ഉമാവതി, ശാന്ത, ഹെലൻ ലോബോ, മുഹമ്മദ് മജൽ, ഉമർ ബോർക്കള, മൂസ കെദമ്പാടി, ബദ്റുദ്ദീൻ പാവൂർ, ഡി. സീത, കെ. സദാശിവ, പുരുഷോത്തമ അരിബൈൽ, റോണി ഡിസൂസ പ്രസംഗിച്ചു.

മീഞ്ച: ഗ്രാമപഞ്ചായത്ത് ഓഫീസിന് മുന്നിൽ ടി.എ മൂസ ഉദ്ഘാടനം ചെയ്തു. സി.എ താജുദ്ദീൻ, ഉമ്മർ സൂഫി, ബാബു കുളൂർ, മിസ്രിയ കുഞ്ഞി, റുഖിയ സിദ്ദീഖ്, എ.കെ ഖാലിദ്, മുഹമ്മദ് ജിന്ത, മുഹമ്മദ് മതങ്കൾ, സംഷീറ, മുഹമ്മദ് പ്രസംഗിച്ചു.

ഉപ്പള: മംഗൽപാടി ഗ്രാമപഞ്ചായത്ത് ഓഫീസിന് മുന്നിൽ എം. അബ്ബാസ് കുമ്പള ഉദ്ഘാടനം ചെയ്തു. ഷാഹുൽ ഹമീദ് ബന്തിയോട്, ലത്തീഫ് അറബി, അബ്ദുള്ള മാദേരി, യൂസുഫ് ഹേരൂർ, റുബീന നൗഫൽ, മജീദ് പച്ചമ്പള, ശരീഫ് പത്വാടി, ഷാഫി പത്വാടി, ഇർഷാദ് മള്ളങ്കൈ, ഇബ്രാഹിം പെരുങ്കടി, മുഹമ്മദ് ഹുസൈൻ, ബീഫാത്തിമ, ഖൈറുന്നിസ, റഷീദ ഹനീഫ്, ഹമീദ് തോട്ട, കെ.കെ ഹനീഫ് പ്രസംഗിച്ചു.

പൈവളികെ: ഗ്രാമപഞ്ചായത്ത് ഓഫീസിന് മുന്നിൽ സെഡ്.എ മൊഗ്രാൽ ഉദ്ഘാടനം ചെയ്തു. സെഡ്.എ കയ്യാർ, സാലി ഹാജി, അസീസ് കളായി, നൗഫൽ ബായാർ, ഫാറൂഖ്, ആദംബ, ഷാഫി ഹാജി, സിഎം അസീസ്, എ.ആർ കണ്ടെത്താട്, ഹമീദ് മാസിമാർ, അമീർ പെർമുദേ, പി.പി അഷ്റഫ്, ഹനീഫ് ഹാജി, അബൂ ബക്കർ ഹാജി പ്രസംഗിച്ചു.

പുത്തിഗെ: ഗ്രാമപഞ്ചായത്ത് ഓഫീസിന് മുന്നിൽ അസീസ് കളത്തൂർ ഉദ്ഘാടനം ചെയ്തു. അബ്ദുല്ല കണ്ടത്തിൽ, ഇകെ മുഹമ്മദ് കുഞ്ഞി, സുലൈമാൻ ഉജംപദവ്, ആസിഫ് അലി കന്തൽ, റഫീഖ് കണ്ണൂർ, മുഹമ്മദ് പജ്ജാനം, ബദറു കണ്ടത്തിൽ, കേശവ, കുഞ്ഞി കയ്യംകൂടൽ, മൊയ്തീൻ പ്രസംഗിച്ചു.

ചൗക്കി: മൊഗ്രാൽ പുത്തൂർ പഞ്ചായത്ത് കമ്മിറ്റി ചൗക്കിയിൽ ഒപ്പുമതിൽ സംഘടിപ്പിച്ചു. മുസ്‌ലിം ലീഗ് പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് അൻവർ ചേരങ്കൈ ഉദ്ഘാടനം ചെയ്തു. മൊഗ്രാൽ പുത്തൂർ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സമീറ ഫൈസൽ അധ്യക്ഷത വഹിച്ചു. മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് മുജീബ് കമ്പാർ സ്വാഗതം പറഞ്ഞു. മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റ് എഎ ജലീൽ മുഖ്യപ്രഭാഷണം നടത്തി. പഞ്ചായത്ത് മുസ്‌ലിം ലീഗ് ജനറൽ സെക്രട്ടറി സിദ്ദിഖ് ബേക്കൽ, സെക്രട്ടറി കരീം ചൗക്കി, കെബി അഷ്റഫ്, മൊഗ്രാൽ പുത്തൂർ പഞ്ചായത്ത് അംഗം നൗഫൽ പുത്തൂർ, റാഫി എരിയാൽ, യൂത്ത് ലീഗ് മണ്ഡലം വൈസ് പ്രസിഡന്റ് ഖലീൽ സിലോൺ, സെക്രട്ടറി ഷഫീഖ് പീബീസ്, പഞ്ചായത്ത് ട്രഷറർ മൂസ ബാസിത്ത്, അബ്ബാസ് മൊഗർ, മഹമൂദ് കുളങ്ങര, ഉപ്പി കല്ലങ്കൈ, സത്താർ ചൗക്കി, സലീം ചൗക്കി, ഷുഹൈബ്, മുജീബ് ലിബാസ്, നാസർ ബ്ലാർകോട്, ഹനീഫ് കോട്ടക്കുന്ന്, അഷ്റഫ് ചൗക്കി, അബ്ദുൽ റഹ്മാൻ കെൽ, ഇക്ബാൽ, ഗഫൂർ, നിസാർ കുളങ്ങര പ്രസംഗിച്ചു.

കാഞ്ഞങ്ങാട്: എൽ.ജി.എം.എൽ അജാനൂർ പഞ്ചായത്ത് കമ്മിറ്റിയുടെ ഒപ്പുമതിൽ പ്രതിഷേധം മഡിയൻ ജംഗ്ഷനിൽ മുസ്‌ലിം ലീഗ് കാഞ്ഞങ്ങാട് മണ്ഡലം പ്രസിഡന്റ് ബഷീർ വെള്ളിക്കോത്ത് ഉദ്ഘാടനം ചെയ്തു. എൽ.ജി.എം.എൽ മണ്ഡലം കൺവീനർ സി.കെ ഇർഷാദ് അധ്യക്ഷത വഹിച്ചു. എ ഹമീദ് ഹാജി, ഹമീദ് ചേരക്കാടത്ത്, പിഎം ഫാറൂഖ്, ബഷീർ ചിത്താരി, ഖാലിദ് അറബികാടത്ത്, ഷീബ ഉമ്മർ, കെ രവീന്ദ്രൻ, നദീർ കൊത്തിക്കാൽ, ആസിഫ് ബദർ നഗർ, ഇബ്രാഹിം ആവിക്കാൽ, കുഞ്ഞാമിന സി, ഷക്കീല ബദറുദ്ധീൻ, സി.എച്ച് ഹംസ, ഹാജറ സലാം സംസാരിച്ചു.

തൃക്കരിപ്പൂർ: തൃക്കരിപ്പൂർ പഞ്ചായത്തിന് മുന്നിൽ സ്ഥാപിച്ച ഒപ്പുമതിലിന്റെ ഉദ്ഘാടനം മുസ്‌ലിം ലീഗ് ജില്ലാ സെക്രട്ടറി എ.ജി.സി ബഷീർ ഉദ്ഘാടനം ചെയ്തു. എൽജി.എംഎൽ ജില്ലാ പ്രസിഡന്റ് വി.കെ ബാവ അധ്യക്ഷത വഹിച്ചു. ശംസുദ്ദീൻ ആയിറ്റി സ്വാഗതം പറഞ്ഞു. വി.വി അബ്ദുള്ള ഹാജി, ഹാഷിം കാരോളം, എം സൗദ, ടി.എസ് നജീബ്, വി.പി.പി ശുഹൈബ്, ഒ.ടി അഹമ്മദ് ഹാജി, ടി.പി അഹമ്മദ് ഹാജി, പി.കെ.എം കുട്ടി യു.പി റസാഖ്, എം. അബ്ദുൽ ശുകൂർ, ഇ.ശശിധരൻ, സാജിദ, സഫറുള്ള, കെ.എം ഫരീദ, വി.പി സുനീറ പങ്കെടുത്തു.

ഭീമനടി: വെസ്റ്റ് എളേരി പഞ്ചായത്ത് കമ്മിറ്റി ഭീമനടി ബസ്റ്റാന്റ് പരിസരത്ത് നടത്തിയ ഒപ്പുമതിൽ പ്രതിഷേധ സംഗമം വെസ്റ്റ് എളേരി പഞ്ചായത്ത് മുസ്‌ലിം ലീഗ് പ്രസിഡന്റ് എ.വി അബ്ദുൽ കാദർ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.സി ഇസ്മായിൽ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് അംഗങ്ങളായ എം.വി ലിജിന, ജയിംസ്. ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷൻ കെകെ തങ്കച്ചൻ,

പഞ്ചായത്ത് മുസ്‌ലിം ലീഗ് സെക്രട്ടറി അഹമ്മദ് കുഞ്ഞി,അബ്ദുൽ റഹ്മാൻ, പിഹമീദ് ഹാജി, പികെലത്തിഫ്,ഉമ്മർ മൗലവി, പി.കെ കരിം മൗലവി, എം.ഉസ്മാൻ, കെ.പി അഹ്മദ്, ഗ്രാമപഞ്ചായത്ത് അംഗം റൈഹാനത്ത് പ്രസംഗിച്ചു.

ചെറുവത്തൂർ: ചെറുവത്തൂർ പഞ്ചായത്ത് കമ്മിറ്റി സംഘടിപ്പിച്ച ഒപ്പുമതിൽ പ്രതിഷേധ പരിപാടി ചെറുവത്തൂർ പഞ്ചായത്ത് കാര്യാലയത്തിന് മുന്നിൽ മുസ്‌ലിം ലീഗ് ജില്ലാ സെക്രട്ടറി ടി.സി.എ റഹ്മാൻ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് മെമ്പർ മുനീർ തുരുത്തി സ്വാഗതം പറഞ്ഞു. ചെറുവത്തൂർ പഞ്ചായത്ത് യു.ഡി.എഫ് ചെയർമാൻ പൊറായിക്ക് മുഹമ്മദ് ഹാജി അധ്യക്ഷത വഹിച്ചു.

മധൂർ: മധൂർ പഞ്ചായത്ത് എം.ജി.എം.എൽ കമ്മിറ്റി നടത്തിയ ഒപ്പുമതിൽ മുസ്‌ലിം ലീഗ് ജില്ലാ സെക്രട്ടറി ഹാരിസ് ചൂരി ഉദ്ഘാടനം ചെയ്തു. മജീദ് പട്ള, ഹബീബ് ചെട്ടുംകുഴി, യു. സഹദ് ഹാജി, റഫീഖ് ഉളിയത്തടുക്ക, കരീം ബാവ, മുഹമ്മദ് കുഞ്ഞി ഹിദായത്ത് നഗർ, ഹനീഫ് അറന്തോട്, ശിഹാബ് പറക്കെട്ട്, കലന്ദർ ഷാഫി, ലത്തീഫ് ഉളിയത്തടുക്ക, സുബൈർ ചൂരി, അഷ്റഫ് പാറ, കരീം മോഗർ, ഹസൻ പാറക്കെട്ട്, കാദർ എസ്.പി നഗർ, ഹാരിസ് പാറക്കെട്ട്, മൊയ്ദീൻ, സി.എച്ച് അബ്ദുല്ല പങ്കെടുത്തു.

ഉദുമ: ഉദുമ പഞ്ചായത്ത് കമ്മിറ്റി സംഘടിപ്പിച്ച പരിപാടി മുസ്‌ലിം ലീഗ് ഉദുമ പഞ്ചായത്ത് ജനറൽ സെക്രട്ടറി എം.എച്ച് മുഹമ്മദ് കുഞ്ഞി ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ സൈനബ അബൂബക്കർ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് അംഗം ബഷീർ പാക്യാര സ്വാഗതം പറഞ്ഞു. പഞ്ചായത്ത് അംഗങ്ങളായ ഹാരിസ് അങ്കകളരി, യാസ്മിൻ റഷീദ്, ചന്ദ്രൻ നാലാംവാതുക്കൽ, ബിന്ദു സുധൻ സംബന്ധിച്ചു.

ബദിയടുക്ക: ബദിയടുക്ക ഗ്രാമപഞ്ചായത്ത് ഓഫീസിന് മുന്നിൽ കാസർകോട് മണ്ഡലം മുസ്‌ലിം ലീഗ് പ്രസിഡന്റ് മാഹിൻ കേളോട്ട് ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് ബി. ശാന്ത അധ്യക്ഷത വഹിച്ചു. അൻവർ ഓസോൺ, അബ്ദുല്ല ചാലക്കര, ഹമീദ് ഹാജി മാന്യ, എ.കെ ചെടേക്കാൽ, സത്താർ കുടുപ്പംകുഴി, കാലിദ് ബാപ്പാലിപ്പോനം, സുബൈദ, സമീന, റഫീക്ക് കോളാരി, ബി.കെ റസാക്ക്, ഹമീദ് കെടഞ്ചി, ഹമീദ് പള്ളത്തടുക്ക, അബ്ദുൽ റഹ്മാൻ കുഞ്ചാർ പ്രസംഗിച്ചു.

വലിയപറമ്പ്: വലിയപറമ്പ് പഞ്ചായത്ത് കമ്മിറ്റി ഗ്രാമപഞ്ചായത്ത് ഓഫീസിന് മുന്നിൽ ഒപ്പുമതിൽ തീർത്തു. പഞ്ചായത്ത് മുസ്‌ലിം ലീഗ് ആക്ടിംഗ് പ്രസിഡന്റ് കെപി ശുകൂർ ഹാജി അധ്യക്ഷത വഹിച്ചു. മണ്ഡലം മുസ്‌ലിം ലീഗ് സെക്രട്ടറി പികെസി അബ്ദുള്ള ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി എംടി ശഫീഖ് സ്വാഗതം പറഞ്ഞു. ഉസ്മാൻ പാണ്ട്യാല, കെപി അബ്ദുൽ മജീദ് ഹാജി, കെ.കെ അഹമ്മദ് ഹാജി, ടി.കെ അബ്ദുൽ സലാം, കെ.സി ലത്തീഫ്, കെ.കെ കുഞ്ഞബ്ദുള്ള, റാഷിദ് കോട്ടയിൽ, ബി.എസ് മഹമൂദ്, എ.ജി മജീദ് ഹാജി, കെ.കെ സഹീർ അഹമ്മദ്, എ. റഹ്മത്ത്, പി.കെ സബീന, വി.കെ അബ്ദുൽ റസാഖ്, പി. അസൈനാർ, യു. അബ്ദുൽ ഖാദർ ഹാജി, വി.കെ ഖാത്തീം, ജനപ്രതിനിധികളായ എം.ടി ബുഷ്റ, താജുന്നിസ മാടക്കാൽ, ഹസീന പ്രസംഗിച്ചു.

പടന്ന: എൽ.ജി.എം.എൽ പടന്ന പഞ്ചായത്ത് കമ്മിറ്റി സംഘടിപ്പിച്ച ഒപ്പുമതിൽ പ്രതിഷേധം മൂസഹാജി മുക്കിൽ സംസ്ഥാന മുസ്‌ലിം ലീഗ് സെക്രട്ടറിയേറ്റ് മെമ്പർ വി.കെ.പി ഹമീദലി ഉദ്ഘാടനം ചെയ്തു. തൃക്കരിപ്പൂർ മണ്ഡലം കൺവീനർ പി.വി മുഹമ്മദ് അസ്‌ലം അധ്യക്ഷത വഹിച്ചു. മുസ്‌ലിം ലീഗ് തൃക്കരിപ്പൂർ മണ്ഡലം പ്രസിഡന്റ് പി.കെ.സി റഹൂഫ് ഹാജി, മണ്ഡലം സെക്രട്ടി എച്ച്.എം കുഞ്ഞബ്ദുല്ല, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പി. ബുഷ്റ, ടി. പി മുത്തലിബ്, എ.എം ശരീഫ് ഹാജി, പി.കെ.സി നാസർ ഹാജി, യു.കെ മുഷ്താഖ്, പയനി പവിത്രൻ, ടി.കെ.എം മുഹമ്മദ് റഫീഖ്, ബാങ്ക് പ്രസിഡന്റ് വി.കെ.പി അഹമ്മദ് കുഞ്ഞി, രണ്ടാം വാർഡ് സെക്രട്ടറി വി.കെ ഖാലിദ്, മണ്ഡലം യൂത്ത് ലീഗ് പ്രസിഡന്റ് സലീൽ പി, പഞ്ചായത്ത് യൂത്ത് ലീഗ് പ്രസിഡന്റ് പി.കെ ഖമറുദ്ധീൻ, എസ്.വി കുഞ്ഞബ്ദുല്ല, വി.കെ മുഹമ്മദലി ഹാജി സംസാരിച്ചു.

### ഗവർണറുടെ തീരുമാനം സ്വാഗതാർഹം:കെ.എസ്.യു

കണ്ണൂർ: ചാൻസലർക്കെതിരെ കേസ് നടത്താനുപയോഗിച്ച സർവകലാശാല ഫണ്ട് തിരിച്ചടപ്പിക്കാനുള്ള ഗവർണറുടെ തീരുമാനം സ്വാഗതാർഹമെന്ന് കെ.എസ്.യു സംസ്ഥാന വൈസ് പ്രസിഡന്റ് മുഹമ്മദ് ഷമ്മാസ്. വിദ്യാർഥികളുടെഫണ്ട് ദുരുപയോഗം ചെയ്ത വിവിധ സർവകലാശാല വിസിമാർക്കുള്ള തിരിച്ചടിയാണ് ഗവർണറുടെ തീരുമാനം. വിസിമാർക്ക് പിന്തുണ നൽകിയ സർക്കാരും കൊള്ളയ്ക്ക് കൂട്ടു നിൽക്കുകയായിരുന്നുവെന്നും ചാൻസിലർക്കെതിരെ കേസ് നടത്താനുള്ള ഫണ്ടിംഗ് ഏജൻസിയായി സർക്കാർ സർവകലാശാലകളെ മാറ്റിയിരുന്നതായും അദ്ദേഹം പറഞ്ഞു.

### മാലിന്യം കൂട്ടിയിട്ട പച്ചക്കറി വ്യാപാരിക്ക് പിഴ

കണ്ണൂർ:മാലിന്യം തുറസ്സായ സ്ഥലത്ത് കൂട്ടിയിട്ടതിന് പച്ചക്കറി മൊത്ത വ്യാപാര സ്ഥാപനത്തിന് പിഴ.കണ്ണൂർ കോർപ്പറേഷൻ എടക്കാട് സോണിൽ നടാൽ റെയിൽവേ ഗേറ്റിനു സമീപമുള്ള പി.കെ സ്റ്റോറിനാണ് ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ് 5000 രൂപ പിഴ ചുമത്തിയത്. കടയുടെ പിറകിലായി പച്ചക്കറി അവശിഷ്ടങ്ങൾ,പ്ലാസ്റ്റിക് ബോട്ടിലുകൾ,പ്ലാസ്റ്റിക് കവറുകൾ,പ്ലാസ്റ്റിക് ക്രേറ്റുകൾ തുടങ്ങിയവ പൊതുജനാരോഗ്യത്തിന് ഭീഷണിയായ രീതിയിൽ കൂട്ടിയിട്ട നിലയിലാണ് എൻഫോഴ്സ്മെന്റ് സ്ക്വാഡ് കണ്ടെത്തിയത്. സ്ഥാപനമുടമയുടെ ചെലവിൽ സ്ഥലം വൃത്തിയാക്കി ശാസ്ത്രീയമായി മാലിന്യം സംസ്കരിക്കാൻ നിർദേശം നൽകി. ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ് ലീഡർ ഇ.പി.സുധീഷിന്റെ നേതൃത്വത്തിലാണ് പരിശോധന.ചപ്പാരപ്പടവ് പഞ്ചായത്തിൽ നടത്തിയ പരിശോധനയിൽ വിവിധ സ്ഥാപനങ്ങൾക്ക് പിഴ ചുമത്തി.മാലിന്യം വേർതിരിക്കാതെ കൂട്ടിയിട്ടതിന് പെരുമ്പടവിലെ സ്റ്റാർ കളക്ഷൻസ്,റീഗൽ ബേക്കറി എന്നീ സ്ഥാപനങ്ങൾക്ക് 5000 രൂപ വീതം പിഴ ചുമത്തി. മാലിന്യം സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന കെട്ടിട സമുച്ചയത്തിലേ ഏണിപ്പടിക്ക് താഴെ പരിസര മലിനീകരണത്തിന് കാരണമാകുന്ന വിധത്തിൽ കൂട്ടിയിട്ടതായി പരിശോധനയിൽ കണ്ടെത്തി.തുടർ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്തിന് നിർദേശം നൽകി. ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ് മേധാവി പി.പി അഷ്റഫിന്റെ നേതൃത്വത്തിലാണ് പരിശോധന.

# കണ്ണൂരിൽനിന്നുപോയ ഹാജിമാരുടെ ആദ്യസംഘം തിരിച്ചെത്തി


കണ്ണൂരിൽ നിന്നു പോയ ഹജ്ജ് തീർത്ഥാടകരിൽ ആദ്യ സംഘം വിമാനത്താവളത്തിലെത്തിയപ്പോൾ

മട്ടന്നൂർ: കണ്ണൂർ എംബാർക്കേഷൻ പോയിന്റ് വഴി ഈവർഷം ഹജ്ജിന് പോയ തീർഥാടകരിൽ ആദ്യസംഘം വീടണഞ്ഞു. വിശുദ്ധിയുടെ നിറവിൽ. ഉച്ചയ്ക്ക് 12ഓടെ 346 ഹാജിമാരാണ് സൗദി എയർലൈൻസിന്റെ എസ്.വി 5140 വിമാനത്തിൽ എത്തിയത്. വിശുദ്ധ കർമത്തിന്റെ ധന്യതയിൽ നാടണഞ്ഞ തീർഥാടകർക്ക് വിമാനത്താവളത്തിൽ സ്നേഹോഷ്മള വരവേൽപ്പ് നൽകി. രണ്ടാമത്തെ വിമാനം രാത്രി 9.50നാണ് എത്തിയത്. ആദ്യവിമാനത്തിൽ ഇറങ്ങേണ്ടവരിൽ 15 പേർ പ്രവാസികളായതിനാൽ അവർ വിവിധ വിദേശരാജ്യങ്ങളിലേക്ക് ഹജ്ജ് കർമം കഴിഞ്ഞ് ജിദ്ദയിൽ നിന്ന് മടങ്ങിയതിനാലാണ് ആദ്യ സംഘത്തിലുള്ളവരുടെ എണ്ണം 346 ആയത്.

വിമാനമിറങ്ങിയ ഹാജിമാർക്ക് പ്രത്യേക ഇരിപ്പിടം വിമാനത്താവളത്തിൽ ഒരുക്കിയിരുന്നു. സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ 18 സെൽ ഓഫീസർമാരും 20 ഹജ്ജ് വളണ്ടിയർമാരും വിമാനത്താവളത്തിൽ സേവനത്തിനുണ്ടായിരുന്നു. എമിഗ്രേഷന് ശേഷം ഓരോ ഹാജിമാരുടെയും ലഗേജുകൾ ഹജ്ജ് വളണ്ടിയർമാർ തന്നെ ഏറ്റെടുത്ത് ഹാജിമാരുടെ കയ്യിലെത്തിച്ചു. നമസ്കരിക്കാനും വിമാനത്താവളത്തിൽ സൗകര്യം ഒരുക്കിയിരുന്നു. സംസം പുണ്യജലം ഏറ്റുവാങ്ങിയ ശേഷമാണ് ഹാജിമാർ വിമാനത്താവളത്തിന് പുറത്ത് വന്നത്. തീർഥാടകർക്ക് സ്വീകരണ ഹാരങ്ങൾ സംസ്ഥാന ഹജ്ജ് കമ്മിറ്റി അംഗം പി.ടി അക്ബർ സമ്മാനിച്ചു.

തിരിച്ചെത്തിയവരിൽ പുതിയതെരു സ്വദേശി മുഹമ്മദ് കുഞ്ഞി പുരുഷൻമാർക്ക് വേണ്ടിയും പാപ്പിനിശ്ശേരിയിലെ ജബീല സ്ത്രീകൾക്ക് വേണ്ടിയും ഹാരങ്ങൾ ഏറ്റുവാങ്ങി. ഹജ്ജ് കേമ്പ് കൺവീനർമാരായ സി.കെ സുബൈർ ഹാജി, നിസാർ അതിരകം, നോഡൽ ഓഫീസർ എം.സി.കെ ഗഫൂർ, എന്നിവർ സാങ്കേതിക നടപടികൾക്ക് നേതൃത്വം നൽകി. വിമാനത്താവളത്തിൽ സംഘാടക സമിതി ഭാരവാഹികളും വിവിധ സംഘടനാ നേതാക്കളും എത്തിയിരുന്നു. കീഴല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് കെ.വി മിനി, മുസ്‌ലിം ലീഗ് ജില്ലാ സെക്രട്ടറി അൻസാരി തില്ലങ്കേരി, സ്ഥിരംസമിതി അധ്യക്ഷൻമാരായ എ.വി ശ്രീജ, ടി.കെ ലതിക പങ്കെടുത്തു. നാട്ടിലേക്ക് തിരിച്ചുവരാതെ വിദേശത്തേക്ക് മടങ്ങിയ പ്രവാസികളായ ഹാജിമാരുടെ സംസം വെള്ളം കണ്ണൂർ വിമാനത്താവളത്തിൽ നിന്ന് ഏറ്റുവാങ്ങാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. അവർ വിദേശത്തേക്ക് യാത്രചെയ്തതിന്റെ ബോർഡിംഗ് പാസ് കോപ്പിയുമായി ഹജ്ജ് കമ്മിറ്റിക്ക് പ്രത്യേക അപേക്ഷ നൽകണമെന്ന് കൺവീനർ നിസാർ അതിരകം അറിയിച്ചു.

ഹാജിമാരുടെ മടക്കയാത്രയുടെ അടുത്ത വിമാനം 13നാണ് എത്തുക. പുലർച്ചെ 2.50നും രാത്രി 9.40 നും. 17ന് പുലർച്ചെ 12.40 നും, വൈകീട്ട് ആറ് മണിക്കും രണ്ട് വിമാനങ്ങളിലായി ഹാജിമാർ തിരിച്ചെത്തും. 18ന് രാവിലെ 9.50ന് ഒരു വിമാനമെത്തും. അവസാന സംഘങ്ങൾ 19ന് രാവിലെ 5.10നും രാത്രി 11.20നും എത്തുന്നതോടെ ഈ വർഷത്തെ ഹജ്ജ് തീർഥാടന യാത്രാക്രമീകരണം പൂർത്തിയാകും.


ചന്ദ്രികസിറ്റി ഡ്രൈവിന്റെ ഭാഗമായി രണ്ടാം ഘട്ട പ്രചാരണം മേയർ മുസ്‌ലിഹ് മഠത്തിൽ അറഫ റസ്റ്റോറന്റ് ഉടമ അഷ്റഫിന് ചന്ദ്രിക കൈമാറി ഉദ്ഘാടനം ചെയ്യുന്നു

## ചന്ദ്രിക സിറ്റി ഡ്രൈവ് രണ്ടാം ഘട്ടത്തിന് തുടക്കം

കണ്ണൂർ: ചന്ദ്രിക നവതി ആഘോഷത്തിന്റെ ഭാഗമായി പ്രചാരണത്തിന്റെ രണ്ടാം ഘട്ട സിറ്റി ഡ്രൈവിന് കണ്ണൂർ നഗരത്തിൽ തുടക്കം.

ഹാജി റോഡിലും പരിസരത്തും നടന്ന പ്രചാരണത്തിൽ നിരവധി പേർ പുതിയ വരിക്കാരായി ചേർന്നു. കണ്ണൂർ അറഫ റസ്റ്റോറന്റ് ഉടമ അഷ്റഫിന് ചന്ദ്രിക കൈമാറി കോർപറേഷൻ മേയർ മുസ്‌ലിഹ് മഠത്തിൽ ഉദ്ഘാടനം ചെയ്തു.

മുസ്‌ലിംലീഗ് ജില്ലാ വൈസ് പ്രസിഡന്റ് ടി.എ തങ്ങൾ, മണ്ഡലം പ്രസിഡന്റ് ഫാറൂഖ് വട്ടപ്പൊയിൽ, എം.എസ്.എഫ് ജില്ലാ പ്രസിഡന്റ് നസീർ പുറത്തീൽ, കൗൺസിലർ കെ.പി റസാഖ്, കൗൺസിലർ അഷ്റഫ്, സി എറമുള്ളാൻ, ഹാഷിം ഉരുവച്ചാൽ, ഷൗക്കത്തലി പടന്ന, നൗഷാദ് കാമ്പസാർ, പി.കെ നൗഫൽ പങ്കെടുത്തു. ചന്ദ്രിക നവതി ആഘോഷത്തിന്റെ ഭാഗമായി മുസ്‌ലിംലീഗ് നേതൃത്വത്തിൽ സ്പെഷ്യൽ ഡ്രൈവ് നടത്തിയിരുന്നു. ഇതിന്റെ തുടർച്ചയായാണ് സിറ്റി ഡ്രൈവ് നടക്കുന്നത്.

### വിദ്യാരംഗം പുസ്തകോത്സവം

തലശ്ശേരി: സൗത്ത് ഉപജില്ല വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനോദ്ഘാടത്തിന്റെ ഭാഗമായി തലശ്ശേരി മുബാറക്ക് ഹയർസെക്കന്ററി സ്കൂളിൽ പുസ്തകോത്സവം കൗൺസിലർ പ്രീത പ്രദീപ് ഉദ്ഘാടനം ചെയ്തു. പ്രധാനാധ്യാപകൻ എം.പി മജീദ് അധ്യക്ഷനായി. പ്രിൻസിപ്പൽ ടി.എം മുഹമ്മദ് സാജിദ്, മാനേജർ സി ഹാരിസ് ഹാജി, മാനേജ്മെന്റ് കമ്മിറ്റി സെക്രട്ടറി ബഷീർ ചെറിയാണ്ടി, വിദ്യാരംഗം കലാസാഹിത്യവേദി സബ്ജില്ലാ കൺവീനർ സി.പി ഷാജി, വിദ്യാരംഗം മുബാറക്ക് സ്കൂൾ കൺവീനർ എം.കെ കുഞ്ഞബ്ദുല്ല പങ്കെടുത്തു.

### പ്രീ–മാരിറ്റൽ കൗൺസിലിംഗ്

തലശ്ശേരി: ടിസി റോഡ് ഇസ്‌ലാമിക് സെന്റർ സേവന കേന്ദ്രം-ആശ്വാസ് കൗൺസിലിംഗ് സെന്റർ വിവാഹ കൗൺസിലിംഗ് ക്ലാസ് നടത്തി. സൈക്കോളജിസ്റ്റ് സാഹിദ് പയ്യന്നൂർ ക്ലാസെടുത്തു. സേവന കേന്ദ്രം ഡയറക്ടർ എൻ.സി ബഷീർ, കൺവീനർ സാജിദ് കോമത്ത്, ഫാസിന ബഷീർ പങ്കെടുത്തു. സൗജന്യ കൗൺസിലിംഗിന് ബന്ധപ്പെടാം. ഫോൺ: 9567999884, 9567672050.

### പൊള്ളലേറ്റ യുവാവിന്റെ നില ഗുരുതരം

ചക്കരക്കൽ: ദേഹത്ത് പെട്രോളൊഴിച്ച് നടുറോഡിൽ തീ കൊളുത്തി മരിക്കാൻ ശ്രമിച്ച് കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ച നിർമ്മാണ തൊഴിലാളിയായ യുവാവ് ഗുരുതരനിലയിൽ തുടരുന്നു. മിടാവിലോട് സ്വദേശിയായ മുഹമ്മദ് നസീഫാണ് (27) നാട്ടുകാർ നോക്കിനിൽക്കെ ദേഹത്ത് തീകൊളുത്തി ആത്മഹത്യക്ക് ശ്രമിച്ചത്. കഴിഞ്ഞ ദിവസം വാരംകടവ് ആയുർവേദ റോഡിലാണ് സംഭവം. പൊള്ളലേറ്റ് റോഡിൽ കിടന്ന ഇയാളെ നാട്ടുകാർ ആദ്യം ചാലയിലെ ആശുപത്രിയിലെത്തിക്കുകയും തുടർന്ന് നില ഗുരുതരമായതിനാൽ കോഴിക്കോടേക്ക് മാറ്റുകയുമായിരുന്നു.

### വാഹനാപകടം: രണ്ടു പേർക്ക് പരിക്ക്

ഉരുവച്ചാൽ: രണ്ട് ബൈക്കും കാറും കൂട്ടിയിടിച്ച് രണ്ടു പേർക്ക് പരിക്ക്. ഇന്നലെ ഉച്ചക്ക് 3 ഓടെ ഉരുവച്ചാലിൽ മട്ടന്നൂർ റോഡിലാണ് അപകടം. പരിക്കേറ്റ ബൈക്ക് യാത്രക്കാരായ കീഴ്പ്പള്ളിയിലെ സന്ദീപ് മാലൂരിലെ റിഷാൽ എന്നിവരെ പരിക്കുകളോടെ ഉരുവച്ചാൽ ഐഎംസി ആശുപത്രിയിൽ പ്രഥമ ചികിൽസ നൽകി തലശ്ശേരിയിലെ ആശുപത്രിയിലേക്ക് മാറ്റി. മട്ടന്നൂർ ഭാഗത്തേക്ക് പോവുകയായിരുന്ന കാറിൽ ബൈക്ക് ഇടിക്കുകയും പിറകെ എത്തിയ മറ്റൊരു ബൈക്കും അപകടത്തിൽപ്പെട്ട ബൈക്കിൽ ഇടിച്ചാണ് അപകടം. രണ്ട് ബൈക്കിന്റെ മുൻഭാഗവും കാറിന്റെ ഒരു ഭാഗവും തകർന്നു.


മുസ്‌ലിം ലീഗ് നേതാക്കൾ നിവേദനം നൽകുന്നു

### തലശ്ശേരിയിലെ പൈപ്പ്‌ലൈൻ ഉടൻ റിപ്പയർ ചെയ്യണം: മുസ്‌ലിം ലീഗ്

തലശ്ശേരി: നഗരത്തിലെ പ്രധാന സ്ഥലങ്ങളായ മുകുന്ദ് മല്ലർ റോഡ്, വീനസ് കോർണർ അടക്കമുള്ള വിവിധ ഭാഗങ്ങളിൽ പൊട്ടിപ്പൊളിഞ്ഞ് ലീക്കായി പിഎച്ച്ഡി വെള്ളം പുറത്തുപോകുന്നത് നഗരത്തിൽ നിത്യസംഭവമായി മാറി. ഇതു കാരണം വഴിയാത്രക്കാരും മറ്റും വലിയ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. പൊട്ടിയ പൈപ്പുകൾ എത്രയും പെട്ടെന്ന് റിപ്പയർ ചെയ്ത് ഉപയോഗയോഗ്യമാക്കണമെന്ന് തലശ്ശേരി മുനിസിപ്പൽ മുസ്‌ലിം ലീഗ്, വാട്ടർ അതോറിറ്റി എഞ്ചിനിയറോട് ആവശ്യപ്പെട്ടു. ഇതുസംബന്ധമായി മുനിസിപ്പൽ മുസ്‌ലിംലീഗ് പ്രസിഡന്റ് സികെപി മമ്മു, ഭാരവാഹികളായ എകെ സക്കരിയ്യ, ടികെ ജമാൽ, കെസി ഷബീർ എന്നിവർ നിവേദനം നൽകി.

### പി.കെ.പി ഉസ്താദ് ഉറൂസ് സെപ്തംബർ നാല് മുതൽ

പാപ്പിനിശ്ശേരി: സമസ്ത കേരള ജംഇയ്യത്തുൽ ഉലമ വൈസ് പ്രസിഡന്റും സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡ് പ്രസിഡന്റ്, ജാമിഅ അസ്അദിയ്യ ഇസ്‌ലാമിയ്യ സ്ഥാപനങ്ങളുടെ പ്രസിഡന്റ്, പ്രിൻസിപ്പൽ തുടങ്ങിയ നിരവധി പദവികൾ വഹിച്ച പി.കെ.പി അബ്ദുൽസലാം മുസ്‌ലിയാരുടെ മൂന്നാം ഉറൂസ് മുബാറക് സെപ്തംബർ നാല് മുതൽ ഏഴ് വരെ നടത്താൻ ജാമിഅ അസ്അദിയ്യ ഇസ്‌ലാമിയ്യ പ്രവർത്തക സമിതി യോഗം തീരുമാനിച്ചു. 15ന് രാവിലെ 10.30ന് അസ്അദിയ്യ ഓഡിറ്റോറിയത്തിൽ സ്വാഗതസംഘ രൂപീകരണ കൺവൻഷൻ നടക്കും. കെ.കെ.പി അബ്ദുല്ല മുസ്‌ലിയാർ ഉദ്ഘാടനം ചെയ്യും. പി.പി ഉമർ മുസ്‌ലിയാർ അധ്യക്ഷനാകും. എ ഉമർ കോയ തങ്ങൾ പ്രാർഥനയ്ക്ക് നേതൃത്വം നൽകും.

എസ്.കെ ഹംസ ഹാജി, എ.കെ അബ്ദുൽ ബാഖി, കെ മുഹമ്മദ് ഷരീഫ് ബാഖവി, അബ്ദുറഹ്മാൻ ഫൈസി മാണിയൂർ, മൊയ്തു മൗലവി മക്കിയാട്, കെ.കെ മുഹമ്മദ് ദാരിമി, അബ്ദുറഹ്മാൻ മുസ്‌ലിയാർ ബ്ലാത്തൂർ, ഇ.കെ അഹമദ് ബാഖവി, അഷ്റഫ്ൽ ഖാസിമി കമ്പിൽ, വി.പി ഷഹീർ, റസാഖ് ഹാജി പാനൂർ, കീർത്തി അബ്ദുല്ല ഹാജി, സി.പി റഷീദ്, ഒ.കെ മൊയ്ദീൻ, എം.വി മഹമൂദ്, എ.കെ ഷുഹൈബ് അസ്അദി, നിയാസ് അസ്അദി, അബ്ദുൽ ഖാദർ അസ്അദി, വി അബ്ദുൽ ഖാദർ ഹാജി, എ.ടി.കെ ദാരിമി, മനാഫ് അസ്അദി, സി.എച്ച് അബ്ദുൽ സലാം പങ്കെടുത്തു.

### മാലിന്യമുക്തം നവകേരളം ദ്വിദിന ശിൽപശാല ഇന്നും നാളെയും

കണ്ണൂർ: മാലിന്യ മുക്തം നവകേരളം കാമ്പയിന്റെ ഭാഗമായുള്ള ദ്വിദിന ശിൽപശാല ഇന്നും നാളെയുമായി കാട്ടാമ്പള്ളി കൈരളി ഓഡിറ്റോറിയത്തിൽ നടക്കും. ഇന്ന് രാവിലെ പത്തിന് കണ്ണൂർ കോർപറേഷൻ മേയർ മുസ്‌ലിഹ് മഠത്തിൽ ഉദ്ഘാടനം ചെയ്യും.ജില്ലാ കലക്ടർ അരുൺ കെ വിജയൻ അധ്യക്ഷനാവും. സമ്പൂർണത,സുസ്ഥിരത, മനോഭാവ മാറ്റം എന്നീ ലക്ഷ്യങ്ങളോടെയാണ് രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നടക്കുന്നത്. നഗരസഭകളിലെ വിവിധ തല ഉദ്യോഗസ്ഥർ,റിസോഴ്സ് പേഴ്സൺമാർ എന്നിവർക്കായാണ് ജില്ലാതല ശിൽപശാല സംഘടിപ്പിക്കുന്നത്. തദ്ദേശഭരണ വകുപ്പ്, കില, ഹരിത കേരളം മിഷൻ ശുചിത്വ മിഷൻ, കെ.എസ്.ഡബ്ല്യൂ.എം.പി., കുടുംബശ്രീ,ക്ലീൻ കേരള കമ്പനി എന്നിവയുടെ നേതൃത്വത്തിലാണ് ശിൽപശാല സംഘടിപ്പിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തുകൾക്കായുള്ള ശിൽപശാല കഴിഞ്ഞ ദിവസം പൂർത്തിയായി.

### ഗുഡ്സ് റിക്ഷ തകർത്തതിന് കേസ്

ചക്കരക്കൽ: എടക്കാട് പൊതുസ്ഥലത്ത് പാർക്ക് ചെയ്ത ഗുഡ്സ് ഓട്ടോ റിക്ഷ അടിച്ചുതകർത്തതിന് മൂന്നു പേർക്കെതിരെ പോലീസ് കേസെടുത്തു. കടമ്പൂർ കമ്മാരൻപറമ്പിലെ സാന്ദ്ര വില്ലയിൽ പി. ലാൻസി ബാബുവിന്റെ കെ.എൽ 13 എ.ബി 3662 ഗുഡ്സ് ഓട്ടോറിക്ഷ തകർത്തതിനാണ് കേസ്. അനിൽ, അനുരാഗ്, പ്രകാശൻ എന്നിവർ മുൻവിരോധത്തെ തുടർന്ന് അടിച്ചുത കർത്തുവെന്നാണ് കേസ്. കഴിഞ്ഞ 24ന് രാത്രിയായിരുന്നു സംഭവം. എടക്കാട് പോലീസാണ് കേസെടുത്തത്.

## തീരദേശ ഹൈവേ

# രണ്ട് വില്ലേജിൽ 42 വീടുകൾ നഷ്ടമാകും

### അഴീക്കോടുംരാമന്തളിയിലും പാരിസ്ഥിതിക ആഘാത പഠനം പൂർത്തിയായി



കണ്ണൂർ: തീരദേശ ഹൈവേ നിർമാണത്തിനായി ഭൂമി ഏറ്റെടുക്കാനുള്ള നടപടി ജില്ലയിൽ തുടങ്ങി. ഇതിന്റെ ഭാഗമായി റീച്ച് നാലിലെ മീൻകുന്ന് ബീച്ച് മുതൽ രാമന്തളി വരെയുള്ള പാതയുടെ പാരിസ്ഥിതിക ആഘാത പഠനം പൂർത്തിയായി. ഇരകളുടെ അദാലത്ത് പൂർത്തിയാവുന്നതോടെ ഭൂമി ഏറ്റെടുക്കാനുള്ള വിജ്ഞാപനം ഇറങ്ങും. ഒരു വർഷത്തിനകം ഭൂമി ഏറ്റെടുക്കൽ പൂർത്തിയാവും.

ജില്ലയിൽ നാല് റീച്ചുകളിലായി 79 കിലോമീറ്റർ നീളത്തിലാണ് പാത നിർമിക്കുന്നത്. മൂന്ന് ഘട്ടങ്ങളിലായി നിർമിക്കുന്ന പാതയുടെ ആദ്യഘട്ടത്തിന്റെ പാരിസ്ഥിതിക ആഘാത പഠനമാണ് പൂർത്തിയായത്. പദ്ധതി ബാധിക്കുന്ന അഴീക്കൽ സൗത്ത്,രാമന്തളി വില്ലേജുകളിലെ ഭാഗത്തെ പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ടാണ് പുറത്ത് വന്നത്. ആദ്യ ഘട്ടത്തിൽ നിലവിലുള്ള പാതകളെ ബന്ധിപ്പിക്കുകയാണ് ചെയ്യുന്നത്. പുതിയ പാത നിർമിക്കുമ്പോൾ പദ്ധതിയിൽ വ്യക്തമാക്കിയ വീതിയും സൗകര്യവും ഉണ്ടാവും. രാമന്തളി, അഴീക്കോട് വില്ലേജിൽ നിന്ന് 20.79 ഹെക്ടർ ഭൂമി ഏറ്റെടുക്കും.ഇതിനായി കളമശ്ശേരി രാജഗിരി കോളജ് ഓഫ് കൊമേഴ്സ് സയൻസ് എന്ന സ്ഥാപനത്തിനാണ് പാരിസ്ഥിതി ആഘാത പഠന ചുമതല. കഴിഞ്ഞ വർഷം നവംബർ 15 ന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാരിസ്ഥിതിക ആഘാത പഠനം ആരംഭിച്ചത്. മീൻകുന്ന് മുതൽ ചാൽവരെ 4.64 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് പുനരധിവാസ പാക്കേജ് പരിഗണനയിലാണ്.

ജില്ലയിൽ നാലു റീച്ചുകളാണുള്ളത്. മാഹി-ധർമ്മടം,ധർമ്മടം- എടക്കാട്, എടക്കാട് - പ്രഭാത്-പയ്യാമ്പലം,മീൻകുന്ന് -രാമന്തളി കുന്നരു എന്നിങ്ങനെയാണ് പദ്ധതി നടപ്പാക്കുക. പദ്ധതിയുടെ ഭാഗമായി ചാൽബീച്ചിൽ പാർക്കിംഗ് സൗകര്യവും കരകൗശല വിപണന കേന്ദ്രവും ഒരുക്കും. ചാൽ ബീച്ചിൽ ശുചിമുറിയും ഫുഡ് കോർട്ടും ഇ.വി ചാർജിംഗ് പോയിന്റും ഉണ്ടാവും.

625 കിലോമീറ്റർ നീളത്തിൽ 14 മീറ്റർ വീതിയിലാണ് തീരദേശ ഹൈവേ പദ്ധതി. തിരുവന്തപുരം, ആലപ്പുഴ, തൃശൂർ എന്നിവിടങ്ങളിലെ പലറീച്ചുകളിലും പാരിസ്ഥിതിക ആഘാത പഠനം പൂർത്തിയാക്കി ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ട്. 2017ലാണ് പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയത്. പാതയ്ക്ക് സമാന്തരമായി 625 കിലോമീറ്റർ നീളത്തിൽ സൈക്കിൾ പാതയും ഉണ്ടാവും. മൂന്ന് ഘട്ടങ്ങളിലായി 53 റീച്ചുകളിലായാണ് പാത നിർമിക്കുക.

#### കൃത്യമായ രൂപരേഖയില്ലാതെ ഭൂമി ഏറ്റെടുക്കൽ

തീരദേശ ഹൈവ നിർമാണത്തിന് കൃത്യമായ രൂപരേഖയില്ലാതെ ഭൂമി ഏറ്റെടുക്കലിലേക്ക് കടക്കുന്നു. ജില്ലയിലെ നാലു റീച്ചുകളിൽ ഒന്നിൽ ഉൾപ്പെടുന്ന രണ്ട് വില്ലേജിൽ പാരിസ്ഥിതിക ആഘാത പഠനം നടത്തിയപ്പോൾ മറ്റുള്ള മേഖലയിൽ കൃത്യമായ രൂപരേഖ തയാറാക്കിയിട്ടില്ല. രാമന്തളി, അഴീക്കോട് വില്ലേജുകളിലായി 42 വീടുകൾക്ക് പുറമെ 38 കെട്ടിടങ്ങൾ കൂടി പദ്ധതിക്കായി പൊളിച്ചു മാറ്റേണ്ടിവരുമെന്ന് കണക്കുകൾ പറയുന്നു. അഴീക്കോട് വില്ലേജിൽ 15വീടും രാമന്തളി വില്ലേജിൽ 27 വീടുകളുമാണ് പൂർണമായും പൊളിച്ചു നീക്കേണ്ടിവരും.

കുന്നരു സിറ്റി മുതൽ പാണ്ഡ്യാലക്കടവ് വരെ 6.141 കി.മീറ്ററും മീൻകുന്ന് മുതൽ ചാൽ ബീച്ച് വരെ 3.708 കി.മി നീളത്തിലാണ് പാത നിർമിക്കുക.


ഹാൻവീവ് ഹെഡ് ഓഫീസിന് മുന്നിൽ കെ.എസ്.എച്ച്.ഡി.സി സ്വതന്ത്ര എംപ്ലോയീസ് യൂണിയൻ എസ്.ടി.യു അവകാശ ദിനം എം.എ കരീം ഉദ്ഘാടനം ചെയ്യുന്നു

## ഹാൻവീവ് ഹെഡ് ഓഫീസിന് മുന്നിൽ എസ്.ടി.യു പ്രതിഷേധം

കണ്ണൂർ: വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ഹാൻവീവ് ഹെഡ് ഓഫീസിന് മുന്നിൽ കെ.എസ്.എച്ച്.ഡി.സി സ്വതന്ത്ര എംപ്ലോയീസ് യൂണിയൻ എസ്.ടി.യു അവകാശ ദിനം പ്രതിഷേധ സംഗമം നടത്തി.

എസ്ടിയു ദേശീയ വൈസ് പ്രസിഡന്റ് എം.എ കരീം ഉദ്ഘാടനം ചെയ്തു.പൊതുമേഖല സ്ഥാപനങ്ങളെ സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ സർക്കാർ ഞെക്കി കൊല്ലുകയാണെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിലെ കൈത്തറി തൊഴിലാളികളെ സംരക്ഷിക്കാൻ സപ്തകക്ഷി സർക്കാറിന്റെ കാലത്ത് കൊണ്ട് വന്ന സ്ഥാപനങ്ങളിൽ ഇപ്പോൾ തൊഴിലാളികൾക്ക് ശമ്പളവും ആനുകൂല്യങ്ങളും കുടിശികയാണെന്നത് ഗൗരവകരമാണ്. ഈ പ്രശ്നം പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിക്കാത്തത് എന്ത് കൊണ്ടാണെന്ന് അദ്ദേഹം ചോദിച്ചു.എസ്.ടി.യു ജില്ലാ ജനറൽ സെക്രട്ടറി ആലിക്കുഞ്ഞി പന്നിയൂർ അധ്യക്ഷത വഹിച്ചു.

യൂണിയൻ ജനറൽ സെക്രട്ടറി സി.പി കുഞ്ഞമ്മദ് കെ ഉമ്മർ,ടി.കെ ഹുസൈയിൻ, പി ഹംസ ഹാജി, ആസാദ് വി കെ, സുബൈർ, പി പി നാസർ,ടി.കെ നൗഫൽ,എം.എൽ ഷൗക്കത്തലി ടി.കെ മുഹമ്മദ് പ്രസംഗിച്ചു.

### കുസാറ്റിലെ പരാതി: സിൻഡിക്കേറ്റ് അംഗത്തെ പുറത്താക്കണം-എഫ്.യു.ഇ.ഒ

കണ്ണൂർ: സർവകലാശാലാ കലോത്സവത്തിനിടെ വിദ്യാർഥിനിയോട് അപമര്യാദയായി പെരുമാറിയ കൊച്ചി സർവ്വകലാശാലയിലെ സ്റ്റുഡൻസ് വെൽഫെയർ ഡയറക്ടറായ സിൻഡിക്കേറ്റ് അംഗത്തെ പുറത്താക്കണമെന്ന് ഫെഡറേഷൻ ഓഫ് ഓൾ കേരളാ യൂണിവേഴ്സിറ്റി എംപ്ലോയീസ് ഓർഗനൈസേഷൻസ്(എഫ്.യു.ഇ.ഒ). പൊലീസ് അന്വേഷണം പൂർത്തീകരിക്കുന്നത് വരെ സ്ഥാനത്തുനിന്നും മാറ്റി നിർത്തണം. വിദ്യാർത്ഥികളുടെ ക്ഷേമ കാര്യങ്ങൾ നോക്കുവാൻ ചുമതലയുള്ള ഉദ്യോഗസ്ഥനിൽ നിന്നു തന്നെ മോശം പെരുമാറ്റം ഉണ്ടായത് ഞെട്ടലുളവാക്കുന്നതാണ്. നാലുമാസം മുമ്പ് നടന്ന സംഭവത്തിൽ സർവ്വകലാശാല അഭ്യന്തര പരാതി അന്വേഷണ സമതി റിപ്പോർട്ട് നൽകാതിരുന്നത് ഗുരുതരമായ കൃത്യവിലോപമാണെന്ന് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് എൻ മഹേഷും ജനറൽ സെക്രട്ടറി ജയൻ ചാലിലും ട്രഷറർ കെ എസ് ജയകുമാറും ആവശ്യപ്പെട്ടു.

### പാലയാട് പബ്ലിക് വെൽഫെയർ കോ-ഓപ്പ് സൊസൈറ്റിക്ക് ഒന്നാം സ്ഥാനം

പാലയാട്: സഹകരണ രംഗത്തെ മികച്ച പ്രവർത്തനത്തിന് ജില്ലതല പുരസ്കാരം പാലയാട് പബ്ലിക് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക്. 2022-23 വർഷത്തെ പ്രവർത്തനത്തിനാണ് അംഗീകാരം. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി ദിവ്യ പുരസ്കാരം സമ്മാനിച്ചു. സൊസൈറ്റി പ്രസിഡന്റ് കുന്നുമ്മൽ ചന്ദ്രൻ, സെക്രട്ടറി എ. നിജിൽ എന്നിവർ ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങി.



## തൊഴിലധിഷ്ഠിത കംപ്യൂട്ടർ കോഴ്സ്

ആലപ്പുഴ: കേരള സർക്കാർ സ്ഥാപനമായ എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ ഹരിപ്പാട് കേന്ദ്രത്തിൽ ഓഗസ്റ്റിൽ ആരംഭിക്കുന്ന വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി യോഗ്യതയുള്ളവർക്ക് ഡി.സി.എ, ഡാറ്റാ എൻട്രി ആന്റ് ഓഫീസ് ഓട്ടോമേഷൻ, പൈതൺ പ്രോഗ്രാം കോഴ്സുകളിലേക്കും പ്ലസ്ടു യോഗ്യതയുള്ളവർക്ക് ഡി.സി.എ, (സോഫ്റ്റ് വെയർ) ഫിനാൻഷ്യൽ അക്കൗണ്ടിംഗ് ആന്റ് ടാലി കോഴ്സുകളിലേക്കും ഓൺലൈനായി അപേക്ഷിക്കാം. വിശദ വിവരങ്ങൾക്ക് http://lbscetnre.kerala.gov.in/services/courses എന്ന ലിങ്ക് സന്ദർശിക്കുക. എസ്.സി/എസ്.ടി, ഒ.ഇ.സി, ഒ.ബി.എച്ച് വിഭാഗങ്ങൾക്ക് ഇഗ്രാന്റ്സ് മുഖേന നിയമാനുസൃത ഫീസാനുകൂല്യം ലഭിക്കും. ഫോൺ 04792417020.

## എംപ്ലോയബിലിറ്റി സെന്റർ അഭിമുഖം നാളെ

ആലപ്പുഴ: ആലപ്പുഴ എംപ്ലോയബിലിറ്റി സെന്റർ മുഖേന സ്വകാര്യ സ്ഥാപനങ്ങളിലേക്ക് നിയമനം നടത്തുന്നതിനുള്ള അഭിമുഖം നാളെരാവിലെ 9.30ന് എംപ്ലോയബിലിറ്റി സെന്ററിൽ നടക്കും. മൂന്ന് കമ്പനികളിലായി 15 ൽ അധികം ഒഴിവുകളുണ്ട്. വിദ്യാഭ്യാസ യോഗ്യത പ്ലസ് ടു, ഡിഗ്രി, ബി.ടെക്, ബി.സി.എ, ഫുഡ് ടെക്നോളജി, ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ്/സപ്ലൈ ചെയിൻ മാനേജ്മെന്റ്, ഡാറ്റാ അനലറ്റിക്, ബി.ടെക്/ഡിപ്ലോമ ഇൻ ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ്. നിശ്ചിത യോഗ്യതയുള്ള എംപ്ലോയബിലിറ്റി സെന്ററിൽ രജിസ്റ്റർ ചെയ്ത 18 നും 35 നും ഇടയിൽ പ്രായമുള്ള ഉദ്യോഗാർത്ഥികൾക്ക് പങ്കെടുക്കാം. ഫോൺ: 04772230624.

# പൊതുവാർത്തകൾ

## മെഡിക്കൽ കോളജിലെ ചികിത്സ പിഴവ്

# വിദഗ്ധ സംഘത്തെ നിയോഗിച്ച് റിപ്പോർട്ട് നൽകണം

ആലപ്പുഴ: ഗവ.ടി.ഡി. മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടന്ന തോളെല്ല് ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് ചികിത്സാ പിഴവ് ആരോപിച്ചുള്ള പരാതിയിൽ മെഡിക്കൽ കോളജിന് പുറത്തുള്ള ഡോക്ടർമാർ ഉൾപ്പെടുന്ന വിദഗ്ധ സംഘത്തെ നിയോഗിച്ച് റിപ്പോർട്ട് നൽകാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് ന്യൂനപക്ഷ കമ്മിഷൻ നിർദേശം നൽകി.

രേഖകൾ പരിശോധിച്ച് രണ്ടുമാസത്തിനകം റിപ്പോർട്ട് നൽകാനാണ് നിർദേശിച്ചത്. സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ അഡ്വ. എ.എ. റഷീദിന്റെ അധ്യക്ഷതയിൽ ആലപ്പുഴ ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ നടന്ന സിറ്റിംഗിലാണ് ചികിത്സാ പിഴവ് ആരോപിച്ച തിരുവമ്പാടി സ്വദേശം നൽകിയ ഹർജി പരിഗണിച്ചത്.

മെഡിക്കൽ കോളേജിൽ പ്രസവാനന്തര ശുശ്രൂഷയെ തുടർന്ന് പുറക്കാട് സ്വദേശി മരിക്കാനിടയായ സംഭവത്തിൽ കമ്മീഷൻ സ്വമേധയ എടുത്ത കേസിൽ യുവതിയുടെ ഭർത്താവിനെ കൂടി കക്ഷി ചേർത്തു.

കേസ് അന്വേഷണത്തിനായി മെഡിക്കൽ എക്സ്പേർട്ട് പാനൽ കമ്മിറ്റി രൂപീകരിക്കാൻ ജില്ല മെഡിക്കൽ ഓഫീസറോട് പലതവണ ആവശ്യപ്പെട്ടിട്ടും നടപടി സ്വീകരിച്ചിട്ടില്ലെന്ന് അന്വേഷണ ഉദ്യോഗസ്ഥനായ അമ്പലപ്പുഴ ഡി.വൈ.എസ്.പി. കമ്മീഷനെ ബോധിപ്പിച്ചു. മരിച്ച യുവതിയുടെയും നവജാത ശിശുവിന്റെയും ചികിത്സ രേഖകൾ അധികൃതർ അന്വേഷണവുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയിട്ടില്ലെന്നും ഡി.വൈ.എസ്.പി. കമ്മീഷനെ അറിയിച്ചു.

അന്വേഷണ ഉദ്യോഗസ്ഥർ ആവശ്യപ്പെട്ട രേഖകൾ 15 ദിവസത്തിനകം കൈമാറണമെന്നും മെഡിക്കൽ എക്സ്പെർട്ട് പാനൽ കമ്മിറ്റി രൂപീകരിക്കാൻ അടിയന്തരമായി ഇടപെടണമെന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ജില്ല മെഡിക്കൽ ഓഫീസർ എന്നിവർക്ക് കമ്മീഷൻ നിർദേശം നൽകി.




ദേശിയ പാതയിലെ ആകാശ പാത നിർമ്മാണത്തിലെ അപാകതകൾക്കെതിരെ നടത്തിയ ബഹുജന പ്രക്ഷോഭം റിട്ട. ജില്ലാ ജഡ്ജി എം ലീലാമണി ഉദ്ഘാടനം ചെയ്യുന്നു

## ആകാശ പാത നിർമ്മാണം

# കരാർ കമ്പനിക്കെതിരെ ബഹുജന സമരം

അരൂർ. ദേശിയ പാതയിലെ ആകാശ പാത നിർമ്മാണത്തിലെ അപാകതകൾക്കെതിരെ ബഹുജന പ്രക്ഷോഭം നടത്തി. കരാർ കമ്പനിക്കെതിരെയാണ് സംയുക്ത റസിഡൻസ് അസോസിയേഷന്റെ നേതൃത്വത്തിൽ പ്രക്ഷോഭ ജാഥയും സമ്മേളനവും നടത്തിയത്. ഉയരപ്പാത നിർമ്മാണം മൂലം വിദ്യാർത്ഥികളടക്കമുള്ളവരുടെ യാത്ര അസാധ്യം മാക്കി. തകർന്ന റോഡുകൾ നന്നാക്കുമെന്ന് പറഞ്ഞിട്ട് ദിവസങ്ങൾ കഴിഞ്ഞിട്ടും നന്നാക്കിയില്ല കലക്ടർ നൽകിയ ഉറപ്പ് കരാർ കമ്പനി ലംഘിച്ചു.ഉയര പാത നിർമ്മാണം മൂലം ജനങ്ങൾക്ക് ഉണ്ടായ ബുദ്ധിമുട്ട് പരിഹരിക്കണമെന്നു ആവശ്യപ്പെട്ടു. പ്രക്ഷോഭ പരിപാടി റിട്ട. ജില്ലാ ജഡ്ജി എം ലീലാമണി ഉദ്ഘാടനം ചെയ്തു. ചന്തിരൂർ ഹയർ സെക്കൻഡറി സ്ക്കൂളിന് സമീപം നടന്ന സമ്മേളനത്തിൽ ഇൻഡ്യൻ ആന്റി കറപ്ഷൻ മിഷൻ സ്റ്റേറ്റ് കോഡിനേറ്റർ പി.ടി. ശ്രീകുമാർ മുഖ്യപ്രഭാഷണം നടത്തി.ചെയർമാൻ എം.ഉബൈദ് അധ്യക്ഷത വഹിച്ചു. ഷാനിമോൾ ഉസ്മാൻ, ബെന്നി ജനപക്ഷം, വി.കെ.ഗൗരി ഷൻ, വി.പി.ഹമീദ്, കെ.ഉമേഷൻ, അസിസ് പായിക്കാട്, ബെന്നി, സക്കരിയ്യാ, കബിർ, യു.സി ഷാജി, അൻസാരി. പഞ്ചായത്ത് മെമ്പർമാർ വിവിധ സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ സംബന്ധിച്ചു. ജാഥക്ക് എം.ഉബൈദ്, ഫാ. ജോസഫ് കരിതേടത്, വി കെ. ഗൗരീശൻ, ഇ.സി. ബെന്നി, സത്താർ. അബ്ദുൽ സമദ്, ബി. അൻഷാദ്, സി ടി. യേശുദാസ്, ടി. എം. ഹബീബ്, സിബി കണ്ടോത്, കെ എസ്. സാബു, ശ്രീധരഷേണായി നേതൃത്വം നൽകി.

### താലപ്പൊലി

മുഹമ്മ: വിശ്വഗാജി മഠം കിഴക്കേ ഗുരുമന്ദിരം ധർമ്മശാസ്താ ക്ഷേത്രത്തിലെ പ്രതിഷ്ഠാ വാർഷികത്തോടനുബന്ധിച്ച് നടന്ന താലപ്പൊലി നാടിനെ ഭക്തി നിറവിലാഴ്ത്തി. യജ്ഞശാലയിൽ ഭദ്രദീപ പ്രകാശനം നടത്തുന്നതിനുള്ള ദീപം വഹിച്ചുള്ള താലപ്പൊലിയാണ് മൂലസ്ഥാനമായ വിശ്വഗാജി മഠത്തിൽ നിന്ന് ആരംഭിച്ചത്.പ്രത്യേക പൂജകൾക്ക് ശേഷമാണ് താലപ്പൊലി ആരംഭിച്ചത്. താലപ്പൊലി ധർമ്മശാസ്താ ക്ഷേത്രത്തിൽ എത്തിയ ശേഷം യജ്ഞശാലയിൽ ഭദ്രദീപ പ്രകാശനം നടന്നു. തുടർന്ന് ജയ തുളസീധരൻ തന്ത്രിയുടെ മുഖ്യകാർമ്മികത്വത്തിൽ പ്രതിഷ്ഠാ വാർഷിക ചടങ്ങുകൾ ആരംഭിച്ചു.

### ഫുട്ബോൾ കോച്ചിംഗ് ക്യാമ്പ്

ആലപ്പുഴ: കേരള യൂത്ത് ഡവലപ്മെന്റ് പ്രൊജക്റ്റിന്റെ ഭാഗമായി കേരള ഫുട്ബോൾ അസോസിയേഷൻ നടത്തുന്ന സൗജന്യ ഫുട്ബോൾ കോച്ചിംഗ് ക്യാമ്പിലേക്ക് കുട്ടികളെ തിരഞ്ഞെടുക്കുന്നതിനായി ടി. ഡി മെഡിക്കൽ കോളജ് ഗ്രൗണ്ടിൽവെച്ച് സെലക്ഷൻ ട്രയൽ നടത്തുന്നു. 13ന് രാവില എട്ട് മുതൽ 2011ന് ജനിച്ച പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾ പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റുമായി രാവിലെ ഏഴിന് ഗ്രൗണ്ടിൽ റിപ്പോർട്ട് ചെയ്യണമെന്ന് അറിയിക്കുന്നു. ഫോൺ: 7306642354

## മദ്യപസംഘം കെ.എസ്.ആർ.ടി.സി ഡ്രൈവറെ മർദ്ദിച്ചു

ആലപ്പുഴ: സർവീസിനിടെ കെ.എസ്.ആർ.ടി.സി ഡ്രൈവറെ മദ്യലഹരിയിൽ യാത്രക്കാർ ക്രൂരമായി മർദ്ദിച്ചു. ഇന്നലെ വൈകിട്ട് ആലപ്പുഴ വൈഎംഎസിഎയ്ക്ക് സമീപമായിരുന്നു സംഭവം. പത്തനംതിട്ട ഡിപ്പോയിലെ ഡ്രൈവർ എസ്. ജി. ഷാജിയ്ക്കാണ് മർദ്ദനമേറ്റത്. ആലപ്പുഴ ജനറൽ ആശുപത്രിയിൽ ചികിത്സ തേടി. സംഭവത്തിൽ രണ്ടുപേരെ സൗത്ത് പൊലീസ് അറസ്റ്റ് ചെയ്തു.

പത്തനംതിട്ടയിൽ നിന്ന് ആലപ്പുഴയ്ക്കുള്ള സർവീസിനിടെ മാവേലിക്കരയിൽ നിന്ന് കയറിയ രണ്ട് യാത്രക്കാർ മദ്യലഹരിയിലായിരുന്നു. അവർ ബസിൽ അപമര്യാദയായി പെരുമാറുകയും, കണ്ടക്ടർ സി. ബിന്ദുവിനെ അസഭ്യം പറയുകയും ചെയ്തു. പല സ്റ്റോപ്പുകളിലും ഇറങ്ങണമെന്ന് ആവശ്യപ്പെട്ട് ബസ് നിർത്തിച്ചെങ്കിലും ഇറങ്ങിയില്ല. ശല്യം സഹിക്കവയ്യാതെ കണ്ടക്ടർ ഈ വിവരം ഡ്രൈവറെ അറിയിച്ചു. ഇതോടെ രോഷാകുലരായ ഇവർ ഡ്രൈവറെ ക്രൂരമായി മർദ്ദിക്കുകയും, യൂണിഫോം കീറുകയും ചെയ്തു. ബസ് ഓടുന്നതിനിടെയായിരുന്നു അക്രമം. ബസ് റോഡരികിലേക്ക് ഒതുക്കിയപ്പോൾ അക്രമികൾ ഓടി രക്ഷപ്പെടാൻ ശ്രമിച്ചു. ഇതോടെ ഡ്രൈവറും ഓടിക്കൂടിയ നാട്ടുകാരും ചേർന്ന് പിടികൂടി.

സംഭവം അറിഞ്ഞ് സ്ഥലത്തെത്തിയ പോലീസ് ഇവരെ കസ്റ്റഡിയിലെടുത്തു. ആലപ്പുഴ ഡിപ്പോയ്ക്ക് ഒരു കിലോമീറ്റർ ദൂരെ സർവീസ് അവസാനിപ്പിക്കേണ്ടി വന്നു.

തിരികെ ആലപ്പുഴയിൽ നിന്ന് പത്തനംതിട്ടയിലേക്കുള്ള സർവീസും മുടങ്ങിയതിനാൽ കെഎസ്ആർടിസിക്ക് സാമ്പത്തിക നഷ്ടവും സംഭവിച്ചു.

## ഡി.എ.ഇ.എ ജില്ല പ്രവർത്തക യോഗം 13ന്

ആലപ്പുഴ: കേരളത്തിലെ ഭിന്നശേഷി ജീവനക്കാരുടെ സ്വതന്ത്ര രജിസ്റ്റേർഡ് സംഘടനയായ ഡിഫറെൻറ്റലി എബിൽഡ് എംപ്ലോയീസ് അസോസിയേഷൻ (ഡി.എ.ഇ.എ) ജില്ലാ പ്രവർത്തക യോഗം 13ന് രാവിലെ 11 മണിക്ക് മുല്ലയ്ക്കൽ നരസിംഹപുരം ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടുന്നു.

ജില്ലയിലെ മുഴുവൻ ഭിന്നശേഷിക്കാരും എത്തിച്ചേരണമെന്ന് ജില്ലാ കമ്മിറ്റി അറിയിച്ചു.



ചേർത്തല ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വാട്ടർ അതോറിറ്റി ഓഫീസിന് മുന്നിൽ പ്രതിഷേധ ധർണ യൂത്ത് കോൺഗ്രസ് പ്രസിഡന്റ് എം പി പ്രവീൺ ഉദ്ഘാടനം ചെയ്തു

## കുടിവെള്ളത്തിന് പരിഹാരം കാണാത്തത് ജനങ്ങളോടുള്ള വെല്ലുവിളി

ചേർത്തല: ചേർത്തലയിൽ നിരന്തരമായി ജനങ്ങളുടെ കുടിവെള്ളം മുട്ടിക്കുന്ന ഭരണകുട കെടുകാര്യസ്ഥതയിൽ പ്രതിഷേധിച്ച് ചേർത്തല ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വാട്ടർ അതോറിറ്റി ഓഫീസിന് മുന്നിൽ പ്രതിഷേധ ധർണ നടത്തി. കുടിവെള്ളത്തിന് പരിഹാരം കാണാത്തതു ജനങ്ങളോടുള്ള വെല്ലുവിളി ആണെന്നും പരിഹാരം കണ്ടില്ല എങ്കിൽ വാട്ടർ അതോറിറ്റി ഓഫീസ് താഴിട്ടു പുട്ടുന്ന സമരം ഉൾപ്പടെ സങ്കടിപ്പിക്കേണ്ട സാഹചര്യം ഉണ്ടാകും എന്ന് യൂത്ത് കോൺഗ്രസ് പ്രസിഡന്റ് എം പി പ്രവീൺ ഉദ്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞു. ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് കെ സി ആന്റണി അധ്യക്ഷത വഹിച്ചു. എസ് ശരത്, ഐസക്ക് മാളമന, ജയലക്ഷ്മി അനിൽ കുമാർ, അഡ്വ സി വി തോമസ് ആർ ശശിധരൻ, സജി കുര്യാക്കോസ്, അഡ്വ സി ഡി ശങ്കർ, അഡ്വ പി ഉണ്ണികൃഷ്ണൻ, ബി ഭാസി, ഉഷ സദാനന്തൻ, എസ് ശിവമോഹൻ, സുരേഷ്ബാബു. ബി ഫൈസൽ, വിശ്വംഭരൻപിള്ള, മധു കുമാർ, ജോൺ കുട്ടി പാടാകുളം,വിശ്വംഭരംൻ നായർ, ദേവരാജൻപിള്ള, സലിംകുമാർ, ടി ഡി രാജൻ, വി വിനിഷ്, രാധാകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.



ഭാരതീയ ദളിത് കോൺഗ്രസ് ജില്ലാ കമ്മിറ്റി എസ്.പി ഓഫീസിലേക്ക് നടത്തിയ പ്രതിഷേധ മാർച്ച് സംസ്ഥാന പ്രസിഡന്റ് എ.കെ ശശി ഉദ്ഘാടനം ചെയ്യുന്നു

## ദളിത് കോൺഗ്രസ് പ്രതിഷേധിച്ചു

ആലപ്പുഴ: പീഡനങ്ങൾ നടത്തിയും, ആനുകൂല്യങ്ങൾ തടഞ്ഞുവെച്ചും കേരളത്തിലെ പട്ടികജാതി വിഭാഗങ്ങളുടെ ജീവനും ജീവിതവും ഇടതു സർക്കാർ തകർക്കുകയാണെന്ന് ഭാരതീയ ദളിത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് എ.കെ. ശശി പറഞ്ഞു. പൂച്ചാക്കലിൽ നിലാവ് എന്ന പെൺകുട്ടിയെ പൊതു റോഡിൽ സിപിഎം പ്രവർത്തകന്റെ നേതൃത്വത്തിൽ നടത്തിയ ആൾക്കൂട്ട മർദ്ദനത്തിൽ മുഴുവൻ കുറ്റക്കാർക്കെതിരെയും പട്ടികജാതി പീഡന നിരോധന നിയമപ്രകാരം കേസെടുത്ത് അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് ആലപ്പുഴ ജില്ലാ പൊലീസ് സൂപ്രണ്ട് ആസ്ഥാനത്തേക്ക് ഭാരതീയ ദളിത് കോൺഗ്രസ് ജില്ലാ കമ്മിറ്റി നടത്തിയ പ്രതിഷേധ മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.ജില്ലാ പ്രസിഡന്റ് ബിദു രാഘവൻ അധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന ജന. സെക്രട്ടറിമാരായ രവിപുരത്ത് രവീന്ദ്രൻ, വി. ശശി, മധു ജനാർദ്ദനൻ, റ്റി.എ. സുബ്രഹ്മണ്യൻ, പി.കെ.സുശീലൻ, കെ. സുരേഷ് കുമാർ, എ.സി. ചന്ദ്രൻ, ജില്ലാ വൈസ് പ്രസിഡന്റുമാരായ വസന്ത ഗോപാലകൃഷ്ണൻ, പി.കെ. അച്ചുതൻ, എം. ദിവാകരൻ, വി.കെ. വിശ്വനാഥൻ, എം.വി. ആണ്ടപ്പൻ, ജന. സെക്രട്ടറിമാരായ ആർ. ബാലൻ, പി.രാധാകൃഷ്ണൻ, രാമചന്ദ്രൻ, ജയനാഥ് വയലാർ, രാജീവ് വയലാർ, പി.വി. വിജയൻ, പമ്മ രഘുനാഥ്, ബ്ലോക്ക് പ്രസിഡന്റുമാരായ സി. പ്രസന്നകുമാരി, പി.ആർ. വിശ്വംഭരൻ, സദാനന്ദൻ, യശോധരൻ വി, എം ജി. കാർത്തികേയൻ, റാം കിഷോർ ,രമേശ് കുമാർ, മോഹനൻ കാട്ടൂർ, കൃഷ്ണൻ കുട്ടി, രഘുവരൻ, ശ്രീകുമാർ, മധു ചെറുതന, ആനന്ദൻ, മോഹനൻ, മധു, സോമൻ, സുധാമണി, കൃഷ്ണമ്മ, രാജൻ സംസാരിച്ചു.

## മദ്രസ അധ്യാപക രക്ഷാകർതൃ മാനേജ്മെന്റ് യോഗം

അരുക്കുറ്റി വടുതല ജെട്ടി മൻഹജ്ജുൽ ഇസ്‌ലാം മദ്രസ അധ്യാപക രക്ഷാകർതൃ മാനേജ്മെന്റ് യോഗം അധ്യാപക ദിനത്തോടനുബന്ധിച്ച് നടത്തുകയുണ്ടായി. മദ്രസ മാനേജർ എൻ എം ബഷീറിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ മദ്രസാ മുഅല്ലിം അബ്ദുൽ സത്താർ ബാഖവി ഖിറാഅത്തും മുൻ പ്രസിഡന്റ് എൻ. എ. അബ്ദുൽ അസീസ് മൗലവി ദുആയും നടത്തി. സദർ മുഅല്ലിം കെ.എ അബ്ദുല്ല മൗലവി സ്വാഗതം പറഞ്ഞു. മദ്രസ പ്രസിഡന്റ് മൂസൽ ഫൈസി ഉദ്ഘാടനം നിർവഹിച്ചു.തുടർന്ന് ഉസ്താദുമാരെ ആദരിച്ചു. അബ്ദുല്ല മൗലവി, സത്താർ ബാഖവി, ഹാരിസ് അബ്റാരി എന്നിവരെ യഥാക്രമം മൂസൽ ഫൈസി ഷാജഹാൻ മൗലവി മുഹമ്മദ് മാസ്റ്റർ എന്നിവർ ആദരിച്ചു.



മുഅല്ലിം ദിനത്തിൽ എൻ.എം. ഷാജഹാൻ മൗലവി മൻഹജ്ജു ഇസ്‌ലാം മദ്രസ അധ്യാപകനെ ആദരിക്കുന്നു

പുതിയ പി.ടി.എ കമ്മറ്റിയെ തിരഞ്ഞെടുത്തു. പ്രസിഡന്റായി നിസാമുദ്ദീൻ വൈസ് പ്രസിഡന്റായി ഹാരിസ് അടയാട്ടും സെക്രട്ടറിയായി ഹാരിസ് അബ്റാരിയെയും ഉൾപ്പെടെ 16 അംഗ കമ്മിറ്റിയെയും തെരഞ്ഞെടുത്തു.മദ്രസ സെക്രട്ടറി ജെ.എ നാസിറുദ്ധീൻ, പി. എസ്. മുഹമ്മദ് മാസ്റ്റർ, ഹാമിദ് പടിത്തറ, ഹാരിസ് അബ്റാരി എന്നിവർ സംസാരിച്ചു. പ്രസിഡന്റ് നിസാമുദ്ദീൻ നന്ദി പറഞ്ഞു.

## സെമിനാർ സംഘടിപ്പിച്ചു

കായംകുളം:കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം കൃഷ്ണപുരത്തിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ കുട്ടികൾക്കായി സെമിനാർ സംഘടിപ്പിച്ചു. ജനസംഖ്യ ദിനത്തെക്കുറിച്ചും ഭക്ഷ്യ സംസ്കരണം, വിവിധയിനം തെങ്ങിനങ്ങളെക്കുറിച്ചും തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ ചരിത്രത്തെ കുറിച്ചും മുതിർന്ന ശാസ്ത്രജ്ഞ ഡോക്ടർ അനിതകുമാരി, ഡോക്ടർ ഇന്ദുജ എസ്, എന്നിവർ കുട്ടികൾക്ക് വിശദീകരിച്ചു. കേര വിജ്ഞാന വ്യാപന കേന്ദ്രം സന്ദർശിച്ച കുട്ടികൾകേര വൃക്ഷങ്ങളുടെ വിവിധ ഇനങ്ങളുടെ ചിത്രങ്ങളും കേരവൃക്ഷങ്ങൾക്ക് ബാധിക്കുന്ന വിവിധ രോഗങ്ങളും, ജർമനിയിൽ നിന്നും കൊണ്ടുവന്ന ഇലക്ട്രോ മൈക്രോസ്കോപ്പ് എന്നിവ കുട്ടികളിൽ കൗതുകം ജനിപ്പിച്ചു ജൂനിയർ റിസർച്ച് ഫെലോ വിഷ്ണു,ഫീൽഡ് അസിസ്റ്റന്റ് ഭവ്യ എന്നിവർ കുട്ടികൾക്ക് ഗവേഷണ കേന്ദ്രത്തിന്റെ വിവിധ പ്രോജക്കുകളുടെ ഭാഗമായിട്ടുള്ള പ്ലോട്ടുകൾ സന്ദർശിച്ചു വിശദീകരിച്ച് നൽകി കുട്ടികളിൽ ശാസ്ത്ര കൗതുകം ഉണർത്തുന്നതിന് ഈ പ്രവർത്തനങ്ങൾ ഉപകരിച്ചു അധ്യാപകരായ ആർ രാജേഷ്, ജി എൻ പ്രസീജ എന്നിവർ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

# വയറിളക്ക രോഗങ്ങളെ പ്രതിരോധിക്കാം

ആലപ്പുഴ: വയറിളക്ക രോഗങ്ങളെ ശുചിത്വ ശീലങ്ങളിലൂടെ പ്രതിരോധിക്കാനുള്ള മാർഗ നിർദേശങ്ങളുമായി ആരോഗ്യ വകുപ്പ്.

ശുചിത്വ ശീലങ്ങൾ വേണ്ട രീതിയിൽ പാലിച്ചാൽ രോഗം മാറ്റി നിർത്താം. രോഗാണുക്കളാൽ മലിനമായ കുടിവെള്ളത്തിലൂടെയും മറ്റ് ആഹാരപാനീയങ്ങളിലൂടെയുമാണ് വയറിളക്ക രോഗങ്ങൾ പ്രധാനമായും ഉണ്ടാകുന്നത്. കുടിക്കാൻ തിളപ്പിച്ചാറിയ വെള്ളം മാത്രം ഉപയോഗിക്കുക.

തിളപ്പിച്ച വെള്ളത്തിൽ തിളപ്പിക്കാത്ത വെള്ളം കലർത്തി കുടിക്കരുത്. ആർ.ഒ. പ്ലാന്റ്, പൊതുവിതരണ പൈപ്പുകളിലെ വെള്ളം, മിനറൽ വാട്ടർ, ഫിൽറ്ററുകളിലെ വെള്ളം എന്നിവയും നന്നായി തിളപ്പിച്ചാറ്റിയ ശേഷം മാത്രം കുടിക്കുക. കിണർ വെള്ളം ക്ലോറിനേറ്റ് ചെയ്തതാണെങ്കിലും നന്നായി തിളപ്പിച്ച ശേഷം മാത്രം കുടിക്കാൻ ഉപയോഗിക്കുക.

### പ്രത്യേകം കരുതൽ വേണം

കുട്ടികൾ സ്കൂളിൽ പോകുമ്പോളും പുറത്തു പോകുമ്പോഴും തിളപ്പിച്ചാറിയ വെള്ളം വൃത്തിയുള്ള കുപ്പിയിൽ കൊടുത്തു വിടുക. തിളപ്പിച്ചാറിയ വെള്ളം എളുപ്പത്തിൽ വൃത്തിയാക്കാൻ കഴിയുന്ന കലം പോലെയുള്ളവയിൽ സൂക്ഷിക്കുക. പാത്രം സോപ്പ് ഉപയോഗിച്ച് വൃത്തിയായി കഴുകിയതിനുശേഷം മാത്രം വെള്ളം ശേഖരിക്കുക. വെള്ളം മുക്കിയെടുക്കുമ്പോൾ കൈകളിലെയും ഗ്ലാസിലെയും അഴുക്ക് വെള്ളത്തിൽ കലരാൻ ഇടയുണ്ട്. അതുകൊണ്ട് പിടിയുള്ള ജഗ് പോലെയുള്ള പാത്രങ്ങൾ ഉപയോഗിച്ച് പിടി വെള്ളത്തിൽ സ്പർശിക്കാത്ത രീതിയിൽ വെള്ളം പകർന്നെടുക്കാൻ ശ്രദ്ധിക്കുക. വൃത്തിയുള്ള അടപ്പിന് മുകളിൽ ഈച്ച തൊടാത്ത വിധം മഗ് വൃത്തിയായി സൂക്ഷിക്കുക.ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനും ശുദ്ധീകരിച്ച ജലം ഉപയോഗിക്കണം.

നന്നായി പാകം ചെയ്ത ഭക്ഷണ വസ്തുക്കൾ ആയിരിക്കണം ഉച്ചഭക്ഷണത്തിനായി നൽകേണ്ടത്.

സംഭാരം പോലെയുള്ളവ നൽകുകയാണെങ്കിൽ തിളപ്പിച്ചാറിയ വെള്ളത്തിൽ തയ്യാറാക്കണം.ആഹാരസാധനങ്ങൾ അടച്ച് സൂക്ഷിക്കുക. പാചകപ്പുരയും പരിസരവും വൃത്തിയായി സൂക്ഷിക്കണം. അങ്കണവാടി പ്രവർത്തകരും പ്ലേ സ്കൂൾ/ ഡേ കെയർ/ ക്രഷ് എന്നിവിടങ്ങളിലെ ആയമാരും ആഹാര പാനിയ ശുചിത്വത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തണം.

കുഞ്ഞുങ്ങൾക്ക് വായ കഴുകാനും മറ്റും തിളപ്പിച്ചാറിയ വെള്ളം തന്നെ കൊടുക്കുന്നതാണ് സുരക്ഷിതം. വായ കഴുകാൻ കൊടുക്കുന്ന വെള്ളം ഇറക്കാൻ സാധ്യതയുള്ളതിനാൽ തിളപ്പിച്ചാറിയ വെള്ളത്തിൽ വായ കഴുകുന്നതാണ് ഉത്തമം. സ്കൂളുകളിലെ ശുചിമുറി ഉപയോഗിച്ച ശേഷം കൈകഴുകുന്നതിന് സോപ്പ് സൂക്ഷിക്കേണ്ടതാണ്.

ശുചിമുറി ഉപയോഗിച്ച ശേഷം കൈകഴുകണമെന്ന് കുട്ടികളെ ബോധ്യപ്പെടുത്തണം. ആഹാരം കഴിക്കുന്നതിനും മുൻപും ശുചിമുറി ഉപയോഗിച്ച ശേഷവും കൈകൾ സോപ്പ് ഉപയോഗിച്ച് കഴുകുന്നത് മികച്ച പ്രതിരോധശീലമാണ്. തുറന്നുവച്ചിരിക്കുന്ന മിഠായികൾ, ഗുണനിലവാരമില്ലാത്ത ഐസ്ക്രീം, ഐസ് മിഠായി, സിപ്പപ്പ് തുടങ്ങിയവ കുട്ടികൾ കഴിക്കാതിരിക്കാൻ ശ്രദ്ധിക്കുക.

### വൃത്തി പ്രധാനം

കല്യാണം പോലെയുള്ള ആഘോഷങ്ങളിൽ നൽകുന്ന വെൽക്കം ഡ്രിങ്ക് ശുദ്ധജലത്തിൽ തയ്യാറാക്കുന്നതാണെന്നും ഭക്ഷ്യയോഗ്യമായ ഐസ് ആണ് ഉപയോഗിക്കുന്നത് എന്നും തയ്യാറാക്കുന്ന പാനീയം ഈച്ച കടക്കാത്ത വിധം വൃത്തിയുള്ള രീതിയിലാണ് സൂക്ഷിക്കുന്നതെന്നും ഉറപ്പാക്കേണ്ടതാണ്. മത്സ്യം, കക്ക, കൊഞ്ച് തുടങ്ങിയവ നന്നായി വൃത്തിയാക്കി സമയമെടുത്ത് പാകം ചെയ്ത് കഴിക്കാൻ ശ്രദ്ധിക്കുക. പാകം ചെയ്യാത്ത മത്സ്യ വിഭവങ്ങൾ സൂക്ഷിക്കുന്ന ഫ്രീസറിൽ ഐസ്ക്രീം, ചോക്ലേറ്റ് തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കരുത്. ആഹാര പാനീയങ്ങൾ ഈച്ചകടക്കാത്തവിധം മൂടി സൂക്ഷിക്കുക. ആഹാരാവശിഷ്ടങ്ങളും മറ്റു മാലിന്യങ്ങളും വലിച്ചെറിയാതെ സംസ്കരിക്കുക.

## വ്യാപാരി വ്യവസായി എകോപന സമിതി പ്രതിഷേധ യോഗം

കായംകുളം: കടയ്ക്കുള്ളിൽ വന്ന് സാമ്പത്തികം ആവശ്യപ്പെട്ടത് നൽകാത്തതിന്റെ പേരിൽ പെട്രോളുമായി എത്തി ആത്മഹത്യ ഭീക്ഷണി മുഴക്കിയതിനെതിരെ കേരള വ്യാപാരി വ്യവസായി എകോപന സമിതി പ്രതിഷേധ യോഗം സംഘടിപ്പിച്ചു.കായംകുളം മുക്കവല ജംഗ്ഷനിൽ നടന്ന പ്രതിഷേധ യോഗം യൂണിറ്റ് പ്രസിഡന്റ് സിനിൽ സബാദ് ഉദ്ഘാടനം ചെയ്തു.ഇങ്ങനെയുള്ള അക്രമണത്തിൽ വ്യാപാരികൾ ഒറ്റക്കെട്ടായി പ്രതികരിക്കണമെന്നും അദ്ദേഹം പറഞ്ഞു.യൂണിറ്റ് ജനറൽ സെക്രട്ടറി സോമരാജൻ, രക്ഷാധികാരി ഷരീഫ്, യൂണിറ്റ് ട്രഷറൻ ജോസഫ്, വൈസ് പ്രസിഡന്റ് മാരായ മധു, അബു ജനത, പൂക്കുഞ്ഞ്, ശശി പൗർണമി, സെക്രട്ടറിമാരായ സജു മറിയം, ഷിബു , സുബൈർ , അസ്സിം നാസർ, ദേവസ്യ, മറ്റു ഭാരവാഹികളായ പ്രവീൺ, നവാസ്, ഷാജി കല്ലറയ്ക്കൽ, ഷിജു, കടയുടമ സൈഫുദ്ധീൻ തുടങ്ങിയവർ സംസാരിച്ചു.



## പ്രതിഷേധ പ്രകടനം നടത്തി

മാനന്തവാടി: പിഞ്ചുകുഞ്ഞ് പൊള്ളലേറ്റ് മരിച്ച കേസിൽ പ്രതികൾക്കായി വാദിച്ച് ജാമ്യം വാങ്ങി കൊടുത്ത പബ്ലിക് പ്രോസിക്യൂട്ടർ തൽസ്ഥാനത്ത് തുടരാൻ അർഹതയില്ലെന്നും ഉടൻ രാജിവെക്കണമെന്നും ആവശ്യപ്പെട്ട് കൊണ്ട് യൂത്ത് കോൺഗ്രസ് നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധ പ്രകടനം നടത്തി.ഇരകൾക്ക് വേണ്ടി വാദിക്കേണ്ട പ്രോസിക്യൂട്ടർ പ്രതികൾക്ക് വേണ്ടി വാദിക്കുമ്പോൾ കുറ്റ കൃത്യം ചെയ്യുന്നവർക്കും പൊതു സമൂഹത്തിനും തെറ്റായ സന്ദേശമാണ് നൽകുന്നതെന്നും, ഇത്തരം ഉദ്യോഗസ്ഥരെ തൽസ്ഥാനത്ത് നിന്നും മാറ്റാൻ സർക്കാർ തയ്യാറായില്ലെങ്കിൽ വരും ദിവസങ്ങളിൽ ശക്തമായ സമരങ്ങൾക്ക് നേതൃത്വം നൽകുമെന്ന് യൂത്ത് കോൺഗ്രസ് മുന്നറിയിപ്പ് നൽകി.

## ഏകദിന ശിൽപശാല

കൽപ്പറ്റ: സംരംഭകർക്കായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് ഒരു ദിവസത്തെ 'ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഫോർ എന്റർപ്രനേഴ്സ്' വിഷയത്തിൽ ജൂലൈ 18 ന് അങ്കമാലിയിൽ വർക്ക് ഷോപ്പ് സംഘടിപ്പിക്കുന്നു. എം.എസ്.എം.ഇ മേഖലയിലെ സംരംഭകർ/എക്സിക്യൂട്ടീവ്സ് എന്നിവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. ഫോൺ-0484 2532890, 04842550322.

## വയനാട് വാർത്തകൾ

# തദ്ദേശ ഭരണ പ്രതിസന്ധിക്കെതിരെ എൽ.ജി.എം.എൽ പ്രതിഷേധ ഒപ്പുമതിൽ









*കണിയാമ്പറ്റ പഞ്ചായത്ത് ഒപ്പുമതിൽ ജില്ലാ മുസ്‌ലിംലീഗ് പ്രസിഡണ്ട് കെ.കെ അഹമ്മദ് ഹാജി, മുട്ടിൽ ഗ്രാമ പഞ്ചായത്ത് ഒപ്പുമതിൽ ജില്ലാ മുസ്‌ലീം ലീഗ് വൈസ് പ്രസിഡണ്ട് എൻ.കെ റഷീദ്, കൽപ്പറ്റ നഗരസഭാ ഒപ്പു മതിൽ മുസ്‌ലിംലീഗ് ജില്ലാ വൈസ് പ്രസിഡണ്ട് റസാഖ് കൽപ്പറ്റ, മാനന്തവാടി മുനിസിപ്പൽ ഒപ്പുമതിൽ മുസ്‌ലിം ലീഗ് ജില്ലാ സെക്രട്ടറി സി.കുഞ്ഞബ്ദുല്ല എന്നിവർ ഉദ്ഘാടനം ചെയ്യുന്നു*

കൽപ്പറ്റ: തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ തകർക്കുന്ന ഇടതുസർക്കാറിന്റെ നയത്തിൽ പ്രതിഷേധിച്ച് ലോക്കൽ ഗവൺമെൻറ് മെമ്പേഴ്സ് ലീഗ് ജില്ലാ കമ്മിറ്റി നടത്തുന്ന കലക്ടറേറ്റ് മാർച്ചിന്റെ ഭാഗമായി ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുമ്പിൽ ജനകീയ ഒപ്പ് മതിൽ സംഘടിപ്പിച്ചു. പെൻഷൻ, ലൈഫ് പദ്ധതി, ഭിന്നശേഷി സ്കോളർഷിപ്പ് തുടങ്ങിയ സാധാരണക്കാരുടെ പദ്ധതികൾ അട്ടിമറിക്കുന്നതിനെതിരെയുള്ള പ്രതിഷേധത്തിന്റെ ഭാഗമായാണ് ജനകീയ ഒപ്പ് മതിൽ സമരം സംഘടിപ്പിച്ചത്. സംസ്ഥാന തല ഉൽഘടനം പടിഞ്ഞാറത്തറ പഞ്ചായത്ത് പരിസരത്ത് മുസ്‌ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി എം എ സലാം നിർവഹിച്ചു. നടപ്പിലാക്കിയ പദ്ധതികൾക്ക് പോലും ഫണ്ടുകൾ അനുവദിക്കാതെ ഇടതുസർക്കാർ ദ്രോഹനിലപാടുകൾ ആവർത്തിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിന്റെ കാർഷിക, മൃഗസംരക്ഷണ, വിദ്യാഭ്യാസ ആരോഗ്യ മേഖലകൾ ശക്തിപ്പെടുന്നതും ദുർബല വിഭാഗങ്ങൾക്ക് ആശ്വാസമേകുന്നതും തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളാണ് എന്ന ബോധ്യം സർക്കാരിന് ഉണ്ടാകണം.

അധികാരങ്ങളും പദ്ധതിവിഹിതവും കവർന്നെടുത്ത് തദ്ദേശസ്ഥാപനങ്ങളെ ഞെക്കിക്കൊല്ലാനാണ് നിരന്തരമായി സർക്കാർ നീക്കം. ഇത് അനുവദിക്കാനാവില്ലെന്നും നയം തിരുത്തിയില്ലെങ്കിൽ ശക്തമായ പ്രക്ഷോഭത്തെ നേരിടേണ്ടി വരുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

എൽ.ജി.എം.എൽ സംസ്ഥാന വൈസ് പ്രസിഡന്റ് എം മുഹമ്മദ് ബഷീർ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി പി കെ ഷറഫുദ്ദീൻ മുഖ്യപ്രഭാഷണം നടത്തി. മുസ്‌ലിം ലീഗ് വയനാട് ജില്ലാ പ്രസിഡന്റ് കെ കെ അഹമ്മദ് ഹാജി, ജനറൽ സെക്രട്ടറി ടി മുഹമ്മദ്, ഭാരവാഹികളായ റസാക്ക് കൽപ്പറ്റ, കെ ഹാരിസ്, എൽ ജി എം എൽ ജില്ലാ ജനറൽ സെക്രട്ടറി ജാസർ പിണങ്ങോട്, സി ഇ ഹാരിസ്, കെ ബി നസീമ, ഉസ്മാൻ കാഞ്ഞായി, കെ കെ അസ്മ, പി എ ജോസ് പ്രസംഗിച്ചു. എം പി ഷംസുദ്ദീൻ സ്വാഗതവും ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് പി ബാലൻ നന്ദിയും പറഞ്ഞു.

കൽപ്പറ്റ: കൽപ്പറ്റ നഗരസഭാ ഒപ്പു മതിൽ മുസ്‌ലിംലീഗ് ജില്ലാ വൈസ് പ്രസിഡണ്ട റസാഖ് കൽപ്പറ്റ ഉദ്ഘാടനം ചെയ്തു. നഗരസഭാ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അഡ്വ. എ.പി. മുസ്തഫ അദ്ധ്യക്ഷത വഹിച്ചു. എസ് ടി യു ജില്ലാ ജനസെക്രട്ടറി സി.മൊയ്തീൻ കുട്ടി, മണ്ഡലം സെക്രട്ടറി അലവി വടക്കേതിൽ, യൂത്ത് ലീഗ് ജില്ലാ പ്രസിഡണ്ട് നവാസ് എം.പി, മുസ്ലീം ലീഗ് ജില്ലാ പ്രവർത്തക സമിതി അംഗം എ.പി ഹമീദ്, മുസ്ലീംലീഗ് മുനിസിപ്പൽ സെക്രട്ടറി സി.കെ നാസർ, എം എസ് എഫ് ജില്ലാ സെക്രട്ടറി മുബഷിർ, ബാപ്പു എം.പി, കൗൺസിലർമാരായ റൈഹാനത്ത് വടക്കേതിൽ, ഷരീഫ ടീച്ചർ, ശ്രീജ ടീച്ചർ, സാജിത മജീദ് സംബന്ധിച്ചു. നഗരസഭാ വൈസ് ചെയർപേഴ്സൺ സരോജിനി ഓടമ്പത്ത് സ്വാഗതവും കൗൺസിലർ പി. കുഞ്ഞുട്ടി നന്ദിയും പറഞ്ഞു.

കണിയാമ്പറ്റ: കണിയാമ്പറ്റ പഞ്ചായത്തിൽ ഒപ്പുമതിൽ ജില്ലാ മുസ്ലിം ലീഗ് പ്രസിഡണ്ട് കെ.കെ അഹമ്മദ് ഹാജി ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് നൂർഷ ചേനോത്ത് അദ്ധ്യക്ഷത വഹിച്ചു. മണ്ഡലം മുസ്ലിം ലീഗ് ട്രഷറർ കടവൻ ഹംസ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് കാട്ടി ഗഫൂർ, പഞ്ചായത്ത് ലീഗ് പ്രസിഡണ്ട് വിപി ശുക്കൂർ, അയമു കരണി, ഹംസ ലാച്ചേരി, എ കെ.സൈതലവി, ഷാജിത് കെ കെ, ഷെഫീഖ് കെ കെ, മെമ്പർമാരായ കുഞ്ഞായിശ, ടി മണി, ഷംസുദ്ദീൻ പള്ളിക്കര, റഷീദ് കമ്മിച്ചാൽ, കമലരാമൻ, സുമ ടീച്ചർ, സീനത്ത് തൻവീർ, വരിയിൽ അബ്ദുല്ല, നാസർ പുതിയ യാണ്ടി, റഹിയാനത്ത് ബഷീർ സംസാരിച്ചു.

കാവുംമന്ദം: ലോക്കൽ ഗവൺമെൻറ് മെമ്പേഴ്സ് ലീഗ് ഒപ്പ് മതിൽ തരിയോട് ഗ്രാമപഞ്ചായത്ത് ഓഫീസിനു മുമ്പിൽ പഞ്ചായത്ത് മുസ്ലിം ലീഗ് പ്രസിഡണ്ട് പോക്കർ പള്ളിക്കണ്ടി ഉദ്ഘാടനം ചെയ്തു. എൽ ജി എം എൽ കൽപ്പറ്റ നിയോജക മണ്ഡലം കൺവീനർ ഷമീം പാറക്കണ്ടി അധ്യക്ഷത വഹിച്ചു.

തരിയോട് ഗ്രാമപഞ്ചായത്ത് അംഗം സൂന നവീൻ സ്വാഗതവും കെ പി സബീർ അലി നന്ദിയും പറഞ്ഞു. പി പി ഹംസ, വി സൈതലവി, എംപി ഹഫീസലി, കെ നാസർ, എ കെ മുബഷിർ, കെ മുസ്തഫ, കെ ടി മുജീബ്, കെ ഹാരിസ് സംസാരിച്ചു.

വെള്ളമുണ്ട: ഗ്രാമപഞ്ചായത്ത് മെമ്പേഴ്സ് ലീഗ് വെള്ളമുണ്ട പഞ്ചായത്ത് ഓഫീസിന് മുന്നിൽ ഒപ്പു മതിൽ തീർത്തു. സമരം മണ്ഡലം മുസ്‌ലിംലീഗ് പ്രസിഡണ്ട് സി.പി.മൊയ്തു ഹാജി ഉദ്ഘാടനം ചെയ്തു. നിസാർ കൊടക്കാടു സ്വാഗതം പറഞ്ഞു. കൊടുവേരി അമ്മദ് അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് സെക്രട്ടറി മോയി ആറങ്ങാടൻ, മണ്ഡലം സെക്രട്ടറി ഉസ്മാൻ പള്ളിയാൽ, കൊടുവേരി അമ്മദ്, ഇ.വി.സിദീഖ്, ജബ്ബാർ.സി.പി., പി.കെ.ഉസ്മാൻ, ഖമർലൈല, റംല മുഹമ്മദ്, ആതിക്ക ടീച്ചർ, ജിൻഷാദ്.എ.സി, ഒ.കെ.മുഹമ്മദ്, അലുവ അബ്ദുറഹ്മാൻ, റംല കൊടുവേരി സംസാരിച്ചു.



*ഗവൺമെൻറ് മെമ്പേഴ്സ് ലീഗ് സംഘടിപ്പിച്ച ഒപ്പു സമരത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം പടിഞ്ഞാറത്തറയിൽ മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി പി.എം.എ സലാം നിർവഹിക്കുന്നു*

മുട്ടിൽ: ലോക്കൽ ഗവൺമെന്റ് മെമ്പേഴ്സ് ലീഗ് ഒപ്പുമതിൽ മുട്ടിൽ പഞ്ചായത്തിൽ ജില്ലാ മുസ്ലീം ലീഗ് വൈസ് പ്രസിഡണ്ട് എൻ.കെ റഷീദ് അഭിപ്രായപ്പെട്ടു. മുട്ടിൽ ഗ്രാമ പഞ്ചായത്ത് ഉദ്ഘാടനം ചെയ്തു. മുട്ടിൽ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് അഷ്റഫ് ചിറക്കൽ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് ലീഗ് പ്രസിഡണ്ട് നീലിക്കണ്ടി സലാം മുഖ്യ പ്രഭാഷണം നടത്തി. ഉസ്മാൻ കോയ ദാരിമി, എം.കെ. ആലി, അഹമ്മദ് കുട്ടി കല്ലിങ്ങൽ, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ആയിഷാബി, കെ.എസ്. സ്കറിയ, ബിന്ദു മോഹനൻ, അഷ്റഫ് കാഞ്ഞിരക്കാട്ടിൽ, രാജി, ഖാലിദ് തയ്യിൽ എന്നിവർ സംസാരിച്ചു. നസീമ മങ്ങാടൻ സ്വാഗതവും ബഷീർ ബി നന്ദിയും പറഞ്ഞു.

മാനന്തവാടി: മാനന്തവാടി മുനിസിപ്പൽ ഒപ്പുമതിൽ മുസ്‌ലിം ലീഗ് ജില്ലാ സെക്രട്ടറി സി.കുഞ്ഞബ്ദുല്ല ഉദ്ഘാടനം ചെയ്തു.

ബി.ഡി അരുൺകുമാർ സ്വാഗതം പറഞ്ഞു. മുനിസിപ്പൽ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി.വി.എസ് മൂസ അധ്യക്ഷത വഹിച്ചു. യൂത്ത് ലീഗ് മണ്ഡലം വൈസ്പ്രസിഡണ്ട് കബീർ മാനന്തവാടി, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അഡ്വ. സിന്ധു സെബാസ്റ്റ്യൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ലേഖ രാജീവൻ, കൗൺസിലർമാരായ അശോകൻ കൊയിലേരി, വി.യു ജോയി, സുബൈർ എ.പി, നൗഫൽ സ്റ്റൈൽ, ഷബീർ സൂഫി, സലീം. പി.എച്ച് സംസാരിച്ചു.

വെങ്ങപ്പള്ളി: വെങ്ങപ്പള്ളി പഞ്ചായത്തിലെ ഒപ്പ് മതിൽ പ്രധിഷേധം പിണങ്ങോട് ടൗണിൽ പഞ്ചായത്ത് മുസ്‌ലിം ലീഗ് പ്രസിഡന്റ് ഉസ്മാൻ പഞ്ചാര ഉൽഘടനം ചെയ്തു.

ഗ്രാമ പഞ്ചായത്ത് ആരോഗ്യ സ്റ്റാൻഡിങ് കമ്മി റ്റി ചെയർ പേഴ്സൺ ഷംന റഹ്മാൻ അധ്യക്ഷത വഹിച്ചു.

എൽ ജി എം എൽ ജില്ലാ ജനറൽ സെക്രട്ടറി ജാസർ പാലക്കൽ, തന്നാനി അബൂബക്കർ ഹാജി, അൻവർ കെ പി, രാമൻ കെ എ, മൊയ്‌ദീൻ കല്ലുടുംബൻ, മുഹമ്മദലി പട്ടിശേരി, റഹൂഫ് പി എം സംസാരിച്ചു.







*വെള്ളമുണ്ട പഞ്ചായത്ത് ഓഫീസിന് മുന്നിൽ ഒപ്പുമതിൽ മണ്ഡലം മുസ്‌ലിം ലീഗ് പ്രസിഡണ്ട് സി.പി.മൊയ്തു ഹാജി, തരിയോട് ഗ്രാമപഞ്ചായത്ത് ഒപ്പ് മതിൽ പഞ്ചായത്ത് മുസ്‌ലിം ലീഗ് പ്രസിഡണ്ട് പോക്കർ പള്ളിക്കണ്ടി, വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് ഒപ്പ് മതിൽ പഞ്ചായത്ത് മുസ്‌ലിം ലീഗ് പ്രസിഡണ്ട് ഉസ്മാൻ പഞ്ചാര എന്നിവർ ഉദ്ഘാടനം ചെയ്യുന്നു*

# കാറിൽ എം.ഡി.എം.എ കടത്തിയ സംഭവം; ഒരാൾകൂടി അറസ്റ്റിൽ

മാനന്തവാടി: ബാവലി എക്സൈസ് ചെക്ക്പോസ്റ്റിൽ 54.39 ഗ്രാം എം ഡി എം യു മായി രണ്ടു യുവാക്കൾ പിടിയിലായ സംഭവത്തിൽ ഒരാൾകൂടി അറസ്റ്റിൽ. കണ്ണൂർ മാട്ടൂൽ മൂസക്കാൻപള്ളി പി.പി ഹൗസിൽ അഹമ്മദാലി (29)യാണ് അറസ്റ്റിലായത്. മാട്ടൂൽ വാടിക്കൽ കടവ് റോഡ് ഭാഗം എ ആർ മൻസിലിൽ ടി.വി നിയാസ് (30), മാട്ടൂർ സെൻട്രൽ ഭാഗത്ത് ഇട്ടപുരത്ത് വീട്ടിൽ ഇ മുഹമ്മദ് അമ്രാസ് (24) എന്നിവർ കഴിഞ്ഞ ജൂൺ 12-നു ബാവലി എക്സൈസ് ചെക്ക്പോസ്റ്റിൽ പിടിയിലായിരുന്നു. എക്സൈസ് ഉദ്യോഗസ്ഥർ നടത്തിയ അന്വേഷണത്തിൽ ഇവർക്ക് എം ഡി എം എ എത്തിച്ചു നൽകിയത് അഹമ്മദാലിയാണെന്ന് വ്യക്തമായതിനെ തുടർന്നാണ് അറസ്റ്റ്. ഇവർക്ക് എം ഡി എം എ നൽകിയ ബംഗളൂരു കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന 'ബോബോ' എന്നറിയപ്പെടുന്ന നൈജീരിയൻ സ്വദേശിയെ കണ്ടെത്തുന്നതിനുള്ള അന്വേഷണം വ്യാപിപ്പിച്ചതായി ഉദ്യോഗസ്ഥർ പറഞ്ഞു.

നിയാസും മുഹമ്മദ് അമ്രാസും ബാവലി എക്സൈസ് ചെക്ക്പോസ്റ്റിൽ പിടിയിലായ അതേദിവസം അഹമ്മദാലി 32.5ഗ്രാം എം ഡി എം എയും സഞ്ചരിച്ച കാറുമായി കൂട്ടുപുഴ ചെക്ക്പോസ്റ്റിൽ പിടിയിലായിരുന്നു. കൂത്തുപറമ്പ് സബ് ജയിലിൽ കഴിയുന്ന അഹമ്മദാലിയുടെ ഫോർമൽ അറസ്റ്റാണ് രേഖപ്പെടുത്തിയത്. അഹമ്മദാലിയെ മൂന്നാംപ്രതി ചേർത്താണ് കേസെടുത്തിട്ടുള്ളത്. വയനാട് അസി. എക്സൈസ് കമ്മീഷണർ ടി എൻ സുധീറിന്റെ നേതൃത്വത്തിൽ നടത്തിയ അന്വേഷണത്തിൽ എക്സൈസ് സൈബർ സെൽ പ്രിവന്റീവ് ഓഫീസർ എം സി ഷിജു, സിവിൽ എക്സൈസ് ഓഫീസർ പി എസ് സുഷാദ്, വനിതാ സിവിൽ എക്സൈസ് ഓഫീസർ പി എൻ ശ്രീജമോൾ പങ്കെടുത്തു.

# കർളാടിൽ കയാക്കിങ്ങ്; ജെല്ലി ഫിഷ് ജേതാക്കൾ

കൽപറ്റ: ആവേശകരമായ കയാക്കിങ് മത്സരത്തിൽ കാലിക്കറ്റ് ജെല്ലി ഫിഷ് ജേതാക്കളായി. മഴക്കാല വിനോദ സഞ്ചാരത്തിന്റെ സാധ്യതകളുമായി അരങ്ങേറുന്ന മഡ് ഫെസ്റ്റിവലിൽ വേറിട്ടതായിരുന്നു കർളാട് തടാകത്തിൽ നടന്ന കയാക്കിങ്ങ്. ആദ്യമായാണ് സംസ്ഥാന തലത്തിലുള്ള ടീമുകൾ ലേക്ക് കയാക്കിങ്ങിനായി ചുരം കയറിയെത്തിയത്. കർളാടിന്റെ ഓളങ്ങളിൽ ഒന്നിനൊന്ന് മത്സരിച്ചായിരുന്നു ടീമുകളുടെയെല്ലാം പ്രകടനം. കയാക്കിങ് മത്സരങ്ങൾ കാണാനും വിനോദ സഞ്ചാരികളടക്കമുള്ളവർ കർളാട് തടാക കരയിലെത്തിയിരുന്നു. രണ്ടാമത് തുഴഞ്ഞെത്തിയതും ജെല്ലി ഫിഷ് ടീം തന്നെയായിരുന്നു. പെരിയാർ കയാക്കിങ് ടീം കോതമംഗലം മൂന്നാം സ്ഥാനം നേടി.

കയാക്കിങ് മത്സരം തരിയോട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വി.ജി ഷിബു ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ കെ.വി ഉണ്ണിക്കൃഷ്ണൻ അധ്യക്ഷത വഹിച്ചു. ഡി.ടി.പി.സി എക്സിക്യൂട്ടീവ് അംഗം എം.വി.വിജേഷ് മത്സരങ്ങൾ ഫ്ളാഗ് ഓഫ് ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് അംഗം ഷിബു പോൾ, ഗ്രാമപഞ്ചായത് അംഗം ഷീജ ആന്റണി , ഡി.ടി.പി.സി മാനേജർമാരായ പി.പി.പ്രവീൺ , രതീഷ്ബാബു, എം.എസ്.ദിനേശൻ, ബൈജു തോമസ്, വി.ജെ.ഷിജു, കെ.എൻ.സുമാദേവി എന്നിവർ പങ്കെടുത്തു. വിജയികൾക്കുള്ള സമ്മാനദാനം ഡി.ടി.പി.സി സെക്രട്ടറി കെ.ജി അജേഷ് നിർവഹിച്ചു. ടി. ജെ മാർട്ടിൻ, ലൂക്ക ഫ്രാൻസിസ് എന്നിവർ മത്സരങ്ങൾക്ക് നേതൃത്വം നൽകി. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാന ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ ജൂലൈ 14 വരെയാണ് ജില്ലയിൽ മഡ് ഫെസ്റ്റ് നടക്കുന്നത്.



## മാനേജ്മെന്റ് ട്രെയ്നി നിയമനം

കൽപ്പറ്റ: പട്ടിക വർഗ വികസന വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.ഡി.പി ഓഫീസ്, ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ്, ട്രൈബൽ എക്സ്റ്ററൻഷൻ ഓഫീസ് എന്നിവടങ്ങളിൽ മാനേജ്മെന്റ് ട്രെയിനിമാരെ നിയമിക്കുന്നു. വയനാട് ജില്ലയിൽ സ്ഥിരതാമസക്കാരായ പട്ടിക വർക്ഷ യുവതി യുവാക്കൾക്ക് അപേക്ഷിക്കാം.

ജില്ലയിൽ 36 ഒഴിവുകളാണുള്ളത്. എസ്.എസ്.എൽ. പാസ്സായവർക്ക് അപേക്ഷിക്കാം. ബിരുദധാരികൾക്ക് 5 മാർക്ക് ഗ്രേസ് മാർക്കായി ലഭിക്കും. 2024 ജനവുരി 1 ന് 18 വയസ്സ് പൂർത്തിയായവർക്കും 35 വയസ്സ് കവിയാത്തവരുമായിരിക്കണം.

ഉദ്യോഗാർത്ഥികളുടെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല. വൈത്തിരി താലൂക്കിലുള്ളവർ കൽപ്പറ്റ ഐ.റ്റി.ഡി.പി, ട്രൈബൽ എക്സറ്റൻഷൻ ഓഫീസിലും മാനന്തവാടി താലൂക്കിലുള്ളവർ ടി.ഇ, ടി.ഡി ഓഫീസുകളിലും സുൽത്താൻ ബത്തേരി താലൂക്കിലുള്ളവർ ടി.ഇ, ടി.ഡി ഓഫീസുകളിലും അപേക്ഷ നൽകണം. പരിശീലന കാലയളവിൽ പ്രതിമാസം 10000 രൂപ ഹോണറേറിയം ലഭിക്കും. ഫോൺ 04936 202232.

## സ്പോട്ട് അഡ്മിഷൻ

കൽപ്പറ്റ: കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷനിൽ ജേർണലിസം ആൻഡ് കമ്യൂണിക്കേഷൻ, പബ്ലിക് റിലേഷൻസ് ആൻഡ് അഡ്വർടൈസിംഗ്, ടെലിവിഷൻ ജേണലിസം ബിരുദാനന്തര ഡിപ്ലോമ കോഴ്സുകളിലെ സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. സർവകലാശാല ബിരുദമാണ് അടിസ്ഥാന യോഗ്യത. പ്രായപരിധി 28 വയസ്സ്. ഫോൺ : 0484-2422275

# കടുവ ഭീതിയിൽ ചീരാൽ മുക്കത്തി കുന്ന് മേഖല

## കഴിഞ്ഞ ദിവസം പ്രദേശത്ത് ഇറങ്ങിയ കടുവ പശുവിനെ ആക്രമിച്ച് പരുക്കേൽപ്പിച്ചു



സുൽത്താൻ ബത്തേരി: ചീരാൽ മുക്കത്തി കുന്ന് മേഖല വീണ്ടും കടുവ ഭീതിയിൽ. കഴിഞ്ഞ ദിവസം പ്രദേശത്ത് ഇറങ്ങിയ കടുവ പശുവിനെ ആക്രമിച്ച് പരുക്കേൽപ്പിച്ചു. മുള്ളൻ പൊട്ടക്കൽ ബേബിയുടെ ഗർഭിണിയായ പശുവിനെയാണ് വീടിന് സമീപത്ത് വെച്ച് കടുവ ആക്രമിച്ച് പരുക്കേൽപ്പിച്ചത്. മേയാൻ കെട്ടിയ പശുവിനെ ഉടമയുടെ മുന്നിൽ വച്ചാണ് കടുവ ആക്രമിച്ചത് ഇതോടെയാണ് പ്രദേശം വീണ്ടും ഭീതിയിലാകാൻ കാരണം. മേയാൻ കെട്ടിയിട്ട പശുവിന്റെ കരച്ചിൽ കേട്ട് ബേബി എത്തിയപ്പോഴാണ് പശുവിനെ കടുവ ആക്രമിക്കുന്നത് കണ്ടത്. തുടർന്ന് ബഹളം വച്ചതോടെ കടുവ പശുവിനെ ഉപേക്ഷിച്ചു സമീപത്തെ വനത്തിലേക്ക് മറഞ്ഞു. ആക്രമണത്തിൽ പശുവിന്റെ കഴുത്തിനും പുറത്തും സാരമായി പരുക്കേറ്റു. ഒരു വർഷം മുമ്പ് ചീരാൽ മുണ്ടക്കൊല്ലി മേഖലയിലിറങ്ങിയ കടുവ നിരവധി വളർത്തുമൃഗങ്ങളെ ആക്രമിച്ച് കൊന്നിരുന്നു. ഇതിനെ പിന്നീട് പിടികൂടുകയായിരുന്നു. ഒരിടവേളക്ക് ശേഷം പ്രദേശത്ത് വീണ്ടും കടുവയെത്തിയതിൽ ആശങ്കയിലാണ് ജനം.

# ശാസ്ത്രജ്ഞന്മാർ കോളനി സന്ദർശിച്ചു

മാനന്തവാടി: ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞന്മാർ തലപ്പുഴ കൊറ്റിയോട്ട് കോളനിയിൽ സന്ദർശനം നടത്തി. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി, ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രത്തിന്റെ സഹകരണത്തോടെ ഈ വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും പദ്ധതി പ്രദേശങ്ങൾ കാണുന്നതിനും ഗുണഭോക്താക്കളുമായി ചർച്ച നടത്തുന്നതിനുമായായിരുന്നു സന്ദർശനം. ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രം പ്രിൻസിപ്പൽ സയന്റിസ്റ്റ് മാരായ ഡോ. ആർ പ്രവീണ , ഡോ. ലിജോ തോമസ്, സയന്റിസ്റ്റ് ഡോക്ടർ എസ് ആരതി, കോഴിക്കോട് കെ വി കെ യിലെ ഫിഷറീസ് വിദഗ്ദ്ധൻ ഡോക്ടർ ബി പ്രദീപ് എന്നിവർ ആയിരുന്നു ടീമിൽ ഉണ്ടായിരുന്നത്. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റെവ.ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ്. പി.എ, റീജിയണൽ കോ ഓർഡിനേറ്റർ ഷീന ആന്റണി എന്നിവർ സന്ദർശനത്തിന് നേതൃത്വം നൽകി.



*ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞന്മാർ കൊറ്റിയോട്ട് കോളനിയിൽ സന്ദർശനം നടത്തുന്നു*



താഴെപാറയിൽ വീട്ടുമുറ്റത്തെ കിണറിൽ വീണ പൂച്ചയെ എടുക്കാനിറങ്ങി കുടുങ്ങിയ അജേഷിനെ ഫയർഫോഴ്സ് രക്ഷിക്കുന്നു

## പൂച്ചയെ രക്ഷിക്കാനിറങ്ങി കിണറ്റിൽ കുടുങ്ങി; ഫയർഫോഴ്സ് രക്ഷിച്ചു

ഫറോക്ക്: പരുത്തിപാറ സമീപം താഴെപാറ എന്ന സ്ഥലത്ത് വീട്ടുമുറ്റത്തെ കിണറിൽ വീണ പൂച്ചയെ എടുക്കാനിറങ്ങിയ മേലാട്ടുപറമ്പ് അജേഷ് (42) കിണറിൽ അകപ്പെട്ടു. പൂച്ചയെ എടുത്ത് കയറുന്നതിനിടയിൽ കിണറിൽ വഴുതി വീഴുകയായിരുന്നു. നിറയെ വഴുക്കലും വായുസഞ്ചാരം കുറഞ്ഞതും ഏകദേശം 50 അടിയോളം ആഴമുള്ള കിണറിൽ 10 അടിയോളം വെള്ളമുണ്ടായിരുന്നു. ശ്വാസം കിട്ടാതെ തളർന്നു വീണ അജീഷ് കയറിൽ പിടിച്ചു കിടക്കുകയായിരുന്നു.

നാട്ടുകാർ വിവരം അറിയിച്ചതനുസരിച് മീഞ്ചന്ത ഫയർ സ്റ്റേഷനിൽ നിന്ന് അബ്ദുൾ ഫൈസി യുടെ നേതൃത്വത്തിലെത്തിയ സംഘത്തിലെ ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ മുഹമ്മദ് സാനിജ് കിണറിൽ ഇറങ്ങി റോപ്പ് ഉപയോഗിച്ച് ആളെ പുറത്തെത്തിച്ചു. സീനിയർ ഫയർ ഓഫീസർ മനോജ്, സജിത്ത്, കരീം പ്രവീൺ,സുഭാഷ്, അനൂപ്,ബിനീഷ്, പ്രജിത്ത്, ജിതിൻ, അബീഷ്,കൃഷ്ണകുമാർ, അതുല്യ,നീതു എന്നിവർ രക്ഷാ പ്രവർത്തനത്തിന് നേതൃത്വം നൽകി.

## ഏഴാം ക്ലാസ് വിദ്യാർഥിയെ തട്ടിക്കൊണ്ടുപോവാൻ ശ്രമം; കുട്ടി രക്ഷപ്പെട്ടത് കൈക്ക് കടിച്ച്

കോഴിക്കോട്: തൊണ്ടയാട് ഈസ്റ്റ് കുടിൽതോട് ഏഴാം ക്ലാസ് വിദ്യാർഥിയെ തട്ടിക്കൊണ്ടുപോകാൻ ശ്രമം. കാറിലെത്തിയ രണ്ടുപേരാണ് കുട്ടിയെ തട്ടിക്കൊണ്ടുപോകാൻ ശ്രമിച്ചത്. വൈകിട്ട് അഞ്ച് മണിയോടെയാണ് സംഭവം. സംഘത്തിലുള്ള ഒരാളുടെ കൈക്ക് കടിച്ചാണ് കുട്ടി രക്ഷപ്പെട്ടത്. രക്ഷപ്പെട്ട കുട്ടി സമീപത്തെ വീട്ടിലേക്ക് ഓടിക്കയറുകയായിരുന്നു. പ്രദേശവാസികൾ തിരച്ചിൽ നടത്തിയെങ്കിലും കാർ കണ്ടെത്താനായില്ല. വെള്ള കാറിലെത്തിയവരാണ് തട്ടിക്കൊണ്ടുപോകാൻ ശ്രമിച്ചതെന്നാണ് കുട്ടി പറയുന്നത്. സമീപത്തെ സി.സി.ടി.വി ദൃശ്യങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

## സൗജന്യ ആരോഗ്യ പരിശോധന ക്യാമ്പ് ഇന്നു മുതൽ

കോഴിക്കോട്: ഇഖ്റ തണൽ സുപ്പർ സ്പെഷ്യലിറ്റി എർലി ഇന്റർവെൻഷൻ സെന്റർ പൊതുജനങ്ങൾക്കായി പല്ല്, കേൾവി എന്നിവയുമായി പരിഹരിക്കുന്നതിനായി സൗജന്യ ആരോഗ്യ പരിശോധന ക്യാമ്പ് സംഘടിപ്പിക്കുന്നു. ഇന്നു മുതൽ 25 വരെ നടക്കുന്ന ക്യാമ്പിൽ പല്ല്, കേൾവി സംബന്ധമായ സമഗ്ര പരിശോധന എല്ലാ പ്രായക്കാർക്കുമുണ്ടാവും. ഫോൺ: 97784 29511, 85940 99066, 81051 21019.

# പി.എസ്.സി കോഴക്കു പിന്നാലെ റിയൽഎസ്റ്റേറ്റ് ബന്ധവും ശിശുപോഷകാഹാര പദ്ധതി അഴിമതിയും

# സി.പി.എമ്മിനിത് നോട്ടെണ്ണൽ കാലം

കോഴിക്കോട്: സിപിഎം ഏരിയാ കമ്മിറ്റി അംഗമായ പ്രമോദ് കോട്ടൂളി 60 ലക്ഷം കോഴ ആവശ്യപ്പെടുകയും 22 ലക്ഷം രൂപ വാങ്ങുകയും ചെയ്തെങ്കിൽ ഉന്നത പാർട്ടി വൃത്തങ്ങളോ നേതാക്കളോ അറിയാതെ നടക്കില്ലെന്ന ആരോപണം ജില്ലയിലെ പ്രമുഖ നേതാക്കളെ പ്രതിസന്ധിയിലാക്കിയിരിക്കെ റിയൽ എസ്റ്റേറ്റ് മാഫിയയുമായുള്ള ബന്ധങ്ങളും സജീവ ചർച്ചയാകുന്നു. ജില്ലയിലെ രണ്ട് ഉന്നത സി.പി.എം. നേതാക്കൾക്ക് റിയൽ എസ്റ്റേറ്റ് മാഫിയയുമായി വഴിവിട്ട സാമ്പത്തിക ഇടപാടുകളുണ്ടെന്ന രഹസ്യാന്വേഷണവിഭാഗം റിപ്പോർട്ടിനെ കുറിച്ച വാർത്തകളും ഇന്നലെ പുറത്തുവന്നു.

11 മാസംമുൻപ് ആഭ്യന്തരവകുപ്പിന് നൽകിയ റിപ്പോർട്ടിലാണ് നഗരത്തിൽ താമസിക്കുന്ന നാദാപുരം-പാറക്കടവ് സ്വദേശിയായ റിയൽ എസ്റ്റേറ്റ് വ്യാപാരിക്ക് ജില്ലയിലെ രണ്ട് ഉന്നത സി.പി.എം. നേതാക്കളുമായി അടുത്തബന്ധമുണ്ടെന്ന് വ്യക്തമാക്കിയത്. കോഴിക്കോട്ടെ വിവാദമായ സമാന്തര ടെലിഫോൺ എക്സ്ചേഞ്ച് കേസിലുൾപ്പെട്ട ബേപ്പൂർ സ്വദേശിയെ അതിൽനിന്ന് ഒഴിവാക്കാൻ ഈ റിയൽ എസ്റ്റേറ്റ് വ്യാപാരി ശ്രമിച്ചിരുന്നു. ജില്ലയിലെ ഉന്നത സി.പി.എം.-സി.ഐ.ടി.യു. നേതാവിന് പുതിയവാഹനം വാങ്ങാനുള്ള ബുക്കിങ് തുകയായി ഏഴുലക്ഷംരൂപ നൽകിയത് ഈ റിയൽ എസ്റ്റേറ്റ് വ്യാപാരിയാണെന്നും പോലീസ് റിപ്പോർട്ടിലുണ്ട്.

നഗരത്തിലെ വൻകിട സൂപ്പർമാർക്കറ്റിലെ തൊഴിൽതർക്കം പരിഹരിക്കാൻ 15 ലക്ഷം രൂപയും മാവൂർറോഡിലെ ഹോട്ടലിലെ പാർക്കിങ് പ്രശ്നം ഒത്തുതീർപ്പാക്കുന്നതിനായി ഏഴുലക്ഷം രൂപയും ഈ രണ്ട് നേതാക്കൾ കൈപ്പറ്റിയെന്നും റിപ്പോർട്ട് പറയുന്നു. റിയൽ എസ്റ്റേറ്റ് വ്യാപാരിയുമായി ഇവർക്കുള്ള അടുത്തബന്ധം തെളിയിക്കാൻ കോൾ ഡീറ്റേയിൽ റെക്കോഡ് റിപ്പോർട്ടിനൊപ്പം നൽകി. മലബാറിലെ കനത്ത തിരഞ്ഞെടുപ്പ് തോൽവിയിൽനിന്ന് എങ്ങനെ കരകയറുമെന്നറിയാതെ കുഴങ്ങിയിരിക്കുമ്പോഴാണ് പി.എസ്.സി അംഗത്വ നിയമനത്തിന്റെ പേരിലുയർന്ന കോഴ ആരോപണവും അതിനെ തുടർന്ന് ഒന്നൊന്നായി ഇത്തരം അന്വേഷണങ്ങളും. നിജസ്ഥിതി എത്രയും പെട്ടെന്ന് പുറത്തുകൊണ്ടുവന്നില്ലെങ്കിൽ കോഴിക്കോട്ടെ പാർട്ടിക്ക് വലിയ ദോഷമാകുമെന്നാണ് ജില്ലാ സെക്രട്ടേറിയറ്റിന്റെ വിലയിരുത്തൽ.

പി.എസ്.സി അംഗത്വ നിയമനത്തിന് കോഴ വാങ്ങിയ സംഭവം അന്വേഷിക്കണമെന്നാവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി വിശാൽ കല്ലാട്ട് കോഴിക്കോട് സിറ്റി പൊലീസ് കമ്മിഷണർക്ക് പരാതിനൽകിയിട്ടുണ്ട്. സംയോജിത ശിശുവികസന പദ്ധതിയുടെ ഭാഗമായും അഴിമതി നടന്നതായി പൊലീസ് റിപ്പോർട്ടുണ്ടെന്ന വാർത്തകളും പുറത്തുവന്നു. അങ്കണവാടി മുഖേന നടപ്പാക്കുന്ന പോഷകാഹാര പദ്ധതിക്കുള്ള ഭക്ഷ്യവസ്തുക്കൾ മാവേലിസ്റ്റോർ, ലാഭം മാർക്കറ്റ് എന്നിവയിൽനിന്നേ വാങ്ങാൻ പാടുള്ളൂവെന്നായിരുന്നു നേരത്തേയുണ്ടായിരുന്ന സർക്കാർതീരുമാനം. ഈ ഉത്തരവ് ഭേദഗതിചെയ്ത് നീതി സ്റ്റോറുകൾ, സഹകരണ സംഘങ്ങൾ, ബാങ്കുകൾ എന്നിവയുടെ കീഴിലുള്ള സ്റ്റോറുകൾ, ഫിഷറീസ് വകുപ്പിന്റെ തീരമൈത്രി സ്റ്റോറുകൾ തുടങ്ങിയവയിൽനിന്ന് ഭക്ഷ്യവസ്തുക്കൾ വാങ്ങാമെന്ന് തീരുമാനിച്ചതിനു പിന്നിലും അഴിമതി ലക്ഷ്യമിട്ടുള്ള നേതാക്കളുടെ ഇടപെടലുണ്ടായെന്ന് പോലീസ് റിപ്പോർട്ടിലുണ്ട്.

കൊയിലാണ്ടിയിൽനിന്നുള്ള സി.പി.എം. നേതാവും അദ്ദേഹത്തിന്റെ നിയന്ത്രണത്തിൽ കോഴിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന സഹകരണസ്ഥാപനവും സാമൂഹികനീതി വകുപ്പിന്റെ ഉത്തരവ് ഭേദഗതിക്കായി ഇവർക്കൊപ്പം ചുക്കാൻപിടിച്ചെന്നും റിപ്പോർട്ട് പറയുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായധനത്തോടെ നടത്തുന്ന കോടിക്കണക്കിന് രൂപയുടെ ഭക്ഷ്യസാധനങ്ങളുടെ വിതരണാവകാശമാണ് സിവിൽ സപ്ലൈസ് കോർപ്പറേഷനെ മറികടന്ന് ഇതുവഴി ഇവരുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ സ്വന്തമാക്കിയതെന്ന് രഹസ്യാന്വേഷണ വിഭാഗം റിപ്പോർട്ട് സൂചിപ്പിക്കുന്നുവെന്ന വാർത്തകൾ പാർട്ടിയെ വീണ്ടും പ്രതിസന്ധിയിലാക്കി.

### പ്രമോദ് കോട്ടൂളിക്കെതിരെ നടപടി; ഏരിയ കമ്മിറ്റി യോഗത്തിൽ ആവശ്യം

കോഴിക്കോട്: പിഎസ്സി കോഴ ആരോപണത്തിൽ പ്രമോദ് കോട്ടൂളിക്കെതിരെ നടപടി വേണമെന്ന് സിപിഎം കോഴിക്കോട് ടൗൺ ഏരിയ കമ്മിറ്റി യോഗത്തിൽ ആവശ്യം. ഇന്നലെ ചേർന്ന യോഗത്തിൽ ഈ വിഷയത്തിൽ അരമണിക്കൂറിലേറെ ചർച്ച നീണ്ടതായാണ് വിവരം. ഉയർന്നുവന്ന ആരോപണത്തിന്മേൽ പരിശോധന ഉണ്ടാകുമെന്ന് ജില്ലാ സെക്രട്ടറി യോഗത്തെ അറിയിച്ചു. ഏരിയ കമ്മിറ്റി അംഗമായ പ്രമോദ് കോട്ടൂളി ഉൾപ്പെട്ട വിവാദത്തെക്കുറിച്ച് ജില്ലാ സെക്രട്ടറിയേറ്റ് അംഗങ്ങളായ സമിതിയാണ് പാർട്ടി തല അന്വേഷണം നടത്തുന്നത്. അതേസമയം, വിവാദത്തിൽ തന്റെ പേര് അനാവശ്യമായി വലിച്ചിഴയ്ക്കുകയാണെന്നും നിരപരാധിത്വം തെളിയിക്കണമെന്നും ആവശ്യപ്പെട്ട് പ്രമോദ് കോട്ടൂളി പാർട്ടിക്ക് ഉടൻ കത്ത് നൽകുമെന്നാണ് വിവരം.

## ഐ.സി.യു പീഡനം: റിപ്പോർട്ട് നൽകി

കോഴിക്കോട്: ഐസിയു പീഡനക്കേസിൽ മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡിഎംഇക്ക് റിപ്പോർട്ട് സമർപ്പിച്ചു. ഗൈനക്കോളജിസ്റ്റ് ഡോ.കെ വി പ്രീതിക്കും ഡോ. ഫാത്വിമ ബാനുവിനും എതിരെ അതിജീവിത നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് പ്രിൻസിപ്പലിനോട് റിപ്പോർട്ട് തേടിയത്. കഴിഞ്ഞാഴ്ചയാണ് ഡിഎംഇ റിപ്പോർട്ട് ആവശ്യപ്പെട്ടത്. ഇതേ തുടർന്ന് പ്രിൻസിപ്പൽ ഡോ:കെ.ജി സജിത്ത് കുമാർ, ഗൈനക്കോളജി വിഭാഗം എച്ച്.ഒ.ഡിയോട് റിപ്പോർട്ട് തേടി. എച്ച്.ഒ.ഡി നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടാണ് പ്രിൻസിപ്പൽ ഡി.എം.ഇക്ക് നൽകിയത്.

എന്നാൽ റിപ്പോർട്ട് ഗൈനക്കോളജിസ്റ്റ് പ്രീതിക്കനുകൂലമാണെന്ന സൂചനകളാണുള്ളത്. ഐസിയു പീഡനക്കേസിലെ അതിജീവിത നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പ്രീതിക്കെതിരെയുള്ള പുനരന്വേഷണ റിപ്പോർട്ട് പൊലീസ് നേരത്തെ സമർപ്പിച്ചിരുന്നു. പൊലീസിന്റെ പുനരന്വേഷണത്തിൽ ഗൈനക്കോളജിസ്റ്റ് ഡോ. പ്രീതിക്കെതിരെയായിരുന്നു റിപ്പോർട്ട്. ഇതിൽ തുടർനടപടിയുണ്ടായിട്ടില്ല. ഇതിനെ തുടർന്നാണ് അതിജീവിത ഡോ.കെവി പ്രീതിക്കും ഡോ. ഫാത്വിമ ബാനുവിനും എതിരെ ഡിഎംഇക്ക് പരാതി നൽകിയിരുന്നത്.

## സൂപ്പർമാർക്കറ്റിൽ കള്ളൻകയറി

വില്ല്യാപ്പള്ളി: വില്ല്യാപ്പള്ളിയിലെ ഡേ മാർട്ട് സൂപ്പർ മാർക്കറ്റിൽ കള്ളൻ കയറി. തിങ്കളാഴ്ച അർദ്ധരാത്രിയാണ് സുപ്പർമാർക്കറ്റിന്റെ പൂട്ട് പൊളിച്ച് കള്ളൻ അകത്ത് കയറി കടയിലുണ്ടായിരുന്ന ഒരു ലക്ഷംരുപയോളം കവർന്നത്. രണ്ട് മൊബെയിൽ ഫോണും ചോക്കളേറ്റ് പേക്കറ്റും മറ്റ് സാധനങ്ങളും നഷ്ടപ്പെട്ടു. വടകര പൊലീസിൽ പരാതിനൽകി അന്വേഷണം തുടങ്ങി.

പൊലീസ് സംഘം സി.സി ടി.വി അടക്കമുള്ള കാര്യങ്ങൾ പരിശോധിച്ചുവരുന്നു. ഇതേസമയം തന്നെ ടൗണിലെ ഒരു ജ്വല്ലറിയുടെ പൂട്ട് പൊട്ടിച്ചതായും പരാതിയുണ്ട്. മഴക്കാലമായതിനാൽ രാത്രിസമയം പലപ്പോഴും വൈദ്യതി ഇല്ലാത്തത് കാരണം മോഷ്ട്ടാക്കൾക്ക് അനുഗ്രഹ മാകുന്നുണ്ട്. പലസ്ഥലങ്ങളിലും തെരുവ് വിളക്കുകളും കത്താത്ത അവസ്ഥയാണ്.

## എം.എസ്.എഫ് സ്കൂൾ തല മെമ്പർഷിപ്പ് കാമ്പയിന് ഉജ്ജ്വല തുടക്കം

കോഴിക്കോട്: എം.എസ്.എഫ് സ്കൂൾ തല മെമ്പർഷിപ്പ് വിതരണ ജില്ലാ തല ഉദ്ഘാടനം പയ്യാനക്കൽ ഗവ: ഹയർസെക്കണ്ടറി സ്കൂളിൽ ജില്ല പ്രസിഡന്റ് അഫ്നാസ് ചോറോട് നിർവഹിച്ചു. ജില്ല ജനറൽ സെക്രട്ടറി സ്വാഹിബ് മുഹമ്മദ്, ട്രഷറർ ഷമീർ പാഴൂർ, നിയോജക മണ്ഡലം യൂത്ത് ലീഗ് പ്രസിഡന്റ് മൻസൂർ മാങ്കാവ്, മുഹാദ് സി.എം, അഫ്ലു പട്ടോത്ത്, എം.പി സാജിദ് റഹ്മാൻ, ഷാഫി എൻ.പി, ആദിൽ കെടി മാലിക് വാഴയിൽ, എം മുഹമ്മദ് മദനി, എൻ.വി സുൽഫീവർ അഹമ്മദ്, അജ്മൽ റോഷൻ, റിസ്വാൻ, സൈഫു ചാമുണ്ഡി വളപ്പ്, മുഹമ്മദ് ഇർഫാൻ തുടങ്ങിയവർ പങ്കെടുത്തു.



എം.എസ്.എഫ് സ്കൂൾ തല മെമ്പർഷിപ്പ് വിതരണ ജില്ലാ തല ഉദ്ഘാടനം ജില്ല പ്രസിഡന്റ് അഫ്നാസ് ചോറോട് പയ്യാനക്കൽ ഗവ: ഹയർസെക്കണ്ടറി സ്കൂളിൽ നിർവഹിക്കുന്നു

## പ്രാദേശിക സർക്കാറുകളെ ഞെക്കിക്കൊല്ലരുത്...







ലോക്കൽ ഗവൺമെന്റ് മെമ്പേഴ്സ് ലീഗ് ഒപ്പു മതിൽ ഫറോക്ക് മുൻസിപ്പൽ ഓഫീസിനു മുമ്പിൽ മുസ്‌ലിം ലീഗ് സംസ്ഥാന വൈസ് പ്രസിഡണ്ട് ഉമ്മർ പാണ്ടികശാലയും, കിഴക്കോത്ത് പഞ്ചായത്തിൽ മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് എം.എ റസാഖ് മാസ്റ്ററും ഒപ്പുവെച്ച് ഉദ്ഘാടനം ചെയ്യുന്നു







ലോക്കൽ ഗവൺമെന്റ് മെമ്പേഴ്സ് ലീഗ് ഒപ്പു മതിൽ കോഴിക്കോട് കോർപ്പറേഷൻ ഓഫീസിന് മുമ്പിൽ മുസ്‌ലിം ലീഗ് ജില്ലാ ജനറൽ സെക്രട്ടറി ടി.ടി ഇസ്മായിലും, കൊടിയത്തൂർ പഞ്ചായത്തിൽ മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി സി.പി ചെറിയ മുഹമ്മദും ഉദ്ഘാടനം ചെയ്യുന്നു

### വീട്ടിൽ അതിക്രമിച്ച് കയറി അക്രമം

## നാലു പ്രതികൾക്ക് കഠിന തടവും പിഴയും

വടകര: വീട്ടിൽ അതിക്രമിച്ചു കയറി യുവതിയേയും ഭർത്താവിനെയും ഭർതൃ മാതാവിനേയും അക്രമിച്ച കേസിൽ നാലു പ്രതികൾക്ക് ശിക്ഷ. പുറമേരി സ്വദേശികളായ കളരി കൂടത്തിൽ അശ്വിൻ പ്രസാദ്(28), കുനിയിൽ പ്രണവം അശ്വിൻ (25), കുനിയിൽ ശ്രീറാം(24), പുളിക്കു മീത്തൽ രോഹിത് രാജ് (27)എന്നിവരെയാണ് വടകര അസിസ്റ്റന്റ്സ് സെഷൻസ് കോടതി ജഡ്ജ് ജോജി തോമസ് ശിക്ഷിച്ചത്. അഞ്ചാം പ്രതി പാറേമ്മൽ ലക്ഷം വീട് കോളനിയിൽ ജയറാം കുറ്റകൃത്യം നടക്കുന്ന സമയത്ത് പ്രായ പൂർത്തിയാകാത്തതിനാൽ ജനന സർട്ടിഫിക്കറ്റ് ഹാജരാക്കി ജുവനൈൽ ജസ്റ്റിസ് ബോർഡിലേക്ക് അയക്കാനും കോടതി ഉത്തരവിട്ടു. നാലു പ്രതികൾക്ക് മൂന്ന് വർഷം വീതം കഠിന തടവും പതിനായിരം രൂപ വീതം പിഴയുമാണ് ശിക്ഷ. പിഴ സംഖ്യയിൽ നിന്നും ഇരുപതിനായിരം രൂപ പരാതിക്കാരിയായ പുറമേരി കേളോത്ത് അശ്വതിക്ക് നൽകാനും കോടതി ഉത്തരവിട്ടു.

ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നത് ചോദ്യം ചെയ്തതിലുള്ള വിരോധമാണ് അക്രമത്തിൽ കലാശിച്ചത്. 2018 മെയ് 31 നാണ് കേസിനാസ്പദമായ സംഭവം. പ്രതികൾ സംഘം ചേർന്ന് പരാതിക്കാരിയുടെ പുറമേരിയിലെ വീട്ടു പറമ്പിൽ അതിക്രമിച്ചു കയറി ഭർതൃ സഹോദരനെ തടഞ്ഞു വെച്ച് കല്ല്, ക്രിക്കറ്റ് സ്റ്റമ്പ് എന്നിവ ഉപയോഗിച്ച് അടിക്കുകയും ചവിട്ടുകയും ചീത്ത വിളിക്കുകയും ഭർതൃ മാതാവിനെ കൈകൊണ്ട് അടിക്കുകയും പരാതിക്കാരിയെ ഒന്നാം പ്രതി മാറിൽ പിടിച്ച് വലിച്ചും വസ്ത്രങ്ങൾ വലിച്ചു കീറി മാനഹാനി വരുത്തുകയും നാവിയിൽ ചവിട്ടി പരുക്കേൽപ്പിക്കുകയും മൂന്നാം പ്രതി ക്രിക്കറ്റ് സ്റ്റമ്പിന്റെ കൂർത്ത ഭാഗം കൊണ്ട് അന്യായക്കാരിയെ കുത്താൻ നോക്കിയ സംഭവത്തിലുമാണ് നാദാപുരം പോലീസ് കേസെടുത്തത്.

## മയക്ക് മരുന്നുമായി അറസ്റ്റിലായ പ്രതിക്ക് 10 വർഷം കഠിന തടവ്

വടകര: മയക്ക് മരുന്നുമായി പിടിയിലായ യുവാവിന് കഠിന തടവും പിഴയും ശിക്ഷ. കോഴിക്കോട് പുതിയങ്ങാടി പള്ളിക്കണ്ടി അഷറഫിനെയാണ് (31) വടകര എൻഡിപി എസ് കോടതി ജഡ്ജ് വിസി ബിജു ശിക്ഷിച്ചത്.പത്തു വർഷം കഠിന തടവും,ഒരു ലക്ഷം രൂപ പിഴ അടക്കാനുമാണ് ശിക്ഷ. പിഴ അടച്ചില്ലെങ്കിൽ ആറു മാസം കൂടി കഠിന തടവ് അനുഭവിക്കണം. 2023 ജനുവരി 12 നാണ് കേസിനാസ്പദമായ സംഭവം. കോഴിക്കോട് ബീച്ച് പുതിയാപ്പ റോഡിലെ പള്ളിക്കണ്ടി വെച്ച് 163.580 ഗ്രാം മെത്തഫിറ്റമിനുമായി കോഴിക്കോട് എക്സ് സൈസ് സർക്കിൾ ഇൻസ്പെക്റ്റർ ശരത്ത് ബാബുവാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. പ്രോസിക്യൂഷന് വേണ്ടി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ ഇ.വി ലിജീഷ് ഹാജരായി.

## ബൈക്കിടിച്ച് കാൽനട യാത്രക്കാരൻ മരിച്ച കേസിൽ 28 ലക്ഷം നൽകാൻ വിധി

വടകര: റിട്ട.പോലീസ് ഉദ്യോഗസ്ഥൻ ബൈക്കിടിച്ച് മരിച്ച കേസിൽ 27,98,494 രൂപ നഷ്ടപരിഹാരം നൽകാൻ വടകര എംഎസിടി കോടതി ജഡ്ജ് പി പ്രദീപ് വിധിച്ചു. അവിടനെല്ലൂർ വാകയാട് നങ്കോലത്ത് ഗോവിന്ദ കുറുപ്പ് മകൻ പ്രഭാകരൻ (59) ബൈക്കിടിച്ച് മരിച്ച കേസിലാണ് വിധി. വിധി സംഖ്യയോടൊപ്പം എട്ട് ശതമാനം പലിശയും കോടതി ചിലവും സഹിതം യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയാണ് നൽകേണ്ടത്. 2020 നവംബർ 24 നാണ് കേസിനാസ്പദമായ അപകടം നടന്നത്.താമരശ്ശേരികൊയിലാണ്ടി റോഡിൽ വാകയാട് വെച്ച് കാൽനട യാത്രക്കാരനായ പ്രഭാകരനെ കെ.എൽ 56 ഇ 477 നമ്പർ ബൈക്ക് ഇടിച്ചാണ് അപകടം ഉണ്ടായത്.അന്യായക്കാർക്ക് വേണ്ടി പി.പി ലിനീഷ് ഹാജരായി.

## ജ്വല്ലറിയിലെ കവർച്ചാ ശ്രമം: തെളിവെടുത്തു

ഫറോക്ക്: രാമനാട്ടുകര നഗര മധ്യത്തിലെ ജ്വല്ലറിയിൽ ഭിത്തി തുരന്ന് കവർച്ചശ്രമം നടത്തിയ കേസിൽ പിടിയിലായ പ്രതിയുമായി പൊലീസിന്റെ തെളിവെടുപ്പ്. ഫറോക്ക് എസ്ഐ എസ്.അനൂപിന്റെ നേതൃത്വത്തിൽ ജ്വല്ലറിയിലും പിക്കാസ് വാങ്ങിയ എയർപോർട്ട് റോഡിലെ കടയിലും പ്രതിയെ എത്തിച്ച് തെളിവുകൾ ശേഖരിച്ചു. കഴിഞ്ഞ ദിവസം പുലർച്ചെയാണു ദേശീയ പാതയോരത്തെ ദുബായ് ഗോൾഡ് ജ്വല്ലറിയുടെ ഭിത്തി തുരന്ന് കവർച്ചശ്രമം നടത്തിയത്.


സ്വർണം സൂക്ഷിച്ച ലോക്കർ കുത്തിപ്പൊളിക്കാൻ ശ്രമിച്ചിരുന്നു. അലാം മുഴങ്ങിയതോടെ സുരക്ഷാ ജീവനക്കാരൻ നോക്കിയപ്പോഴാണ് മോഷണം അറിഞ്ഞത്. പൊലീസിന്റെ പഴുതടച്ച അന്വേഷണത്തിൽ പ്രതി മധ്യപ്രദേശ് സ്വദേശി നെക്മണി സിങ് പട്ടേലാണ്(27) മണിക്കൂറുകൾക്കകം അറസ്റ്റിലായത്. ബൈപാസിൽ മാരാത്ത് താഴത്തെ പ്രതിയുടെ താമസ സ്ഥലത്തും പൊലീസ് സംഘം പരിശോധന നടത്തി. വൈകിട്ട് കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## റാഗിങ്ങ്

### പാവണ്ടൂർ എച്ച്എസ്എസിൽ പ്ലസ് വൺ വിദ്യാർത്ഥിക്ക് പരിക്ക്

ബാലുശ്ശേരി: പ്ലസ്ടു വിദ്യാർത്ഥികളുടെ ക്രൂര മർദ്ദനത്തിൽ പ്ലസ് വൺ വിദ്യാർത്ഥിക്ക് പരിക്ക്. പാവണ്ടൂർ ഹയർസെക്കൻഡറി സ്കൂൾ പ്ലസ് വൺ വിദ്യാർത്ഥി നന്മണ്ട മീത്തലെ കേളോത്ത് അശ്വന്ത് (16) നെ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ വൈകീട്ട് 3.30 ഓടെ സ്കൂളിലെ പതിനഞ്ചോളം വരുന്ന വിദ്യാർത്ഥികൾ ശുചി മുറിയിലേക്ക് ബലമായി പിടിച്ച് കൊണ്ടുപോയി മർദ്ദിച്ചതായാണ് പരാതി. മുഖത്തും വയറ്റിലും പരിക്കേറ്റ അശ്വന്തിനെ ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും വയറ്റിലെ വേദന കൂടുതലായതിനെ തുടർന്ന് മെഡിക്കൽ കോളജിലേക്ക് മാറ്റുകയായിരുന്നു. രണ്ട് ദിവസമായിട്ടേയുള്ളു അശ്വന്ത് സ്കൂളിൽ ചേർന്നിട്ട്. ഉച്ചയ്ക്ക് സീനിയർ വിദ്യാർത്ഥികൾ വാഹനം ഓടിക്കുന്നത് പോലെ കാണിച്ച് കൊണ്ട് അശ്വന്തിനെ ഗ്രൗണ്ടിലൂടെ ഓടിപ്പിച്ചിരുന്നുവെന്നും ലഹരി വേണമെങ്കിൽ തരാമെന്നും നീ നല്ല ഡ്രൈവർ ആണെന്ന് പറയുകയും ചെയ്തു വെന്നും അശ്വന്ത് പറഞ്ഞു.

## മോഷ്ടിച്ച ബൈക്കുമായി മൂന്ന് പേർ പിടിയിൽ



ബൈക്ക് മോഷണക്കേസിൽ പിടിയിലായ പ്രതികൾ

ബാലുശ്ശേരി: കൊയിലാണ്ടി കൊല്ലത്ത് നിന്നും മോഷ്ടിച്ച ബൈക്കുകളുമായി മൂന്നു പേർ ബാലുശ്ശേരി പൊലീസിന്റെ പിടിയിലായി. കൊയിലാണ്ടി കൊല്ലത്തു നിന്ന് മോഷ്ടിച്ച ബൈക്കുകളാണ് പോലീസ് കണ്ടെത്തിയത്.കല്ലായി സ്വദേശി എ. ഷിഹാൻ (21) ചേളന്നൂർ സ്വദേശി പി.എം സായൂജ് (20), മാങ്കാവ് സ്വദേശി പ്രവീൺ (25) എന്നിവരാണ് പിടിയിലായതെന്ന് പോലീസ് പറഞ്ഞു.

ചൊവ്വാഴ്ച രാത്രി നിർമ്മല്ലൂരിൽ പോലീസ് വാഹന പരിശോധനക്കിടയിലാണ് മൂന്ന് പേരും വലയിലായത്.ഇവരെ കൊയിലാണ്ടി പോലീസിന് കൈമാറിയതായി പോലീസ് അറിയിച്ചു. കൊയിലാണ്ടി കൊല്ലത്ത് നിന്ന് കാണാതായ രണ്ട് ബൈക്ക് ഇവരുടെ പക്കലിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്.

ഇവരിൽ നിന്നും ചെറിയ അളവിൽ കഞ്ചാവും പിടിച്ചെടുത്തിട്ടുണ്ടെന്ന് ബാലുശ്ശേരി പോലീസ് അറിയിച്ചു. കൊല്ലം വില്ലേജ് ഓഫീസിന് സമീപത്തെ അപാർട്ട്മെന്റിൽ നിന്നും രണ്ട് ബൈക്ക് മോഷണം പോയിരുന്നു. ഇതിന്റെ അന്വേഷണം നടക്കുന്നതിനിടെയാണ് ഇവർ പിടിയിലാകുന്നത്. ബൈക്ക്, മൊബൈൽ മോഷണ കേസിൽ നേരത്തെയും ഇവരെ റിമാൻഡ് ചെയ്തിരുന്നതായി പോലീസ് പറഞ്ഞു.

## രാഹുൽ ഗാന്ധിക്കെതിരെ അപകീർത്തി പോസ്റ്റ്: ഒടുവിൽ പൊലീസ് കേസെടുത്തു

അത്തോളി: കേന്ദ്ര പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്കെതിരെ ഫെയിസ് ബുക്കിൽ അപകീർത്തിപരമായി പോസ്റ്റിട്ടയാൾക്കെതിരെ അത്തോളി പൊലീസ് കേസെടുത്തു. ഭാരതീയ ന്യായ സംഹിതയിലെ ബിഎൻഎസ് ആർട്ടിക്കിൾ192 പ്രകാരം വിവരാവകാശ പ്രവർത്തകനായ രവി ഉള്ളിയേരിക്കെതിരെയാണ് കേസ്. ഉള്ളിയേരി മണ്ഡലം യൂത്ത് കോൺഗ്രസ് പ്രസിഡന്റ് ഷമീം പുളിക്കലിന്റെ പരാതിയിൽ വടകര റൂറൽ എസ്പിയുടെ നിർദ്ദേശപ്രകാരമാണ് കേസെടുത്തത് രവി സ്വന്തം പേരിലുള്ള ഫെയ്സ് ബുക്കിൽ നടത്തിയ പരാമർശമാണ് പരാതിക്കിടയാക്കിയത്. പോസ്റ്റ് സമൂഹത്തിൽ സ്പർദ്ധയുണ്ടാക്കുന്നതാണെന്നും പരാതിയിൽ പറഞ്ഞിരുന്നു.

## സീറ്റൊഴിവ്

കോഴിക്കോട്: ഐഎച്ച്ആർഡിയുടെ കീഴിൽ കലിക്കറ്റ് സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്ത കോഴിക്കോട് കിളിയനാട്ടെ കോളേജ് ഓഫ് അപ്ലൈഡ് സയൻസ് കോളജിൽ 202425 അധ്യയന വർഷം (എംഎസ്സി കമ്പ്യൂട്ടർ സയൻസ്/എംഎസ്സി ഇലക്ട്രോണിക് / എംകോം (ഫിനാൻസ്) കോഴ്സുകളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഫോൺ: 04952765154.

## ജില്ലാ തല സൈബർ സുരക്ഷാ ബോധവത്കരണം

മലപ്പുറം: ജില്ലയിലെ സൈബർ സുരക്ഷ ബോധവത്കരണ ഉദ്ഘാടനവും, മലപ്പുറം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലെ ഐ.ടി ക്ലബ് ഉദ്ഘാടനവും മലപ്പുറം ജില്ലാ പൊലീസ് മേധാവി എസ്. ശശിധരൻ ഐ.പി.എസ് നിർവഹിച്ചു. സിവിൽ പോലീസ് ഓഫീസർ കെ.എം ഷാഫി പന്ത്രാല സൈബർ സുരക്ഷയെ കുറിച്ച് ക്ലാസെടുത്തു. പ്രിൻസിപ്പൽ വി.പി ഷാജു അധ്യക്ഷനായി. രാജശ്രീ മീമ്പാട്ട്, അബ്ദുറഹീം വരിക്കോടൻ, മലപ്പുറം സൈബർ പൊലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ഐ.സി ചിത്തരഞ്ജൻ, പ്രധാനാധ്യാപിക കെ.പി ജസീല, പി.ടി.എ പ്രസിഡന്റ് പി.കെ ബാവ, എസ്.എം.സി ചെയർമാൻ യു. ജാഫർ പ്രസംഗിച്ചു.



*ജില്ലാ പൊലീസ് മേധാവിക്ക് പരാതി നൽകാൻ ജില്ലയിലെ പൊലീസ് സ്റ്റേഷനുകളിൽ ഏർപ്പെടുത്തിയ ക്യൂആർ കോഡിന്റെ ഉദ്ഘാടനം മലപ്പുറം പൊലീസ് സ്റ്റേഷനിൽ ജില്ലാ പൊലീസ് മേധാവി എസ്.ശശിധരൻ നിർവഹിക്കുന്നു*

## ക്ഷീര വികസന വകുപ്പ് പദ്ധതികൾക്ക് അപേക്ഷിക്കാം

മലപ്പുറം: ക്ഷീര വികസന വകുപ്പിന്റെ 2024-25 സാമ്പത്തിക വർഷത്തിലെ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ താൽപര്യമുള്ളവരിൽനിന്ന് അപേക്ഷകൾ ക്ഷണിച്ചു. ജൂലൈ 20 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടണമെന്ന് ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

**മലപ്പുറം വാർത്തകൾ**



*ഡോ പി.കെ. വാരിയരെകുറിച്ചു തയ്യാറാക്കിയ 'മായാത്ത ഓർമ്മകൾ' എന്ന പുസ്തകത്തിന്റെ പ്രകാശനം ജില്ലാ കലക്ടർ വി.ആർ വിനോദ് നിർവഹിക്കുന്നു*

## ഡോ. പി.കെ വാരിയർ; നൈതികതയെ ചേർത്തു പിടിച്ച ഭിഷഗ്വരൻ

കോട്ടയ്ക്കൽ: ആയുർവേദ വൈദ്യശാസ്ത്രത്തിന്റെ നൈതികതയെ ചേർത്തുപിടിച്ച ഭിഷഗ്വരനായിരുന്നു ഡോ പി.കെ. വാരിയരെന്ന് മലപ്പുറം ജില്ലാ കലക്ടർ വി.ആർ വിനോദ് അഭിപ്രായപ്പെട്ടു. അനുകമ്പയോടും തുല്യതയോടും കൂടി രോഗികളെ ശുശ്രൂഷിക്കുന്ന കാര്യത്തിൽ പിൻ തലമുറകൾക്കും അദ്ദേഹം മാതൃകയായി. ആര്യ വൈദ്യശാല മുൻ മാനേജിങ് ട്രസ്റ്റി ഡോ. പി.കെ. വാരിയരുടെ ഓർമ ദിനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആര്യ വൈദ്യശാല മാനേജിങ് ട്രസ്റ്റിയും ചീഫ് ഫിസിഷ്യനുമായ ഡോ: പി.എം. വാരിയർ അധ്യക്ഷനായി. ആയുർവേദത്തിന്റെ ഗവേഷണ പ്രവർത്തനങ്ങൾക്കുവേണ്ടി സമർപ്പിതമായ ജീവിതമായിരുന്നു ഡോ. പി.കെ. വാരിയരുടേത്. ജീവിത ശൈലി ഒരു രോഗകാരണമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് ഡോപി. കെ. വാരിയർ നൽകിയ സംഭാവനകൾ ഏറെ പ്രസക്തമാണെന്നു ജില്ലാ കലക്ടർ പറഞ്ഞു. ഡോ പി.കെ. വാരിയരെക്കുറിച്ചു തയ്യാറാക്കിയ 'മായാത്ത ഓർമ്മകൾ' എന്ന പുസ്തകത്തിന്റെ പ്രകാശനവും അദ്ദേഹം നിർവഹിച്ചു. ശ്രീമതി സുഭദ്ര രാമചന്ദ്രൻ ആദ്യ പ്രതി ഏറ്റുവാങ്ങി. നിരൂപകനും ഗ്രന്ഥകാരനുമായ ഡോ.പി. കെ.രാജശേഖരൻ മുഖ്യപ്രഭാഷണം നടത്തി. പി.കെ.വാരിയരുടെ ആത്മകഥയായ 'സ്മൃതി പർവ്വം' മലയാളിയെ സംബന്ധിച്ച് ഒരു പാഠപുസ്തകമാണ് . ജാതിയും ജാതി ശുദ്ധിയും ആയിത്തവും നിലനിന്നിരുന്ന ഒരു ലോകത്തിന് ശുദ്ധവായുവും മനുഷ്യസ്നേഹവും നിറഞ്ഞ ഒരു ലോകത്തിലേക്കുള്ള മലയാളിയുടെ പ്രയാണത്തിന്റെ കഥയാണ് അദ്ദേഹം പറഞ്ഞത്. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ. ഹരി കുമാർ സ്വാഗതവും അഡീഷണൽ ചീഫ് ഫിസിഷ്യൻ ഡോ. കെ. ബാലചന്ദ്രൻ നന്ദിയും പറഞ്ഞു.

# തദ്ദേശസ്വയംഭരണ വികസന ഫണ്ട് തടഞ്ഞതിനെതിരെ
# പ്രതിഷേധ ഒപ്പ് മതിൽ

മലപ്പുറം: തദ്ദേശ സ്ഥാപനങ്ങളെ ഞെക്കിക്കൊല്ലുന്ന സർക്കാർ നയത്തിനെതിരെ ലോക്കൽ ഗവൺമെന്റ് മെമ്പേഴ്സ് ലീഗ് ഒപ്പുമതിൽ സംഘടിപ്പിച്ചു. ജനോപകാരമായ പദ്ധതി നിർവഹിക്കാൻ അനുവദിക്കാതെ ഇടത് പക്ഷ സർക്കാർ തദ്ദേശ സ്ഥാപനങ്ങളെ തകർക്കാൻ ശ്രമിക്കുകയാണെന്ന് പ്രതിഷേധം കുറ്റപ്പെടുത്തി. സർക്കാർ സേവനങ്ങളും ആനുകൂല്യങ്ങളും ഏറ്റവും താഴേ തട്ടിലേക്കെത്തിക്കുന്ന ത്രിതല പഞ്ചായത്തുകളെ സർക്കാർ തീർത്തും അവഗണിക്കുകയാണ്. മതിയായ ഫണ്ട് അനുവദിക്കാതെയും ഫണ്ടുകൾ തടഞ്ഞുവെച്ചും ദ്രോഹിക്കുകയാണ് സർക്കാർ ചെയ്യുന്നത്.

ജില്ലാ പഞ്ചായത്ത്, നഗരസഭ, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് കാര്യാലയങ്ങൾക്ക് മുമ്പിൽ നടന്ന പ്രതിഷേധ ഒപ്പുമതിലിൽ ജനപ്രതിനിധികൾ ഒപ്പുവെച്ചു പ്രതിഷേധിച്ചു. 2023-24 വർഷം അനുവദിക്കാതിരുന്ന മെയിന്റനൻസ് ഗ്രാന്റിലെ 1215 കോടിയും ജനറൽ പർപ്പസ് ഗ്രാന്റിലെ 557 കോടിയും പ്രത്യേക വിഹിതമായി അനുവദിക്കുക, 2024 മാർച്ച് 25നകം ട്രഷറിയിൽ സമർപ്പിച്ചിട്ടും പണം അനുവദിക്കാതെ തിരിച്ചുനൽകിയ 1156 കോടി രൂപ പ്രത്യേക വിഹിതമായി അനുവദിക്കുക, ലൈഫ് പദ്ധതി ഗുണഭോക്താക്കൾക്കുള്ള ഫണ്ട് പോലും തടയുന്ന സമീപനം തിരുത്തുക, ആറുമാസത്തെ ക്ഷേമപെൻഷൻ കുടിശ്ശിക ഉടൻ അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് ഒപ്പുമതിൽ സംഘടിപ്പിച്ചത്.

ജനക്ഷേമം പറഞ്ഞ് അധികാരത്തിൽ കയറിയ പിണറായി വിജയൻ സർക്കാർ കേരള ജനതയെ വഞ്ചിക്കുകയാണെന്നും ജനങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ പോലും നിർത്തലാക്കി. അവകാശപ്പെട്ടത് ലഭിക്കുംവരെ പോരാട്ടം തുടരുമെന്നും ലോക്കൽ ഗവൺമെന്റ് മെമ്പേഴ്സ് ലീഗ് ഭാരവാഹികൾ പറഞ്ഞു.

ലോക്കൽ സെൽഫ് ഗവൺമെന്റ് മെമ്പേഴ്സ് ലീഗിന്റെ ആഭിമുഖ്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മുമ്പിൽ ഒപ്പ് മതിൽ പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം കൊണ്ടോട്ടി നഗരസഭ കാര്യാലയത്തിന് മുന്നിൽ ജില്ലാ പ്രസിഡന്റ് അഡ്വ. പി.വി മനാഫ് നിർവഹിച്ചു. ജില്ലാ പഞ്ചായത്തിൽ ഒപ്പുമതിൽ വൈസ് പ്രസിഡന്റ് ഇസ്മായിൽ മൂത്തേടം ഉദ്ഘാടനം ചെയ്തു. ഐ.ജി.എം.എൽ ജില്ലാ പ്രസിഡന്റ് അഡ്വ. പി.വി മനാഫ്, ജില്ലാ ട്രഷറർ കലാം മാസ്റ്റർ, ജില്ലാപ്പഞ്ചായത് മെമ്പർമാരായ സമീറ പുളിക്കൽ, റൈഹാനത് കുറുമാടൻ, ശ്രീദേവി പ്രാകുന്നത്, ഷഹീർബാനു, സുഭദ്ര ശിവദാസ് പങ്കെടുത്തു.



*ഇടതു സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ച് ലോക്കൽ സെൽഫ് ഗവൺമെന്റ് മെമ്പേഴ്സ് ലീഗിന്റെ ആഭിമുഖ്യത്തിൽ നടന്ന ഒപ്പ് മതിൽ പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം കൊണ്ടോട്ടി നഗരസഭാ കാര്യാലയത്തിന് മുന്നിൽ ജില്ലാ പ്രസിഡന്റ് അഡ്വ. പി.വി മനാഫ് നിർവഹിക്കുന്നു*




*ജില്ലാ പഞ്ചായത്ത് ഒപ്പുമതിൽ വൈസ് പ്രസിഡന്റ് ഇസ്മായിൽ മൂത്തേടം ഉദ്ഘാടനം ചെയ്യുന്നു*




*കോടികൾ മുടക്കി ഉദ്ഘാടനം ചെയ്തിട്ടും തുറന്നു കൊടുക്കാത്ത സർവകലാശാല കെട്ടിടങ്ങളിലേക്ക് സോളിഡാരിറ്റി നടത്തിയ പ്രതിഷേധ മാർച്ച്*

## ഉദ്ഘാടനം ചെയ്തിട്ടും തുറക്കാത്ത കെട്ടിടങ്ങളിലേക്ക് സോളിഡാരിറ്റി മാർച്ച്

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാലയിൽ കോടികൾ മുടക്കി നിർമിച്ച ഉദ്ഘാടനം ചെയ്തിട്ടും തുറക്കാത്ത കെട്ടിടങ്ങളിലേക്ക് സോളിഡാരിറ്റി ഓഫ് യൂണിവേഴ്സിറ്റി എംപ്ലോയീസ് മാർച്ച് നടത്തി സെനറ്റംഗം അഡ്വ.എൻ.എ കരീം മാർച്ച് ഉദ്ഘാടനം ചെയ്തു.

എട്ടു കോടി രൂപ മുതൽ മുടക്കി മുഖ്യമന്ത്രിയടക്കം മൂന്ന് മന്ത്രിമാർ മൂന്നുതവണയായി ഉദ്ഘാടനം ചെയ്ത ഐ.ക്യു.എ.സി ബിൽഡിങ് ഇതുവരെ തുറന്നിട്ടില്ല. മുഖ്യമന്ത്രിയും പൊതുമരാമത്ത് മന്ത്രിയും ഉന്നത വിദ്യാഭ്യാസ മന്ത്രിയും മൂന്നുതവണയായി ഉദ്ഘാടനം ചെയ്തതാണ് ഈ ബിൽഡിങ്. എന്നാൽ നിർമാണത്തിലെ അപാകത കാരണം ഇതുവരെ ബിൽഡിങ് ഉപയോഗക്ഷമം ആയിട്ടില്ല.

മഴപെയ്താൽ ബിൽഡിങ്ങിന്റെ എല്ലാ ഭാഗങ്ങളും ചോർന്ന് ഒലിക്കുകയാണ്. ഐ.ക്യു.എ.സി, റിസർച്ച് ഡയറക്ടറേറ്റ് എന്നീ ഓഫീസുകളാണ് ഈ ബിൽഡിങ്ങിൽ പ്രവർത്തിക്കേണ്ടത്. എന്നാൽ ജീവനക്കാരുടെ എതിർപ്പ് ഭയന്ന് സർവകലാശാല ഇതുവരെ ഈ ബിൽഡിങ്ങിലേക്ക് പ്രസ്തുത ഓഫീസുകൾ മാറ്റുവാൻ തയ്യാറായിട്ടില്ല. ബിൽഡിങ്ങിന്റെ പല ഭാഗങ്ങളും സിമന്റ് ഇളകി പൊളിഞ്ഞ അവസ്ഥയിലാണ് ഇപ്പോൾ തന്നെ ഉള്ളത്. വീസിയുടെയും ഇടതു സിൻഡിക്കേറ്റിന്റെയും അഴിമതിയുടെ നേർക്കാഴ്ചയാണ് ഈ ബിൽഡിങ് എന്ന് സോളിഡാരിറ്റി ജനറൽ സെക്രട്ടറി ടി.വി സമീൽ സ്വാഗത പ്രസംഗത്തിൽ പറഞ്ഞു.

സ്വന്തം കേസ് നടത്താൻ സർവകലാശാല ഫണ്ട് ദുരുപയോഗപ്പെടുത്തിയ വൈസ് ചാൻസലർ ഗവർണറുടെ ഉത്തരവ് പ്രകാരം എത്രയും പെട്ടെന്ന് തന്നെ നാലരലക്ഷം രൂപ യൂണിവേഴ്സിറ്റിയിലേക്ക് തിരിച്ചടക്കണമെന്ന് സംഘടന ആവശ്യപ്പെട്ടു.

26 കോടി രൂപയിൽ അധികം ചെലവാക്കി നിർമിച്ച എ.എസ്.ആർ.എസ് സംവിധാനം പൂർണമായും തകരാറിലായതിന്റെ ഉത്തരവാദിത്വം വി.സിക്കാണെന്നും വീസി ഭാവിയിൽ ഇതിന് ഉത്തരം പറയേണ്ടി വരുമെന്നും ഹൈപ്പർ കമ്മിറ്റി ചെയർമാൻ ഹബീബ് കോയ തങ്ങൾ പറഞ്ഞു. സംഘടനാ പ്രസിഡന്റ് ടി മുഹമ്മദ് സാജിദ് യോഗത്തിൽ അധ്യക്ഷനായി. വൈസ് പ്രസിഡന്റ് പി ജോഷില പ്രസംഗിച്ചു.

**നീന്തൽ പരിശീലനങ്ങൾ പ്രഹസനമാകുന്നു**

# ആറുമാസത്തിനിടെ 22 മുങ്ങി മരണങ്ങൾ

മലപ്പുറം: ആറു മാസത്തിനിടെ മലപ്പുറം ജില്ലയിൽ മാത്രം റിപ്പോർട്ട് ചെയ്തത് 22 മുങ്ങി മരണങ്ങൾ. 2024 ജനുവരി മുതൽ ജൂൺ മാസം വരെ അഗ്നിരക്ഷാ സേന മാത്രം സമാഹരിച്ച കണക്കുകളാണിത്. മഴക്കാലാരംഭത്തിൽ തന്നെ ഇത്രയധികം പേരുടെ മരണ കണക്ക് ഞെട്ടിപ്പിക്കുന്നതാണ്. പുതുതലമുറയിൽ നീന്തൽ പരിജ്ഞാനമില്ലാത്തതാണ് മരണ സംഖ്യ ഉയരാൻ കാരണം. സർക്കാറിന്റെ ഭാഗത്ത് നിന്നും നീന്തൽ പരിശീലന പദ്ധതികളുണ്ടെങ്കിലും പ്രഹസനം മാത്രമാണെന്ന ആരോപണം ശക്തമാണ്. മലപ്പുറം, പൊന്നാനി ഫയർ സ്റ്റേഷനു കീഴിലാണ് ഈ വർഷം ഏറ്റവും കൂടുതൽ മരണം റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അഞ്ചുവീതം മരണങ്ങളാണ് ഇരു സ്റ്റേഷനു കീഴിലും റിപ്പോർട്ട് ചെയ്തത്. നിലമ്പൂർ സ്റ്റേഷനു കീഴിൽ 4 മുങ്ങി മരണവും, തിരൂരിൽ 3 ഉം, താനൂരിലും പെരിന്തൽമണ്ണയിലും രണ്ടു വീതവും മഞ്ചേരിയിൽ ഒരു മരണവുമാണ് റിപ്പോർട്ട് ചെയ്തത്. തിരുവാലിയിൽ മരണങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. അഗ്നിരക്ഷാ സേനയുടെ കണക്കിൽപെടാത്ത മുങ്ങി മരണങ്ങളുടെ കൂടി കണക്കെടുത്താൽ മരണസംഖ്യ ഇനിയും ഉയരുമെന്നാണ് വിവരം. വാർഷിക കണക്കെടുത്താൽ 2023ൽ 117 മരണങ്ങളാണ് റിപ്പോർട്ട് ചെയ്തിരുന്നത്. 2022ൽ 120 പേരും മുങ്ങി മരണത്തിനിരയായി. വർഷം 2021ലെത്തിയപ്പോൾ 87 ആയി കുറഞ്ഞു. പിന്നീടങ്ങോട്ടുള്ള വർഷങ്ങളിലെല്ലാം അധികവും നൂറിനു താഴെയാണ്. പുതിയ തലമുറയിലെ നീന്തൽ പരിജ്ഞാനത്തിന്റെ കുറവാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ജലാശയ അപകടങ്ങൾ കുറക്കുന്നതിന് സിവിൽ ഡിഫൻസുമായി സഹകരിച്ച് അഗ്നിരക്ഷാ സേന 'മിടിപ്പ്' എന്ന പദ്ധതിക്ക് തുടക്കമിട്ടിരുന്നു. എന്നാൽ നിലവിൽ ഈ പദ്ധതി നടക്കുന്നില്ല എന്നാണ് വ്യക്തമാകുന്നത്. ബന്ധപ്പെട്ടരെ സമീപിക്കുമ്പോൾ പുഴയിൽ വെള്ളം കൂടിയതാണ് പദ്ധതിയുമായി മുന്നോട്ട് പോകാൻ തടസമെന്നാണ് പറയുന്നത്. വ്യക്തമായ ബോധവത്കരണം നൽകി സ്കൂൾ പഠനകാലംതൊട്ടേ നീന്തൽ പഠിപ്പിച്ചില്ലെങ്കിൽ ഇനിയും നിരവധി പേരുടെ ജീവൻ നമുക്ക് ബലി നൽകേണ്ടി വരും. സർക്കാറിന്റെ ഭാഗത്ത് നിന്നും വലിയ പിന്തുണ ഈ പദ്ധതിക്ക് ആവശ്യമുണ്ട്. ലഹരിക്കും ഗെയ്മിനും പിറകെയോടുന്ന പുതുതലമുറയെ ഇത്തരം കായികാഭ്യാസങ്ങൾ പഠിപ്പിച്ച് ആവേശം നൽകിയാൽ നമുക്ക് ആരോഗ്യമുള്ള തലമുറയെ തന്നെ വാർത്തെടുക്കാനാവും.

## എ.പി ഉണ്ണികൃഷ്ണന്റെ ഓർമ്മപുസ്തകം പ്രസിദ്ധീകരിക്കുന്നു

വേങ്ങര: കഴിഞ്ഞ ദിവസം നിര്യാതനായ മലപ്പുറം ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡന്റും മുസ്‌ലിം ലീഗ് നേതാവുമായിരുന്ന എ.പി ഉണ്ണികൃഷ്ണന്റെ ഓർമപുസ്തകം പ്രസിദ്ധീകരിക്കുന്നു. സെന്റർ ഫോർ എജുക്കേഷണൽ ആന്റ് സോഷ്യൽ സർവീസ് (സെസ്സ്) ആണ് പ്രസാധകർ. അദ്ദേഹവുമായി ബന്ധപ്പെട്ട രചനകളും അപൂർവ ഫോട്ടോകളും 20ന് മുമ്പായി 9895842285 എന്ന നമ്പറിൽ വാട്സ്ആപ്പ് ചെയ്യേണ്ടതാണ്.

## സംസ്ഥാന കൺവൻഷൻ 13ന്

കോഴിക്കോട്: ആൾ കേരള ആന്റി കറപ്ഷൻ ആന്റ് ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ കൗൺസിലിന്റെ 18 ാമത് സ്ഥാപകദിനത്തോടനുബന്ധിച്ച് 13 ന് സംസ്ഥാന കൺവൻഷൻ കോഴിക്കോട് നടക്കും. നളന്ദ ഓഡിറ്റോറിയത്തിൽ രാവിലെ 10.30 ന് സംസ്ഥാന പ്രസിഡന്റ് ഐസക് വർഗീസ് പതാക ഉയർത്തുമെന്ന് സംഘാടകർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. സംസ്ഥാന ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ ചെയർമാൻ ബൈജുനാഥ് ഉദ്ഘാടനം ചെയ്യും. വിജിലൻസ് ഡി.വൈ.എസ്.പി ഇ സുനിൽ കുമാർ മുഖ്യപ്രഭാഷണം നടത്തും. സ്വതന്ത്രസമര സേനാനി സോഷ്യോ വാസുവിനെ ചടങ്ങിൽ ആദരിക്കും. വാർത്താസമ്മേളനത്തിൽ ജില്ലാ പ്രസിഡന്റ് ഷറീന ഷെറിൻ, ജനറൽ സെക്രട്ടറി ഷൈലേഷ്, കെ.എം.എ നാസർ, സി.എൻ അബൂബക്കർ സംബന്ധിച്ചു.

## ബോധവത്കരണ ക്ലാസ് ഇന്ന്

മലപ്പുറം: മത്സ്യത്തൊഴിലാളികൾക്കായി ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (ജൂലൈ 11) ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കും. സുസ്ഥിര മത്സ്യബന്ധനരീതികൾ സംബന്ധിച്ചാണ് ക്ലാസ്. രാവിലെ 10.30 ന് പൊന്നാനി ഹാർബറിലും ഉച്ചയ്ക്ക് 2.30 ന് താനൂർ ഹാർബറിലുമാണ് ക്ലാസ് നടക്കുക. എല്ലാ മത്സ്യത്തൊഴിലാളികളും യാനഉടമകളും നിർബന്ധമായും പങ്കെടുക്കേണ്ടതാണെന്ന് പൊന്നാനി ഫിഷറീസ് അസി. ഡയറക്ടർ അറിയിച്ചു.



*എന്റെ വീട്ടിൽ എന്റെ ചന്ദ്രിക കാമ്പയിൻ മലപ്പുറം മണ്ഡലംതല ഉദ്ഘാടനം പാണക്കാട് സയ്യിദ് റഷീദലി ശിഹാബ് തങ്ങൾ, പരി സുരേഷ് കുമാറിൽ നിന്നും വാർഷിക വരിസംഖ്യ സ്വീകരിച്ച് ഉദ്ഘാടനം ചെയ്യുന്നു*

## എന്റെ വീട്ടിൽ 'എന്റെ ചന്ദ്രിക' കാമ്പയിന് മലപ്പുറം മണ്ഡലത്തിൽ തുടക്കമായി

മലപ്പുറം: എന്റെ വീട്ടിൽ എന്റെ ചന്ദ്രിക ക്യാമ്പയിൻ പദ്ധതിക്ക് മലപ്പുറം മണ്ഡലത്തിൽ തുടക്കം കുറിച്ചു. പാണക്കാട് സയ്യിദ് റഷീദലി ശിഹാബ് തങ്ങൾ, കോഡൂർ ഗ്രാമ പഞ്ചായത്ത് മുൻ സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻ പരി സുരേഷിൽ നിന്നും വാർഷിക വരിസംഖ്യ സ്വീകരിച്ച് ഉദ്ഘാടനം ചെയ്തു. ഓരോ വാർഡിൽ നിന്നും ചുരുങ്ങിയത് ഇരുപത്തിഅഞ്ച് കോപ്പി വീതമുള്ള വാർഷിക വരിക്കാരെ ചേർത്തു കൊണ്ട് ക്യാമ്പയിന്റെ ഭാഗമായി കമ്മിറ്റികൾ കർമ്മ രംഗത്തിറങ്ങണമെന്ന് തങ്ങൾ അഭ്യർത്ഥിച്ചു.

25 ന് മുമ്പായി ആദ്യ ഘട്ട ലിസ്റ്റ് മണ്ഡലം കമ്മിറ്റിയെ ഏൽപിക്കണമെന്നും തങ്ങൾ പറഞ്ഞു. മുസ്‌ലിം ലീഗിന്റെ പോഷക സംഘടനകളും അനുബന്ധ സംഘടനകളും ക്യാമ്പയിന്റെ ഭാഗമാകണമെന്നും റഷീദലി ശിഹാബ് തങ്ങൾ കൂട്ടിചേർത്തു. ജനറൽ സെക്രട്ടറി പി.എ സലാം, സെക്രട്ടറിമാരായ എം.പി മുഹമ്മദ്, ഹാരിസ് ആമിയൻ, എൻ.കെ മജീദ് പ്രസംഗിച്ചു. മുനിസിപ്പൽ മുസ്‌ലിം ലീഗ് ജനറൽ സെക്രട്ടറി പി.കെ ബാവ, ഭാരവാഹികളായ മന്നയിൽ അബൂബക്കർ, റഷീദ് കാളമ്പാടി, പി.പി മെഹബൂബ്, മുനീർ പട്ടർകടവൻ പങ്കെടുത്തു.

# മമ്പുറത്ത് ഇന്ന് സ്വലാത്ത് സദസ്
# നേർച്ച 14ന് സമാപിക്കും




*മമ്പുറം ആണ്ടുനേർച്ചയുടെ ഭാഗമായി നടക്കുന്ന മതപ്രഭാഷണ പരമ്പരയുടെ മൂന്നാം ദിനം പാണക്കാട് സയ്യിദ് മുഈനലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു*

തിരൂരങ്ങാടി: മമ്പുറം ആണ്ടുനേർച്ചയുടെ അഞ്ചാം ദിനമായ ഇന്ന് സ്വലാത്ത് സദസ് നടക്കും. കോഴിക്കോട് വലിയ ഖാസി സയ്യിദ് അബ്ദുന്നാസർ ഹയ്യ് ശിഹാബ് തങ്ങൾ നേതൃത്വം നൽകും. മമ്പുറം സയ്യിദ് അലവി മൗലദ്ദവീല തങ്ങൾ തന്റെ മാതുലൻ സയ്യിദ് ഹസൻ ജിഫ്രി തങ്ങളുടെ വിയോഗാനന്തരം ആരംഭിച്ച സ്വലാത്ത് രണ്ട് നൂറ്റാണ്ടായി പതിവായി തുടർന്ന് വരുന്നു. വ്യാഴാഴ്ച സ്വലാത്ത് സദസിന്റെ പുണ്യം തേടി കേരളത്തിന്റെ വിവിധ ദിക്കുകളിൽ നിന്ന് നിരവധി വിശ്വാസികൾ എത്താറുണ്ട്. ഇന്നലെ രാത്രി നടന്ന മതപ്രഭാഷണ സദസ് പാണക്കാട് സയ്യിദ് മുഈനലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്തു. കേരളത്തിലെ മത സൗഹാർദത്തിന് നിർണായക പങ്ക് വഹിച്ച മമ്പുറം തങ്ങളുടെ ചരിത്രം ആധുനിക കാലത്തും പാഠ്യ വിഷയമാണെന്ന് തങ്ങൾ പറഞ്ഞു. സി.എച്ച് ത്വയ്യിബ് ഫൈസി പുതുപ്പറമ്പ് അധ്യക്ഷനായി. അഹമദ് കബീർ ബാഖവി കാഞ്ഞാർ മുഖ്യപ്രഭാഷണം നടത്തി. ദാറുൽഹുദാ സ്റ്റുഡൻസ് യൂണിയൻ (ഡി.എസ്.യു) പ്രസിദ്ധീകരിച്ച മമ്പുറം സ്പെഷൽ സപ്ലിമെന്റ് സാക്ഷി ചെമ്മാട് മാനസ മാനേജിങ് ഡയറക്ടർ അബ്ദുറസാഖ് ഹാജിക്ക് നൽകി തങ്ങൾ പ്രകാശനം ചെയ്തു. കെ. എം സൈദലവി ഹാജി പുലിക്കോട്, യു. ശാഫി ഹാജി ചെമ്മാട്, സി.യൂസുഫ് ഫൈസി മേൽമുറി, കെ.സി മുഹമ്മദ് ബാഖവി കിഴിശ്ശേരി, അബ്ദുൽ ഖാദർ ഫൈസി അരിപ്ര, പി. ഇസ്ഹാഖ് ബാഖവി ചെമ്മാട്, ഹാശിഫ് ഹുദവി മമ്പുറം, ഹംസ ഹാജി മൂന്നിയൂർ പങ്കെടുത്തു. മതപ്രഭാഷണ പരമ്പരയുടെ അവസാന ദിവസമായ നാളെ പാണക്കാട് സയ്യിദ് ബശീറലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. അബ്ദുസ്സമദ് പൂക്കോട്ടൂർ മുഖ്യപ്രഭാഷണം നടത്തും. ശനിയാഴ്ച രാവിലെ മമ്പുറം തങ്ങളുടെ ലോകം ചരിത്ര സെമിനാർ നടക്കും. രാത്രി ഏഴരക്ക് നടക്കുന്ന മമ്പുറം തങ്ങൾ അനുസ്മരണവും സനദ് ദാനവും പ്രാർഥനാ സംഗമവും സമസ്ത കേന്ദ്ര മുശാവറ അംഗം എം.പി മുസ്തഫ ഫൈസി തിരൂർ ഉദ്ഘാടനം ചെയ്യും. സയ്യിദ് അലവി മൗലദ്ദവീല ഹിഫ്ളുൽ ഖുർആൻ കോളേജിൽനിന്നു ഖുർആൻ മനഃപാഠമാക്കിയ ഹാഫിളീങ്ങൾക്കുള്ള സനദ് ദാനം സമസ്ത ജന. സെക്രട്ടറി പ്രഫ. കെ. ആലിക്കുട്ടി മുസ്‌ലിയാർ നിർവഹിക്കും. 14ന് രാവിലെ എട്ട് മണി മുതൽ അന്നദാനം ആരംഭിക്കും. പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. ഉച്ചയ്ക്ക് സമസ്ത പ്രസിഡന്റ് ജിഫ്രി മുത്തുക്കോയ തങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന ഖത്മുൽ ഖുർആനോടെ നേർച്ചക്ക് പരിസമാപ്തിയാവും.

## സമൂഹ തിന്മക്കെതിരെ ജനകീയ പ്രതിരോധം

കൊപ്പം:'സമൂഹ തിന്മക്കെതിരെ ജനകീയ പ്രതിരോധം' എന്ന ശീർഷകത്തിൽ കരിങ്ങനാട് നിബ്രാസുൽ ഇസ്‌ലാം സംഘം നേതൃത്വം നൽകുന്ന കാമ്പയിന് തുടക്കമായി. പൊതുജന പങ്കാളിത്തത്തോടെ ചർച്ചയും ആക്ഷൻ കമ്മിറ്റി രൂപീകരണവും എൻ.ഐ.എം ദർസ് കോൺഫറൻസ് ഹാളിൽ കൊപ്പം എസ്.ഐ ശിവശങ്കരൻ ഉദ്ഘാടനം ചെയ്തു. മഹല്ല് വൈസ്പ്രസിഡന്റ് മുഹമ്മദ് ഫൈസി അധ്യക്ഷത വഹിച്ചു. മുൻ എം.എൽ.എ സി.പി മുഹമ്മദ്, ഡോ. മുസ്തഫ തോട്ടുങ്ങൽ, കെ. ടി അഷ്‌റഫ്, പി.പി മുഹമ്മദ് കുട്ടി ഫലക്കി, നീലടി സുധാകരൻ, ഇ.കെ ഷഫീഖ്, എം.ടി ഷുക്കൂർഹാജി, കെ.വി ഷംസുദ്ദീൻ, കൂനേങ്കിൽ നാരായണൻ, എൻ.കെ ശിഹാബ്, പി.പി അബൂബക്കർ, കെ.ടി ശിഹാബ് സംസാരിച്ചു.പട്ടാമ്പി എക്സൈസ് ഓഫീസർ സ്റ്റാലിൻ സ്റ്റീഫൻ ബോധവത്കരണ ക്ലാസിന് നേതൃത്വം നൽകി. മുഹമ്മദ് കുട്ടി ഫലക്കി ചെയർമാനും കമറുദ്ദീൻ കൺവീനറും കുന്നേങ്കിൽ നാരായണൻ ട്രഷററുമായി ജാഗ്രതാ സമിതി നിലവിൽ വന്നു.



കരിങ്ങനാട് നിബ്രാസുൽ ഇസ്‌ലാം സംഘം ആരംഭിച്ച കാമ്പയിൻ കൊപ്പം എസ്. ഐ ശിവശങ്കരൻ ഉൽഘാടനം ചെയ്യുന്നു

# പാലക്കാട് വാർത്തകൾ



നെല്ലിയാമ്പതിയുടെ വൃഷ്ടിപ്രദേശമായ വെള്ളരിമേട് വെള്ളച്ചാട്ടത്തിൽ കാൽവഴുതി വീണ് മരിച്ച കൊടുവായൂർ എത്തന്നൂർ സ്വദേശി കരിയിലകളം സുരേഷിന്റെ മൃതദേഹം ഫയർഫോഴ്സ് കരക്കെത്തിക്കുന്നു.

### കാട്ടാന ശല്യം രൂക്ഷം

## സൗരോർജ തൂക്കുവേലി നിർമാണം വേഗത്തിലാക്കണം

മണ്ണാർക്കാട്: വന്യമൃഗങ്ങൾ മൂലം കോട്ടോപ്പാടം പഞ്ചായത്തിലെ വനയോരപ്രദേശത്തെ കർഷകർ നേരിടുന്ന പ്രശ്നങ്ങളും മറ്റും ചർച്ചചെയ്യുന്നതിനായി തിരുവിഴാംകുന്ന് ഫോറസ്റ്റ് സ്റ്റേഷൻ ജനജാഗ്രതാ സമിതി യോഗം കോട്ടോപ്പാടം ഗ്രാമ പഞ്ചായത്ത് ഹാളിൽ ചേർന്നു. വനാതിർത്തിയിൽ നടന്നുവരുന്ന സൗരോർജ്ജ തൂക്കുവേലി നിർമാണം വേഗത്തിൽ പൂർത്തിയാക്കാനും പ്രതിരോധ വേലിയുടെ പരിപാലനവും സംരക്ഷണവും ഉറപ്പാക്കാനുമുള്ള നടപടികൾ കൈക്കൊള്ളാനും തീരുമാനിച്ചു. അടിക്കാട് കയറി നശിക്കാതിരിക്കാൻ സൗരോർജ്ജ തൂക്കുവേലിക്ക് താഴെ കല്ലുപാകി സംരക്ഷണം ഉറപ്പാക്കും. ഇത് തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കാൻ കഴിയുമോയെന്നതിന്റെ സാധ്യത പരിശോധിക്കുമെന്ന് യോഗാധ്യക്ഷയായ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അക്കര ജസീന പറഞ്ഞു. പ്രതിരോധ വേലിയുടെ പരിപാലനത്തിനായി വാർഡ് പ്രതിനിധി, വനപാലകർ, കർഷകർ എന്നിവരടങ്ങുന്ന കൂട്ടായ്മയുണ്ട്. വനാതിർത്തിയിലെ സ്വകാര്യ സ്ഥലങ്ങളിലെ കാട് വെട്ടി നീക്കുക, പ്രദേശത്തെ കേടായ തെരുവുവിളക്കുകൾ മാറ്റിസ്ഥാപിക്കുക, വനാതിർത്തിയിൽ ജൈവവേലി സ്ഥാപിക്കുക, വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ തീറ്റ ഉറപ്പാക്കാൻ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക തുടങ്ങിയ നിർദേശങ്ങളും ഉയർന്നു. ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ ഒമ്പത് കിലോമീറ്ററോളം സൗരോർജ്ജ തൂക്കുവേലി നിർമിച്ചതിനും പുറമെ വനപാലകരുടെ നിരന്തര ഇടപെടലിലൂടെയും വന്യമൃഗശല്ല്യത്തിന്റെ തോത് കുറഞ്ഞതായി യോഗം വിലയിരുത്തി. വാർഡ് മെമ്പർമാരായ റഫീന റഷീദ്, നൂറുൽസലാം, റഷീദ പുളിക്കൽ, കെ.ടി അബ്ദുല്ല, നിജോ വർഗീസ്, ഒ.നാസർ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ മണികണ്ഠൻ വടശ്ശേരി, പടുവിൽ കുഞ്ഞിമുഹമ്മദ്, മണ്ണാർക്കാട് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ എൻ.സുബൈർ, തിരുവിഴാംകുന്ന് ഫോറസ്റ്റ് സ്റ്റേഷൻ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ കെ.സുനിൽകുമാർ, ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ഗ്രേഡ് എം.ജഗദീഷ്, പഞ്ചായത്ത് ആസൂത്രണ സമിതി ഉപാധ്യക്ഷൻ കല്ലടി അബൂബക്കർ, കർഷക പ്രതിനിധികളായ ടി.രാമകൃഷ്ണൻ, ഉണ്ണികൃഷ്ണൻ, ടി.കെ ഇപ്പു തുടങ്ങിയവർ പങ്കെടുത്തു.



കോട്ടോപ്പാടം ഗ്രാമപഞ്ചായത്ത് ഹാളിൽ നടന്ന ജനജാഗ്രതാ സമിതി യോഗത്തിൽ പ്രസിഡന്റ് അക്കര ജസീന സംസാരിക്കുന്നു.

## താക്കോൽദാനം

പടിഞ്ഞാറങ്ങാടി: അൽഫലാഹ് സക്കാത്ത് സമിതിനിർമിച്ച വീടിന്റെ താക്കോൽദാനം നടത്തി. പട്ടിത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.ബാലൻ ഉദ്ഘാടനം ചെയ്തു. സമിതി ചെയർമാൻ വി.സൈനുദ്ദീൻ അധ്യക്ഷത വഹിച്ചു. അൽഫലാഹ് പള്ളി ഖത്തീബ് റഹീം പാലറ താക്കോൽദാനം നിർവ്വഹിച്ചു. ഡോ.എ.ഐ ഖമറുദ്ദീൻ, വാർഡ് അംഗം കെ.പി രാധ, കെ.എ റഷീദ് മാസ്റ്റർ, വി.അബ്ദുല്ലകുട്ടി, അലി കുമരനല്ലൂർ, പി.അബ്ദുൽ ഖാദർ തുടങ്ങിയവർ പ്രസംഗിച്ചു.

## കൗമാര ക്ലാസ്

ശ്രീകൃഷ്ണപുരം: കുലിക്കിലിയാട്, എസ്.വി.എ.യു.പി സ്കൂളിലെ ഏഴാംക്ലാസിലെ പെൺകുട്ടികൾക്ക് കടമ്പഴിപ്പുറം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ കൗമാര ക്ലാസ് സംഘടിപ്പിച്ചു. സിപി സജിത ക്ലാസ് നയിച്ചു. പ്രധാനാധ്യാപകൻ കെ.അബു, മുക്തവലി, എ.ശോഭന,സ്കൂൾ ലീഡർ പി.നിസവ സംസാരിച്ചു.

### വാളയാർ നീതിസമരസമിതി പ്രതിഷേധം

## സോജന്റെ സ്ഥാനക്കയറ്റം ഉപകാരസ്മരണ -ഗീവർഗീസ് മാർ കുറിലോസ്

പാലക്കാട്: വാളയാർ കേസ് അട്ടിമറിക്കുകയും കുഞ്ഞുങ്ങളെ അപമാനിക്കുകയും ചെയ്ത പൊലീസ് ഉദ്യോഗസ്ഥൻ സോജന് ഐ.പി.എസ് നൽകുന്നത് സർക്കാരിന്റെ ഉപകാരസ്മരണയാണോയെന്ന് ബിഷപ്പ് ഗീവർഗീസ് മാർ കുറിലോസ് ചോദിച്ചു. അമ്മ ആവശ്യപ്പെട്ട പ്രോസിക്യൂട്ടറെ നിയമിക്കാത്തത് കേസ് അട്ടിമറിക്കാനെന്നും അദ്ദേഹം പറഞ്ഞു. വാളയാർ നീതിസമരസമിതി നടത്തിയ സമരം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു. വിളയോടി വേണുഗോപാൽ അധ്യക്ഷത വഹിച്ചു. സി.ആർ. നീലകണ്ഠൻ ആമുഖ പ്രഭാഷണം നടത്തി. കെ. വാസുദേവൻ സ്വാഗതം പറഞ്ഞു. അമ്മ ഭാഗ്യവതി, വി.എം മാർസൻ, എം.സുലൈമാൻ, ഗോപാലൻ മലമ്പുഴ, രാധാകൃഷ്ണൻ ചെങ്ങാട്ട്, കെ.കാർത്തികേയൻ മംഗലം, കെ.മായാണ്ടി, അമ്പലക്കാട് വിജയൻ, ബി.രാജേന്ദ്രൻ നായർ, ആസിയ റസാക്ക്, സുന്ദരൻ കരിയംകോട്, ബാലചന്ദ്രൻ കൊഴിഞ്ഞാമ്പാറ, രാജേഷ് കുത്തന്നൂർ,പേരലിക്കളം കൃഷ്ണദാസ്, രാധാകൃഷ്ണൻ വിത്തനശ്ശേരി, രാധാകൃഷ്ണൻ മണ്ണാർക്കാട്, ഫാദർ അഗസ്റ്റിൻ വട്ടോളി, ഖാദർ കണ്ണാടി, സണ്ണി ധോണി, സന്തോഷ് മലമ്പുഴ തുടങ്ങിയവർ സംസാരിച്ചു. സലിൽ ലാൽ അഹമ്മദ് നന്ദി പറഞ്ഞു.




നീതി നിഷേധത്തിനെതിരെ വാളയാർ നീതിസമരസമിതി നടത്തിയ സമരം ബിഷപ്പ് ഗീവർഗീസ് മാർ കുറിലോസ് ഉദ്ഘാടനം ചെയ്യുന്നു

## വി.കെ.ശ്രീകണ്ഠന് ഷൊർണൂരിൽ ആവേശോജ്വല സ്വീകരണം

ഷൊർണൂർ: വി.കെ.ശ്രീകണ്ഠൻ എം.പി.യുടെ ഷൊർണൂർ നഗരസഭാ പര്യടനം ആവേശോജ്വലമായി. തിരഞ്ഞെടുക്കപ്പെട്ടതിന് ശേഷം ഒറ്റപ്പെട്ട പരിപാടികളിൽ പങ്കെടുത്തിരുന്നെങ്കിലും സ്വദേശമായ ഷൊർണൂരിലെ ജനങ്ങളോടുള്ള നന്ദി പ്രകടനത്തിന് ഇന്നലെ സമയം കണ്ടെത്തുകയായിരുന്നു. രാവിലെ 8.30ന് കവളപ്പാറയിൽ നിന്ന് ആരംഭിച്ച പര്യടനം ഉച്ചക്ക് ശേഷം കണയത്ത് സമാപിച്ചു. തത്തംകോട്, എസ്.എം.പി. ജംഗ്ഷൻ, ഗണേശ്ഗിരി, മുണ്ടായ വായനശാല, വടക്കുമുറി, ടി.എം.എസ്.എൽ.പി, പരുത്തിപ്ര, കോഴിപ്പാറ, എസ്.എൻ.ട്രസ്റ്റ്, നായാടിക്കുന്ന്, ഷൊർണൂർ ടൗൺ, വൈ.എം.സി.എ, കുറ്റിക്കാട് കോളനി, പള്ളിക്കുന്ന്, കുളപ്പുള്ളി ടൗൺ, ആലിൻചുവട്, ചിന്താമണി, കണയം എന്നീ പോയിന്റുകളിലായിരുന്നു സ്വീകരണ കേന്ദ്രങ്ങൾ. യു.ഡി.എഫ് നേതാക്കളും പ്രവർത്തകരും സ്വീകരണങ്ങളിൽ പങ്കെടുത്തു.



കുളപ്പുള്ളിയിൽ നൽകിയ സ്വീകരണത്തിൽ വി.കെ. ശ്രീകണ്ഠൻ എം.പി സംസാരിക്കുന്നു

## വനിതാ ലീഗ് റൈസ് ആന്റ് ത്രൈവ് കൺവൻഷൻ

പാലക്കാട്: വനിതാ ലീഗ് റൈസ്&ത്രൈവ് കാമ്പയിൻ പാലക്കാട് നിയോജകമണ്ഡലം കൺവൻഷൻ വനിതാലീഗ് ജില്ലാ ജനറൽ സെക്രട്ടറി റഫീഖ പാറക്കോട്ടിൽ ഉദ്ഘാടനം ചെയ്തു. വനിതാലീഗ് മണ്ഡലം പ്രസിഡന്റ് മൻസൂറ റഫീഖ് അധ്യക്ഷനായി. ജില്ലാ ട്രഷറർ റിസ്വാന ബീഗം പ്രമേയം അവതരിപ്പിച്ചു. ജില്ലാ സെക്രട്ടറി എ.എഫ് സറീന ബഷീർ മുഖ്യപ്രഭാഷണം നടത്തി. റംലത്തു മേപ്പറമ്പ് സ്വാഗതം പറഞ്ഞു, മുസ്‌ലിംലീഗ് ജില്ലാ മണ്ഡലം പഞ്ചായത്ത് ഭാരവാഹികളായ എം.എച്ച് മുജീബ് റഹ്മാൻ, കെ.സൈതലവി പൂളക്കാട്, എ.വി കാജാഹുസൈൻ, ടി.എച്ച് ഇക്ബാൽ, എ.എ ഇബ്രാഹിം, പി.എച്ച് സുലൈമാൻ എന്നിവർ പ്രസംഗിച്ചു. പി.എം ഹബീബ, സൗജ, സഫിയ, എ സൈറബാനു, നജ്മ, പി.എം സലീന, കെ.യു നൂർജിഹാൻ, പി.എം നജീബ, റജീന, പി.എം സീനത്തു, മുബീന, ഫസ്‌ല, കെ.നബീസ എന്നിവർ പങ്കെടുത്തു. റജീന സകരിയ നന്ദി പറഞ്ഞു.

●ആലത്തൂർ: നിയോജക മണ്ഡലം വനിതാലീഗ് സംസ്ഥാന കമ്മിറ്റി ആഹ്വാനം ചെയ്ത റൈസ് ആന്റ് ത്രൈവ് കൺവെൻഷൻ ആലത്തൂർ ലീഗ് ഓഫീസിൽ നടന്നു. വനിതാ ലീഗ് പാലക്കാട് ജില്ലാ പ്രസിഡണ്ട് ജമീല ടീച്ചർ ഉദ്ഘാടനം ചെയ്തു. ജില്ലാ വൈസ് പ്രസിഡണ്ട് സൗദ അബ്ദുൽ റഹ്മാൻ അധ്യക്ഷത വഹിച്ചു. മണ്ഡലം വനിതാലീഗ് സെക്രട്ടറി നൂർ ജഹാൻ മൊയ്തീൻ സ്വാഗതം പറഞ്ഞു. ആലത്തൂർ വനിതാ ലീഗ് നിരീക്ഷക അനിത ഷൗക്കത്ത് ക്യാമ്പയിൻ പ്രവർത്തനങ്ങൾ വിശദീകരിച്ചു. ആലത്തൂർ നിയോജക മണ്ഡലം മുസ്‌ലിം ലീഗ് പ്രസിഡണ്ട് എം.എ. ജബ്ബാർ മാസ്റ്റർ മുഖ്യപ്രഭാഷണം നടത്തി. നിയോജക മണ്ഡലം മുസ്‌ലിം ലീഗ് ജനറൽ സെക്രട്ടറി സി.എം. സെയ്തലവി മാസ്റ്റർ, ജില്ലാ പ്രവർത്തക സമിതി അംഗം പി. അലി മാസ്റ്റർ, മണ്ഡലം മുസ്‌ലിം ലീഗ് ട്രഷറർ കമാലുദീൻ വൈ, മണ്ഡലം യൂത്ത് ലീഗ് പ്രസിഡണ്ട് ഫഹദ്.എസ്, മണ്ഡലം വനിതാലീഗ് ട്രഷറർ ജമീല ജാഫർ, പഞ്ചായത്ത് മുസ്‌ലിംലീഗ് പ്രസിഡണ്ട് സുലൈമാൻ, എന്നിവർ പ്രസംഗിച്ചു. വനിതാ ലീഗ് ഭാരവാഹികളായ റജീന, സോഫിയ, സുഹ്റ, സാജിദ, ബിപാത്തുമ്മ, സാഹിന എന്നിവർ പങ്കെടുത്തു. മണ്ഡലം വനിതാലീ ഗ് വൈസ് പ്രസിഡണ്ട് സഹീദ നന്ദി പറഞ്ഞു.




ആലത്തൂർ നിയോജക മണ്ഡലം റൈസ് ആന്റ് ത്രൈവ് കൺവൻഷൻ വനിതാ ലീഗ്ജില്ലാ പ്രസിഡണ്ട് ജമീല ടീച്ചർ ഉദ്ഘാടനം ചെയ്യുന്നു



വനിതാ ലീഗ് റൈസ്&ത്രൈവ് കാമ്പയിൻ പാലക്കാട് നിയോജകമണ്ഡലം കൺവൻഷൻ ജില്ലാ ജനറൽ സെക്രട്ടറി റഫീഖ പാറക്കോട്ടിൽ ഉദ്ഘാടനം ചെയ്യുന്നു

## രണ്ടിടത്ത് വാഹനാപകടം മൂന്ന് പേർക്ക് പരിക്ക്

മണ്ണാർക്കാട്: മണ്ണാർക്കാട് മേഖലയിൽ രണ്ടിടങ്ങളിലുണ്ടായ വാഹനാപകടങ്ങളിൽ ബൈക്ക് യാത്രക്കാരായ മൂന്ന് പേർക്ക് പരിക്കേറ്റു. ദേശീയപാതയിൽ മേലേകൊടക്കാടും കുമരംപുത്തൂർ-ഒലിപ്പുഴ സംസ്ഥാനപാതയിൽ വേങ്ങയിലും ചൊവ്വാഴ്ച രാത്രിയിലാണ് അപകടങ്ങൾ സംഭവിച്ചത്. മേലേകൊടക്കാടിൽ നിർത്തിയിട്ട മിനിലോറിയിൽ ഇടിച്ച് ബൈക്ക് യാത്രികരായ അരക്കുപറമ്പ് താരക്കൻതടി വീട്ടിൽ സുഹൈൽ (19), അരക്കുപറമ്പ് പാതാറിൽ സ്വാലിഹ് (16) എന്നിവർക്ക് പരിക്കേറ്റു. അപകടത്തിന്റെ കാരണം വ്യക്തമല്ല. രാത്രി ഒമ്പതരയോടെയായിരുന്നു അപകടം. പരിക്കേറ്റ ഇരുവരേയും വട്ടമ്പലത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇതിൽ സാരമായി പരിക്കേറ്റ സുഹൈലിനെ പിന്നീട് പെരിന്തൽമണ്ണയിലെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റി. കോട്ടോപ്പാടം വേങ്ങയിൽ കാറും സ്കൂട്ടറും കൂട്ടിയിടിച്ച് സ്കൂട്ടർ യാത്രികനായ കോട്ടോപ്പാടം കരിമ്പനക്കൽ ഷറഫുദ്ദീൻ (45)നാണ് പരിക്കേറ്റത്. ഗ്രാമീണ റോഡിൽനിന്നും പ്രധാനറോഡിലേക്ക് പ്രവേശിക്കുകയായിരുന്ന കാറും മണ്ണാർക്കാട് ഭാഗത്തുനിന്നും വരികയായിരുന്ന ഷറഫുദ്ദീൻ സഞ്ചരിച്ച ഇരുചക്രവാഹനവും തമ്മിൽ കൂട്ടിയിടിക്കുകയായിരുന്നു. പരിക്കേറ്റ യുവാവിനെ വട്ടമ്പലത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

## സൈബർ തട്ടിപ്പ്; അഭിഭാഷകൻ അറസ്റ്റിൽ

പാലക്കാട്: സൈബർ തട്ടിപ്പ് ജോലിക്കായി മലയാളി യുവാവിനെ വിദേശത്തേക്ക് കടത്തിയ അഭിഭാഷകനായ ഏജന്റ് അറസ്റ്റിൽ. കൊല്ലങ്കോട് ഊട്ടറ ശ്രീജിത്തിനെയാണ്(31) പാലക്കാട് സൈബർക്രൈം പൊലീസ് അറസ്റ്റ് ചെയ്തത്. പാലക്കാട് ചന്ദ്രനഗർ സ്വദേശിയായ യുവാവിന് ലാവോസിലുള്ള മൾട്ടി നാഷണൽ കമ്പനിയിൽ ജോലി വാഗ്ദാനം ചെയ്ത് മൂന്നുലക്ഷം കൈപ്പറ്റി, വിദേശത്തേക്ക് കയറ്റി അയക്കുകയും ചെയ്തു. അവിടെ ചൈനീസ് പൗരൻമാർ നിയന്ത്രിക്കുന്ന സൈബർതട്ടിപ്പ് കേന്ദ്രത്തിൽ ജോലി ചെയ്യിക്കുന്നതിന് പുറമെ മർദ്ദിക്കുകയുമായിരുന്നു. നാട്ടിൽ രക്ഷപ്പെട്ട യുവാവ് നൽകിയ പരാതിയെ തുടർന്നാണ് അന്വേഷണം നടത്തി പ്രതിയെ പിടികൂടിയത്. ഇത്തരത്തിൽ കൂടുതൽ യവാക്കാൾ തട്ടിപ്പിനിരയായിട്ടുള്ള കാര്യങ്ങളുൾപ്പെടെ അന്വേഷിച്ച് വരുകയാണ്. കാംപോഡിയ, ലാവോസ്, തായ്‌ലാന്റ് ബാങ്കോക്ക്, വിയറ്റ്നാം എന്നിവിടങ്ങളിൽ ചൈനീസ് പൗരൻമാർ നടത്തുന്ന തട്ടിപ്പ് കേന്ദ്രത്തിൽ മലയാളികളുൾപ്പെടെ ഇന്ത്യക്കാരെ ഉപയോഗിച്ച് തട്ടിപ്പ് നടത്തുന്നുണ്ട്. ഇത്തരം രാജ്യങ്ങളിൽ ജോലിക്കായി പോകുന്ന യുവാക്കൾ കമ്പനിയുടെ വിശ്വാസ്യത ഉറപ്പ് വരുത്തണമെന്ന് സൈബർക്രൈം ഇൻസ്പെക്ടർ അനൂപ് മോൾ അറിയിച്ചു.

## യുവാവിന് കുത്തേറ്റു

ചിറ്റൂർ: അത്തിമണിക്കു സമീപം അയൽവാസികളായ സുഹൃത്തുക്കൾ തമ്മിലുണ്ടായ വഴക്കിൽ കുത്തേറ്റ പരിക്കുകളോടെ ഒരാളെ തൃശ്ശൂർ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മടപ്പള്ളം സുനിൽകുമാർ (24)നാണ് കുത്തേറ്റത്. ചൊവ്വാഴ്ച രാലിസെ ആറിനു മടപ്പള്ളത്തു വെച്ചാണ് അക്രമ സംഭവം. ശരീരത്തിന്റെ പിൻഭാഗത്ത് കുത്തേറ്റ സുനിൽകുമാറിനെ ജില്ലാആശുപത്രിയിലെത്തിച്ചു പ്രാഥമിക ചികിത്സക്ക് ശേഷമാണ് തൃശ്ശൂർ മെഡിക്കൽ കോളജ് ആശുപത്രിയിലെത്തിച്ചത്.

## ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ് വൻ വിജയമാക്കും- മുസ്‌ലിംലീഗ്

മണ്ണാർക്കാട്: മുസ്‌ലിംലീഗ് സംസ്ഥാന കമ്മിറ്റിയുടെ ആഹ്വാന പ്രകാരം ജൂലൈ 15 മുതൽ 30 വരെ നടക്കുന്ന ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ് വിജയിപ്പിക്കുന്നതിന് മുസ്‌ലിം ലീഗ് മണ്ണാർക്കാട് നിയോജക മണ്ഡലം പ്രവർത്തക സമിതി യോഗം തീരുമാനിച്ചു. യോഗം മുസ്‌ലിംലീഗ് സംസ്ഥാന സെക്രട്ടറി അഡ്വ.എൻ ഷംസുദ്ദീൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. നിയോജക മണ്ഡലം പ്രസിഡന്റ് റഷീദ് ആലായൻ അധ്യക്ഷനായി. മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് മരക്കാർ മാരായമംഗലം കാമ്പയിൻ വിശദീകരിച്ചു. മുസ്‌ലിം ലീഗ് പഞ്ചായത്ത്, മുനിസിപ്പൽ, മേഖല കൗൺസിലർമാരും ശാഖ ഭാരവാഹികളും ചന്ദ്രിക വാർഷിക വരിക്കാരാവേണ്ടതുണ്ട്. ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളും, സഹകരണ ബാങ്ക് ഡയറക്ടർമാരും ചന്ദ്രിക വാർഷിക വരിക്കാരാണെന്ന് നിയോജക മണ്ഡലം കമ്മിറ്റികൾ ഉറപ്പ് വരുത്തേണ്ടതാണ്. ജില്ലാ ജനറൽ സെക്രട്ടറി അഡ്വ.ടി.എ സിദ്ദീഖ്, വൈസ്പ്രസിഡന്റ് കല്ലടി അബൂബക്കർ, സെക്രട്ടറി ടി.എ സലാം മാസ്റ്റർ, നഗരസഭാ ചെയർമാൻ സി.മുഹമ്മദ് ബഷീർ പ്രസംഗിച്ചു. മണ്ഡലം ജനറൽ സെക്രട്ടറി ഹുസൈൻ കോളശ്ശേരി സ്വാഗതവും ട്രഷറർ കെ.ആലിപ്പു ഹാജി നന്ദിയും പറഞ്ഞു. മണ്ഡലം ഭാരവാഹികളായ കെ.ടി ഹംസപ്പ, പി. മുഹമ്മദാലി അൻസാരി, ഒ.ചേക്കു മാസ്റ്റർ, റഷീദ് മുത്തനിൽ, ഹുസൈൻ കളത്തിൽ, കെ.ടി അബ്ദുല്ല, മജീദ് തെങ്കര തുടങ്ങിയവർ സംബന്ധിച്ചു.

## മാലിന്യം തള്ളുന്നത് പതിവായി

കൊഴിഞ്ഞാമ്പാറ: ശ്രീകൃഷ്ണക്ഷേത്രം മേനോൻപ്പാറ പാലം വഴിയിൽ ചാക്കിൽ കെട്ടി മാലിന്യം തള്ളൽ വീണ്ടും സജീവം. കൊഴിഞ്ഞാമ്പാറ ടൗണിൽ നിന്നും പച്ചക്കറി മറ്റും ബേക്കറി ഇതര മാലിന്യങ്ങൾ യൂറിയാ ചാക്കിൽ നിറച്ച് ഇരുചക്ര വാഹനങ്ങളിൽ കൊണ്ടു വന്നിടുന്നതായി യാത്രക്കാർ പരാതിപ്പെടുന്നുണ്ട്. തെരുവുനായകൾക്ക് പുറമെ പന്നിശല്യവും കൂടുന്നുണ്ട്. ഇഴജന്തുക്കളും മാംസ മാലിന്യം ഭക്ഷിക്കാനെ ത്തുന്നത് രാത്രി കാൽനട സഞ്ചാരികൾക്ക് ഭീഷണിയാവുന്നു. ഈ സ്ഥലത്തിനു സമീപത്തുള്ള ഹയർസെക്കന്റി സ്ക്കൂളിലേക്ക് വിദ്യാർഥികൾ നടന്നുവരുന്നതും തെരുവുനായ ഭീഷണിയിലാണ്.രാത്രിസമയങ്ങളിൽ മാലിന്യം തള്ളുന്നവരെ പിടികൂടാൻ സോളാർ ലാമ്പുകളും നിരീക്ഷണ ക്യാമറകളും സ്ഥാപിക്കേണ്ടത് അനിവാര്യമായിരിക്കുകയാണ്.



മേനോൽപ്പാറ പ്പാലം റോഡരികിൽ ചാക്കിൽ നിറച്ച് തള്ളിയ മാലിന്യം

## മത്സ്യ കർഷക ദിനാചരണവും അവാർഡ് ദാനവും

മാള: മത്സ്യകർഷക ദിന ആഘോഷത്തോടനുബന്ധിച്ച് മാള ബ്ലോക്കിൽ മത്സ്യ കർഷക സംഗമവും അവാർഡ് ദാനവും നടത്തി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് രേഖ ഷാൻറി ജോസഫ് ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡൻറ് ഡൊമിനിക് ജോമോൻ അധ്യക്ഷത വഹിച്ചു. ഏറ്റവും മികച്ച ഓരു ജല കർഷകനായി പൊയ്യ പഞ്ചായത്തിൽ നിന്ന് സുധി അറക്കപ്പറമ്പിലിനെ തെരഞ്ഞെടുത്തു. മികച്ച ശുദ്ധജല കർഷകനായി കുഴൂർ ഗ്രാമപഞ്ചായത്തിലെ രാജു പാവു അയനിക്കൽ, മികച്ച കരിമീൻ വിത്ത് ഉൽപാദന യൂണിറ്റ് അവാർഡ് മാള ഗ്രാമപഞ്ചായത്തിലെ മഹേശ്വരി തട്ടാരപ്പറമ്പിൽ,

മികച്ച യുവ മത്സ്യകർഷകനുള്ള അവാർഡ് ആളൂർ ഗ്രാമപഞ്ചായത്തിലെ ആനന്ദ് നമ്പ്യാടത്ത്, മികച്ച അലങ്കാര മത്സ്യകർഷകനുള്ള അവാർഡ് അന്നമനട ഗ്രാമപഞ്ചായത്തിലെ ശിവപ്രസാദ് കുഴിക്കാട്ട് എന്നിവർ കരസ്ഥമാക്കി. മികച്ച കർഷകരെ ഫലകവും പൊന്നാടയും നൽകി ആദരിച്ചു. അന്നമനട ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് പി.വി വിനോദ്, ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷന്മാരായ ജോസ് മാഞ്ഞൂരാൻ, ബിന്ദു ഷാജു, ജില്ലാ പഞ്ചായത്ത് അംഗം ശോഭന ഗോകുൽ നാഥ്, ആളൂർ ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാൻറിങ് കമ്മിറ്റി ചെയർമാൻ ഡിബിൻ, മത്സ്യ കർഷകർ എന്നിവർ പങ്കെടുത്തു.

## സ്ത്രീശാക്തീകരണം; ബോധവത്ക്കരണ ക്ലാസ് ഇന്ന്

തൃശൂർ: വനിതാ ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ മെഡിക്കൽ ഓഫീസേഴ്സിന് ബേട്ടി ബച്ചാവോ ബേട്ടി പടാവോ വാരം, പി.സി.പി.എൻ.ഡി.ടി എൻഫോഴ്സ്മെന്റ് ഡ്രൈവ്, പി.സി.പി.എൻ.ഡി.ടി ആക്ട്, എം.ടി.പി ആക്ട്, ഭാരതീയ ന്യായ സംഹിത എന്നീ വിഷയങ്ങളെക്കുറിച്ച് ഇന്ന്ഉച്ചയ്ക്ക് രണ്ടു മുതൽ നാലു വരെ തൃശൂർ ഹോട്ടൽ പേൾ റീജൻസി ഗ്രൗണ്ട് ഫ്ലോറിൽ ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിക്കും. സബ് കലക്ടർ മുഹമ്മദ് ഷഫീക്ക് പരിപാടി ഉദ്ഘാടനം ചെയ്യും. ഒക്ടോബർ നാല് വരെ നടത്തുന്ന നൂറുദിന ബോധവത്ക്കരണ പരിപാടിയോടനുബന്ധിച്ചാണ് ക്ലാസ് നൽകുന്നത്.

**തൃശൂർ വാർത്തകൾ**

### വില്ലേജ് ഓഫീസർ ദീർഘ അവധിയിൽ, ജനം ദുരിതത്തിൽ

# യൂത്ത് ലീഗ് കടപ്പുറം വില്ലേജ് ഓഫീസ് ഉപരോധിച്ചു



കടപ്പുറം വില്ലേജ് ഓഫീസർ നീണ്ട അവധിയിൽ പോയതിനാലും അപേക്ഷകൾ കെട്ടിക്കിടക്കുന്നതിനാലും പ്രതിഷേധിച്ച് യൂത്ത് ലീഗ് കടപ്പുറം പഞ്ചായത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ വില്ലേജ് ഓഫീസ് ഉപരോധിക്കുന്നു.

കടപ്പുറം: കടപ്പുറം വില്ലേജ് ഓഫീസർ നീണ്ട അവധിയിൽ പോയതിനാലും ജനങ്ങളുടെ അപേക്ഷകൾ തീർപ്പ് കൽപ്പിക്കാതെ കെട്ടിക്കെടുക്കുന്നതിനാലും പ്രതിഷേധിച്ച് യൂത്ത് ലീഗ് കടപ്പുറം പഞ്ചായത്ത് കമ്മിറ്റി നേതൃത്വത്തിൽ വില്ലേജ് ഓഫീസ് ഉപരോധിച്ചു.

രണ്ട് ആഴ്ചയിലധികമായി വില്ലേജ് ഓഫീസർ അവധിയിൽ പ്രവേശിച്ചിട്ട്. ശക്തമായ കടൽക്ഷോഭവും അതിനോടാനുബന്ധിച്ച് ജനങ്ങളുടെ ശക്തമായ രോഷവും പ്രതിഷേധങ്ങളും ഉണ്ടായിട്ടും വില്ലേജ് ഓഫീസർ കടപ്പുറത്തേക്ക് ഇത് വരേ തിരിഞ്ഞു നോക്കുക പോലും ചെയ്തിട്ടില്ല. കൂടാതെ വില്ലേജ് ഓഫീസിൽ മറ്റ് ജീവനക്കാരും അവധിയിൽ പോയതിനാൽ ഒരു ജീവനക്കാരി മാത്രമാണ് ജോലിയിലുള്ളത്. ഇത് മൂലം വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിന്റെയും മറ്റ് ആവശ്യങ്ങൾക്കുള്ള വരുമാന സർട്ടിഫിക്കറ്റുകളടക്കമുള്ള നിരവധി വിവിധ അപേക്ഷകളാണ് കെട്ടികിടക്കുന്നത്. കടപ്പുറം വില്ലേജ് ഓഫീസ് ആവശ്യങ്ങൾക്കായി എത്തുന്ന ജനങ്ങൾ ദിവസങ്ങളായി വളരെയേറെ ബുദ്ധിമുട്ടാണ് അനുഭവിച്ച് കൊണ്ടിരിക്കുന്നത്. നിലവിലുണ്ടായിരുന്ന ഓഫീസിലെ ഏക ജീവനക്കാരി താലൂക് ഓഫീസിൽ ഡെപ്യൂട്ടി കളക്ടർ വിളിച്ച യോഗത്തിൽ പങ്കെടുക്കുന്നതിനായി പോയതിനാൽ ജനദുരിതം ഏറെ പരിതാപകരമാവുകയായിരുന്നു. ഇതിൽ പ്രതിഷേധിച്ചാണ് യൂത്ത് ലീഗ് ഉപരോധ സമരം സംഘടിപ്പിച്ചത്.

സ്ഥലത്തെത്തിയ ചാവക്കാട് പൊലീസ് സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിലുള്ള പോലീസ് സമരം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും തഹസിൽദാർ എത്തി വിഷയത്തിൽ വേണ്ട ഉറപ്പ് നൽകാതെ സമരം അവസാനിപ്പിക്കില്ലെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തഹസിൽദാർ സ്ഥലത്തെത്തുകയും സമരക്കാരുമായി ചർച്ച നടത്തുകയുമായിരുന്നു. കടപ്പുറത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കടപ്പുറം വില്ലേജ് ഓഫീസിൽ ഓഫീസറുടെ അവധി വെട്ടികുറച്ച് ഉടനെ ജോലിയിൽ പ്രവേശിപ്പിക്കണമെന്നും നിലവിലെ ജീവനക്കാരുടെ എണ്ണം വർധിപ്പിക്കണമെന്നുമുള്ള സമരക്കാരുടെ ആവശ്യത്തെ ഗൗരവപൂർവ്വം പരിഗണിക്കാമെന്നും സർക്കാരിലേക്ക് ശുപാർശ അടക്കമുള്ള ഇതിനാവശ്യമായ വേണ്ട നടപടികൾ ഉടൻ സ്വീകരിക്കുമെന്ന് സമരക്കാർക്ക് ഉറപ്പ് നൽകുകയും ചെയ്തു. തുടർന്ന് സമരം അവസാനിപ്പിച്ച് പ്രവർത്തകർ പിരിയുകയായിരുന്നു.

ഉപരോധ സമരം മുസ്ലിം യൂത്ത് ലീഗ് ജില്ലാ ജനറൽ സെക്രട്ടറി നൗഷാദ് തെരുവത്ത് ഉദ്ഘാടനം ചെയ്തു. യൂത്ത് ലീഗ് പഞ്ചായത്ത് പ്രസിഡന്റ് പി.എ.അഷ്ക്കർ അലി അദ്ധ്യക്ഷത വഹിച്ചു. യൂത്ത് ലീഗ് നിയോജകമണ്ഡലം പ്രസിഡന്റ് ടി.ആർ.ഇബ്രാഹിം, മുസ്ലിം ലീഗ് നിയോജകമണ്ഡലം സെക്രട്ടറി വി.എം.മനാഫ്, മുസ്ലിം ലീഗ് പഞ്ചായത്ത് ജനറൽ സെക്രട്ടറി പി.എം.മുജീബ്, യൂത്ത് ലീഗ് നേതാക്കളായ ഷാജഹാൻ അഞ്ചങ്ങാടി, ലത്തീഫ് അറക്കൽ, ഷഹീർ കടവിൽ, ഫർഹാൻ കടവിൽ, ഇർഷാദ് അഞ്ചങ്ങാടി, റംഷാദ് കാട്ടിൽ, റസാക്ക് കുന്നത്ത് എന്നിവർ സമരത്തിന് നേതൃത്വം നൽകി. യൂത്ത് ലീഗ് പഞ്ചായത്ത് ജനറൽ സെക്രട്ടറി അലി അഞ്ചങ്ങാടി സ്വാഗതവും ട്രഷറർ ഷബീർ പുതിയങ്ങാടി നന്ദിയും പറഞ്ഞു.

## സർട്ടിഫിക്കറ്റ് വിതരണം ഇന്ന്

തൃശൂർ: കേന്ദ്ര നൈപുണ്യവികസന മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജൻ ശിക്ഷൺ സൻസ്ഥാൻ തൃശ്ശൂർ പരിശീലന കേന്ദ്രത്തിലെ 2023-24 വർഷത്തെ പരിശീലനം പൂർത്തിയാക്കിയ ഗുണഭോക്താക്കളുടെ സർട്ടിഫിക്കറ്റ് വിതരണം ഇന്ന് തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ് ഉദ്ഘാടനം നിർവ്വഹിക്കും. തൃശൂർ ജൻ ശിക്ഷൺ സൻസ്ഥാൻ ഡയറക്ടർ സുധ സോളമൻ അധ്യക്ഷത വഹിക്കും. ചടങ്ങിൽ 1800 ഗുണഭോക്താക്കളും അധ്യാപകരും പങ്കെടുക്കും. സർട്ടിഫിക്കറ്റ് വിതരണത്തോടനുബന്ധിച്ച് ജെ.എസ്.എസ്. ഗുണഭോക്താക്കളുടെ എക്സിബിഷനും നടക്കും.

## അഞ്ചാം സെമസ്റ്റർ ബിരുദ പ്രവേശനം

തൃശൂർ: പട്ടാമ്പി ശ്രീ. നീലകണ്ഠ സർക്കാർ സംസ്കൃത കോളേജിൽ 2024-25 അധ്യയന വർഷത്തിൽ വിവിധ ബിരുദ കോഴ്സുകളിൽ അഞ്ചാം സെമസ്റ്ററിലെ ഒഴിവുള്ള സീറ്റുകളിലേക്ക് (സീനിയർ ക്ലാസ് അഡ്മിഷൻ) അഡ്മിഷൻ നേടാൻ ആഗ്രഹിക്കുന്നവർ ജൂലൈ 12 ന് (വെള്ളിയാഴ്ച) രാവിലെ 10 നകം കോളേജിൽ റിപ്പോർട്ട് ചെയ്യണം. ബി.എസ്.സി സുവോളജി: ഓപ്പൺ – 3, മുസ്ലീം – 1, ബി.എസ്.സി കെമിസ്ട്രി: ഓപ്പൺ – 2, ഒബിഎച്ച് – 1, ഇ.ഡബ്ല്യു.എസ് – 1, ബി.എസ്.സി ബോട്ടണി: ഇ.ഡബ്ല്യു.എസ് – 1 ബി.എസ്.സി ഫിസിക്സ്: ഇ.ഡബ്ല്യു.എസ് – 1 എന്നിവയിലാണ് ഒഴിവുള്ളത്. കൂടുതൽ വിവരങ്ങൾക്ക് 04662 212223 എന്ന നമ്പറിൽ ബന്ധപ്പെടുക.




ബസ് യാത്രക്കാർക്ക് ഡി.സി.സി ജനറൽ സെക്രട്ടറി അനിൽ പുളിക്കലിന്റെ നേതൃത്വത്തിൽ തൈലം വിതരണം ചെയ്യുന്നു

## നാട്ടിക ബീച്ച് റോഡ് തകർന്നു; തൈലം നൽകി കോൺഗ്രസ് സമരം

തൃപ്രയാർ: നാട്ടിക പഞ്ചായത്ത് ഭരണം നാട്ടികയിലെ ജനങ്ങൾക്ക് പൊറുക്കാൻ പറ്റാത്ത കുറ്റകരമായ അനാസ്ഥയുടെ പര്യായമായി മാറിയിരിക്കുകയാണെന്ന് ഡിസിസി ജനറൽ സെക്രട്ടറി അനിൽപുളിക്കൽ പറഞ്ഞു.

നാട്ടിക ബീച്ച് റോഡ് അടക്കം നാട്ടികയിലെ മുഴുവൻ റോഡുകളും സഞ്ചാര യോഗ്യമാക്കണമെന്ന് ആവശ്യപ്പെട്ട് യാത്ര കാർക്ക് തൈലം വിതരണം ചെയ്തു കൊണ്ട് നാട്ടിക കോൺഗ്രസ് മണ്ഡലം കമ്മിറ്റി നാട്ടിക ബീച്ച് റോഡിൽ നടത്തിയ പ്രതിഷേധ സമരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പഞ്ചായത്ത് പദ്ധതികൾക്ക് ഒരു കാഴ്ചപ്പാടും നാട്ടിക പഞ്ചായത്ത് ഭരണസമിതിക്കില്ല. റോഡുകൾ മുഴുവൻ താറുമാറായിരിക്കുന്നു,വർഷം ഒന്ന് മാത്രം പഞ്ചായത്ത് ഭരണം അവസാനിക്കാൻ ഇരിക്കെ ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് ഉൾപ്പടെ ഒരു പ്രവർത്തിയും പഞ്ചായത്തിൽ നടക്കുന്നില്ല. നാട്ടിക ബീച്ച് റോഡിനു ഫണ്ട് പലതും പാസായി എന്ന് പറയുന്നതല്ലാതെ നാട്ടികക്കാരുടെ യാത്ര ദുരിതത്തിനു ഒരു പരിഹാരവും ഉണ്ടാകുന്നില്ല. ഒന്നും ചെയ്യാൻ കഴിയാത്ത പഞ്ചായത്ത് ജനങ്ങളോട് കുറ്റസമ്മതം നടത്താൻ തയ്യാറാകണമെന്നും അനിൽ പുളിക്കൽ പറഞ്ഞു.

കോൺഗ്രസ് നാട്ടിക മണ്ഡലം പ്രസിഡന്റ് പി എം സിദ്ദിഖ് അധ്യക്ഷത വഹിച്ചു. ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി ഭാരവാഹികളായ എ എൻ സിദ്ധപ്രസാദ്, സി ജി അജിത് കുമാർ, പി കെ നന്ദനൻ, ടി വി ഷൈൻ, മഹിളാ കോൺഗ്രസ് ജില്ലാ സെക്രട്ടറി രഹന ബിനീഷ്, മത്സ്യ തൊഴിലാളി കോൺഗ്രസ് ജില്ലാ സെക്രട്ടറി പി സി ജയപാലൻ, പഞ്ചായത്ത് മെമ്പർ കെ ആർ ദാസൻ, മധു അന്തിക്കാട്ട് എന്നിവർ സംസാരിച്ചു.സി കെ മണികണ്ഠൻ,സുധി ആലക്കൽ, മുഹമ്മദാലി കണിയാർക്കോട്, രാജീവ് അരയം പറമ്പിൽ, ഭാസ്ക്കാരൻ അന്തിക്കാട്ട്, പവിത്രൻ ചളിങ്ങാട്ട്,സക്കറിയ കാവുങ്ങൽ, ജ്യോതി,ടി കെ ഷണ്മുഖൻ, അഷ്ക്കറലി പുല്ലൂട്ടി പറമ്പിൽ,ജയരാജൻ, മണികണ്ഠൻ ഗോപുരത്തിങ്കൽ, ബാബുലാൽ ചളിങ്ങാട്ട്, ഷാജി പനക്കൽ,ബേബി, സാലിഹ്,മണികണ്ഠൻ പി സി, കൃഷ്ണകുമാർ എരണെഴത്ത് വെങ്ങാലി , ഷെരിഫ് പാണ്ടികശാലക്കൽ,എന്നിവർ പ്രതിഷേധ സമരത്തിന് നേതൃത്വം നൽകി.

## യാനങ്ങൾ പിടിച്ചെടുത്തു

കൊടുങ്ങല്ലൂർ: കാര തട്ടുംകടവിൽ കടലിൽ മത്സ്യസമ്പത്തിനു വിനാശം വിതയ്ക്കുന്ന പെയർ ട്രോളിങ് (ഡബിൾ നെറ്റ്) നടത്തിയ മത്സ്യ ബന്ധന യാനങ്ങൾ പിടിച്ചെടുത്ത് ഫിഷറീസ് – മറൈൻ എൻഫോഴ്സ്മെന്റ് – കോസ്റ്റൽ പൊലീസ് സംയുക്ത സംഘം. നിരോധിച്ച ഡബിൾനെറ്റ് വല (പോത്തൻ വലകൾ) ഉപയോഗിച്ചു 2 വള്ളങ്ങൾ ചേർന്നു നടത്തുന്ന മീൻപിടിത്ത രീതിയാണ് പെയർ ട്രോളിങ് (ഡബിൾ നെറ്റ്). ഇതു മത്സ്യസമ്പത്തിന്റെ നാശത്തിനു വഴിവയ്ക്കും. കേരള മത്സ്യബന്ധന നിയന്ത്രണ നിയമപ്രകാരം നിരോധിച്ച മത്സ്യബന്ധനം നടത്തിയ 2 വഞ്ചികൾ ഫിഷറീസ് വകുപ്പ് കണ്ടുകെട്ടി.

പരമ്പരാഗത വള്ളക്കാർ എന്ന വ്യാജേന പെയർ ട്രോളിങ്ങിലൂടെ അടിയൂറ്റൽ നടത്തിയ കൈപ്പമംഗലം ബീച്ച് സ്വദേശികളായ കൈതവളപ്പിൽ ധനീഷ്, കോഴിപ്പറമ്പിൽ ബാഹുലേയൻ മകൻ രമേഷ് എന്നിവരുടെ ഉടമസ്ഥതയിലുള്ളവള്ളങ്ങൾ പിടിച്ചെടുത്തത്.



മൂന്നുപീടികയിൽ റോഡരികിൽ നിന്നും കണ്ടെത്തിയ കഞ്ചാവ് ചെടിയുമായി എക്സൈസ് സംഘം

## മൂന്നുപീടികയിൽ റോഡരികിൽ കഞ്ചാവ് ചെടി കണ്ടെടുത്തു

കയ്പമംഗലം : മൂന്നുപീടികയിൽ റോഡരികിൽ നിന്നും കഞ്ചാവ് ചെടി പിടികൂടി.

മൂന്നുപീടിക അറവുശാലയിൽ ദേശീയപാതയോരത്ത് നിന്നാണ് കൊടുങ്ങല്ലൂർ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ വി.ബാലസുബ്രഹ്മണ്യനും സംഘവും ചേർന്ന് 90 രാ ഉയരമുള്ള കഞ്ചാവ് ചെടി കണ്ടെടുത്തത്. ചെടിയുടെ ഉറവിടത്തെക്കുറിച്ച് അന്വേഷണം ആരംഭിച്ചതായി എക്സൈസ് അറിയിച്ചു. കഴിഞ്ഞ ദിവസങ്ങളിൽ പടിഞ്ഞാറെ വെമ്പല്ലൂരിൽ രണ്ടിടത്ത് നിന്നായി കഞ്ചാവ് ചെടി കണ്ടെടുത്തിരുന്നു. എക്സൈസ് സംഘത്തിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ പി.വി.ബെന്നി, പി.ആർ.സുനിൽകുമാർ, സിവിൽ എക്സൈസ് ഓഫീസർമാരായ എ.എസ്.രിഹാസ്, കെ.എം.സിജാദ്, വി.എം.മുഹമ്മദ് ദിൽഷാദ് എന്നിവരും ഉണ്ടായിരുന്നു.

## മണത്തലയിൽ വീട്ടമ്മയുടെ ദേഹത്തേക്ക് മുളകുപൊടിയെറിഞ്ഞ് കവർച്ചാ ശ്രമം

ചാവക്കാട്: മണത്തലയിൽ പട്ടാപ്പകൽ വീട്ടിൽ കയറി വീട്ടമ്മയുടെ ദേഹത്തേക്ക് മുളകുപൊടിയെറിഞ്ഞ് കവർച്ചാ ശ്രമം.

മണത്തല വിശ്വനാഥ ക്ഷേത്രത്തിന് മുൻവശം ആലഞ്ചേരി സുജിത്തിന്റെ ഭാര്യ പ്രീജ(34)യുടെ ദേഹത്തേക്കാണ് മുളകുപൊടി എറിഞ്ഞ് കവർച്ചക്ക് ശ്രമിച്ചത്. ബുധനാഴ്ച ഉച്ചക്ക് 2.40നാണ് സംഭവം. വീടിന്റെ മുൻവശത്തെ വാതിലിൽ മുട്ടുന്നതു കേട്ട് വീടിനകത്തുണ്ടായിരുന്ന പ്രീജ വാതിൽ തുറന്നയുടനെ മോഷ്ടാവ് കൈയ്യിൽ സൂക്ഷിച്ചിരുന്ന മുളകുപൊടി പ്രീജയുടെ മുഖത്തേക്ക് വിതറുകയായിരുന്നു. എന്നാൽ കണ്ണിലേക്ക് കാര്യമായി മുളകുപൊടി വീണില്ല. മുഖത്തിനു താഴെയും നെഞ്ചിലുമായാണ് മുളകുപൊടി മിക്കവാറും വീണതെന്ന് പ്രീജ പറഞ്ഞു. പെട്ടെന്നുള്ള ആക്രമണത്തിൽ പകച്ചുപോയ പ്രീജ മോഷ്ടാവിന്റെ ഭാഗത്തുനിന്ന് അടുത്ത നീക്കം ഉണ്ടാകുന്നതിന് മുന്നേ വീടിന്റെ പിൻവശത്തെ തുറന്നുകിടന്നിരുന്ന വാതിൽ വഴി മുറ്റത്തേക്ക് നിലവിളിച്ചോടി. പ്രീജയുടെ നിലവിളി കേട്ട് അയൽവാസികൾ ഓടിയെത്തുമ്പോഴേക്കും മോഷ്ടാവ് കടന്നുകളഞ്ഞു. വീട്ടിൽനിന്ന് ഒന്നും നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപെട്ടിട്ടില്ലെന്ന് പ്രീജയുടെ ഭർത്താവ് സുജിത്ത് പറഞ്ഞു. സംഭവം നടക്കുമ്പോൾ പ്രീജ മാത്രമേ വീട്ടിലുണ്ടായിരുന്നുള്ളൂ. വെളിച്ചെണ്ണ വാങ്ങാൻ എടക്കഴിയൂരിലെ ഓയിൽ മില്ലിലേക്ക് പോയതായിരുന്നു സുജിത്ത്. ഭർത്താവാണെന്നു കരുതിയാണ് പ്രീജ വാതിൽ തുറന്നത്. മുളകുപൊടിയിൽ മറ്റെന്തോ കലർത്തി മഞ്ഞ നിറത്തിലുള്ള പൊടിയാണ് വിതറിയിരിക്കുന്നത്. മോഷ്ടാവ് മുഖം മറച്ചിരുന്നുവെന്നാണ് പ്രീജ ഓർക്കുന്നത്. എന്നാൽ അപ്രതീക്ഷിതമായ സംഭവത്തിൽ പരിഭ്രാന്തയായതിനാൽ ഒരാളാണോ കുടുതൽ പേരുണ്ടായിരുന്നോ എന്നൊന്നും ഓർക്കാൻ കഴിയുന്നില്ലെന്ന് പ്രീജ പറഞ്ഞു.

ചാവക്കാട് പൊലീസ് സ്ഥലത്തെത്തി അന്വേഷണം തുടങ്ങി.



പെരിയമ്പലം ബീച്ചിൽ ചത്തടിഞ്ഞ ഡോൾഫിന്റെ ജഡം. ദിവസങ്ങൾ പഴക്കമായതോടെ ദുർഗന്ധം വമിക്കുന്ന അവസ്ഥയിലാണ്. കാക്കകളും തെരുവ് നായക്കളും ഇതിന്റെ മാംസങ്ങൾ കൊത്തിവലിക്കാൻ തുടങ്ങിയിട്ടുണ്ട്.



എൽ.ജി.എം.എൽ നേതൃത്വത്തിൽ നടന്ന 'ഒപ്പ് മതിൽ'പുന്നയൂർ പഞ്ചായത്ത് ഓഫീസിന് മുന്നിൽ മുസ്ലിം ലീഗ് ജില്ല വൈസ് പ്രസിഡണ്ട് ആർ.പി ബഷീർ ഉദ്ഘാടനം ചെയ്യുന്നു

## ലോക്കൽ ഗവ. മെമ്പേഴ്സ് ലീഗ് നേതൃത്വത്തിൽ ഒപ്പ് മതിൽ

പുന്നയൂർ:- ബജറ്റ് വിഹിതം തടഞ്ഞുവെച്ച് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ തകർക്കുന്ന സംസ്ഥാന സർക്കാർ നീക്കത്തിനെതിരെ ജൂലൈ 20 ന് ജനപ്രതിനിധികളുടെ നേതൃത്വത്തിൽ നടക്കുന്ന കളക്ടറേറ്റ് ധർണ്ണയുടെ ഭാഗമായി സ്ഥാന വ്യാപകമായി നടന്ന 'ഒപ്പ് മതിൽ'പുന്നയൂർ പഞ്ചായത്ത് ഓഫീസിന് മുന്നിൽ മുസ്ലിം ലീഗ് ജില്ല വൈസ് പ്രസിഡണ്ട് ആർ.പി ബഷീർ ഉദ്ഘാടനം ചെയ്തു. ജില്ല സെക്രട്ടറിയും പുന്നയൂർ പഞ്ചായത്ത് അംഗവുമായ സി അഷറഫ് അധ്യക്ഷത വഹിച്ചു.

മുസ്ലിം ലീഗിലെ തദ്ദേശ സ്വയംഭരണ സ്ഥാപന ജന പ്രതിനിധികളുടെ സംഘടനയായ ലോക്കൽ ഗവൺമെന്റ് മെമ്പേഴ്സ് ലീഗ്(എൽ.ജി.എം.എൽ) അംഗങ്ങളും പാർട്ടി ഭാരവാഹികളും പങ്കെടുക്കുന്ന രീതിയിലാണ് ഒപ്പ് മതിൽ നടന്നത്.2023-24 വർഷം അനുവദിക്കാതിരുന്ന മെയിന്റനൻസ് ഗ്രാൻറിലെ 1215 കോടിയും ജനറൽ പർപ്പസ് ഗ്രാൻറിലെ 557 കോടിയും പ്രത്യേക വിഹിതമായി അനുവദിക്കുക ,2024 മാർച്ച് 25 നകം ട്രഷറിയിൽ സമർപ്പിച്ച ശേഷം പണം അനുവദിക്കാതെ തിരിച്ചുനൽകിയ 1156.12 കോടി രൂപ പ്രത്യേക വിഹിതമായി അനുവദിക്കുക,ലൈഫ് പദ്ധതി ഗുണഭോക്താക്കൾക്കുള്ള ഫണ്ട് തടയുന്ന സമീപനം തിരുത്തുക,ആറ് മാസത്തെ ക്ഷേമപെൻഷൻ കുടിശ്ശിക അനുവദിക്കുക.എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് ഒപ്പു മതിൽ സംഘടിപ്പിച്ചത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട രണ്ടായിരത്തി തൊള്ളായിരത്തി ഇരുപത്തിയെട്ട് കോടി രൂപയാണ് സംസ്ഥാന സർക്കാർ കവർന്നത്.

പഞ്ചായത്തംഗങ്ങളായ എം.വി ഹൈദരലി,ബിൻസി റഫീഖ്,മുസ്ലിം ലീഗ് പുന്നയൂർ പഞ്ചായത്ത് ആക്ടിംഗ് പ്രസിഡന്റ് പിഎ നസീർ,ജനറൽ സെക്രട്ടറി ടി.കെ ഉസ്മാൻ,വൈസ് പ്രസിഡന്റ് ടി.എം നൂർദ്ദീൻ, മുസ്ലിം യൂത്ത് ലീഗ് ജില്ലാ വൈസ് പ്രസിഡന്റ് എ.വി അലി,പുന്നയൂർ പഞ്ചായത്ത് പ്രസിഡന്റ് കെ.നൗഫൽ,ടി.എം നാസർ, കെ.എ ഷെഫീഖ് എന്നിവർ പങ്കെടുത്തു. എൽ.ജി.എം. എൽ ജില്ല സെക്രട്ടറിയും പഞ്ചായത്ത് അംഗവുമായ അസീസ് മന്ദലാംകുന്ന് സ്വാഗതവും മുസ്ലിം ലീഗ് പഞ്ചായത്ത് സെക്രട്ടറി എം.സി മുസ്തഫ നന്ദിയും പറഞ്ഞു.




ലോക്കൽ ഗവണ്മെന്റ് മെംബേഴ്സ് ലീഗ് ചാവക്കാട് നടത്തിയ ഒപ്പുമതിൽ മുസ്‌ലിം ലീഗ് ഗുരുവായൂർ നിയോജ മണ്ഡലം ജനറൽ പി.വി ഉമ്മർകുഞ്ഞി ഉദ്ഘാടനം ചെയ്യുന്നു.

## കേരള സർക്കാർ തദ്ദേശ സ്ഥാപങ്ങളെ നോക്കുത്തിയാക്കുന്നു

ചാവക്കാട് : ഇടതുപക്ഷ സർക്കാർ തദ്ദേശ സ്ഥാപനങ്ങളെ നോക്കുത്തിയാക്കുകയാണെന് മുസ്‌ലിം ലീഗ് ഗുരുവായൂർ നിയോജ മണ്ഡലം ജനറൽ പി വി ഉമ്മർകുഞ്ഞി അഭിപ്രായപ്പെട്ടു.

ലോക്കൽ ഗവണ്മെന്റ് മെംബേഴ്സ് ലീഗ് ചാവക്കാട് നടത്തിയ ഒപ്പു മതിൽ പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

2024-2025 വാർഷിക പദ്ധതി റിവിഷൻ സംബന്ധിച്ച് ഉത്തരവ് വന്നതോടെ സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കേണ്ടിയിരുന്ന 2928 കോടി രൂപയുടെ വികസന പദ്ധതികൾ സംസ്ഥാന സർക്കാൻ നഷ്ടപ്പെടുത്തിയിരിക്കുന്നു. പാർലമെന്റ് തിരഞ്ഞെടുപ്പ് വരുന്നതിന് മുമ്പേ ഗ്രാമ സഭകൾ, വികസന സെമിനാറുകൾ തുടങ്ങിയ പദ്ധതികൾക്ക് തുടക്കം കുറിച്ചതാണ്. പക്ഷെ ഇലക്ഷൻ കഴിഞ്ഞിട്ടും നിർവഹണ പ്രവർത്തികൾ തുടങ്ങാൻ കഴിയാതെ തദ്ദേശ ഭരണം വഴി മുട്ടി നിൽക്കുകയാണെന്നും ഉമ്മർകുഞ്ഞി പറഞ്ഞു.

സാധാരണ ജനങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ പോലും കിട്ടുന്നില്ലന്ന് മുഖ്യപ്രഭാഷണം നടത്തിയ ചാവക്കാട് നഗരസഭാ പ്രതിപക്ഷ നേതാവ് കെ.വി സത്താർ പറഞ്ഞു. ലോക്കൽ ഗവണ്മെന്റ് മെംബേഴ്സ് ലീഗ് ജില്ലാ ട്രഷറർ ഫൈസൽ അധ്യക്ഷത വഹിച്ചു. മുസ്‌ലിം ലീഗ് നിയോജ മണ്ഡലം ട്രഷറർ ലെത്തീഫ് പാലയൂർ, മുസ്‌ലിം ലീഗ് മുനിസിപ്പൽ ജനറൽ സെക്രട്ടറി പിഎം അനസ്, എം എസ് എഫ് മണ്ഡലം ട്രഷറർ സബാഹ് താഴത്ത്,ബ്ലോക്ക് മെമ്പർ സി വി സുബ്രമണ്യൻ നഗരസഭാ കൗൺസിലർ പേള ഷഹിത,കുഞ്ഞീൻ ഹാജി, ഫസൽ കരീം,ഹനീഫ് ചാവക്കാട് , ഹാഷിം മാലിക്, മജീദ് ചാവക്കാട്, അബ്ദുൽ കാദർ,വി അലി,പേള ബഷീർ, പി.വി ഷരീഫ്, പി യു.ജുനാദ് എന്നിവർ സംബന്ധിച്ചു.

## സീറ്റ് ഒഴിവ്

തൃശൂർ: കോന്നിയിലെ കൗൺസിൽ ഫോർ റിസർച്ച് ആൻഡ് ഡെവലപ്മെന്റിന്റെ കോളജ് ഓഫ് ഇൻഡിജനസ് ഫുഡ് ടെക്നോളജി നടത്തുന്ന ബി.എസ്.സി ഫുഡ് ടെക്നോളജി ആൻഡ് ക്വാളിറ്റി അഷ്വറൻസ് (ഹോണേഴ്സ്) കോഴ്സിന്റെ മാനേജ്മെന്റ് ക്വാട്ടയിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താല്പര്യമുള്ളവർ കോളജുമായി ബന്ധപ്പെടുക. ഫോൺ: 0468 2240047, 9846585609.

## പോലീസ് സ്റ്റേഷൻ മാർച്ച്

കാലടി: എസ്എഫ്ഐ നേതാവ് എസ് രോഹിത് വിദ്യാർത്ഥികളുടെ ചിത്രങ്ങൾ അശ്ലീല സൈറ്റുകളിലും ഗ്രൂപ്പുകളിലും പോസ്റ്റ് ചെയ്ത് അപമാനിച്ചതിനെതിരെ പെൺകുട്ടികൾ നൽകിയ പരാതി ഗൗരവമായെടുക്കാതിരുന്ന പൊലീസ് നടപടിയിൽ പ്രതിഷേധിച്ച് കെഎസ്‌യു ജില്ലാ കമ്മിറ്റി ഇന്ന് 11ന് കാലടി പൊലീസ് സ്റ്റേഷനിലേക്ക് മാർച്ച് നടത്തും. കടുത്തശിക്ഷ ലഭിക്കേണ്ട പ്രതിയെ സഹായിക്കാനായി ദുർബലമായ വകുപ്പുകൾ ചുമത്തി അറസ്റ്റ് ചെയ്ത് സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയച്ചിരുന്നു.

## മുച്ചക്രവാഹന വിതരണം

കാക്കനാട് : ബെന്നി ബഹനാൻ എം. പിയുടെ ഫണ്ട് ഉപയോഗിച്ച് 2019-20, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലെ എംപി ലാഡ്സ് പദ്ധതി പ്രകാരം ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ കാക്കനാട് സിവിൽ സ്റ്റേഷൻ പരിസരത്ത് നടന്ന ചടങ്ങിൽ വിതരണം ചെയ്തു. രായമംഗലം ഗ്രാമപഞ്ചായത്തിലെ വാർഡ് എട്ടിലെ പി.ഇ. വർഗീസ്, കറുകുറ്റി ഗ്രാമപഞ്ചായത്തിലെ വാർഡ് 17ലെ പി.വി. ജോസ്, അങ്കമാലി മുനിസിപ്പാലിറ്റി ഡിവിഷൻ 12ലെ പി.സി. ജോസഫ് , കാലടി ഗ്രാമപ്പഞ്ചായത്ത് വാർഡ് 14ലെ സി.പി. ബാബു, അങ്കമാലി മുനിസിപ്പാലിറ്റി ഡിവിഷൻ 19ലെ കെ.സി. മാത്യു എന്നിവർക്കാണ് സ്കൂട്ടർ നൽകിയത്.

## പ്രതിഷേധവുമായി നാട്ടുകാർ തെരുവിൽ

കാലടി:കാട്ടാന, കാട്ടുപോത്ത്,പുലി, മ്ലാവ് തുടങ്ങിയ വന്യജീവികളെ കൊണ്ട് ജീവിക്കാനാകാതെ പൊറുതിമുട്ടിയതായും സർക്കാർ ഇതിന് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് നാട്ടുകാർ തെരുവിലിറങ്ങി. അതിനിടെ ഇന്നലെ പുലർച്ചെ കാട്ടാനകൾക്കൊപ്പമെത്തിയ കുട്ടിയാന ഇല്ലിത്തോട് സ്വദേശി സാജുവിന്റെ ആൾമറയില്ലാത്ത (അരമതിൽ) കിണറ്റിൽ വീണു. കഴിഞ്ഞ ഒരു വർഷക്കാലമായി ഇത്തരത്തിൽ വന്യമൃഗശല്യം രൂക്ഷമാണെന്നും കാർഷിക വിളകൾ, വളർത്തു മൃഗങ്ങൾ തുടങ്ങിയവയുടെ നാശംമൂലം ഏറെ പ്രതിസന്ധിയാണ് നേരിടുന്നതെന്നും ചൂണ്ടിക്കാട്ടി നാട്ടുകാർ ഇന്നലെ രാവിലെ മുതൽ പ്രതിഷേധവുമായി റോഡിൽ കുത്തിയിരിക്കുകയും വന്യമൃഗശല്യത്തിന് ശാശ്വതപരിഹാരം വേണമെന്നാവശ്യപ്പെടുകയും ചെയ്തു. പിന്നീട് സ്ഥലത്തെത്തിയ സബ് കളക്ടർ ഇവരുടെ ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് ഉറപ്പു നൽകിയതിനെ തുടർന്നാണ് സമരക്കാർ പിരിഞ്ഞു പോയത്.



# അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ തുറന്നു

### ഇ.വി ഡി.സി ഫാസ്റ്റ് ചാർജറുകളുടെ രണ്ട് യൂണിറ്റുകളാണ് സജ്ജീകരിച്ചിരിക്കുന്നു



സിയാലിൽ സ്ഥാപിച്ചിട്ടുള്ള ഇവി ഡിസി ഇലക്ട്രിക്ക് ചാർജിങ് യൂണിറ്റുകൾ

നെടുമ്പാശ്ശേരി : കൊച്ചി വിമാനത്താവളത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്ക് അതിവേഗ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചു. ആഭ്യന്തരഅന്താരാഷ്ട്ര ടെർമിനലുകളുടെ പാർക്കിംഗ് ഏരിയകളിലാണ് ഇവ പ്രവർത്തിക്കുന്നത്. ഓരോ സ്റ്റേഷനുകളിലും 60 കിലോവാട്ട് ഇ.വി ഡി.സി ഫാസ്റ്റ് ചാർജറുകളുടെ രണ്ട് യൂണിറ്റുകളാണ് സജ്ജീകരിച്ചിരിക്കുന്നത്. ഈ സ്റ്റേഷനുകളിൽ ഓരോന്നിലും ഒരേസമയം നാല് ഇലക്ട്രിക് വാഹനങ്ങൾ വേഗത്തിൽ ചാർജ് ചെയ്യാൻ സാധിക്കും. പരിസ്ഥിതി സൗഹൃദ വാഹനങ്ങളെ പിന്തുണയ്ക്കുന്നതിനും യാത്രക്കാർക്കും സന്ദർശകർക്കും മികച്ച സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള സിയാലിന്റെ ശ്രമങ്ങളുടെ ഭാഗമായാണ് ഇത്തരമൊരു സംരംഭത്തിന് തുടക്കം കുറിച്ചിരിക്കുന്നത്. രണ്ട് ചാർജിങ് സ്റ്റേഷനുകളിലായി 60 കിലോവാട്ട് ഇവി ഡിസി ഫാസ്റ്റ് ചാർജറിന്റെ നാല് യൂണിറ്റുകളാണ് ഒരുക്കിയിരിക്കുന്നത്. രണ്ട് ടെർമിനലുകളിലുമായി ഒരേ സമയം എട്ട് വാഹനങ്ങൾ ഒരുമിച്ച് ചാർജ് ചെയ്യാം.

ചാർജ് മോഡ് എന്ന ചാർജിങ് ആപ്പ് മുഖേനയാണ് വാഹനങ്ങൾ ചാർജ് ചെയ്യേണ്ടതും തുക അടയ്ക്കേണ്ടതും. ഉപഭോക്താക്കൾക്ക് താല്പര്യമുള്ള പ്ലാനുകൾ തെരഞ്ഞെടുക്കാനുള്ള സൗകര്യവും ആപ്പ് വഴി ഒരുക്കിയിട്ടുണ്ട്. സിയാലിലെ ഇവി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ പരിസ്ഥിതിയോടുള്ള ഉത്തരവാദിത്തം വളർത്തുന്നതിനും മികച്ച വിമാനത്താവള അനുഭവം സഹായകമാകുമെന്ന് സിയാൽ മാനേജിംഗ് ഡയറക്ടർ എസ് സുഹാസ് പറഞ്ഞു.

ഗ്രീൻ ഹൈഡ്രജൻ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ബി.പി.സി.എല്ലുമായുള്ള സംയുക്ത സംരംഭം ഇതിന്റെ നാഴികക്കല്ലാണ്. സമീപഭാവിയിൽ തന്നെ ഒരു ഹൈഡ്രജൻ ഇന്ധന സ്റ്റേഷൻ ആരംഭിക്കാനും സിയാലിന് പദ്ധതിയുണ്ടന്ന് അദ്ദേഹം വ്യക്തമാക്കി. രാജ്യാന്തരആഭ്യന്തര പാർക്കിംഗ് സ്റ്റേഷനുകളിൽ ഒരേ സമയം 2800 കാറുകൾ പാർക്ക് ചെയ്യാനാകും. 600 കാറുകൾക്ക് കൂടി പാർക്ക് ചെയ്യാനുള്ള സൗകര്യം സജ്ജമായി വരുന്നു. പാർക്കിംഗ് സ്ഥലത്തെ മേൽക്കൂരയിൽ സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ കാർ പോർട്ടിൽ നിന്ന് മാത്രം സിയാലിന് പ്രതിദിനം 20,000 യൂണിറ്റോളം വൈദ്യുതി ലഭിക്കും. ഫാസ്റ്റ് ടാഗ് ഉൾപ്പെടെയുള്ള സ്മാർട്ട് പാർക്കിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്.

## ജെൻ എ ഐ കോൺക്ലേവ് ഇന്നു മുതൽ കൊച്ചിയിൽ



കൊച്ചി: ആർട്ടിഫിഷ്യൽ ഇന്റലിജൻസി (എഐ)ന്റെ പരിവർത്തന സാധ്യതകളും സമൂഹത്തിലും സമ്പദ് വ്യവസ്ഥയിലും അതിന്റെ സ്വാധീനവും ചർച്ചചെയ്യുന്ന ദ്വിദിന ജെനറേറ്റീവ് എ ഐ കോൺക്ലേവിന് ഇന്ന് തുടക്കമാകും. കൊച്ചിയിലെ ലുലു ഗ്രാൻഡ് ഹയാത്ത് ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ രാവിലെ 10.15 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെഎസ്ഐഡിസി) ഐബിഎമ്മുമായി ചേർന്നാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്. മന്ത്രി പി രാജീവ് അധ്യക്ഷത വഹിക്കും. ചീഫ് സെക്രട്ടറി ഡോ. വി വേണു, നോർക്ക റൂട്ട്സ് വൈസ് ചെയർമാനും ലുലു ഗ്രൂപ്പ് എംഡിയും ചെയർമാനുമായ എം എ യൂസഫലി തുടങ്ങിയവർ പങ്കെടുക്കും. നിർമ്മിതബുദ്ധി വിവിധ മേഖലകളിൽ ഉപയോഗിക്കുന്നതിൽ കേരളം മികവ് തെളിയിക്കുന്ന ഘട്ടത്തിലാണ് രാജ്യത്തെ ആദ്യത്തെ ജെൻ എ ഐ കോൺക്ലേവ് കൊച്ചിയിൽ നടക്കുന്നത്. കേരളത്തെ എ.ഐ ഡെസ്റ്റിനേഷനായി മാറ്റാനും ഇൻഡസ്ട്രി 4.0 നുള്ള സംസ്ഥാനത്തിന്റെ കാഴ്ചപ്പാട് മുന്നോട്ടുവയ്ക്കാനും സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കാനും സമ്മേളനം ലക്ഷ്യമിടുന്നു. ആയിരത്തോളം പ്രതിനിധികൾ പങ്കെടുക്കുന്ന സമ്മേളനത്തിൽ പ്രഭാഷണങ്ങൾ, പാനൽ ചർച്ചകൾ, സംവേദനാത്മക സെഷനുകൾ എന്നിവയാണ് പ്രധാന അജണ്ട. എ.ഐ സാങ്കേതികവിദ്യയിലെ ഏറ്റവും പുതിയ മുന്നേറ്റങ്ങൾ നേരിട്ട് മനസ്സിലാക്കാൻ സാധിക്കുന്ന സംവിധാനങ്ങളും ഒരുക്കും. മന്ത്രിമാർ, ഐബിഎം അംഗങ്ങൾ, വ്യവസായടെക്നോളജി പ്രമുഖർ തുടങ്ങിയവർ എ.ഐയുടെ ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ പങ്കിടും. ഡെവലപ്പർമാർ, വ്യവസായ പ്രമുഖർ, സർവകലാശാലകൾ, വിദ്യാർത്ഥികൾ, മാധ്യമങ്ങൾ, അനലിസ്റ്റുകൾ, സർക്കാർ ഉദ്യോഗസ്ഥർ, ഐബിഎമ്മിന്റെ പങ്കാളികൾ തുടങ്ങിയവർ കോൺക്ലേവിന്റെ ഭാഗമാകും. ഡെമോകൾ, ആക്ടിവേഷനുകൾ, വ്യവസായ വിദഗ്ധരുമായുള്ള കൂടിക്കാഴ്ച എന്നിവയും കോൺക്ലേവിൽ ഉണ്ടായിരിക്കും. രണ്ടു ദിവസങ്ങളിലായി 17 സെഷനുകളാണ് സമ്മേളനത്തിലുള്ളത്. ഇതിൽ പത്തെണ്ണം രണ്ടാം ദിവസം നടക്കും. കൂടുതൽ വിവരങ്ങൾക്ക്: https://www.ibm.com/inen/events/genaiconclave.

## ഗതാഗത കുരുക്കഴിക്കണം

കാലടി: ഏറെ തിരക്കേറിയ മഞ്ഞപ്ര ചന്ദ്ര പ്പുരയിൽ നിരന്തരമുണ്ടാകുന്ന ഗതാഗതക്കുരുക്കിന് ശാശ്വതപരിഹാരമായി വീതികൂട്ടി റോഡ് വികസിപ്പിക്കണമെന്ന ആവശ്യമുന്നയിച്ച് ഇന്ദിരാഗാന്ധി കൾചറൽ ഫോറം മഞ്ഞപ്രമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ നാട്ടുകാരുടെ ഒപ്പ് സമാഹരിച്ച് പൊതുമരാമത്ത് വകുപ്പധികൃതർക്ക് നിവേദനം നൽകി. രക്ഷാധികാരി കെ. സോമശേഖരൻ പിള്ള, ഡേവിസ് മണവാളൻ, ജോസൺ വി. ആൻറണി,ഷൈബി പാപ്പച്ചൻ, സെബാസ്റ്റ്യൻ മാടൻ, അലക്സ് ആൻറു, ദിനു ജോർജ് എന്നിവരാണ് നിവേദക സംഘത്തിലു ണ്ടായിരുന്നത്.

## മോഷണ കേസിൽ പ്രതി പിടിയിൽ



മട്ടാഞ്ചേരി: അതിഥി തൊഴിലാളികളുടെ ബാഗും പണവും മോഷ്ടിച്ച കേസിൽ പ്രതി മട്ടാഞ്ചേരി പൊലിസിന്റെ പിടിയിലായി.തോപ്പുംപടി സേവ്യർ റോഡിൽ അഖിൽ ഉസ്സാമാണ് പിടിയിലായത്. കൊച്ചങ്ങാടി അമ്മായി മുക്കിലെ സ്വകാര്യ നിർമാണ കമ്പനിയുടെ ഗോഡൗണിൽ കയറി അതിഥി തൊഴിലാളികളുടെ പതിനായിരം രൂപയടങ്ങുന്ന ബാഗും മറ്റൊരു ബാഗിൽ നിന്ന് ഏഴായിരം രൂപയും മോഷ്ടിച്ച ശേഷം കടന്ന് കളഞ്ഞ കേസിലെ ഒന്നാം പ്രതിയായ അഖിൽ എറണാകുളത്തെ ഒരു ബാറിൽ നടന്ന അടിപിടി കേസിൽ പിടിയിലായതറിഞ്ഞ് ഇയാളെ മട്ടാഞ്ചേരി പൊലിസെത്തി അറസ്റ്റ് ചെയ്യുകയായിരുന്നു.



പെരിയാറിൽ രാസമാലിന്യം കലർന്ന് മത്സ്യക്കുരുതിമൂലം നാശനഷ്ടം സംഭവിച്ച മത്സ്യ കർഷകർക്ക് നഷ്ടപരിഹാരം നൽകുക , പുഴയെ മലീമസമാക്കിയവരെ നിയമത്തിനു മുന്നിൽകൊണ്ട് വരിക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് കേരള അക്വ ഫാർമേഴ്സ് ഫെഡറേഷൻ വാരാപ്പുഴയിൽ നിന്നും എറണാകുളം കളക്ട്രേറ്റിലേക്ക് നടത്തിയ ബൈക്ക് റാലി.

# 12.5 കിലോ

### കഞ്ചാവുമായി ഒഡീഷാ സ്വദേശികൾ അറസ്റ്റിൽ


ഡാക്കോ നായിക് , ദിലീപ്

കൊച്ചി: നഗരത്തിൽ നിന്ന് 12.604 കിലോ കഞ്ചാവുമായി ഒഡീഷാ സ്വദേശികളെ കൊച്ചി സിറ്റി പൊലിസ് പിടികൂടി. എളമക്കര പൊലീസ് സ്റ്റേഷൻ പരിധിയിൽ ഉള്ള പോണേക്കര മീൻചിറ ഭാഗത്ത് നിന്നുമാണ് ഒഡീഷാ സ്വദേശികളായ ഡാക്കോ നായിക് (39) , ദിലീപ് (34) എന്നിവരെയാണ് എളമക്കര പൊലീസ് പിടികൂടിയത്. കൊച്ചി സിറ്റി പൊലീസ് കമ്മീഷണർ എസ്. ശ്യാം സുന്ദർ ഐപിഎസിന് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് എളമക്കര എസ്എച്ച്ഒ സജീവ് കുമാറിന്റെ നേതൃത്വത്തിൽ, എസ്ഐ മനോജ്, എസ് ഐ (ജി) രാജേഷ് കെ ചെല്ലപ്പൻ, എസ്‌സിപിഒ പ്രഭലാൽ, അനീഷ്, രാജേഷ്, സിപിഒ ഷൈജു എന്നിവർ ചേർന്നാണ് പ്രതികളെ പിടികൂടിയത്. കൃത്യത്തിൽ കൂടുതൽ പേർക്ക് പങ്കുണ്ടോയെന്ന് പൊലീസ് അന്വേഷിച്ചു വരുന്നു. പ്രതികളെ റിമാൻഡ് ചെയ്തു.

## പെരിയാർ മലിനീകരണം

# എടയാർ വ്യവസായ സ്ഥാപനങ്ങളിൽ പരിശോധന നടത്തി


പെരിയാറിന്റെ ഏലൂർ എടയാർ തീരത്ത് മത്സ്യങ്ങൾ കൂട്ടത്തോടെ ചത്ത് പൊങ്ങിയ സാഹചര്യത്തിൽ കേരള ഹൈക്കോടതി നിയോഗിച്ച സമിതി പെരിയാർ തീരത്തെ വ്യവസായ ശാലകളിൽ പരിശോധന നടത്തുന്നു.

ഏലൂർ: പെരിയാറിൽ മലിനീകരണം നടത്തുന്നുണ്ടോ എന്നറിയാൻ എടയാർ വ്യവസായ മേഖലയിലെ വ്യവസായ സ്ഥാപനങ്ങളിൽ സമിതി പരിശോധന നടത്തി. കേന്ദ്രസംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മേധാവികളെ കൂടി ഉൾപ്പെടുത്തി രൂപീകരിച്ച സമിതി അംഗങ്ങളാണ് ഇന്നലെ പരിശോധന നടത്തിയത്.

പെരിയാറിലെ മലിനീകരണത്തിന് പരിഹാരം തേടി ൦ പെരിയാർ മലിനീകരണ വിരുദ്ധ സമിതിയംഗങ്ങൾ ഹൈക്കോടതിയിൽ നൽകിയ ഹർജികൾ പരിഗണിച്ചപ്പോഴാണ് എടയാർ മേഖലയിലെ വ്യവസായങ്ങൾ കൂടി പരിശോധിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്.

രാവിലെ 10.30 ന് പാതാളം റെഗുലേറ്റർ കം ബ്രിഡ്ജിന് സമീപം സംഘം എത്തിച്ചേർന്നു. തുടർന്നു മേഖലയിലെ ആറ് സ്വകാര്യ സ്ഥാപനങ്ങളിൽ സന്ദർശനം നടത്തി. സ്ഥാപനത്തിന് അകത്തുനിന്ന് പെരിയാറിലേക്ക് മാലിന്യം ഒഴുക്കുന്നുണ്ടോ എന്നും കാനകളോ കുഴലുകളോ സ്ഥാപിച്ചിട്ടുണ്ടോയെന്നും സമിതി പരിശോധിച്ചു. സമിതിയിലുണ്ടായിരുന്ന ഹർജിക്കാർ ചൂണ്ടികാണിച്ച പെരിയാറിലെ വിവിധ സ്ഥലങ്ങളിൽ നിന്ന് വെള്ളം സാമ്പിൾ പരിശോധനയ്ക്ക് എടുത്തിട്ടുണ്ട്.

പെരിയാർ തീരത്തെ എല്ലാ വ്യവസായങ്ങളെയും പട്ടിക കൈമാറാൻ ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. എൻ.ഒ.സി. നൽകിയ സ്ഥാപനങ്ങളുടെ അടക്കം പട്ടിക നൽകാനാണ് ഹൈക്കോടതി നിർദേശിച്ചിരിക്കുന്നത്. സമിതി എടയാറിലെ സി.എം.ആർ എൽ., ടി.എം. എസ്.ലതേഴ്സ്, സൺ റൈസ്, ഓർഗാനോ, മലയാ റബ്ബർ, ആൽഫ എന്നീ വ്യവസായ സ്ഥാപനങ്ങൾ സന്ദർശിച്ച് പരിശോധന നടത്തിയത്. പരിശോധനയിൽ ഏതെങ്കിലും സ്ഥാപനത്തിൽ നിന്ന് വൻതോതിൽ മാലിന്യം ഒഴുക്കുന്നതായി കണ്ടെത്തിയില്ലെന്നാണ് ലഭിക്കുന്ന സൂചന. എന്നാൽ ചില സ്ഥാപനങ്ങൾ പെരിയാറിലേക്ക് ഭൂമിക്കടിയിലൂടെ കുഴലുകൾ വച്ചിട്ടുള്ളത് സമിതി കണ്ടെത്തിയിട്ടുണ്ട്. ഇവ ഭൂമിക്ക് മുകളിൽ സ്ഥാപിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ബാംഗ്ലൂരിലെ സെൻട്രൽ മലിനീകരണ നിയന്ത്രണ ബോർഡ് റീജിയണൽ ഡയറക്ടർ ജെ. ചന്ദ്രബാബു, സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ട്രേറ്റ് സെക്രട്ടറി രത്തൻ യു.ഖേൽക്കർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർപേഴ്സൺ എസ്. ശ്രീകല, കാലാവസ്ഥാ വ്യതിയാന ഡയറക്ടർ സുനിൽ പാമിടി, ഗ്രീൻ ആക്ഷൻ ഫോഴ്സ് സെക്രട്ടറി ഷിബു മാനുവൽ,പരിസ്ഥിതി പ്രവർത്തകൻ ഒ. വി. ഷബീർ തുടങ്ങിയവർ പങ്കെടുത്തു.

## കുസാറ്റ് മറൈൻ എൻജിനീയറിംഗ് ബിരുദദാന സമ്മേളനം

കൊച്ചി: കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ കുഞ്ഞാലി മരയ്ക്കാർ സ്കൂൾ ഓഫ് മറൈൻ എൻജിനീയറിംഗിലെ (കെ.എം.എസ്.എം.ഇ) 17-ാമത് ബാച്ച് ബി.ടെക്ക് വിദ്യാർത്ഥികളുടെ ബിരുദദാന സമ്മേളനം സെമിനാർ കോംപ്ലക്സിൽ സംഘടിപ്പിച്ചു. മുംബൈ, എം.എം.എസ് മാരിടൈം (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡിന്റെ ഡയറക്ടറും ചീഫ് ഓപ്പറേറ്റിങ്ങ് ഓഫീസറുമായ ഡോ.സഞ്ജയ് ഭവ്നാനിയായിരുന്നു ചടങ്ങിൽ മുഖ്യാതിഥി. കൊച്ചി മെർക്കാന്റൽ മറൈൻ ഡിപ്പാർട്ട്മെന്റ് ഇ& എസ്.എസ്കം ഡെപ്യൂട്ടി ഡയറക്ടർ ജനറലായ (ടെക്ക്) വി.വി.പോൾ ആയിരുന്നു ചടങ്ങിന്റെ ഗസ്റ്റ് ഓഫ് ഓണർ. കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ.ഡോ.പി.ജി.ശങ്കരൻ, കേഡറ്റുകൾക്ക് മെറിറ്റും കോഴ്സ് സർട്ടിഫിക്കറ്റും കൈമാറി. 'മെറിഡിയൻ' എന്ന കോളേജ് മാസിക ഡോ. സഞ്ജയ് ഭവ്നാനി പ്രകാശനം ചെയ്തു. രജിസ്ട്രാർ ഡോ.ശിവാനന്ദൻ ആചാരി, കെ.എം.എസ്.എം.ഇ ഡയറക്ടർ പ്രൊഫ.ആർ.വേണുഗോപാൽ, ഡോ.കെ.എ. സൈമൺ, കെ.എം.എസ്.എം.ഇ കോഴ്സ് ഇൻ ചാർജ് പ്രൊഫ.ജിസ് ജോർജ് എന്നിവർ സംസാരിച്ചു.

## അറസ്റ്റ് ചെയ്തു

മട്ടാഞ്ചേരി:കാപ്പ ഉത്തരവ് ലംഘിച്ച ഷാജഹാനെ (29) മട്ടാഞ്ചേരി പൊലിസ് അറസ്റ്റ് ചെയ്തു.

# ഹാർബർ നവീകരണം ഇനിയെന്ന് ?

### പ്രതിഷേധവുമായി ഹാർബർ സംരക്ഷണ സമിതി

മട്ടാഞ്ചേരി: തോപ്പുംപടി ഫിഷറീസ് ഹാർബർ നവീകരണ ജോലികൾ അടിയന്തരമായി പൂർത്തിയാക്കാൻ ബന്ധപ്പെട്ട അധികൃതർ നടപടികൾ കൈകൊള്ളണമെന്ന് ഹാർബർ സംരക്ഷണ സമിതി ആവശ്യപ്പെട്ടു. രണ്ടു കൊല്ലമായി നടക്കുന്ന നവീകരണ ജോലികൾ വളരെ മന്ദഗതിയിലാണെന്ന് സമിതി കുറ്റപ്പെടുത്തി. ആയിരങ്ങളാണ് ഹാർബറുമായി ബന്ധപ്പെട്ട് അന്നം തേടുന്നത്.

2022 മാർച്ചിൽ ടെണ്ടർ ചെയ്ത് നവമ്പറിൽ തുടങ്ങിയ നവീകരണ ജോലികൾ ഇടക്കാലത്ത് പൂർണമായും സ്തംഭിച്ച അവസ്ഥയിലായിരുന്നു.പിന്നീട് ഹാർബർ വ്യവസായ സംരക്ഷണ സമിതിയുടേയും ഹാർബർ സംരക്ഷണ സമിതിയുടേയും നേതൃത്വത്തിൽ നടന്ന ശക്തമായ സമരത്തിനൊടുവിലാണ് ജോലികൾ പുനരാരംഭിച്ചത്. ജനുവരിയിൽ ഡ്രഡ്ജിങ് തുടങ്ങുമെന്ന് അന്ന് സമര സമിതി നേതാക്കൾക്ക് അധികൃതർ ഉറപ്പ് നൽകിയിരുന്നുവെങ്കിലും നടന്നില്ല.പിന്നീട് ട്രോളിങ് നിരോധന സമയമായ ജൂണിൽ ഡ്രഡ്ജിങ് തുടങ്ങുമെന്ന് പറഞ്ഞിരുന്നുവെങ്കിലും അതും നടന്നില്ല. ഹാർബറിലെ വാർഫിന്റെ പകുതി ഭാഗത്തെ കെട്ടിടങ്ങൾ പൊളിച്ച ശേഷം കാര്യമായ ജോലികൾ നടക്കുന്നില്ല. 2022 ൽ ഹാർബർ സന്ദർശിച്ച അന്നത്തെ കേന്ദ്ര മന്ത്രി ജനുവരിയിൽ പുതുവത്സര സമ്മാനമായി ഹാർബർ നവീകരണം പൂർത്തിയാക്കുമെന്ന് പറഞ്ഞിരുന്നുവെങ്കിലും വാഗ്ദാനം പാലിച്ചില്ല. 140 കോടിയുടെ നവീകരണ പദ്ധതിയിൽ ആധുനിക മത്സ്യശേഖരണ സംവിധാനങ്ങളും കയറ്റിറക്ക് സൗകര്യങ്ങളും ശുചിമുറി,വിശ്രമ കേന്ദ്രം,താപനില നിയന്ത്രിത ലേല കേന്ദ്രം,പാക്കിങ് യൂണിറ്റുകൾ ഉൾപെടെ ഹാർബറിനെ ആധുനികവൽക്കരിക്കാൻ തക്ക പദ്ധതിയാണ് ഉണ്ടായിരുന്നത്. നവീകരണത്തിന്റെ ഭാഗമായി വാർഫ് പൊളിച്ചിട്ടിരിക്കുന്നതിനാൽ ട്രോളിങ് നിരോധനത്തിന് ശേഷം ബോട്ടുകൾ അടുക്കുന്നതിനും ലേലം ചെയ്യുന്നതിനും വലിയ പ്രതിസന്ധിയുണ്ടാകും.ഡ്രഡ്ജിങ് നടക്കാത്തതും വലിയ പ്രശ്നമാണ്. ബോട്ടുകൾ കൊച്ചി ഫിഷറീസ് ഹാർബർ വിടുന്നതിന് ഇത് കാരണമാകും. പശ്ചിമ കൊച്ചിയിലെ അവശേഷിക്കുന്ന തൊഴിൽ മേഖല അന്യം നിന്നുപോകാതിരിക്കാൻ നവീകരണ ജോലികൾ ഉടൻ പൂർത്തിയാക്കാൻ കേന്ദ്ര സംസ്ഥാന സർക്കാറുകൾ അടിയന്തര ശ്രദ്ധ പതിപ്പിക്കണമെന്ന് ഹാർബർ വ്യവസായ സംരക്ഷണ സമിതി ചെയർമാൻ എ.എം നൗഷാദ്,സെക്രട്ടറി സിബി പുന്നൂസ്, വൈ.എച്ച് യൂസഫ്,ബി.യു ഫൈസൽ, കെ.എ നിസാർ എന്നിവർ ആവശ്യപ്പെട്ടു.

## സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം

മൂവാറ്റുപുഴ: വിദ്യാർത്ഥികളിൽ സമ്പാദ്യ ശീലം വളർത്തുവാനും, സമ്പാദ്യശീലമുള്ള തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ഈസ്റ്റ് വാഴപ്പിള്ളി അസ്സിസി സ്കൂൾ ഫോർ ദ ഡെഫിൽ ദേശീയ സമ്പാദ്യപദ്ധതി വകുപ്പിന്റെ നേതൃത്വത്തിൽ സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം പദ്ധതിയ്ക്ക് തുടക്കമായി. പദ്ധതിയുടെ ഉദ്ഘാടനം ദേശീയ സമ്പാദ്യ പദ്ധതി ഡെപ്യൂട്ടി ഡയറക്ടർ എം എ ലൈജു നിർവ്വഹിച്ചു. സ്കൂൾ ലോക്കൽ മാനേജർ സിസ്റ്റർ മാഗി ഫ്രാൻസിസ് അധ്യക്ഷത വഹിച്ചു. ദേശീയ സമ്പാദ്യ പദ്ധതി അസിസ്റ്റന്റ് ഡയറക്ടർ പി ഹനീഷ് പദ്ധതി വിശദീകരണം നടത്തി.

സ്കൂൾ ഹെഡ്മിസ്ട്രസ് സിസ്റ്റർ ജീവ ഫ്രാൻസിസ് സ്വാഗതം പറഞ്ഞു. അനിൽ കുമാർ, ലക്ഷ്മി മോഹൻ, ഹഫ്സ മുഹമ്മദ്, സിസ്റ്റർ ലിസ്ന മേരി എന്നിവർ സംസാരിച്ചു.

## മത്സ്യ കർഷക ദിനം ആചരിച്ചു

കോതമംഗലം : ദേശീയ മത്സ്യ കർഷക ദിനാചരണത്തിന്റെ ബ്ലോക്ക് തല ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.എ.എം ബഷീർ നിർവഹിച്ചു.

വിവിധ മത്സ്യ കൃഷി രീതികളിൽ മികച്ച പ്രവർത്തനം കൈവരിച്ചവർക്കുള്ള അവാർഡ് വിതരണവും, മത്സ്യ കർഷക സംഗമവും ആണ് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ചത്. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഡയാന നോബി അധ്യക്ഷത വഹിച്ചു.

ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മാമച്ചൻ ജോസഫ്,ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിന്ദു ശശി, ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മാരായ ജോമി തെക്കേക്കര, സാലി ഐപ്പ്, ജയിംസ് കോറമ്പേൽ, അംഗങ്ങളായ നിസ മോൾ ഇസ്മായിൽ, ആനിസ് ഫ്രാൻസിസ്, ടി.കെ കുഞ്ഞുമോൻ, ബിഡിഒ ഡോ. എസ്. അനുപം,ഗ്രാമ പഞ്ചായത്ത് അംഗം ഷജി ബസ്സി, അസി. ഫിഷറീസ് എക്സ്റ്റൻഷൻ ഓഫിസർ ടി.എം സബീന , പ്രമോട്ടർമാരായ എം.ടി ജിഷ , ഷാജി വർഗീസ്,ഇന്ദു മാധവൻ തുടങ്ങിയവർ പ്രസംഗിച്ചു. മികച്ച മത്സ്യ കർഷക അവാർഡ് കെ.എം തമ്പിക്ക് നൽകി ആദരിച്ചു.


ദേശീയ മത്സ്യ കർഷക ദിനാചരണത്തിന്റെ ബ്ലോക്ക് തല ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.എ.എം ബഷീർ നിർവഹിക്കുന്നു.

# ഐഎൻഎസ് ടാബർ കാസാബ്ലാങ്കയിൽ

കൊച്ചി: ഇന്ത്യൻ നാവിക സേനാ കപ്പൽ താബർ മൂന്നു ദിവസത്തെ സന്ദർശനത്തിനായി മൊറോക്കോയിലെ കാസബ്ലാങ്കയിലെത്തി. ഇന്ത്യയും മൊറോക്കോയും ഇരു നാവികസേനകളും തമ്മിലുള്ള പതിവ് ഇടപെടലുകൾ ഉൾപ്പെടെ വിവിധ മേഖലകളിൽ വ്യാപിച്ചുകിടക്കുന്ന ഊഷ്മളമായ ഉഭയകക്ഷി ബന്ധം പങ്കിടുന്നത് ലക്ഷ്യമിട്ടാണ് ഈ സന്ദർശനം. മെഡിറ്ററേനിയൻ, അറ്റ്ലാന്റിക് എന്നിവയുമായി തീരപ്രദേശം പങ്കിടുന്ന സവിശേഷമായ ഭൂമിശാസ്ത്രപരമായ സ്ഥാനം മൊറോക്കോയ്ക്ക് ഉണ്ട്. ഐഎൻഎസ് താബറിന്റെ സന്ദർശനം ഈ ബന്ധങ്ങൾ ശക്തിപ്പെടുത്താനും ഇരു നാവികസേനകൾ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള പുതിയ വഴികൾ പര്യവേക്ഷണം ചെയ്യാനും ലക്ഷ്യമിടുന്നു. ഇന്ത്യൻ നാവികസേനക്ക് വേണ്ടി റഷ്യയിൽ നിർമ്മിച്ച ഒരു സ്റ്റെൽത്ത് ഫ്രിഗേറ്റാണ് ഐഎൻഎസ് താബർ. 280 പേരടങ്ങുന്ന കപ്പലിൽ ക്യാപ്റ്റൻ എംആർ ഹരീഷാണ് കമാൻഡർ. കപ്പൽ ആയുധങ്ങളും സെൻസറുകളും കൊണ്ട് സജ്ജീകരിച്ചിരിക്കുന്നു, ഇന്ത്യൻ നാവികസേനയുടെ ആദ്യകാല സ്റ്റെൽത്ത് ഫ്രിഗേറ്റുകളിൽ ഒന്നാണിത്. വെസ്റ്റേൺ നേവൽ കമാൻഡിന് കീഴിൽ മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇന്ത്യൻ നേവിയുടെ വെസ്റ്റേൺ ഫ്ലീറ്റിന്റെ ഭാഗമാണ് കപ്പൽ.

## പോക്സോ കേസിൽ യുവാവ് അറസ്റ്റിൽ



പ്രസാദ്

മുണ്ടക്കയം. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ നഗ്നത പ്രദർശനം നടത്തിയ കേസിൽ യുവാവിനെ പോലീസ് അറസ്റ്റ് ചെയ്തു.എരുമേലി പുലിക്കുന്ന് താന്നിക്കപ്പതാൽ ഭാഗത്ത് ചിറക്കൽ വീട്ടിൽ പ്രസാദിനെയാണ് (38) മുണ്ടക്കയം പോലീസ് അറസ്റ്റ് ചെയ്തത്.ഇയാൾ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയുടെ നേരെ ലൈംഗിക പ്രദർശനം നടത്തുകയായിരുന്നു. പരാതിയെ തുടർന്ന് മുണ്ടക്കയം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് എസ്.എച്ച്.ഓ ത്രിദീപ് ചന്ദ്രന്റെ നേതൃത്വത്തിൽ ഇയാളെ അറസ്റ്റ് ചെയ്യുകയുമായിരുന്നു.കോടതിഇയാളെ റിമാൻഡ് ചെയ്തു.

## പി. എം. എഫ്. എം. ഇ ശില്പശാല ഇന്ന്

കോട്ടയം : ഭക്ഷ്യ സംസ്കരണ മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്ക് പിന്തുണ നൽകുന്നതിനുമായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയോജിച്ചു നടപ്പിലാക്കുന്ന പി. എം. എഫ്. എം. ഇ പദ്ധതിയെക്കുറിച്ചുള്ള ശില്പശാല ഇന്ന് രാവിലെ 10.30 ന് ജില്ലാ പഞ്ചായത്ത് ഹാളിൽ നടക്കും.
ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും ജില്ലാ പഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ നടക്കുന്ന പരിപാടി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. വി ബിന്ദു ഉദ്ഘാടനം ചെയ്യും. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോസ് പുത്തൻകാല അധ്യക്ഷനാകും.
ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ അജിമോൻ കെ. എസ് മുഖ്യപ്രഭാഷണം നടത്തും. ജില്ലാ വ്യവസായകേന്ദ്രം അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ ശരത്‌ലാൽ എസ്. ടി, മിൽമ ഡി. ആർ. പി റിട്ട. മാനേജർ പ്രതാപ് ചന്ദ്രൻ എന്നിവർ ശില്പശാല നയിക്കും.

## മുസ്‌ലിം ലീഗ് കോട്ടയം ജില്ലാ കൗൺസിൽ യോഗം ഇന്ന്

കോട്ടയം: മുസ്‌ലിം ലീഗ് കോട്ടയം ജില്ല കൗൺസിൽ യോഗം ജൂലൈ 11 വ്യാഴാഴ്ച ഉച്ച കഴിഞ്ഞ് 2 30ന് ജില്ലാ ലീഗ് ഹൗസിൽ ജില്ലാ പ്രസിഡന്റ് അസീസ് ബഡായിലിന്റെ അധ്യക്ഷതയിൽ നടക്കും. അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്ന യോഗത്തിൽ എല്ലാ കൗൺസിൽ അംഗങ്ങളും പോഷക സംഘടനകളുടെ സംസ്ഥാന ജില്ലാ ഭാരവാഹികളും, നിർബന്ധമായും എത്തിച്ചേരണമെന്ന് ജില്ലാ ജനറൽ സെക്രട്ടറി റഫീഖ് മണിമല അറിയിച്ചു.

## ട്രെയിനി അനലിസ്റ്റ് ഒഴിവ്

കോട്ടയം: ക്ഷീരവികസന വകുപ്പിന്റെ കോട്ടയം റീജിണൽ ഡയറി ലബോറട്ടറിയിൽ ഒരു ട്രെയിനി അനലിസ്റ്റിനെ(കെമിസ്ട്രി) കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ അപേക്ഷ ക്ഷണിച്ചു. പാൽ, പാലുൽപന്നങ്ങൾ എന്നിവയുടെ പരിശോധനയും വെള്ളം, കാലിത്തീറ്റ എന്നിവയുടെ ഗുണനിലവാര പരിശോധനയും നടത്തുന്നതിനായാണ് നിയമനം. മാസ വേതനം 17500 രൂപ. യോഗ്യത: എം.ടെക് ഡയറി കെമിസ്ട്രി/ബി.ടെക് ഡയറി സയൻസ് ആൻഡ് ടെക്നോളജി, എം.എസ് സി. കെമിസ്ട്രി/എം.എസ് സി. ബയോ കെമിസ്ട്രി/ബി.എസ് സി. ജനറൽ കെമിസ്ട്രി/ബി.എസ് സി. ബയോ കെമിസ്ട്രി/ബി.എസ് സി. ഇൻഡസ്ട്രിയൽ കെമിസ്ട്രി. ലാബ് അനാലിസിസിൽ ഒരു വർഷം പരിചയമുള്ളവർക്ക് മുൻഗണന.
പ്രായം: 1840. യോഗ്യതാ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡ് എന്നിവയുടെ പകർപ്പ് സഹിതം ജൂലൈ 27ന് വൈകിട്ട് അഞ്ചിനകം നേരിട്ടോ തപാൽ മുഖേനയോ അസിസ്റ്റൻറ് ഡയറക്ടർ, റീജണൽ ഡയറി ലബോറട്ടറി, ക്ഷീരവികസന വകുപ്പ്, ഈരയിൽക്കടവ്, കോട്ടയം 686001 എന്ന വിലാസത്തിൽ അപേക്ഷ നൽകണം. കൂടിക്കാഴ്ചയ്ക്ക് യോഗ്യത നേടിയവരുടെ പട്ടിക ജൂലൈ 30 നു രാവിലെ 11 ന് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കും. ഓഗസ്റ്റ് ഏഴിന് രാവിലെ 10.30ന് കോട്ടയം റീജണൽ ലബോറട്ടറി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ കൂടിക്കാഴ്ച നടത്തും. തെരഞ്ഞെടുക്കുന്ന ഉദ്യോഗാർഥികൾക്ക് തിരുവനന്തപുരം സ്റ്റേറ്റ് ഡയറി ലബോറട്ടറിയിൽ പരിശീലനം നൽകും.

## ഖാദി റിബേറ്റ് മേള ആരംഭിച്ചു

കോട്ടയം: മുഹറത്തോടനുബന്ധിച്ച് ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസിന്റെ നിയന്ത്രണത്തിലുള്ള ഖാദി ഗ്രാമ സൗഭാഗ്യകളിൽ റിബേറ്റ് മേള ആരംഭിച്ചു.മേള ജൂലൈ 15 വരെ തുടരും.മേളയിൽ ഖാദി തുണിത്തരങ്ങൾക്ക് 30% വരെ സർക്കാർ റിബേറ്റ് ലഭിക്കും. വൈവിധ്യമാർന്ന ഖാദി വസ്ത്രങ്ങൾക്കായി സന്ദർശിക്കുക. ഖാദി ഗ്രാമ സൗഭാഗ്യ സി.എസ്.ഐ കോംപ്ലക്സ് ബേക്കർ ജങ്ഷൻ, കോട്ടയം (04812560587), റവന്യൂ ടവർ ചങ്ങനാശ്ശേരി, (04812423823) ഏദൻ ഷോപ്പിംഗ് കോംപ്ലക്സ്, ഏറ്റുമാനൂർ ( 04812535120),കാ രമൽ ഷോപ്പിംഗ് കോംപ്ലക്സ് വൈക്കം (04829233508), ഭാരത് മാതാ കോംപ്ലക്സ്, കുറവിലങ്ങാട് (7907537156) മസ്സിൻ യൂണിറ്റ് ബിൽഡിംഗ്, ഉദയനാപുരം (9895841724)

## ഗസ്റ്റ് ലക്ചറർ ഒഴിവ്

മല്ലപ്പള്ളി:ഐ.എച്ച്.ആർ.ഡിയുടെ കല്ലൂപ്പാറ എൻജിനീയറിങ് കോളേജിൽ 20242025 അദ്ധ്യയനവർഷത്തേക്ക് കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിങ് വിഭാഗത്തിൽ നിലവിലുള്ള ഒഴിവിലേക്ക് ടെസ്റ്റും ഇന്റർവ്യൂവും നടത്തി ഗസ്റ്റ് ലക്ചറർമാരെ താത്ക്കാലികമായി നിയമിക്കുന്നു. ബന്ധപ്പെട്ട വിഷയങ്ങളിൽ ഫസ്റ്റ് ക്ലാസ് ബിടെക് ആൻഡ് എംടെക് ഡിഗ്രി ആണ് വിദ്യാഭ്യാസ യോഗ്യത. രണ്ടു വർഷത്തെ എൻജിനീയറിങ് കോളേജ് അദ്ധ്യാപനം അഭികാമ്യം. താൽപ്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുമായി നാളെ രാവിലെ 10 ന് കല്ലൂപ്പാറ എൻജിനീയറിങ് കോളേജിൽ ഹാജരാകേണ്ടതാണ് എന്ന് പ്രിൻസിപ്പാൾ അറിയിച്ചു.കൂടുതൽ വിവരങ്ങൾക്ക്: https://cek.ac.inഫോൺ: 04692678983, 2677890

## ആംബുലൻസ് മറിഞ്ഞു ഡ്രൈവർക്ക് പരിക്ക്

പന്തളം: രോഗിയുമായി പോയ ആംബുലൻസ് മറിഞ്ഞു ഡ്രൈവർക്ക് പരിക്ക്.
അടൂരിൽ നിന്നും കോട്ടയത്തിനു രോഗിയുമായി പോയ ആംബുലൻസ് ആണ് പന്തളം ജംക്ഷനിൽ വെച്ച് മറിഞ്ഞത്. വെളുപ്പിന് മൂന്നു മണിയോടെയാണ് സംഭവം. മുന്നേ പോയ കാർ പെട്ടന്ന് ജംക്ഷനിൽ വെച്ച് വലത്തേക്ക് തിരിഞ്ഞപ്പോൾ പുറകെ വന്ന ആംബുലൻസ് കാറിൽ ഇടിച്ചു മറിയുകയായിരുന്നു ആംബുലൻസിൽ ഉണ്ടായിരുന്ന രോഗി ഉൾപ്പടെ 4 പേർക്ക് പരിക്ക് .പരിക്കേറ്റ ഡ്രൈവറെ പന്തളത്തെ സ്വകാര്യ ആശുപത്രിയിലും മറ്റുള്ളവരെ അടൂർ ജനറൽ ആശുപത്രിയിലും പ്രവേശിപ്പിച്ചു അപകടത്തിൽ കാർ ഡ്രൈവർക്കും പരിക്കേറ്റു. ആംബുലൻസ് ഡ്രൈവർക്ക് ഇടുപ്പെല്ലിന് ഗുരുതര പരിക്ക്.

## വളർത്തുനായകൾ ശല്യമായി : നടപടിയുമായി ആരോഗ്യ വകുപ്പ്

മുക്കൂട്ടുതറ : സ്വകാര്യ വ്യക്തി വളർത്തുന്ന നായകൾ നാട്ടുകാർക്ക് ഭീഷണിയായെന്ന പരാതിയിൽ അന്വേഷണവും നടപടിയുമായി ആരോഗ്യ വകുപ്പ്. ഇടകടത്തി അരിവെച്ചാംകുഴി ഭാഗത്താണ് സംഭവം. നാല് നാടൻ നായകൾ ആണ് അഴിച്ചു വിട്ട നിലയിൽ പ്രദേശത്ത് ചുറ്റിക്കറങ്ങുന്നതെന്ന് ഇന്നലെ സ്ഥലത്ത് എത്തി അന്വേഷണം നടത്തിയ എരുമേലി ഹെൽത്ത് ഇൻസ്പെക്ടർ ഷാജി കറുകത്ര പറഞ്ഞു. നായകളെ കൂട്ടിൽ ഇട്ടു വളർത്തണമെന്നും ലൈസൻസ്, വാക്സിനേഷൻ നൽകിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കണമെന്നും നിർദേശം നൽകി




ഇടതുസർക്കാരിന്റെ നിലപാടുകൾക്കെതിരെ ഈരാറ്റുപേട്ട നഗരസഭയുടെ മുമ്പിൽ ലോക്കൽ ഗവണ്മെന്റ് മെംബേർസ് ലീഗിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഒപ്പ് മതിൽ പ്രതിഷേധ പരിപാടി മുസ്‌ലിം ലീഗ് കോട്ടയം ജില്ല ട്രഷർ ഹാജി കെ എ മുഹമ്മദ് അഷ്‌റഫ് ഉദ്ഘാടനം ചെയ്യുന്നു

# സർക്കാർ കുരിക്കിൽ തദ്ദേശ ഭരണം വഴി മുട്ടുന്നു

ഈരാറ്റുപേട്ട: ലോക്കൽ ഗവണ്മെന്റ് മെംബേർസ് ലീഗ് ഒപ്പ് മതിൽ ഈരാറ്റുപേട്ട നഗരസഭയുടെ മുന്നിൽ മെമ്പർമാരുടെ നേതൃത്വത്തിൽ പ്രതിഷേധ പരിപാടി സംഘടിപ്പിച്ചു.
ഒപ്പ് മതിൽ പ്രതിഷേധ പരിപാടി മുസ്‌ലിം ലീഗ് കോട്ടയം ജില്ല ട്രഷർ ഹാജി കെ എ മുഹമ്മദ് അഷ്‌റഫ് ഉദ്ഘാടനം ചെയ്തു.
സംസ്ഥനത്ത് ഇടതു സർക്കിരിന്റെ ഭരണ പരിഷ്കാരം മൂലം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ചലിക്കാൻ കഴിയുന്നില്ല. നാട്ടിൽ യാതൊരു വികസന പ്രവർത്തനങ്ങൾക്കും ത്രിതല ഭരണസംവിധാനത്തിന് സാധിക്കുന്നില്ല. സർക്കാർ മുനിസിപ്പൽ പഞ്ചായത്ത് ഭരണത്തെ കയ്യും കാലും കൂച്ചിക്കെട്ടി അട്ടിമറിച്ചിരിക്കുന്നു. നാട്ടിലെ ജനങ്ങളുടെ വികാരം കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കണ്ടതാണ്. എൽഡിഎഫിനും സിപിഎമ്മിനും ഏറ്റകനത്ത തോൽവിയിൽ പാഠം പഠിച്ചില്ലെങ്കിൽ വരുന്ന തദ്ദേശ ഭരണ തിരഞ്ഞെടുപ്പോടെ വലിയ തിരിച്ചടിയായിരിക്കും സി പി എമ്മിനെ കാത്തിരിക്കുന്നതെന്ന് കെ എ മുഹമ്മദ് അഷ്‌റഫ് ചൂണ്ടിക്കാട്ടി. നഗരസഭ ചെയർ പേഴ്സൺ സുഹ്റ അബ്ദുൽ ഖാദർ അധ്യക്ഷത വഹിച്ചു. എൽ ജി എം എൽ സംസ്ഥാന സെക്രട്ടറി റിയാസ് പ്ലാമൂട്ടിൽ മുഖ്യപ്രഭാഷണം നടത്തി.മുസ്‌ലിം ലീഗ് മുനിസിപ്പൽ പ്രസിഡന്റ് കെ എ മുഹമ്മദ് ഹാഷിം,ജനറൽ സെക്രട്ടറി വി എം സിറാജ്, പാർലമെന്ററി പാർട്ടി ലീഡർ നാസർ വെള്ളൂപറമ്പിൽ ,നഗരസഭ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ പി എം അബ്ദുൽ ഖാദർ ,ഫാസില അബ്സാർ, ഷെഫ്ന അമീൻ ,കൗൺസിലർ സുനിത ഇസ്മായിൽ,കൗൺസിലർ സുനിൽകുമാർ എന്നിവർ പ്രസംഗിച്ചു.

## പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ മൂന്നാം ഓർമ്മപ്പെരുന്നാൾ ഇന്നും നാളെയും

കോട്ടയം:ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ മൂന്നാം ഓർമ്മപ്പെരുന്നാൾ ഇന്നും നാളെയും ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ ആചരിക്കും. ഇന്ന്‌രാവിലെ 7 ന് ഫാ. ഡോ. തോമസ് പി. സഖറിയ വി. കുർബാന അർപ്പിക്കും. മാർ ഏലിയാ കത്തീഡ്രലിൽ നിന്ന് വൈകുന്നേരം 5 മണിക്ക് കുന്നംകുളം മെത്രാസനത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന കാൽനട തീർത്ഥയാത്രക്ക് 6 ന് ദേവലോകം കാതോലിക്കേറ്റ് അരമനയിൽ സ്വീകരണം നൽകും. 6.15 ന് സന്ധ്യാനമസ്കാരം ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ പ്രധാന കാർമികത്വത്തിൽ നടക്കും.7.15 ന് ഡോ. സഖറിയാ മാർ അപ്രേം മെത്രാപ്പോലീത്ത അനുസ്മരണ പ്രസംഗം നടത്തും.
നാളെ രാവിലെ 6.30 ന് പ്രഭാതനമസ്കാരം, 7. 30 ന് വി. മൂന്നിന്മേൽ കുർബാന കാതോലിക്കാ ബാവായുടെ മുഖ്യ കാർമ്മികത്വത്തിലും, ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്, എബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്താമാരുടെ സഹകാർമ്മികത്വത്തിലും അർപ്പിക്കും. തുടർന്ന് പ്രസംഗം, കബറിങ്കൽ ധൂപ പ്രാർത്ഥന, പ്രദക്ഷിണം, ആശിർവാദം, നേർച്ചവിളമ്പ്, കൊടിയിറക്ക് എന്നിവയോടുകൂടെ പെരുന്നാൾ സമാപിക്കും.

## രജിസ്ട്രേഷൻ സേവനം തടസപ്പെടും

കോട്ടയം: ജൂലൈ 13 മുതൽ 16 വരെ രജിസ്ട്രേഷൻ വകുപ്പിന്റെ പേൾ ആപ്ലിക്കേഷന്റെ അറ്റകുറ്റപ്പണി നടക്കുന്നതിനാൽ ജൂലൈ 13 മുതൽ 16 വരെ പേൾ ആപ്ലിക്കേഷനിലൂടെ പൊതുജനങ്ങൾക്ക് ലഭിക്കുന്ന രജിസ്ട്രേഷൻ സേവനങ്ങൾ തടസപ്പെടുമെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അറിയിച്ചു.

## ഡോക്ടർമാരെ ആദരിച്ചു

കാഞ്ഞിരപ്പള്ളി:ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കാഞ്ഞിരപ്പള്ളി യൂണിറ്റ് മുതിർന്ന ഡോക്ടർമാരെ ആദരിച്ചു. ഡോക്ടർമാരായ അച്ചാമ്മ ചാണ്ടി, വിശ്വനാഥപിള്ള, ജോളി, ജോർജ് തോമസ്, ഇ ജെ ജോസഫ് എന്നിവരെയാണ് പൊന്നാട അണിയിച്ച് ആദരിച്ചത്. ഡോ: ടി എം ഗോപിനാഥപിള്ള ചടങ്ങിൽ അധ്യക്ഷനായി. ഡോ: മാത്യു പി തോമസ്, ഡോ: വേണുഗോപാൽ എന്നിവർ സംസാരിച്ചു.

## ബസിനുള്ളിൽ മോഷണം : യുവതി അറസ്റ്റിൽ



മീനാക്ഷി

കാഞ്ഞിരപ്പള്ളി : ബസ് യാത്രക്കാരിയായ മധ്യവയസ്കയുടെ ബാഗിനുള്ളിൽ സൂക്ഷിച്ചിരുന്ന പണവും എടിഎം കാർഡും ആധാർ കാർഡും മോഷ്ടിച്ച കേസിൽ അന്യസംസ്ഥാന സ്വദേശിയായ യുവതിയെ പോലീസ് അറസ്റ്റ് ചെയ്തു.
തമിഴ്നാട് മധുര സ്വദേശിനിയായ മീനാക്ഷി (44) യെയാണ് കാഞ്ഞിരപ്പള്ളി പോലീസ് അറസ്റ്റ് ചെയ്തത്.
ഇവർ കഴിഞ്ഞദിവസം രാവിലെ 11.00മണിയോടുകൂടി കാഞ്ഞിരപ്പള്ളി പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ വച്ച് എരുമേലി പഴയിടം സ്വദേശിനിയായ മധ്യവയസ്ക ബസ്സിൽ കയറുന്ന സമയം ബസ്സിന്റെ വാതിൽ പടിയിൽ വച്ച് തിക്ക് ഉണ്ടാക്കി മധ്യവയസ്കയുടെ ഷോൾഡർ ബാഗ് തുറന്ന് ഇതിനുള്ളിൽ സൂക്ഷിച്ചിരുന്ന പണവും, എടിഎം കാർഡും, ആധാർ കാർഡും അടങ്ങിയപേഴ്സ് മോഷ്ടിച്ചെടുത്ത്കടന്നു .
പരാതിയെ തുടർന്ന് കാഞ്ഞിരപ്പള്ളി പോലീസ് നടത്തിയ ശക്തമായ തിരച്ചിലിൽ ഇവരെ കാഞ്ഞിരപ്പള്ളി പേട്ട കവല ഭാഗത്ത് നിന്നും മണിക്കൂറുകൾക്കുള്ളിൽ പിടികൂടുകയായിരുന്നു. ഇവരിൽ നിന്ന് മധ്യവയസ്കയുടെ പണവും , ആധാർ കാർഡും കൂടാതെ മറ്റു പലരുടെയും ആധാർ കാർഡുകളുംപോലീസ് കണ്ടെടുത്തു.
കാഞ്ഞിരപ്പള്ളി സ്റ്റേഷൻ എസ്.എച്ച്.ഓ ഫൈസൽ എം.എസ്, എസ്.ഐ ശാന്തി. കെ.ബാബു, എ.എസ്.ഐ രേഖാറാം, സി.പി.ഓ മാരായ അരുൺ, ബിനോയ് മോൻ എന്നിവർ ചേർന്നാണ് ഇവരെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ ഇവരെ റിമാണ്ട് ചെയ്തു.



ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കാഞ്ഞിരപ്പള്ളി യൂണിറ്റിന്റെ നേതൃത്വത്തിൽ മുതിർന്ന ഡോക്ടർമാരെ ആദരിച്ചപ്പോൾ

## ശാസ്താംകടവ് വെട്ടിക്കാട് റോഡ് നിർമ്മാണം പൂർത്തിയാക്കണം: മനുഷ്യാവകാശ കമ്മീഷൻ

കോട്ടയം: തിരുവാർപ്പ് ശാസ്താംകടവ് വെട്ടിക്കാട് റോഡ് നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. സഞ്ചാര സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട വിഷയത്തിൽ എത്രയും വേഗം നടപടിയെടുക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.
തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ആവശ്യമായ നടപടികൾ സ്വീകരിച്ച ശേഷം 3 മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ആക്റ്റിങ് ചെയർ പേഴ്സണും ജുഡീഷ്യൽ അംഗവുമായ കെ. ബൈജൂ നാഥ് ആവശ്യപ്പെട്ടു.
2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ റോഡ് പൂർണമായി വെള്ളത്തിനടിയിലായെന്നും കരാറുകാരന് നിർമ്മാണം പൂർത്തിയാക്കാൻ കഴിഞ്ഞില്ലെന്നും തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കമ്മീഷനെ അറിയിച്ചു. തുടർന്ന് ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നിർമ്മാണം പൂർത്തിയാക്കാൻ സഹകരണ മന്ത്രി നിർദ്ദേശം നൽകിയതായി റിപ്പോർട്ടിൽ പറയുന്നു.

## ഇമ്പിച്ചിബാവ ഭവനപുനരുദ്ധാരണ പദ്ധതി: അപേക്ഷ ക്ഷണിച്ചു

കോട്ടയം: ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വിധവകൾക്കും വിവാഹബന്ധം വേർപ്പെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കും ഭവനപുനരുദ്ധാരണത്തിനായി ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ 'ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി'യിലൂടെ ധനസഹായം നൽകുന്നു. മുസ്ലിം, ക്രിസ്ത്യൻ, ബുദ്ധ, സിക്ക്, പാഴ്സി, ജൈന മതവിഭാഗത്തിൽപ്പെട്ട യോഗ്യരായവർക്ക് അപേക്ഷിക്കാം.
ശരിയായ ജനലുകൾ, വാതിലുകൾ, മേൽക്കൂര ഫ്ളോറിങ്, പ്ലംബിങ്, സാനിട്ടേഷൻ, വൈദ്യുതീകരണം എന്നിവയില്ലാത്ത വീടുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനാണ് ധനസഹായം. ഒരു വീടിന്റെ അറ്റകുറ്റപ്പണിക്ക് തിരിച്ചടയ്ക്കേണ്ടാത്ത 50,000 രൂപയാണ് ധനസഹായം.
അപേക്ഷകയുടെ സ്വന്തം/ പങ്കാളിയുടെ പേരിലുള്ള വീടിന്റെ പരമാവധി വിസ്തീർണ്ണം 1200 ചതുരശ്രയടി കവിയരുത്. അപേക്ഷക കുടുംബത്തിലെ ഏക വരുമാനദായകയായിരിക്കണം. ബി.പി.എൽ കുടുംബം, അപേക്ഷകയോ, അവരുടെ മക്കൾക്കോ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, പെൺകുട്ടികൾ മാത്രമുള്ള അപേക്ഷക തുടങ്ങിയവർക്ക് മുൻഗണന. സർക്കാർഅർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സ്ഥിരവരുമാനം ലഭിക്കുന്ന മക്കളുള്ള വിധവകൾ, സർക്കാരിൽ നിന്നോ സമാന ഏജൻസികളിൽ നിന്നോ ഇതിനു മുമ്പ് 10 വർഷത്തിനുള്ളിൽ ഭവനനിർമാണത്തിന് സഹായം ലഭിച്ചവർ എന്നിവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. പ്രത്യേക അപേക്ഷാ ഫോറത്തിലാണ് അപേക്ഷ നൽകേണ്ടത്. അപേക്ഷ ഫോറം www.minoritywelfare.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകൾ സഹിതം കളക്ടറേറ്റിലെ ന്യൂനപക്ഷക്ഷേമ സെക്ഷനിൽ നേരിട്ടോ ഡെപ്യൂട്ടി കളക്ടർ(ജനറൽ), ജില്ലാ ന്യൂനപക്ഷ ക്ഷേമ സെക്ഷൻ, കളക്ടറേറ്റ്, കോട്ടയം എന്ന വിലാസത്തിൽ തപാൽ വഴിയോ നൽകാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 31. വിശദവിവരങ്ങൾക്ക് 04812562201.

## ദർഘാസ് ക്ഷണിച്ചു

കോട്ടയം: ഏറ്റുമാനൂർ ഗവൺമെന്റ് ഐ.ടി.ഐ.യിൽ വയർമാൻ ട്രേഡിൽ പരിശീലനത്തിനായി ഉപകരണങ്ങൾ (ലൈറ്റ് മെഷീൻസ് എക്യുപ്മെന്റ്സ്) വിതരണം ചെയ്യുന്നതിന് വിതരണക്കാരിൽനിന്നും ദർഘാസ് ക്ഷണിച്ചു.



കെ.ജി.ഒ.എ.യുടെയും എൻ.ജി.ഒ. യൂണിയന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച എൻ.പി. പ്രമോദ് കുമാർ അനുസ്മരണ സമ്മേളനം മുൻ എം.എൽ.എ. അഡ്വ. കെ. സുരേഷ് കുറുപ്പ് ഉദ്ഘാടനം ചെയ്യുന്നു.

## എൻ.പി. പ്രമോദ് കുമാർ സാമൂഹിക പ്രതിബദ്ധതയുള്ള സർവീസ് സംഘടനനേതാവ് : കെ. സുരേഷ് കുറുപ്പ്

കോട്ടയം: പ്രതിബദ്ധതയോടെ സമൂഹത്തിനായും സാധാരണക്കാരുടെ അവകാശങ്ങൾ നേടിക്കൊടുക്കാനും നിലകൊണ്ട വ്യക്തിത്വമായിരുന്നു അന്തരിച്ച കെ.ജി.ഒ.എ. ജില്ലാ പ്രസിഡന്റ് എൻ.പി. പ്രമോദ് കുമാറെന്ന് മുൻ എം.എൽ.എ. അഡ്വ. കെ. സുരേഷ് കുറുപ്പ്.
കെ.ജി.ഒ.എ.യുടെയും എൻ.ജി.ഒ. യൂണിയന്റെയും ആഭിമുഖ്യത്തിൽ സാഹിത്യ പ്രവർത്തക സഹകരണ സംഘം ഹാളിൽ സംഘടിപ്പിച്ച എൻ.പി. പ്രമോദ് കുമാർ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.
കെ.ജി.ഒ.എ. സംസ്ഥാന പ്രസിഡന്റ് ഡോ. എസ്. ആർ. മോഹനചന്ദ്രൻ അനുസ്മരണ പ്രഭാഷണം നടത്തി. കെ.ജി.ഒ.എ. സംസ്ഥാന സെക്രട്ടറിയേറ്റംഗം കെ. പ്രവീൺ അനുശോചന പ്രമേയം അവതരിപ്പിച്ചു. കെ.ജി.ഒ.എ. സംസ്ഥാന കമ്മിറ്റിയംഗം മുഹമ്മദ് ഷെരീഫ് അധ്യക്ഷത വഹിച്ചു. എൻ.ജി.ഒ. യൂണിയൻ സംസ്ഥാന സെക്രട്ടറി സീമ എസ്. നായർ, ശശികുമാർ, അജയൻ കെ. മേനോൻ, കെ.എസ്. അനിൽ കുമാർ, രഞ്ജു കെ. മാത്യു, മുഹമ്മദ് അൻസിം, ഷാജി മോൻ ജോർജ്, കെ.ടി. രാജേഷ് കുമാർ, എസ്. ഹരീന്ദ്രദാസ്,പ്രേംജി കെ. നായർ, യു.എസ്. സജീവ്, രാജേഷ് ഡി. മാന്നാത്ത്, ബി. ബിനു, കെ. ആർ. അനിൽ കുമാർ, ആർ. അർജ്ജുനൻ പിള്ള, ഡോ. അരവിന്ദ് എന്നിവർ പ്രസംഗിച്ചു.

## ആന കൃഷി നശിപ്പിച്ചു

കണമല : മൂക്കൻപെട്ടിയിൽ കാട്ടാന ശല്യം. കൃഷികൾ വ്യാപകമായി നശിപ്പിച്ചു. മുൻ പഞ്ചായത്ത് അംഗം ശാന്തകുമാരി, അയൽവാസി ബാബു എന്നിവരുടെ കൃഷികൾ ആന നശിപ്പിച്ച നിലയിലാണ്. റബർ, കൊക്കോ, കമുക് എന്നിവ പിഴുത് എറിഞ്ഞ ആന കൃഷികളും കയ്യാലകളും ചവിട്ടി മെതിച്ചു. വനം വകുപ്പ് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

# വ്യാപാര മേഖലയെ സംരക്ഷിക്കണം

## 'ഭീമഹർജി'മായി നഗരവാസികളും വ്യാപാരികളും




കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പത്തനംതിട്ട ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ വ്യാപാര മേഖല സംരക്ഷിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള 'ഭീമഹർജി' യിൽ ഒപ്പ് രേഖപ്പെടുത്തി ആന്റോ ആന്റണി എം പി പ്രസംഗിക്കുന്നു

പത്തനംതിട്ട:കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പത്തനംതിട്ട ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ വ്യാപാര മേഖല സംരക്ഷിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള 'ഭീമ ഹർജി' യിൽ പത്തനംതിട്ട നഗരവാസികളും, വ്യാപാരികളും ഒപ്പ് രേഖപ്പെടുത്തി
ആന്റോ ആന്റണി എം പി ഭീമ ഹർജിയിൽ ഒപ്പ് രേഖപ്പെടുത്തി. ഹർജിയിലുള്ള പ്രധാന വിഷയങ്ങൾ എല്ലാം ന്യയമായ ആവശ്യങ്ങളാണ്. കഴിഞ്ഞ രണ്ടര വർഷമായി നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ വ്യാപാര മേഖലയ്ക്ക് വലിയനഷ്ടമുണ്ടാക്കിയിട്ടുണ്ട്.അടിയന്തരമായി പരഹരിക്കപ്പെടണമെന്ന് അദ്ദേഹം പറഞ്ഞു.
പത്തനംതിട്ട നഗരത്തിന്റെ നാല് ദിക്കുകളിൽ ആരംഭിച്ചിരിക്കുന്ന വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുക, അബാൻ മേൽപ്പാലത്തിന്റെ സർവ്വീസ് റോഡുകൾ ചെറു വാഹനങ്ങൾക്കും, പൊതുജനങ്ങൾക്കും സഞ്ചാര യോഗ്യമാക്കി തുറന്നു നൽകുക,നഗരത്തിലെ വികസന പദ്ധതികൾ പൂർത്തീകരിക്കുന്നതു വരെ വ്യാപാര മേളകൾക്കും മറ്റും നഗരയഭ അനുമതി നൽകാതിരിക്കുക, നഗരത്തിലെ വ്യാപാര മേഖലയിലേക്ക് എത്തുന്നവരെ പാർക്കിംഗിന്റെ പേരിൽ ട്രാഫിക് പോലീസ് ശിക്ഷിക്കാതിരിക്കുക,
ജനറൽ ആശുപത്രി മേഖലയിൽ രോഗികൾക്കും പൊതുജനങ്ങൾക്കും ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രതിസന്ധികൾ പരിഹരിക്കുക മുതലായ ആവശ്യങ്ങൾ ഉന്നയിക്കുന്ന ഭീമഹർജിയിൽ ഒപ്പ് ശേഖരണം നടത്തി. പത്തനംതിട്ട സെന്റ് പീറ്റേഴ്സ് ജംഗഷനിൽ നിന്നും ആരംഭിച്ച ഒപ്പ് ശേഖരണം ഗാന്ധി സ്ക്വയറിൽ അവസാനിച്ചു .
വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, ജന പ്രതിനിധികൾ, മതനേതാക്കൾ തുടങ്ങിയവർ ഭീമഹർജിയിൽ ഒപ്പ് രേഖപ്പെടുത്തി .യൂണിറ്റ് ജനറൽ സെക്രട്ടറിമാരായ ഷാജി മാത്യു, അലിഫ്ഖാൻ മേധാവി, ജില്ലാ ജനറൽ സെക്രട്ടറി ഏബ്രഹാം പരുവാനിക്കൽ, കെപി തമ്പി, കെ.എസ്സ്. അനിൽകുമാർ,കൺവീനർമാരായ ലാലു മറ്റപ്പള്ളി, ഉണ്ണികൃഷ്ണൻ, അലക്സാണ്ടർ വിളവിനാൽ, വിജോ ജേക്കബ്, തോമസ് മോഡി, അശ്വിൻ മോഹൻ, സാബു ചരിവുകാലായിൽ, ബിജു വിശ്വൻ, ലീനാ വിനോദ്, ലിൻസി, സൂര്യ, രാജു പാലസ്, നൗഷാദ് റോളക്സ് , സുരേഷ് ബാബു, ഇസ്മായിൽ മൾബറി, ബെന്നി ഡാനിയേൽ, ഓമനക്കുട്ടൻകെ.വി, ജോബിജോസഫ്, വി.ജെ ചാക്കോ തുടങ്ങിയവർ പ്രസംഗിച്ചു.

## സ്പോട്ട് അഡ്മിഷൻ

ആലപ്പുഴ: കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക് കോളജിൽ രണ്ട് വർഷ ലാറ്ററൽ എൻട്രി വഴിയുള്ള ഡിപ്ലോമ എഞ്ചിനീയറിംഗ് കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. പ്ലസ്ടു സയൻസ്/രണ്ട് വർഷ ഐ.ടി.ഐ. (50 ശതമാനം മാർക്ക്). എസ്.ഐ.ടി.ടി.ടി.ആർ. മുഖേന രജിസ്റ്റർ ചെയ്തവർക്കും അല്ലാത്തവർക്കും പങ്കെടുക്കാം. ഫോൺ 0476 2623597, 9447488348.



## വാട്ടർ അതോറിറ്റി: കുടിശ്ശിക തുക അടയ്ക്കണം

ആലപ്പുഴ: കേരള വാട്ടർ അതോറിറ്റി, പി.എച്ച്. സെക്ഷൻ ഓഫീസിന്റെ അധീനതയിലുള്ള പുന്നപ്ര തെക്ക്, പുന്നപ്ര വടക്ക്, അമ്പലപ്പുഴ വടക്ക്, അമ്പലപ്പുഴ തെക്ക്, പുറക്കാട് ഗ്രാമപഞ്ചായത്തുകളിലെ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള ഉപഭോക്താക്കൾ കുടിശ്ശിക തുക അടയ്ക്കുകയും കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചും ഡിസ്കണക്ഷൻ ഒഴിവാക്കണമെന്ന് കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചു. കുടിശ്ശിക തുക തവണകളായി അടയ്ക്കാവുന്നതാണ്.

## വൈദ്യുതി മുടങ്ങും

മുഹമ്മ: മുഹമ്മ വൈദ്യുതി സെക്ഷനിലെ മാതാജി, കോന്നം വെളി, കുന്നുംപുറം ട്രാൻസ്ഫോർമറുകളുടെ പരിധിയിൽ രാവിലെ ഒമ്പത് മുതൽ വൈകിട്ട് അഞ്ച് വരെയും ഇന്ന് വൈദ്യുതി മുടങ്ങും.



# വീടിനുള്ളിൽ കയറി തെരുവ്നായ അക്രമണം

## കായംകുളത്ത് നിരവധി പേർക്ക് പരിക്ക്

കായംകുളം: കായംകുളത്ത് വീട്ടിനുള്ളിൽ കയറി തെരുവ് നായക്കൂട്ടത്തിന്റെ അക്രമണം. നഗരസഭയിലെ 24 ,22 വാർഡുകളിലെ വിവിധ പ്രദേശങ്ങളിലാണ് തെരുവ് നായ അക്രമണം ഉണ്ടായത്.

അക്രമണത്തിൽ നിരവധി പേർക്ക് പരിക്ക് പറ്റി. ചേരാവള്ളിയിൽ വീടിന്റെ സമീപത്തും വീടിനുള്ളിലും കയറിയാണ് തെരുവുനായ് അക്രമം നടത്തിയത്. തെരുവുനായയുടെ അക്രമണത്തിൽ പരിക്കേറ്റ രണ്ടുപേരെ ആലപ്പുഴ മെഡിക്കൽ കോളജിലും, ബാക്കിയുള്ളവരെ കായംകുളം താലൂക്ക് ഗവ: ആശുപത്രിയിലും പ്രവേശിപ്പിച്ചിരിക്കുക്കുകയാണ്. ചേരാവള്ളി കിഴക്കടത്ത് തെക്കതിൽ നബീസാ ഉമ്മ, കൊല്ലകത്തറയിൽ ചെല്ലമ്മ എന്നിവരെയാണ് വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നബീസ ഉമ്മയുടെ തള്ളവിരലിലാണ് നായയുടെ കടിയേറ്റത്. വിരൽ പൂർണമായി നഷ്ടപ്പെട്ടിട്ടുണ്ട്. ചേരാവള്ളി കോമളത്ത് രുഗ്മണി അമ്മക്കും ചേരാവള്ളി തന്നെ അമൃതാഞ്ജലി എന്ന ഏഴ് വയസുകാരിക്കും, ശ്രേയ, പറയന്റെ വടക്കതിൽ ആമിന, കിഴക്കടത്ത് റഹിയാനത്ത് എന്നിവർക്കും അക്രമണത്തിൽ പരിക്കേറ്റു.കൂടാതെ ചേരാവള്ളിയിൽ പ്രവർത്തിക്കുന്ന സോഡാ നിർമ്മാണ സ്ഥാപനത്തിലെ തൊഴിലാളി ബിഹാർ സ്വദേശി മാല, കോമളത്ത് വടക്കതിൽ ലീലാമ്മ, എന്നിവരാണ് പരിക്കേറ്റ മറ്റുള്ളവർ. ഇവരെയും കായംകുളം താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കായംകുളത്തും പരിസര പ്രദേശങ്ങളിലും തെരുവ് നായ് നാട്ടിൽ സ്വര്യവിഹാരം നടത്തുന്നതു സംബന്ധിച്ച വാർത്ത കഴിഞ്ഞ ദിവസം ചന്ദ്രിക റിപ്പോർട്ട് ചെയ്തിരുന്നു. തെരുവ് നായ ശല്യം ഇല്ലതാക്കാൻ നഗരസഭ ഇടപെടണമെന്നാണ് ജനങ്ങളുടെ ആവശ്യം.


07/07/2024
തെരുവ് നായ്കൂട്ടങ്ങൾ പെരുകുന്നു
ജനങ്ങൾ ഭീതിയിൽ


തെരുവ് നായയുടെ അക്രമണത്തിൽ പരിക്കേറ്റ വീട്ടമ്മ



## ഭാഗ്യചിഹ്നത്തിന് പേരിടാം; സ്വർണം നേടാം

ആലപ്പുഴ: 70-ാമത് നെഹ്റു ട്രോഫി ജലോത്സവത്തിന്റെ ഭാഗ്യചിഹ്നത്തിന് പേരിടാം. ഇക്കുറി ഭാഗ്യചിഹ്നമായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കളിവള്ളം തുഴഞ്ഞു നീങ്ങുന്ന നീലപ്പൊന്മാനാണ് പേര് നിർദേശിക്കേണ്ടത്. പോസ്റ്റ് കാർഡിൽ തപാലായാണ് എൻട്രികൾ അയക്കേണ്ടത്. ഒരാൾ ഒരു എൻട്രി മാത്രമേ നൽകാൻ പാടുള്ളൂ.

ഭാഗ്യചിഹ്നത്തിന് നിർദേശിക്കുന്ന പേര്, നിർദേശിക്കുന്നയാളുടെ പേര്, വിലാസം, ഫോൺ നമ്പർ എന്നിവ പോസ്റ്റ് കാർഡിൽ എഴുതി കൺവീനർ, നെഹ്റു ട്രോഫി പബ്ലിസിറ്റി കമ്മിറ്റി, ജില്ല ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, ആലപ്പുഴ 688001 എന്ന വിലാസത്തിലാണ് എൻട്രികൾ അയക്കേണ്ടത്. ജൂലൈ 18ന് വൈകുന്നേരം അഞ്ചുമണിക്കുള്ളിൽ ലഭിക്കുന്ന എൻട്രികൾ മാത്രമാണ് പരിഗണിക്കുക. വിജയികൾക്ക് മുല്ലയ്ക്കൽ നൂർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് നൽകുന്ന സ്വർണ്ണനാണയമാണ് സമ്മാനം. ഫോൺ: 04772251349.

## കുമാരനാശൻ സ്മാരക ജലോത്സവം സെപ്റ്റംബർ 23ന്

ഹരിപ്പാട്:മഹാകവി കുമാരനാശൻ സ്മാരക ജലോത്സവ സമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന 46-ാമത് ജലോത്സവം സെപ്റ്റംബർ 23ന് ഉച്ചക്ക് മൂന്നിന് പല്ലനയാറ്റിൽ നടക്കും.ചുണ്ടൻ വള്ളങ്ങളും തെക്കൻ വള്ളങ്ങളും ഉൾപ്പടെ മുപ്പതിൽപ്പരം കളി വള്ളങ്ങൾ പങ്കെടുക്കും. ജലോത്സവ സമിതി ഭാരവാഹികളായി യു.ദിലീപ് (പ്രസിഡന്റ്)സുജിത്ത്. സി. കുമാരപുരം (വൈസ് പ്രസിഡന്റ് ),എസ്.ഉദയനൻ (സെക്രട്ടറി )വി.വിൻസെന്റ് (ജോയിന്റ് സെക്രട്ടറി ) എ. കെ ബൈജു (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

## ആകാശപാത നിർമ്മാണ കമ്പിനിക്കെതിരെ ഉപരോധസമരം നാളെ

അരൂർ. അരൂർ പഞ്ചായത്തിലെ ജനങ്ങളെ റോഡിലിറങ്ങി നടക്കാൻ കഴിയാത്ത തരത്തിൽ കരാർ കമ്പനി ബന്ധികളാക്കിയ ആകാശപാതകമ്പിനിക്കെതിരെ നാളെ ജനകീയ പ്രക്ഷോഭം നടത്തും. ചന്തിരൂർ സംയുക്ത റസിഡൻസ് അസോസിയേഷന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രക്ഷോഭത്തിൽ, ജനകീയ സമിതി, സൗഹൃദം കൂട്ടായ്മ, വ്യാപാരി വ്യവസായ സംഘടനകൾ, ഓട്ടോടാക്സി തൊഴിലാളികൾ തുടങ്ങിയവർ പങ്കെടുക്കുമെന്ന് സംഘാടക സമിതി ചെയർമാൻ എം.ഉബൈദ് ,വി കെ. ഗൗരീശൻ.ബി.അൻഷാദ്, ഈ. സി. ബെന്നി.സത്താർ. അബ്ദുൽ സമദ്, സക്കരിയ്യാ,സി ടി. യേശുദാസ്. ടി. എം. ഹബീബ്. സിബികണ്ടോത്. കെ എസ്. സാബു.എന്നിവർ അറിയിച്ചു നൽകി.പ്രക്ഷോഭ സമരം റിട്ട: ജില്ലാ ജഡ്ജി എം. ലീലാമണി ഉദ്ഘാടനം ചെയ്യും. പി.ടി.ശ്രീകുമാർ മുഖ്യ പ്രഭാഷണം നടത്തും.

## വെസ്റ്റ് നൈൽ; പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തും

തൃക്കുന്നപ്പുഴ: തൃക്കുന്നപ്പുഴ പഞ്ചായത്തിൽ വെസ്റ്റ് നൈൽ പനി സ്ഥിരീകരിച്ചതിനെത്തുടർന്ന് ദിവസങ്ങളിലായി നടന്നുവന്ന പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും തുടർപ്രവർത്തനങ്ങൾ ഏകോകിപ്പിക്കുന്നതിനുംമായി പഞ്ചായത്തിലെ 17 വാർഡുകളിലും 12ന് അടിയന്തര ഗ്രാമസഭ നടത്തുവാൻ തീരുമാനിച്ചതായി പഞ്ചായത്ത് പ്രസിഡന്റ് വിനോദ് കുമാർ അറിയിച്ചു. ഗ്രാമസഭയിൽ, പഞ്ചായത്ത്, ആരോഗ്യ വിഭാഗം, എന്നിവരുടെ നേതൃത്വത്തിൽ ആരോഗ്യ പ്രവർത്തകർ, ആശാ, സി.ഡി.എസ്, എ.ഡി.എസ്, സാമൂഹിക, രാഷ്ട്രീയ സംഘടന തുടങ്ങി സമൂഹത്തിലെ എല്ലാ തട്ടിലെയും ജനങ്ങളെ ഒന്നിപ്പിച്ചു കൊണ്ട്, പകർച്ചവ്യാധി നിരീക്ഷണം പ്രതിരോധ പ്രവർത്തനങ്ങൾ , വാർഡ തല ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങി തുടർ പ്രവർത്തനങ്ങൾ നടത്തും.ം ആരോഗ്യവിഭാഗം ജീവനക്കാരുടെ നേതൃത്വത്തിൽ എല്ലാ വാർഡുകളിലും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചിട്ടുള്ളതായും പ്രസിഡന്റ് അറിയിച്ചു.

## ദളിത് പെൺകുട്ടിക്കെതിരായ കേസ്; പ്രതിഷേധിച്ചു

തൈക്കാട്ടൂശ്ശേരി: തൈക്കാട്ടൂശേരിയിൽ അക്രമിക്കപെട്ട ദളിത് പെൺകുട്ടിക്കെതിരെ പൂച്ചാക്കൽ പൊലീസ് ജാമ്യമില്ല വകുപ്പ് പ്രകാരം കേസെടുത്തത് അങ്ങേയറ്റം ലജ്ജിപ്പിക്കുന്ന നടപടിയെന്നു യൂത്ത് കോൺഗ്രസ് ജില്ലാ പ്രസിഡന്റ് എംപി പ്രവീൺ പറഞ്ഞു. നാലു ദിവസമായി തുറവൂർ ആശുപത്രിയിൽ അഡ്മിറ്റ് പോലും ചെയ്യാതെ ഒബ്സർവേഷനിൽ കിടത്തിയ ഡോക്ടർമാർ ഇന്നലെ യൂത്ത് കോൺഗ്രസ് ജില്ലാ പ്രസിഡന്റിന്റെ നേതൃത്വത്തിൽ ഡോക്ടറോട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ വണ്ടാനം മെഡിക്കൽ കോളജിലേക് മാറ്റി.ആശുപത്രിയിലും പെൺകുട്ടിക്ക് നീതി കിട്ടിയില്ല.പൊലീസിലും ആശുപത്രിയിലും സി.പി.എം നേതാക്കളുടെയും അരൂർ എം.എൽ.എയുടെയും ഇടപെടൽ മൂലമാണ് ഇത്തരത്തിൽ കള്ള കേസെടുത്തതും ആശുപത്രിയിൽ അഡ്മിഷൻ പോലും കൊടുക്കാതെ നാല് ദിവസം പെൺകുട്ടിക് ചികിത്സ നിഷേധിച്ചതെന്നും പ്രവീൺ പറഞ്ഞു.പെൺകുട്ടിക് എതിരെ എടുത്ത കേസ് പിൻവലിക്കാൻ യൂത്ത് കോൺഗ്രസ് ആലപ്പുഴ എസ്പി യെ സമീപിച്ചിട്ടുണ്ട്.പെൺകുട്ടിക്കെതിരെ എടുത്ത ജാമ്യമില്ല കേസുമായി പൊലീസ് മുന്നോട്ട് പോയാൽ വരും ദിവസങ്ങളിൽ ശക്തമായ സമരവുമായി യൂത്ത് കോൺഗ്രസ് മുന്നോട്ട് പോകുമെന്നു പ്രവീൺ പറഞ്ഞു.

## സഹകരണ ബാങ്കുകളിലെ അട്ടിമറി: ഭരണസമിതികൾക്ക് എതിരെ നടപടി വേണം

ചെങ്ങന്നൂർ : സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ നിക്ഷേപതുക അട്ടിമറിച്ചതിലൂടെ സഹകരണ മേഖലയാകെ തകർത്ത ഭരണ സമിതികൾക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ കേന്ദ്ര, സംസ്ഥാന ഗവണ്മെന്റു കൾ തയ്യാറാകണമെന്ന് കോൺഗ്രസ് ബ്ലോക്ക് കമ്മിറ്റി പ്രസിഡന്റ് കെ. ആർ. സജീവൻ ആവശ്യപ്പെട്ടു. സഹകരണമേഖലയിലെ നിക്ഷേപകൂട്ടായ്മ നിയോജക മണ്ഡലം കോ ഓർഡിനേഷൻ കമ്മിറ്റി യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കൂട്ടായ്മ കോഓർഡിനേഷൻ ചെയർമാൻ കെ.ബി.യശോധരൻ അധ്യക്ഷനായി. സുനിൽ കോംപ്രട്ട് (കൺവീനർ), പി.ഡി.വാസുദേവൻ, (വൈസ് ചെയർമാൻ)തോമസ്. എം. ജോർജ്. വി. സി.കൃഷ്ണൻ കുട്ടി, എന്നിവരെ വൈസ് ചെയർമാൻമാരായും, ഉണ്ണികൃഷ്ണപിള്ള, സുധർമ എന്നിവരെ ജോയിന്റ് കൺവീനർമാരായും. ഡോ.സൈലസ്, കെ.ജെ. ജോൺസൺ, ജോയ് പി.ചാക്കോ, എം.കെ. പ്രസന്നൻ. വി.കലാധരൻ, എം.ജി.ഹരിദാസ് എന്നിവരെ കമ്മിറ്റി അംഗങ്ങളായും തിരെഞ്ഞെടുത്തു.

## ഹസ്തദാനം പദ്ധതി

മുഹമ്മ :മുഹമ്മ പഞ്ചായത്ത് വയോജന സൗഹൃദ പഞ്ചായത്ത് ആക്കുന്നതിന്റെ ഭാഗമായി നടത്തിയ മുതിർന്നവർക്കൊരു ഹസ്തദാനം പദ്ധതി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേശ്വരി ഉദ്ഘാടനം ചെയ്തു.വാർദ്ധക്യത്തിന്റെ ആകുലതകളിൽ ആശ്വാസത്തിന്റെ ഇളം കാറ്റാകാൻ മുഹമ്മ പഞ്ചായത്ത് ആവിഷ്ക്കരിച്ച പദ്ധതി മാതൃകാപരമാണെന്ന് രാജേശ്വരി പറഞ്ഞു.പഞ്ചായത്ത് പ്രസിഡന്റ് സ്വപ്നാ ഷാബു, വൈസ് പ്രസിഡന്റ് എൻ ടി റെജി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സി ഡി വിശ്വനാഥൻ, സെക്രട്ടറി പി വി വിനോദ് എന്നിവർ പ്രസംഗിച്ചു. തുടർന്ന് എല്ലാ വാർഡുകളിലും പ്രവർത്തകർ സ്ക്വാഡുകളായി തിരിഞ്ഞ് യോജനങ്ങളെ സന്ദർശിച്ചു. കല്ലപ്പുറത്ത് ആശ്രയ വയോ ക്ലബ്, വയോമിത്രം ക്ലബ് എന്നിവയുടെ നേതൃത്വത്തിൽ ഭവന സന്ദർശന പരിപാടി നടത്തി.



തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന് മുന്നിൽ നടത്തിയ 'ഒപ്പു മതിൽ' മുസ്ലിം ലീഗ് സംസ്ഥാന സെക്രട്ടറിയേറ്റ് മെമ്പർ സി. ശ്യാം സുന്ദർ ഉദ്ഘാടനം ചെയ്യുന്നു

## പഞ്ചായത്തുകൾക്ക് 'ദയാവധം' കൽപ്പിച്ച് പിണറായി സർക്കാർ: ശ്യാംസുന്ദർ

തൃക്കുന്നപ്പുഴ : സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പിണറായി സർക്കാർ 'ദയാവധം' കൽപ്പിച്ചിരിക്കുകയാണെന്ന് മുസ്ലിം ലീഗ് സംസ്ഥാന സെക്രട്ടറിയേറ്റ് മെമ്പർ സി. ശ്യാം സുന്ദർ പ്രസ്താവിച്ചു.

പഞ്ചായത്തുകൾക്ക് 2023 24 വർഷം അനുവദിക്കാതിരുന്ന മെയിന്റനൻസ് ഗ്രാന്റിലെ 1215 കോടിയും ജനറൽ പർച്ചേസ് ഗ്രാന്റിലെ 557 കോടിയും കൂടാതെ 2024 മാർച്ച് 25 നകം ട്രഷറിയിൽ സമർപ്പിച്ചിട്ടും പണം അനുവദിക്കാതെ തിരിച്ചു നൽകിയ 1156.12 കോടിയും ലൈഫ് മിഷൻ പദ്ധതി ഗുണഭോക്താക്കൾക്കുള്ള ഫണ്ട് വിഹിതവും ആറുമാസത്തെ ക്ഷേമപെൻഷൻ കുടിശ്ശികയും അടിയന്തരമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ലോക്കൽ ഗവൺമെന്റ് മെമ്പേഴ്സ് ലീഗ്(എൽ.ജി.എം.എൽ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ നടത്തിയ ഒപ്പുമതിലിന്റെ ഭാഗമായി തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിനു മുമ്പിൽ നടത്തിയ 'ഒപ്പു മതിൽ' ഉദ്ഘാടനം ചെയ്യുകയായിരുന്നു ശ്യാം സുന്ദർ. എൽ . ജി . എം . എൽ ആലപ്പുഴ ജില്ല ജനറൽ സെക്രട്ടറി സിയാർ തൃക്കുന്നപ്പുഴയുടെ അധ്യക്ഷതയിൽ കൂടിയ ചടങ്ങിൽ മുസ്ലിം ലീഗ് ജില്ലാ സെക്രട്ടറിമാരായ എ ഷാജഹാൻ, എ. ഫക്രുദീൻ ഹരിപ്പാട് മണ്ഡലം പ്രസിഡന്റ്എം . എ ലത്തീഫ് സ്വതന്ത്ര കർഷക സംഘം ജില്ലാ ജനറൽ സെക്രട്ടറി മശ്ഹൂർ പൂത്തറ,എംഎസ് എഫ് ജില്ല പ്രസിഡന്റ് എ . ഉവൈസ് ഫൈസി മറ്റ് നേതാക്കളായ എം . ഇസ്മായിൽ, അബ്ദുൽ ഖാദർ കെ കെ എസ് , റ്റി . സദ്ദാം ഹരിപ്പാട്, പി . താഹിറ ബീവി, എച്ച് . ഷാഹുൽ ഹമീദ് അണ്ടോളിൽ, നജീബ് സലീം, സാബിർ ഇല്യാസ്, ബഷീർ കോയ, ഹാഷിം, അജ്മൽ പങ്കെടുത്തു.



കായംകുളം നഗരസഭയ്ക്ക് മുന്നിൽ നടത്തിയ 'ഒപ്പു മതിൽ' മുസ്ലിം ലീഗ് ജില്ലാ ജനറൽ സെക്രട്ടറി അഡ്വ. എച്ച് ബഷീർ കുട്ടി ഉദ്ഘാടനം ചെയ്യുന്നു

## വികസന പദ്ധതികൾ സർക്കാർ അട്ടിമറിച്ചു: അഡ്വ. എച്ച്. ബഷീർകുട്ടി

കായംകുളം: പഞ്ചായത്ത് മുൻസിപ്പൽ വികസന പദ്ധതികൾ പൂർണമായും സർക്കാർ അട്ടിമറിച്ചതായി മുസ്ലിം ലീഗ് ജില്ലാ ജനറൽ സെക്രട്ടറി അഡ്വ. എച്ച് ബഷീർ കുട്ടി ആരോപിച്ചു.തദ്ദേശ സ്ഥാപന വാർഷിക പദ്ധതി പരിഷ്ക്കരിക്കുന്നതുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ സർക്കാർ മാർഗ്ഗരേഖ തദ്ദേശ സ്ഥാപനങ്ങളിലെ പ്രതിസന്ധി രൂക്ഷമാക്കിയിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ലോക്കൽ ഗവൺമെന്റ് മെമ്പേഴ്സ് ലീഗിന്റെ നേതൃത്വത്തിൽ കായംകുളം നഗരസഭയ്ക്ക് മുന്നിൽ സ്ഥാപിച്ച് 'ഒപ്പ് മതിൽ ' ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.സർക്കാർ ഫണ്ട് അനുവദിക്കാത്തത് മൂലം മിക്ക തദ്ദേശ സ്ഥാപനങ്ങളിലും അമ്പത് ശതമാനത്തോളം പദ്ധതികൾക്ക് തുക നൽകാൻ അവശേഷിക്കുന്നുണ്ട്. പുതിയ ഉത്തരവ് പ്രകാരം പദ്ധതി ക്രമീകരിക്കുമ്പോൾ കഴിഞ്ഞ സാമ്പത്തിക വർഷം പ്രവർത്തി പൂർത്തീകരിച്ചതും, നടപ്പാക്കാനുള്ളതുമായ പദ്ധതികൾക്ക് പണം കണ്ടെത്തുന്നതിനായി ഈ വർഷത്തെ മിക്ക പദ്ധതികളും ഉപേക്ഷിക്കേണ്ടി വരുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ചടങ്ങിൽകൗൺസിലർ നവാസ് മുണ്ടകത്തിൽ അദ്ധ്യക്ഷത വഹിച്ചു. മുസ്ലിം ലിംഗ് നിയോജക മണ്ഡലം പ്രസിഡന്റ് എ. ഇർഷാദ് മുഖ്യ പ്രഭാഷണം നടത്തി. നിയോജക മണ്ഡലം ജനറൽ സെക്രട്ടറി സിയാദ് വലിയ വീട്ടിൽ, മുസ്ലിം ലീഗ് സംസ്ഥാന കൗൺസിൽ അംഗം പ്രഫസർ ജലാലുദ്ദീൻ, മുസ്ലിം ലീഗ് ജില്ലാ കൗൺസിൽ അംഗം വാഹിദ് കൂട്ടേത്ത് , യൂത്ത് ലീഗ് മണ്ഡലം പ്രസിഡൻറ് അമീൻ മനയശ്ശേരിൽ, കൗൺസിലർ ഷൈനി ഷിബു സംബന്ധിച്ചു.

## ദേശീയ മത്സ്യ കർഷക ദിനാചാരണം

മാന്നാർ : മാന്നാർ മത്സ്യഭവന്റെ ആഭിമുഖ്യത്തിൽ ദേശീയ മത്സ്യ കർഷക ദിനചാരണവും വിവിധ മത്സ്യകൃഷി രീതികളിൽ മികച്ച പ്രവർത്തനം കൈവരിച്ചവരെ ആദരിക്കലും നടന്നു. ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് രാധാഭായ് കെ. ആർ അധ്യക്ഷത വഹിച്ച യോഗം ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. എം സലിം ഉദ്ഘാടനം നിർവഹിച്ചു. മാന്നാർ മത്സ്യ ഭവൻ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ ഫിറോസിയ നസീമ ജലാൽ സ്വാഗതം ആശംസിച്ചു.

യോഗത്തിൽ മത്സ്യ കർഷകരായജെയ്സമ്മ ചെറിയാൻ ചെങ്ങന്നൂർ, അഞ്ജലി ദേവി ബുധനൂർ, വിദ്യാധരൻ വെൺമണി, സനീഷ് ചങ്ങാതികൂട്ടം എസ്.എച്.ജി മുളക്കുഴ, സോളോമൻ ചെറിയനാട്, വർഗീസ് നൈനാൻ പണ്ടനാട് എന്നിവരെ ആലപ്പുഴ ജില്ലാ പഞ്ചായത്ത് അംഗം ഹേമലത ടീച്ചർ ആദരിച്ചു.

മുളക്കുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.കെ സദാനന്ദൻ, വെണ്മണി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുനിമോൾ, ചെറിയനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രസന്ന രമേശൻ എന്നിവർ സംസാരിച്ചു. ഫിഷറീസ് ഉദ്യോഗസ്ഥരും കർഷകരും ചടങ്ങിൽ പങ്കെടുത്തു.

## കലയുടെ കൊലപാതകം; പ്രതികളെ ഇന്ന് വീണ്ടും കോടതിയിൽ ഹാജരാക്കും

മാന്നാർ : 15 വർഷം മുമ്പ് കാണാതായ ചെന്നിത്തല ഇരമത്തൂർ പായിക്കാട്ട് മീനത്തേതിൽ കലയെ കൊന്നു സെപ്റ്റിക് ടാങ്കിൽ കുഴിച്ചുമൂടിയ സംഭവവുമായി ബന്ധപ്പെട്ട് മൂന്ന് ദിവസത്തേക്ക് കസ്റ്റഡിയിൽ വാങ്ങിയ പ്രതികളെ ഇന്ന് വീണ്ടും കോടതിയിൽ ഹാജരാക്കും. കേസിൽ അറസ്റ്റിലായ ചെന്നിത്തല ഇരമത്തൂർ കണ്ണമ്പള്ളിൽ ജിനുഗോപി , കണ്ണമ്പള്ളിൽ സോമരാജൻ, കണ്ണമ്പള്ളിൽ പ്രമോദ് എന്നിവരെ ആറ് ദിവസത്തെ കസ്റ്റഡി കാലാവധി കഴിഞ്ഞ് തിങ്കളാഴ്ച കോടതിയിൽ ഹാജരാക്കി കുടുതൽ ചോദ്യം ചെയ്യുന്നതിനായി പൊലിസിന്റെ അപേക്ഷ പരിഗണിച്ച് മാവേലിക്കര ഫാസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ഈ മാസം 11 വരെ കസ്റ്റഡി നീട്ടി നൽകിയിരുന്നു. വീണ്ടും കസ്റ്റഡിയിൽ ലഭിക്കാൻ സാദ്ധ്യതയില്ലാത്തതിനാൽ പ്രതികളെ റിമാന്റിലാക്കുമെന്നാണ് അറിയുന്നത്. ഇതുവരെ പ്രതികളുമായി തെളിവെടുപ്പ് നടത്താൻ സാധിച്ചിട്ടില്ല. ഒന്നാം പ്രതി അനിലിനെ നാട്ടിലെത്തിച്ചതിനു ശേഷം ഒരുമിച്ച് തെളിവെടുപ്പ് നടത്തുമെന്നാണ് കരുതുന്നത്. അനിൽ കുമാറിനെ നാട്ടിലെത്തിക്കാനുള്ള നടപടിയുടെ ഭാഗമായി ഇയാൾക്കെതിരെ ചെങ്ങന്നൂർ ഫസ്റ്റ്ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി ഓപ്പൺ വാറണ്ട് പുറപ്പെടുവിച്ചു. പ്രതികളെ ചെങ്ങന്നൂർ, മാവേലിക്കര, മാന്നാർ എന്നീ സ്റ്റേഷനുകളിലായി പാർപ്പിച്ചു ചോദ്യം ചെയ്തെങ്കിലും കൂടുതൽ വിവരങ്ങൾ ഒന്നും പൊലീസിന് ലഭിചിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. മൃതദേഹം മറവ് ചെയ്തത് എവിടെയാണെന്നതിന് കസ്റ്റഡിയിലുള്ള പ്രതികൾ വ്യക്തമായ ഉത്തരം നൽകാത്തത് അന്വേഷണത്തിന്റെ ഗതിയെ ബാധിക്കുന്നുണ്ട്.

## ബാല സൗഹൃദ ബജറ്റ് അവതരിപ്പിച്ചു

അമ്പലപ്പുഴ: പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിൽ ബാല സൗഹൃദ ബജറ്റ് അവതരിപ്പിച്ചു. ഗ്രാമപഞ്ചായത്ത് ഹാളിൽ നടന്ന യോഗത്തിൽ വൈസ് പ്രസിഡൻറ് സുധർമ ഭവനേന്ദ്രനാണ് ബജറ്റ് അവതരിപ്പിച്ചത്. .ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് പി.ജി. സൈറസ് അധ്യക്ഷനായിരുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് ജോയിൻ ഡയറക്ടർ ബിനു തോമസ് ,ജില്ലാ പഞ്ചായത്ത് അംഗം ഗീതാ ബാബു ,ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് അഡ്വ. ഷീബ രാകേഷ്, ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീജ രതീഷ്,ആസൂത്രണ സമിതി ഉപാധ്യക്ഷൻ സി.റ്റി. ഹരീന്ദ്രനാഥ് ,എൻ .കെ . ബിജുമോൻ, സുലഭാ ഷാജി, ആർ. റെജിമോൻ,നിർവഹണ ഉദ്യോഗസ്ഥർ,ജനപ്രതിനിധികൾ ,മറ്റ് ഉദ്യോഗസ്ഥന്മാർ പങ്കെടുത്തു.


ഐക്യ ജനാധിപത്യ മുന്നണി സ്ഥാനാർത്ഥി ചന്ദ്രകുമാർ എസ് വരണാധികാരിക്ക് പത്രിക സമർപ്പിക്കുന്നു

## നാമനിർദ്ദേശ പത്രിക സമർപ്പിച്ചു

മാന്നാർ: മാന്നാർ ഗ്രാമപഞ്ചായത്ത് പതിനൊന്നാം വാർഡിൽ നടക്കുന്ന ഉപതിരഞ്ഞെടുപ്പിൽ ഐക്യ ജനാധിപത്യ മുന്നണി സ്ഥാനാർത്ഥിയായി ചന്ദ്രകുമാർ എസ് ചെങ്ങന്നൂർ വരണാധികാരി ശ്രീജിത്ത്, അസ്സിസ്റ്റന്റ് ഡയറക്ടർ, കോഓപ്പറേറ്റീവ് സൊസൈറ്റീസ് (ആഡിറ്റ്), ചെങ്ങന്നൂർ മുമ്പാകെ പത്രിക സമർപ്പിച്ചു. അലിൻഡ് സ്വിച്ച് ഗിയർ എംപ്ലോയീസ് അസോസിയേഷൻ (കചഠഡഇ) ഭാരവാഹികളാണ് പത്രികാ സമർപ്പണത്തിന് കെട്ടിവെയ്ക്കാനുള്ള തുക നൽകിയത്. കൂറുമാറ്റ നിരോധന നിയമപ്രകാരം ഹൈക്കോടതി 11ാം വാർഡ് മെമ്പറെ അയോഗ്യനാക്കിയിരുന്നു. ഈ ഒഴിവിലേക്കാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്.

തിരഞ്ഞെടുപ്പ് കമ്മിറ്റി രക്ഷാധികാരി മാന്നാർ അബ്ദുൽ ലത്തീഫ്, കെ.പി.സി.സി മെമ്പർ രാധേഷ് കണ്ണന്നൂർ, ഡിസിസി ജനറൽ സെക്രട്ടറിമാരായ തോമസ് ചാക്കോ, സണ്ണി കോവിലകം, ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് സുജിത്ത് ശ്രീരംഗം, മധു പുഴയോരം, ഹരി കുട്ടമ്പേരൂർ, അജിത്ത് പഴവൂർ, റ്റി എസ് ഷഫീക്ക്, റ്റി കെ ഷാജഹാൻ, വത്സലാ ബാലകൃഷ്ണൻ, രാധാമണി ശശീന്ദ്രൻ, ചിത്ര എം നായർ, സജി മെഹ്ബൂബ്, പ്രദീപ് ശാന്തിസദൻ, കെ സി പുഷ്പലത, അജിത്ത് ആർ പിള്ള, എന്നിവർ സന്നിഹിതരായിരുന്നു.

### കഥാസമാഹാരത്തിന്റെ ചർച്ച നടന്നു

പാറശ്ശാല: ജീവചരിത്ര അക്കാദമിയുടെ ആഭിമുഖ്യത്തിൽ പ്രൊഫ എൻ കൃഷ്ണൻപിള്ള ഫൗണ്ടേഷൻ ഹാളിൽ നടന്ന അഡ്വ. സി എസ് മുരളിയുടെ'സ്മൃതി സാഗര തീരേ. എന്ന കഥാസമാഹാരത്തിന്റെ പുസ്തക ചർച്ച അക്കാദമി പ്രസിഡന്റ് ഡോ നടുവട്ടം ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

വി വി കുമാർ, അഡ്വ ഗോപകുമാർ കല്ലിയൂർ, ഷാമില ഷുജ, തിരുമല ശിവൻകുട്ടി, നകുലൻ നന്ദനം, എൻ ആർ സി നായർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.ഡോ ജോബ് തോമസ് സ്വാഗതവും. അഡ്വ സി എസ് മുരളി മറുപടിയും അഡ്വ. എസ് കെ സുരേഷ് നന്ദിയും പറഞ്ഞു.

### പകർച്ചവ്യാധി: ജാഗ്രത അനിവാര്യമെന്ന് ഐ.എം.എ

തിരുവനന്തപുരം: കാലവർഷം, കാലാവസ്ഥാ വ്യതിയാനം എന്നിവ മൂലം കണ്ടുവരുന്ന പകർച്ച വ്യാധികൾക്കെതിരെ നിതാന്ത ജാഗ്രത വേണമെന്ന് ഐ.എം.എ. പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി സംസ്ഥാന തലത്തിൽ ഒരു ഏകോപന സമിതി രൂപീകരിക്കണമെന്ന് ഡോ. ജോസഫ് ബെനവൻ(ഐ. എം.എ. സംസ്ഥാന പ്രസിഡന്റ്) ഡോ. കെ. ശശിധരൻ(സംസ്ഥാന സെക്രട്ടറി) എന്നിവർ സർക്കാരിനോട് ആവശ്യപ്പെട്ടു. വ്യാപകമായ പകർച്ച പനി, ജലജന്യ രോഗങ്ങൾ എന്നിവ കൂടാതെ നിർമ്മാർജനം ചെയ്തതെന്ന് കരുതുന്ന കോളറയുടെ സാന്നിദ്ധ്യവും ആശങ്ക പരത്തുന്നതായും ഭാരവാഹികൾ പറഞ്ഞു.

### മാലിന്യമുക്തം നവകേരളം: ജില്ലാതല ശിൽപശാല

തിരുവനന്തപുരം: മാലിന്യമുക്തം നവകേരളം ജില്ലാതല ശിൽപശാല വെള്ളയമ്പലം പഞ്ചായത്ത് അസോസിയേഷൻ ഹാളിൽ ആരംഭിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ, ജില്ലാ കളക്ടർ ജെറോമിക് ജോർജ്, അഡിഷണൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു.വി.ജോസ്, എന്നിവർ സംസാരിച്ചു.ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പൊതുജനങ്ങളും കൈകോർക്കുന്ന ജനകീയ ക്യാമ്പയിനായി ഇത് മാറ്റുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. നിലവിൽ സംസ്ഥാനത്ത് 7ാം സ്ഥാനത്ത് നിൽക്കുന്ന ജില്ലയുടെ സ്ഥാനം ക്യാമ്പയിനിലൂടെ ഒന്നാം സ്ഥാനത്ത് എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.



# ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ് വൻ വിജയമാക്കും: ജില്ലാ മുസ്‌ലിംലീഗ്

തിരുവനന്തപുരം: ചന്ദ്രിക പ്രത്യേകപ്രചാരണപരിപാടി വൻവിജയമാക്കാൻ മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് ബീമാപള്ളി റഷീദിന്റെ അദ്ധ്യക്ഷതയിൽ പാണക്കാട് ഹാളിൽ ചേർന്ന തിരുവനന്തപുരം ജില്ലാകൗൺസിൽ യോഗം തീരുമാനിച്ചു. യോഗം ചന്ദ്രിക തിരുവനന്തപുരം ഗവേണിംഗ് ബോഡി ചെയർമാനും, നിരീക്ഷകനുമായ മഞ്ഞളാംകുഴി എം.എൽഎ ഉദ്ഘാടനം ചെയ്തു. ജില്ലാ ജനറൽ സെക്രട്ടറി എം. നിസാർ മുഹമ്മദ് സുൾഫി സ്വാഗതമാശംസിച്ചു.

മുസ്‌ലിംലീഗ് പാർട്ടി ഭരണഘടനയനുസരിച്ച് മുസ്‌ലിംലീഗ് പഞ്ചായത്ത് കൗൺസിലർമാരും, ശാഖാ ഭാരവാഹികളും, പോഷകഘടകം ഭാരവാഹികളുമുൾപ്പെടെയുള്ളവർ നിർബന്ധമായും ചന്ദ്രിക വാർഷിക വരിക്കാരാകേണ്ടതാണ്. മെമ്പർഷിപ്പ് കാമ്പയിൻ കാലയളവിൽ ചന്ദ്രിക വാർഷിക വരിക്കാരായ നിരവധി പേർ ചന്ദ്രിക വാർഷിക വരിസംഖ്യ പുതുക്കിയിട്ടില്ലെന്ന് സംസ്ഥാന നേതൃത്വത്തിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.അത്തരത്തിൽ നിർബന്ധമായും വരിക്കാരാകേണ്ടവരുടെ ലിസ്റ്റ് പരിശോധിച്ച് വരിക്കാരായിട്ടില്ലാത്തവരെ ചേർക്കുന്നതിന് ജൂലൈ 15 മുതൽ 30 വരെ പഞ്ചായത്ത് തലത്തിൽ ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കണമെന്ന് സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടിരിക്കുകയാണ്. സ്പെഷ്യൽ ഡ്രൈവിലും വരിക്കാരാകാത്തവരുടെ പട്ടിക മണ്ഡലം കമ്മിറ്റികൾ ആഗസ്റ്റ് അഞ്ചിനു മുമ്പായി ജില്ലാ കമ്മിറ്റി വഴി സംസ്ഥാന കമ്മിറ്റിയെ അറിയിക്കാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

ചന്ദ്രിക കാമ്പയിൻ പൂർത്തീകരിക്കുന്നതിന് ലഭിച്ചിട്ടുള്ള ഈ അവസരം പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിന് ജൂലൈ 15 നു മുമ്പ് എല്ലാ നിയോജക മണ്ഡലം, പഞ്ചായത്ത് കമ്മിറ്റികളും ചുമതലക്കാരുടെ സാന്നിദ്ധ്യത്തിൽ അടിയന്തിരമായി യോഗം ചേർന്നു പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.ചന്ദ്രിക സ്പെഷ്യൽ ഡ്രൈവിന്റെ നിയോജക മണ്ഡലം തല ഉദ്ഘാടനം ജൂലൈ 15 ന് സാമൂഹ്യ, സാംസ്ക്കാരിക രംഗത്തെ പ്രമുഖ വ്യക്തികളെ കൊണ്ട് നിർവ്വഹിപ്പിക്കണം. തുടർന്നുള്ള ഒന്നു രണ്ടു ദിവസങ്ങളിൽ പഞ്ചായത്ത് ശാഖാ തല ഉദ്ഘാടനങ്ങളും നടത്തണം.ജൂലൈ 30 നകം ചന്ദ്രിക വാർഷിക വരി സംഖ്യാ കാട്ട നിർബന്ധമായും എല്ലാ പഞ്ചായത്ത്,ശാഖാ കമ്മിറ്റികളും പൂർത്തികരിക്കേണ്ടതാണ്.

ചന്ദ്രിക നിയോജക മണ്ഡലം തല കോർഡിനേറ്റർമാരെയും തെരഞ്ഞെടുത്തു. തിരുവനന്തപുരം: ഡി.നൗഷാദ്,

വാമനപുരം : ഒ.പി. കെ ഷാജി,ചിറയിൻകീഴ്: കടവിളാകം കബീർ,വർക്കല: മുഹമ്മദ് സാറക്ക്,ആറ്റിങ്ങൽ: ഏ. ആർ. ഷാജു, കഴക്കൂട്ടം: നാസർ കഴക്കൂട്ടം, അരുവിക്കര : ഷെമീം പള്ളിവേട്ട, വട്ടിയൂർക്കാവ്:തജ്‌മൽ ഹുസൈൻ, കോവളം: അബൂബക്കർ, കാട്ടാക്കട: ഒ.പി.എ റഹീം, നെയ്യാറ്റിൻകര: സജീവ് കുളത്തൂർ, പാറശ്ശാല : ഷാനവാസ് ഖാൻ എന്നിവരാണ് കോർഡിനേറ്റർമാർ. ജില്ലാ ലീഗ് ഭാരവാഹികളുടെയും ചന്ദ്രിക മണ്ഡലം കോഡിനേറ്റർമാരുടെയും സംയുക്ത യോഗം ജൂലൈ 14 ന് വൈകുന്നേരം 4 മണിക്ക് നന്ദാവനം ലീഗ് ഹൗസിൽ ചേരാനും തീരുമാനിച്ചു. ജില്ലാ ഭാരവാഹികളുടെയും, എല്ലാ പോഷക സംഘടനകളുടെയും ജില്ലാ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവരുടെ സംയുക്ത യോഗം ജൂലൈ 17 ന് വൈകുന്നേരം 4 മണിക്ക് നന്ദാവനം ലീഗ് ഹൗസിൽ കൂടി ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ് കാമ്പയിനും, സംഘടനാ പ്രവർത്തന പരിപാടികൾക്കും അന്തിമ രൂപം നൽകും.



അടൂർ പ്രകാശ് എം.പിയുടെ ആറ്റിങ്ങൽ പാർലമെന്റ് ഓഫീസ് ആറ്റിങ്ങൽ ഡയറ്റ് സ്കൂളിന് എതിർവശം അടൂർ പ്രകാശ് ഉദ്ഘാടനം ചെയ്യുന്നു

## പ്രവീൺ പ്രസ് ക്ലബ് പ്രസിഡന്റ് രാധാകൃഷ്ണൻ സെക്രട്ടറി

തിരുവനന്തപുരം: തിരുവനന്തപുരം പ്രസ് ക്ലബ് പ്രസിഡന്റായി പി ആർ പ്രവീണും(മലയാളം എക്സ്പ്രസ്) സെക്രട്ടറിയായി എം രാധാകൃഷ്ണനനും(കേരളകൗമുദി)തെരഞ്ഞെടുക്കപ്പെട്ടു. വിനീഷ് വി(ജനം ടിവി)യാണ് ട്രഷറർ.വെസ്പ്രസിഡന്റായി എച്ച് ഹണിയും (എസിവി ന്യൂസ്) ജോയിന്റ് സെക്രട്ടറിയായി നിസാർ മുഹമ്മദും (വീക്ഷണം) വിജയിച്ചു.

ജോയ് തമലം(ക്രിഡ്സി ടിവി),ശങ്കർ സുബ്രമണി (കൗമുദി ടിവി), വി വി വിനോദ് (ന്യൂസ് 18), ശ്രീകാന്ത് വി (ദീപിക), ജയമോഹൻ എ (തൽസമയം), വി ജി മിനീഷ് കുമാർ (എൻആർഐ ന്യൂസ്) എന്നിവരാണ് മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ.വെൽഫെയർ കമ്മിറ്റി അംഗമായി സജിത് വഴയില (ജയ്ഹിന്ദ് ടിവി) എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടിരുന്നു.പുതിയ ഭാരവാഹികളുടെ ചുമതലയേറ്റെടുക്കൽ വെള്ളിയാഴ്ച നടക്കും.



പി ആർ പ്രവീൺ എം രാധാകൃഷ്ണൻ വി വിനീഷ്

## യു.ഡി.എഫ് തിരഞ്ഞെടുപ്പ് കൺവെൻഷൻ നടന്നു

വെള്ളനാട്: കേരളത്തിലെ ജനങ്ങൾ യു.ഡി.എഫ് അധികാരത്തിൽ വരാൻ ആഗ്രഹിക്കുന്നുവെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ.ജില്ലാ പഞ്ചായത്ത് വെള്ളനാട് ഡിവിഷനിലെ യു.ഡി.എഫ് സ്ഥാനാർത്ഥി വി.ആർ പ്രതാപന്റെ തിരഞ്ഞെടുപ്പ് കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.അഡ്വ വിതുര ശശി അധ്യക്ഷത വഹിച്ചു. സ്ഥാനാർത്ഥി വി ആർ പ്രതാപൻ, യുഡിഎഫ് നേതാക്കളായ അടൂർ പ്രകാശ്, സിപി ജോൺ, പാലോടി രവി, ശക്തൻ, വിൻസന്റ് എംഎൽഎ, വിഎസ് ശിവകുമാർ, ശബരിനാഥൻ,എ എ അസീസ്,വെള്ളനാട് ശ്രീകണ്ഠൻ,അരുവി സലാഹുദ്ദീൻ, സി ആർ ഉദയകുമാർ, പൂവച്ചൽ ഫൈസ്, ഉഴമലയ്ക്കൽ ബാബു, കരകുളം കൃഷ്ണ പിള്ള, രമണി പി നായർ തുടങ്ങിയവർ സംസാരിച്ചു.

## മുഖ്യമന്ത്രിക്ക് കത്ത് അയച്ച് പ്രതിഷേധിച്ച് ഐഎൻടിയുസി

തിരുവനന്തപുരം: നിർമാണ മേഖലയിലെ തൊഴിലാളികൾക്ക് 15 മാസമായി പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകാതെ ഇടതു സർക്കാർ തൊഴിലാളികളെ പട്ടിണി മരണത്തിലേക്ക് തള്ളി വിടുകയാണെന്ന് ഡി.സി.സി പ്രസിഡന്റ് പാലോട് രവി പറഞ്ഞു. കേരള സ്റ്റേറ്റ് കെട്ടിട നിർമ്മാണ തൊഴിലാളി കോൺഗ്രസ്(ഐഎൻടിയുസി) വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് മുഖ്യമന്ത്രിക്ക് പ്രതിഷേധ കത്ത് അയക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഏജീസ് ഓഫീസിന് മുന്നിലെ പോസ്റ്റോഫീസിൽ പ്രതിഷേധ കത്ത് പോസ്റ്റ് ചെയ്തു കൊണ്ടുള്ള പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കെ എസ് കെ എൻ ടി സി ജില്ലാ പ്രസിഡന്റ് മേഖല വിജയൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന ട്രഷറർ ടി പി പ്രസാദ് സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ ഭുവനേന്ദ്രൻ നായർ, പുരുഷോത്തമൻ നായർ, മിനിലാൽ യൂണിയൻ നേതാക്കളായ നിഹാസ് പള്ളിക്കൽ, ആറ്റുകാൽ ശ്രീകണ്ഠൻ, കതിരുവിള ശ്രീകുമാർ, സുകുമാരി, ഡി കൃഷ്ണൻ, ആർ. പ്രേമകുമാർ, കുന്നുംപുറം വാഹിദ്, രതീഷ് , റ്റി. ആന്റണി, കുഞ്ഞുമോൻ പാട്രിക് തുടങ്ങിയവർ സംസാരിച്ചു.

## കുട്ടിയെ പുറത്താക്കി; പ്രതിഷേധിച്ചു

തിരുവനന്തപുരം: ഓട്ടിസം ബാധിതനായ കുട്ടിയെ സർക്കാർ സ്കൂളിൽ നിന്ന് നിർബന്ധിച്ച് പുറത്താക്കിയതിൽ പ്രതിഷേധിച്ച് സക്ഷമ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിനു മുന്നിൽ പ്രതിഷേധ ധർണ്ണ നടത്തി. സക്ഷമ സംസ്ഥാന സമിതി അംഗം കെ.ആർ. രഘുനാഥൻ നായർ ധർണ്ണ ഉദ്ഘാടനം ചെയ്തു.വായനാദിന ആഘോഷങ്ങൾക്കിടെ അച്ചടക്ക ലംഘനം കാണിച്ചു എന്ന പേരിലാണ് തൈക്കാട് ഗവൺമെന്റ് എച് എസ് എൽ പി എസിൽ നിന്നും ഭിന്നശേഷിക്കാരനായ ഒന്നാം ക്ലാസ്സുകാരനെ നിർബന്ധപൂർവ്വം ടി സി നല്കി പറഞ്ഞു വിട്ടത്. ഭിന്നശേഷി അവകാശ നിയമം 31 ാം അനുച്ഛേദം അനുസരിച്ച് ഭിന്നശേഷിയുള്ള കുട്ടിയെ സമീപത്തുള്ള ഏത് സ്കൂളിലും ചേർത്ത് വിദ്യാഭ്യാസം നല്കുന്നതിന് രക്ഷകർത്താക്കൾക്ക് അവകാശമുണ്ട്. അത് നിഷേധിക്കുക വഴി ഗുരുതരമായ കുറ്റമാണ് സ്കൂൾ ഹെഡ്മാസ്റ്ററും ബന്ധപ്പെട്ടവരും ചെയ്തിരിക്കുന്നത്. കുറ്റക്കാർക്കെതിരെ മാതൃകാപരമായ ശിക്ഷാ നടപടികൾ ഉടനടി സ്വീകരിക്കണമെന്ന് സക്ഷമ ഭാരവാഹികൾ ആവശ്യപ്പെട്ടു. ഈ വിഷയത്തിൽ ബാലാവകാശ കമ്മീഷനും, ഭിന്നശേഷി കമ്മീഷണർക്കും പരാതി നൽകുമെന്നും നീതി നിഷേധിക്കപ്പെട്ടാൽ നിയമപരമായ മറ്റുനടപടികൾ സ്വീകരിക്കുമെന്നും ഭാരവാഹികൾ അറിയിച്ചു.




സക്ഷമ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിനു മുന്നിൽ പ്രതിഷേധ ധർണ്ണ നടത്തിയപ്പോൾ



മുതലപ്പൊഴിയിൽ അപകടത്തിൽപ്പെട്ട വള്ളം തീരത്ത് എത്തിക്കാൻ ശ്രമിക്കുന്ന തൊഴിലാളികൾ

# മുതലപ്പൊഴിയിൽ വീണ്ടും വള്ളം മറിഞ്ഞു

### രണ്ട് തൊഴിലാളികൾ നീന്തി രക്ഷപ്പെട്ടു

തിരുവനന്തപുരം: പെരുമാതുറ മുതലപ്പൊഴിയിൽ വീണ്ടും മത്സ്യബന്ധനവള്ളം മറിഞ്ഞ് അപകടം. രണ്ട് തൊഴിലാളികൾ അൽഭുതകരമായി രക്ഷപ്പെട്ടു. ശക്തമായ തിരയിൽപെട്ട വള്ളം തലകീഴായി മറിഞ്ഞു. മത്സ്യബന്ധനം കഴിഞ്ഞ് മടങ്ങി വരവേ രാവിലെ 10:45 ഓടെയാണ് അപകടമുണ്ടായത്. പെരുമാതുറ സ്വദേശി സലീമിന്റെ ഉടസ്ഥതയിലുള്ള ഫിർദൗസ് എന്ന വള്ളമാണ് മറിഞ്ഞത്. പെരുമാതുറ സ്വദേശികളായ നബീൽ,സജിൻ എന്നിവർ വള്ളത്തിൽ ഉണ്ടായിരുന്നു.ഇവർ പരിക്കേൽക്കാതെ അൽഭുതകരമായി നീന്തിരക്ഷപ്പെട്ടു. അപകടം സംഭവിച്ച ഉടനെ മത്സ്യത്തൊഴിലാളികളും ഫിഷറീസ് ഗാർഡുകളുടെ കോസ്റ്റൽ പോലീസും സംയുക്തമായി നടത്തിയ രക്ഷാപ്രവർത്തനത്തിലാണ് മത്സ്യത്തൊഴിലാളികളെ കരയ്ക്ക് എത്തിക്കാൻ സാധിച്ചത്. വള്ളത്തിൽ ഉണ്ടായിരുന്ന മീനും എഞ്ചിനും നഷ്ടപ്പെട്ടു. നാല് ലക്ഷം രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കപ്പെടുന്നു. സമാന രീതിയിൽ കഴിഞ്ഞ ദിവസവും വള്ളം മറിഞ്ഞിരുന്നു. ഈ മൺസൂൺ സീസണിൽ ഉണ്ടാകുന്ന 17ാമത്തെ അപകടമാണ് ഇന്നലെ നടന്നത്.

കടൽ പ്രക്ഷുബ്ധമായി തുടരുകയാണ്. ശക്തമായ തിരയാണ് തീരത്തുള്ളത്. ഇതിനോടൊപ്പം ഹാർബറിന്റെ പ്രവേശന കവാടത്തിലും തിരയടിക്കുന്നത് അപകടസാധ്യത വർദ്ധിപ്പിക്കുന്നു.

# കാൽനടയാത്രക്കാരൻ കാറിടിച്ച് മരിച്ചു

വെള്ളറട: വീട്ടിലേക്കു നടന്നുപോകുകയായിരുന്ന യുവാവ് കാറിടിച്ച് മരിച്ചു. പനച്ചമൂട് സ്വാതിപുരം കഴിക്കിൻകര പുത്തൻവീട്ടിൽ ബിജുവാണ് (38) മരിച്ചത്. സുശീലൻ സമുതി ദമ്പതിമാരുടെ മകനാണ്. ശനിയാഴ്ച രാത്രി 11.30ഓടെ മലയിൻകാവ് വേ ബ്രിഡ്ജിനു സമീപത്തുവെച്ചാണ് അപകടമുണ്ടായത്. മലയിൻകാവിൽനിന്നു വീട്ടിലേക്ക് ബിജു നടന്നു വരുന്നതിനിടെ പുറകേവന്ന കാറിടിച്ചാണ് അപകടമെന്ന് പോലീസ് പറഞ്ഞു. കാർ നിർത്താതെപോയി. പാറശ്ശാല സർക്കാർ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. സഹോദരൻ: സുരേഷ്. കാറിനെക്കുറിച്ചുള്ള വിവരങ്ങൾ പരിശോധിച്ചുവരുകയാണെന്ന് പോലീസ് പറഞ്ഞു.



എസ്.ടി.യു അംഗത്വ വിതരണപ്രവർത്തനങ്ങളുടെ സമാപനം സംസ്ഥാന ട്രഷറർ ജി. മാഹീൻ അബുബക്കർ ഉദ്ഘാടനം ചെയ്യുന്നു

## എസ്.ടി.യു അംഗത്വ വിതരണം പൂർത്തിയായി

തിരുവനന്തപുരം: ജില്ലയിൽ ഈ വർഷത്തെ എസ്.ടി.യു അംഗത്വ വിതരണവും സംസ്ഥാന എസ് ടി യു കമ്മിറ്റിയുമായുള്ള അഫിലിയേഷന്റെ പ്രവർത്തനങ്ങളും പൂർത്തികരിച്ചതായി യൂണിയൻ ജില്ലാ ഭാരവാഹികളായ മംഗലപുരം ഷാജി, എ. സക്കീർ ഹുസൈൻ, ബിജു കടമ്പാട്ടുകോണം എന്നിവർ അറിയിച്ചു. യൂണിയൻ ജില്ലാ കമ്മിറ്റി മുഖേന നടത്തിയ 2024 ലെ അംഗത്വ വിതരണപ്രവർത്തനങ്ങളുടെ സമാപ്തി കുറിച്ച് കൊണ്ട് രസീതിന്റെ കൗണ്ടർ ഫോയിലും, മെമ്പർഷിപ്പ് വിഹിതവും ജില്ലാ കമ്മിറ്റിയെ എൽപ്പിക്കുന്ന ചടങ്ങ് എസ്.ടി.യു സംസ്ഥാന ട്രഷറർ ജി. മാഹീൻ അബുബക്കർ ഏറ്റുവാങ്ങി ഉദ്ഘാടനം ചെയ്തു.

ഇക്കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ നിന്നും വ്യത്യസ്ഥമായി ഊർജിത പ്രവർത്തനത്തിലൂടെ എസ്.ടി.യു അംഗസംഖ്യ ഏഴായിരമായി ഉയർത്തിയ ജില്ലാ കമ്മറ്റിയുടെ പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് ചടങ്ങ് മാഹീൻ അബുബക്കർ പറഞ്ഞു. യോഗത്തിൽ ഷമീം പള്ളിവേട്ട അദ്ധ്യക്ഷതയും എ സക്കീർ ഹുസൈൻ സ്വാഗതം പറഞ്ഞു.പാലച്ചിറ അൻസാരി, പേട്ട അശോകൻ,അസീം, റാഫി ചാല,ഉമ്മർ ഖാൻ, ഷാഹുൽ ഹമീദ്,പള്ളിനട അൻസാരി, നുജുമുദീൻ, എന്നിവർ പങ്കെടുത്തു. അസീം നെടുമങ്ങാട് നന്ദി പറഞ്ഞു.

## ഡിമോസ് ഫർണിച്ചർ കല്ലമ്പലത്ത് പ്രവർത്തനം ആരംഭിച്ചു

കല്ലമ്പലം: ഡിമോസ് ഫർണിച്ചറിന്റെ 14-ാമത് ഷോറൂം കല്ലമ്പലം പുല്ലൂർമുക്ക് ബിസ്മില്ലാ ടവറിൽ പ്രവർത്തനം ആരംഭിച്ചു. ഡിമോസ് ഫർണിച്ചർ ബ്രാൻഡ് അംബാസിഡർമാരായ ഗോവിന്ദ് പത്മസൂര്യയും ഗോപിക അനിലും ഉദ്ഘാടനം നിർവഹിച്ചു. 14 രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്ത ഫർണിച്ചറുകളും ഇന്ത്യൻ ട്രഡീഷണൽ ഡിസൈനുകളും സമന്വയിപ്പിച്ച് 200ൽ പരം ബ്രാൻഡുകൾ, നിലമ്പൂർ തേക്ക് മുതൽ ഇന്തോനേഷ്യൻ തേക്കുവരെയുള്ള ഫർണിച്ചറുകളുടെ വിശാലമായ ശേഖരം, സ്പെഷ്യൽ ഓഫറായി എല്ലാ ഫർണിച്ചറിനും 50 ശതമാനം ഡിസ്കൗണ്ട്, കൂടാതെ ഒരു വീട്ടിലേക്ക് ആവശ്യമായ എല്ലാ ഫർണിച്ചറുകളും 48,000 രൂപ മുതൽ. ബെഡ്റൂം സെറ്റുകൾ വെറും 18,900 രൂപ മുതൽ ലഭ്യമാണ്.



ഡിമോസ് ഫർണിച്ചറിന്റെ 14-ാമത് ഷോറൂം കല്ലമ്പലം പുല്ലൂർമുക്ക് ബിസ്മില്ലാ ടവറിൽ ഗോവിന്ദ് പത്മസൂര്യയും ഗോപിക അനിലും ചേർന്ന് ഉദ്ഘാടനം നിർവഹിക്കുന്നു

ടീപോയ് 800 മുതൽ, കമ്പ്യൂട്ടർ ടേബിൾ 2,900 രൂപ മുതൽ, ബിൻബാഗ് 2,900, ഡ്രസ്സിംഗ് ടേബിൾ 2,900 രൂപ മുതൽ, ഓഫീസ് ടേബിൾ 3,850 രൂപ മുതൽ, സിറ്റൗട്ട് ബെഞ്ച് 5,200 രൂപ മുതൽ ഈസി ചെയർ 9,900 രൂപ മുതൽ, തേക്ക് കട്ടിൽ 18,900 രൂപ മുതൽ, സിംഗിൾ റിക്ലയിനർ സോഫ 18,900 മുതൽ, ലോഞ്ചർ സോഫ 22,500 രൂപ മുതൽ, പ്രീമിയം കോർണർ സോഫ 39,000 രൂപ മുതൽ, റിക്ലയിനർ സോഫ സെറ്റ് 66,000 രൂപ മുതൽ, പ്രീമിയം ഡൈനിംഗ് സെറ്റ് 6 സീറ്റർ 49,000 രൂപ മുതൽ. എല്ലാത്തരം ഫർണിച്ചറുകൾക്കും 20 വർഷം വാറന്റിയോടുകൂടി ഏറ്റവും കുറഞ്ഞ തവണ വ്യവസ്ഥയിൽ സ്വന്തമാക്കാം.

കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9288098981. കൊല്ലം ജില്ലയിലെ ഞങ്ങളുടെ മറ്റ് ബ്രാഞ്ചുകൾ: കൊട്ടാരക്കര, കരുനാഗപ്പള്ളി, ഭരണിക്കാവ്, പഴയാറ്റിൻകുഴി, ചന്ദനത്തോപ്പ്. എല്ലാ ഞായറാഴ്ചകളിലും ഷോറൂമുകൾ തുറന്ന് പ്രവർത്തിക്കുന്നു.



ശമ്പളം കൃത്യമായി നൽകുക, അഴിമതി വിജിലൻസ് അന്വേഷിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ടാൻസ്പോർട്ട് ഡെമോക്രാറ്റിക് ഫെഡറേഷൻ (ടി.ഡി.എഫ്) നിയമസഭയിലേക്ക് നടത്തിയ മാർച്ച് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഉദ്ഘാടനം ചെയ്യുന്നു

## ആറ്റിങ്ങൽ നഗരസഭ: സ്ഥാനാർത്ഥികളായി ഉപതിരഞ്ഞെടുപ്പ് ചിത്രം തെളിഞ്ഞു

ആറ്റിങ്ങൽ: ആറ്റിങ്ങൽ നഗരസഭയിൽ ബി.ജെ.പി വനിതാ കൗൺസിലർമാർ രാജി വച്ചതിനെ തുടർന്ന് ഒഴിവ് വന്ന രണ്ട് വാർഡുകളിലേക്കു ള്ള ഉപതിരഞ്ഞെടുപ്പ് 30 ന് നടക്കും.രണ്ട് വാർഡുകളിലും മൂന്ന് മുന്നണികൾ സ്ഥാനാർഥികളെ പ്രഖ്യാപിച്ചതോടെ തിരഞ്ഞെടുപ്പ് ചിത്രം തെളിഞ്ഞു.

ഇന്ന് വൈകിട്ടു വരെ നാമനിർദേശ പത്രിക സമർപ്പിക്കാം. നഗരസഭയിലെ ചെറുവള്ളി മുക്ക്, തോട്ടവാരം എന്നീ വാർഡുകളിലാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്.ചെറുവള്ളി മുക്ക് വാർഡിൽ എം. എസ്. മഞ്ചു, തോട്ടവാരം വാർഡിൽ ജി. ലേഖയുമാണ് എൽ.ഡി.എഫ് സ്ഥാനാർഥികൾ. ചെറുവള്ളിമുക്ക് വാർഡിൽ മുൻ കൗൺസിലർ കൂടി യായ എസ്. ശ്രീകലയും, തോട്ടവാരം വാർഡിൽ ബി. നിഷയും ആണ് യു.ഡി.എഫ് സ്ഥാനാർഥികൾ. ചെറുവള്ളിമുക്ക് വാർഡിൽ ആർ എസ് മിനിയും, തോട്ടവാരം വാർഡിൽ വി.സ്വാതിയും ആണ് ബി.ജെ.പി സ്ഥാനാർഥികൾ. പാർലമെന്റ് തിരഞ്ഞെടുപ്പിന് ദിവസങ്ങൾ മുൻപാണ് ബി.ജെ.പി അംഗങ്ങളായ വനിതാ കൗൺസിലർമാരായ തോട്ടവാരം വാർഡ് കൗൺസിലർ എ.എസ് ഷീല, ചെറുവള്ളിമുക്ക് വാർഡ് കൗൺസിലർ വി.പി സംഗീതാറാണി എന്നിവർ രാജിവച്ചത്.



കേരള മുസ്ലിം ജമാഅത്ത് കൗൺസിൽ ഏർപ്പെടുത്തിയ മാനവിക സേവന പുരസ്കാരം ദുബായ് പെർഫെക്റ്റ് ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ അഡ്വ: എം. എ. സിറാജുദ്ദീന് മന്ത്രി പി.എ. മുഹമ്മദ് റിയാസ് സമ്മാനിക്കുന്നു

## എം.എ. സിറാജുദ്ദീന് മാനവിക സേവന പുരസ്കാരം സമ്മാനിച്ചു

തിരുവനന്തപുരം : കേരള മുസ്ലിം ജമാഅത്ത് കൗൺസിൽ സ്ഥാപക നേതാവായിരുന്ന കാരയ്ക്കാമണ്ഡപം താജുദ്ദീന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ മാനവിക സേവന പുരസ്കാരം ദുബായ് പെർഫെക്ട് ഗ്രൂപ്പ് ചെയർമാൻ അഡ്വ: എം. എ. സിറാജുദ്ദീന് മന്ത്രി പി. എ. മുഹമ്മദ് റിയാസ് സമ്മാനിച്ചു. ഡോ: മുഹമ്മദ് മൻസൂറിന്റെ അധ്യക്ഷതയിൽ ചേർന്ന അവാർഡ് ദാന ചടങ്ങ് മേയർ ആര്യ രാജേന്ദ്രൻ, മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, നിംസ് മെഡിസിറ്റി മാനേജിംഗ് ഡയറക്ടർ എം.എസ്. ഫൈസൽഖാൻ, ഡോ: ബിനു ഫ്രാൻസിസ്, ജമാഅത്ത് കൗൺസിൽ സംസ്ഥാന പ്രസിഡണ്ട് കരമന ബയാർ, ഗുൽസാർ അഹമ്മദ് സേട്ട് തുടങ്ങിയവർ പ്രസംഗിച്ചു.

## പി.കെ.കുഞ്ഞ് ജീവചരിത്ര ഗ്രന്ഥം

തിരുവനന്തപുരം : യശ:ശരീരനായ മന്ത്രി പി.കെ.കുഞ്ഞ് കേരള സംസ്ഥാന ഖജനാവിന് കരുത്തേകിയ മന്ത്രിയായിരുന്നുവെന്ന് മന്ത്രി വി. അബ്ദുറഹിമാൻ പറഞ്ഞു.പി.കെ.കുഞ്ഞിന്റെ ജീവചരിത്ര ഗ്രന്ഥത്തിന്റെ പുതിയ പതിപ്പ് മുസ്‌ലിംലീഗ് ദേശീയ കൗൺസിൽ അംഗം എച്ച്. ഷംസുദീനിൽ നിന്നും സ്വീകരിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ന്യൂനപക്ഷ ക്ഷേമം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുകൾ അദ്ദേഹം സ്തുത്യർഹമായി കൈകാര്യം ചെയ്തിട്ടുണ്ടെന്നും മന്ത്രി ഓർമിപ്പിച്ചു.കേരള യൂണിവേഴ്സിറ്റി മുൻ സിൻഡിക്കേറ്റ് അംഗം എം. കെ.എ റഹിം , കരുംകുളം ജോസഫ് ബാബു ,വള്ളക്കടവ് നസീർ, കെ.മഹബൂബ്, കലാപ്രേമി മുഹമ്മദ് ബഷീർ ബാബു, റഹിം പനവൂർ തുടങ്ങിയവർ സംബന്ധിച്ചു.



മുൻ മന്ത്രി പി.കെ.കുഞ്ഞിന്റെ ജീവചരിത്ര ഗ്രന്ഥത്തിന്റെ പുതിയ പതിപ്പ് മന്ത്രി വി. അബ്ദുറഹിമാൻ മുസ്‌ലിംലീഗ് ദേശീയ കൗൺസിൽ അംഗം എച്ച്.ഷംസുദീനിൽ നിന്നും സ്വീകരിക്കുന്നു



ക്ഷേമ പെൻഷനും മറ്റും നൽകാൻ മാർഗമൊന്നും കണ്ടെത്താതെയാണ് മുഖ്യമന്ത്രി പിണറായി വിജയൻ ബജറ്റിന് സമാനമായ പ്രഖ്യാപനങ്ങൾ വീണ്ടും നടത്തിയത്. ഒരുപാട് മോഹങ്ങൾ മുഖ്യമന്ത്രി പറഞ്ഞു, പക്ഷേ അതിന് എവിടെനിന്ന് പണം എടുത്തുകൊടുക്കുമെന്ന് മാത്രം പറയുന്നില്ല. പണം കണ്ടെത്താനുള്ള ഒരു മാർഗവും സർക്കാർ പറയുന്നില്ല. പണമുണ്ടാക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപെടുത്തുമെന്ന് മാത്രമാണ് പറയുന്നത്. മറ്റൊരു വഴിയുമില്ലെങ്കിൽ ഉപയോഗിക്കുന്ന മാർഗമാണ് 'സെക്രട്ടറിമാരെ ചുമതലപ്പെടുത്തുക' എന്നത്.

-പി.കെ കുഞ്ഞാലിക്കുട്ടി



തദ്ദേശസ്ഥാപനങ്ങളുടെ വാർഷിക പദ്ധതി മുടങ്ങിയാൽ അവശ ജനവിഭാഗങ്ങൾക്കുള്ള ആശ്വാസമാണ് മുടങ്ങുക. കേരളത്തിന്റെ കാർഷിക, മൃഗസംരക്ഷണ, വിദ്യാഭ്യാസ ആരോഗ്യ മേഖലകൾ ശക്തിപ്പെടുന്നതും ദുർബല വിഭാഗങ്ങൾക്ക് ആശ്വാസമേകുന്നതും തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളാണ് എന്ന ബോധ്യം സർക്കാറിന് ഉണ്ടാകണം.

-പിഎംഎ സലാം

## കേരള വാർത്തകൾ

# മുഖ്യമന്ത്രിയുടേത് പൊള്ളയായ വാഗ്ദാനം: കുഞ്ഞാലിക്കുട്ടി

## ഒന്നും നടക്കില്ലെന്നതിന്റെ ധവളപത്രം

തിരുവനന്തപുരം: ക്ഷേമ പെൻഷനുകൾ സമയബന്ധിതമായി നൽകുമെന്ന മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രഖ്യാപനത്തെ പരിഹസിച്ച് മുസ്‌ലിംലീഗ് നിയമസഭാ കക്ഷി നേതാവ് പി.കെ കുഞ്ഞാലിക്കുട്ടി. സംസ്ഥാനത്ത് ഒരു കാര്യവും നടക്കില്ലെന്നതിന്റെ ധവളപത്രമാണ് ചട്ടം 300 അനുസരിച്ച് മുഖ്യമന്ത്രി നടത്തിയതെന്നും പ്രസ്താവന കേട്ട് സായൂജ്യമടയാമെന്നല്ലാതെ മറ്റൊന്നും നടക്കില്ലെന്നും നിയമസഭയിൽ ധനാഭ്യാർഥന ചർച്ചക്കിടെ അദ്ദേഹം പറഞ്ഞു.

'അരിമണിയൊന്നു കൊറിക്കാനില്ല, കരിവളയിട്ട് കിലുക്കാൻ മോഹം' എന്ന് പറയുന്നതുപോലെയാണ് മുഖ്യമന്ത്രിയുടെ പ്രഖ്യാപനങ്ങളെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ക്ഷേമ പെൻഷനും മറ്റും നൽകാൻ മാർഗമൊന്നും കണ്ടെത്താതെയാണ് ബജറ്റിന് സമാനമായ പ്രഖ്യാപനങ്ങൾ വീണ്ടും നടത്തിയത്. ഒരുപാട് മോഹങ്ങൾ മുഖ്യമന്ത്രി പറഞ്ഞു. പക്ഷേ അതിന് എവിടെനിന്ന് പണം എടുത്തുകൊടുക്കുമെന്ന് മാത്രം പറയുന്നില്ല. പണം കണ്ടെത്താനുള്ള ഒരു മാർഗവും സർക്കാർ പറയുന്നില്ല. പണമുണ്ടാക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപെടുത്തുമെന്ന് മാത്രമാണ് പറയുന്നത്. മറ്റൊരു വഴിയുമില്ലെങ്കിൽ ഉപയോഗിക്കുന്ന മാർഗമാണ് 'സെക്രട്ടറിമാരെ ചുമതലപ്പെടുത്തുക' എന്നത്.

സർക്കാരിന്റെ വരുമാനം പലമാർഗങ്ങളിലൂടെ ചോരുന്നുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഇവന്റുകളുടെ ഘോഷയാത്രയാണ് ഇതിൽ പ്രധാനം. ഇതിന് പുറമെ തൊട്ടതിനെല്ലാം മിഷൻ മോഡൽ രൂപീകരിക്കുന്നു. ലക്ഷ്യം കാണാതെ അവസാനിക്കുന്ന മിഷനുകളുടെ പേരിൽ കരാറുകാരെ നിയമിച്ച് പണം പാഴാക്കുന്നു. അതുപോലയാണ് വിവിധ കമ്മീഷനുകളും. പി.എസ്.സിയുള്ളപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളിലെ റിക്രൂട്ട്മെന്റിനായി റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചത് എന്താവശ്യത്തിനാണെന്ന് അറിയില്ല. പാഴ്ചെലവുകൾ വരുത്തി വെച്ച് ഇപ്പോൾ ചിലവഴിക്കാൻ കാശില്ലാത്ത അവസ്ഥ.

കിഫ്ബിക്ക് ബജറ്റിൽ നിന്ന് പണം നൽകേണ്ടിവരുമെന്ന് കിഫ്ബി തുടങ്ങിയപ്പോൾ തന്നെ പ്രതിപക്ഷം ചൂണ്ടിക്കാട്ടിയിരുന്നു. കിഫ്ബി വലിയ പ്രശ്നമാകുമെന്നും കടമെടുപ്പിനെ ബാധിക്കുമെന്നും പ്രതിപക്ഷം പറഞ്ഞിരുന്നു. ഇപ്പോൾ ബജറ്റിന്റെ സിംഹഭാഗവും കിഫ്ബിക്കായി പോകുന്നു. കേന്ദ്ര ഫണ്ട് കിട്ടുന്നില്ലെന്ന് പരാതി പറയുന്ന സർക്കാരിന്, കേന്ദ്രം ഫണ്ട് അനുവദിക്കുന്ന പദ്ധതികളുടെ സംസ്ഥാന വിഹിതംപോലും നൽകാൻ കഴിയുന്നില്ല. ജനങ്ങൾക്ക് ഉപകാരപ്രദമായ ജലജീവൻ മിഷൻ പദ്ധതി ഇതു കാരണം മുടങ്ങി. എവിടെ നിന്ന് കിട്ടിയാലും കടം എടുക്കുന്ന അവസ്ഥയിലേക്ക് സർക്കാർ മാറി. ലണ്ടനിൽ പോയി മണിയടിച്ചിട്ടാണെങ്കിലും വേണ്ടില്ല. പണം കിട്ടിയാൽ മതിയെന്നതാണ് അവസ്ഥയെന്നും അദ്ദേഹം പറഞ്ഞു.

എട്ട് വർഷം പിന്നിടുന്ന ഇടത് സർക്കാരിന് എന്ത് ഭരണ നേട്ടമാണുള്ളതെന്ന് ചോദിച്ച പി.കെ കുഞ്ഞാലിക്കുട്ടി, . ടെക്നോപാർക്ക് ഉൾപ്പെടെയുള്ളവ യു.ഡി.എഫിന്റെ സംഭാവനയാണെന്ന് ചൂണ്ടിക്കാട്ടി. സംസ്ഥാനത്ത് വ്യവസായ രംഗത്ത് വിപ്ലവമുണ്ടാക്കിയത് യു.ഡി.എഫ് കാലത്തെ സ്ഥാപിച്ച കിൻഫ്ര പാർക്കുകളാണ്. സംസ്ഥാനത്ത് തലയുയർത്തി നിൽക്കുന്ന ഐ.ടി വ്യവസായം, കൊച്ചിയിലെ ഇൻഫോപാർക്ക്, സ്മാർട്ട് സിറ്റി, വിമാനത്താവളം, കൊച്ചി മെട്രോ തുടങ്ങി യു.ഡി.എഫ് കാലത്തെ ഭരണനേട്ടങ്ങൾ അദ്ദേഹം അക്കമിട്ട് നിരത്തി. സംസ്ഥാനത്ത് പൊതു മേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലേക്ക് പോയി കൊണ്ടിരിക്കുന്നുവെന്ന് പറഞ്ഞ അദ്ദേഹം, പൊതുമേഖലാ സ്ഥാപനങ്ങളെ പുന:സംഘടിപ്പിക്കാൻ യു.ഡി.എഫ് നടത്തിയ ശ്രമങ്ങളെ എല്ലാം എതിർക്കുകയാണ് ഇടത് മുന്നണി ചെയ്തതെന്നും കുറ്റപ്പെടുത്തി. സ്വാശ്രയരംഗത്ത് ഇടത് മുന്നണിയുടെ എതിർപ്പിനെ മറികടന്ന് മുന്നോട്ടു പോയതു കൊണ്ട് വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടായി. ഇല്ലെങ്കിൽ ഒന്നോ, രണ്ടോ എഞ്ചിനിയറിംഗ് കോളജുകൾ കൊണ്ട് കാലം കഴിക്കേണ്ടി വരുമായിരുന്നുവെന്നും പി.കെ കുഞ്ഞാലിക്കുട്ടി പറഞ്ഞു.



സംസ്ഥാന വ്യാപകമായി ലോക്കൽ ഗവൺമെന്റ് മെമ്പേഴ്സ് ലീഗ് സംഘടിപ്പിച്ച ഒപ്പു സമരത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം പടിഞ്ഞാറത്തറയിൽ മുസ്‌ലിം ലീഗ് സംസ്ഥാന ജന.സെക്രട്ടറി പി.എം.എ സലാം നിർവഹിക്കുന്നു. വയനാട് ജില്ലാ പ്രസിഡണ്ട് കെ കെ അഹമ്മദ് ഹാജി, ജനറൽ സെക്രട്ടറി ടി മുഹമ്മദ്, എൽജി എംഎൽ സംസ്ഥാന ജനറൽ സെക്രട്ടറി പി കെ ഷറഫുദ്ദീൻ, വൈസ് പ്രസിഡണ്ട് എം മുഹമ്മദ് ബഷീർ സമീപം

## ധൂർത്തിന്റെ ബാധ്യത തദ്ദേശസ്ഥാപനങ്ങളിൽ കെട്ടിവെക്കുന്നു: പി.എം.എ സലാം

കൽപ്പറ്റ: ബജറ്റ് വിഹിതം അനുവദിക്കാത്തതിനെ തുടർന്ന് തദ്ദേശസ്ഥാപനങ്ങൾ നേരിടുന്ന ഗുരുതര പ്രതിസന്ധിക്ക് പരിഹാരം കാണാത്ത സർക്കാർ നിലപാടിനെതിരെ ലോക്കൽ ഗവൺമെന്റ് മെമ്പേഴ്സ് ലീഗ് സംസ്ഥാന വ്യാപകമായി സംഘടിപ്പിച്ച ഒപ്പു മതിലിൽ പതിനായിരങ്ങൾ പ്രതിഷേധ ഒപ്പ് ചാർത്തി. തദ്ദേശ സ്ഥാപനങ്ങളുടെ വിഹിതത്തിൽ 2928 കോടി രൂപയാണ് സർക്കാർ തടഞ്ഞത്. ഇത് മൂലം നടപ്പു വർഷത്തെ ഭൂരിഭാഗം പദ്ധതികളും വെട്ടിച്ചുരുക്കേണ്ട അവസ്ഥയിലാണുള്ളത്. ഇതിനെതിരെ തദ്ദേശസ്ഥാപന തലങ്ങളിൽ സംഘടിപ്പിച്ച പരിപാടിയിൽ ശക്തമായ പ്രതിഷേധമാണ് ഉയർന്നത്. ജനപ്രതിനിധികൾക്ക് പുറമെ സർക്കാറിന്റെ കുരുക്ക് മൂലം പ്രതിസന്ധിയിലായ ലൈഫ് ഭവന പദ്ധതി ഉൾപ്പെടെയുള്ള വിവിധ ക്ഷേമ പദ്ധതി ഗുണഭോക്താക്കൾ, ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾ തുടങ്ങി സമൂഹത്തിന്റെ വിവിധ തുറകളിൽ ഉള്ളവർ ഒപ്പ് ചാർത്താനെത്തി. ഒപ്പു മതിലിന്റെ സംസ്ഥാനതല ഉദ്ഘാടനം വയനാട് പടിഞ്ഞാറത്തറയിൽ മുസ്‌ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.എം.എ സലാം നിർവഹിച്ചു.സർക്കാർ നടത്തുന്ന ധൂർത്തിന്റെ ബാധ്യത തദ്ദേശസ്ഥാപനങ്ങളിൽ കെട്ടിവെക്കാൻ അനുവദിക്കില്ലെന്ന് അദ്ദേഹം പ്രസതാവിച്ചു. തദ്ദേശസ്ഥാപനങ്ങൾക്ക് ബജറ്റ് വിഹിതം അനുവദിക്കുക എന്നത് ഭരണഘടനാപരമായ ബാധ്യതയാണ്. അത് നിർവഹിക്കാൻ സാധിക്കാത്ത സർക്കാറിന് അധികാരത്തിൽ തുടരുന്നതിനുള്ള അർഹത നഷ്ടപ്പെട്ടിരിക്കയാണ്. ബജറ്റ് വിഹിതം പൂർണമായി അനുവദിക്കാത്ത സാഹചര്യം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. അനുവദിക്കാത്ത വിഹിതം അനുവദിച്ചു എന്ന് നിയമസഭയിൽ പ്രസ്താവന നടത്തിയ മന്ത്രി ഇരുട്ടുകൊണ്ട് ഓട്ടയടക്കാനാണ് ശ്രമിക്കുന്നത്. പ്രശ്നപരിഹാരത്തിന് നിയമസഭയിൽ നൽകിയ ഉറപ്പു പോലും പാലിക്കപ്പെടാത്ത സാഹചര്യമാണുള്ളത്. നടപ്പു വർഷം പുതിയ പദ്ധതികളൊന്നും ഏറ്റെടുക്കാനാവാതെ കഴിഞ്ഞവർഷത്തെ പദ്ധതികളുടെ ബില്ല് അനുവദിക്കുന്ന പ്രവർത്തനം മാത്രം നടത്തുന്ന അവസ്ഥയിലേക്ക് തദ്ദേശസ്ഥാപനങ്ങളെ സർക്കാർ മാറ്റിയിരിക്കുകയാണ്. അധികാരങ്ങളും പദ്ധതി വിഹിതവും കവർന്നെടുത്ത് തദ്ദേശസ്ഥാപനങ്ങളെ ഞെക്കിക്കൊല്ലാനാണ് നിരന്തരമായി സർക്കാർ നീക്കം. ഇത് അനുവദിക്കാനാവില്ലെന്നും നയം തിരുത്തിയില്ലെങ്കിൽ ശക്തമായ പ്രക്ഷോഭത്തെ നേരിടേണ്ടി വരുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി. എൽ.ജി.എം.എൽ സംസ്ഥാന വൈസ് പ്രസിഡന്റ് എം മുഹമ്മദ് ബഷീർ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി പി കെ ഷറഫുദ്ദീൻ മുഖ്യപ്രഭാഷണം നടത്തി. മുസ്‌ലിം ലീഗ് വയനാട് ജില്ലാ പ്രസിഡന്റ് കെ കെ അഹമ്മദ് ഹാജി, ജനറൽ സെക്രട്ടറി ടി മുഹമ്മദ്, ഭാരവാഹികളായ റസാക്ക് കൽപ്പറ്റ, കെ ഹാരിസ്, എൽ ജി എം എൽ ജില്ലാ ജനറൽ സെക്രട്ടറി ജാസർ പിണങ്ങോട്, സി ഇ ഹാരിസ്, കെ ബി നസീമ, ഉസ്മാൻ കാഞ്ഞായി, കെ കെ അസ്മ, പി എ ജോസ് പ്രസംഗിച്ചു. എം പി ഷംസുദ്ദീൻ സ്വാഗതവും ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് പി ബാലൻ നന്ദിയും പറഞ്ഞു



ഡൽഹി യൂത്ത് കോൺഗ്രസ് ദേശീയ ആസ്ഥാനത്ത് നേതാക്കളായ ശ്രീനിവാസ്, സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ, ആസിഫ് അൻസാരി, അഡ്വ. ഫൈസൽ ബാബു, ഷെരീഫ റഹ്മാൻ, ഫഹീം ശൈഖ് എന്നിവർ

## ഫാഷിസ്റ്റ് വിരുദ്ധ സമരത്തിൽ ഒറ്റമനസ്സായി യുത്ത് കോൺഗ്രസും യൂത്ത് ലീഗും

ന്യൂഡൽഹി: സംയുക്ത യുവജന സമരത്തിന് ശേഷം യൂത്ത് കോൺഗ്രസ് ആസ്ഥാനത്ത് യൂത്ത് ലീഗ് നേതാക്കൾക്ക് സ്വീകരണം നൽകി. യൂത്ത് കോൺഗ്രസ് ദേശീയ അധ്യക്ഷൻ ശ്രീനിവാസിന്റെ നേതൃത്വത്തിലാണ് ജന്തർമന്ദർ സമരത്തിൽ യുത്ത് ലീഗിനെ നയിച്ച സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ, ആസിഫ് അൻസാരി, അഡ്വ. ഫൈസൽ ബാബു എന്നിവർക്ക് ഐ.വൈ.സി നേതാക്കൾ സ്വീകരണം ഏർപ്പെടുത്തിയത്. ഫാഷിസ്റ്റ് വിരുദ്ധ പോരാട്ടത്തിൽ യൂത്ത് കോൺഗ്രസിന്റെ നേതൃത്വം അംഗീകരിച്ച് മുസ്‌ലിം യൂത്ത് ലീഗ് ശക്തമായി കൂടെയുണ്ടാകുമെന്ന് നേതാക്കൾ പ്രതിജ്ഞ പുതുക്കി.

സമരത്തിൽ യൂത്ത് ലീഗ് പ്രവർത്തകരുടെ സജീവ പങ്കാളിത്തത്തെ ശ്രീനിവാസ് അഭിനന്ദിച്ചു. ഇന്ത്യാ മുന്നണിയിലെ സഖ്യക്ഷികളുടെ യുവജന സംഘടനകൾ ഏകോപന സമിതിക്ക് രൂപം കൊടുത്തിട്ടുണ്ട്. ഇന്ത്യാ യൂത്ത് ഫ്രണ്ട് എന്നാണ് പേര്. മുസ്‌ലിം ലീഗ് യുവജന സംഘടന എന്ന നിലയിൽ യൂത്ത് ലീഗ് ഇന്ത്യാ ഫ്രണ്ടിലെ ഒരു പ്രധാന പാർട്ടിയാണ്. ജന്തർമന്ദർ സമരത്തിന്റെ കോഡിനേറ്റർ യൂത്ത് ലീഗ് പ്രസിഡണ്ട് ആസിഫ് അൻസാരിയായിരുന്നു. വേദി ഉച്ചഭാഷിണി അനുമതി ചുമതലയും യൂത്ത് ലീഗിനായിരുന്നു.

## ആകാശ് തില്ലങ്കേരിയുടെ മാസ്സ് യാത്ര; 45500 രൂപ പിഴ,വാഹനം ബ്ലാക്ക് ലിസ്റ്റിൽ

മാനന്തവാടി: കണ്ണൂരിലെ യൂത്ത് കോൺഗ്രസ് നേതാവായിരുന്ന ഷുഹൈബ് വധക്കേസിലെ ഒന്നാം പ്രതി ആകാശ് തില്ലങ്കേരി ഗതാഗത നിയമം ലംഘിച്ച് വാഹനമോടിച്ച സംഭവത്തിൽ വാഹനത്തെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തി മാനന്തവാടി ജോയിന്റ് ആർ.ടി.ഒ മനു പി ആർ ഉത്തരവായി. ഈ വാഹനം ഇനി കൈമാറ്റം ചെയ്യൽ, രാജ്യത്തിന്റെ ഏതെങ്കിലും ഭാഗത്ത് കൊണ്ടുപോയി വിൽപ്പന, ഫിറ്റ്നസ് മാറ്റൽ മറ്റേതെങ്കിലും നടപടികൾ എന്നിവക്ക് സാധ്യമല്ലാത്ത വിധത്തിൽ ശക്തമായ നിയമ നടപടികളിലൂടെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയാണ് ഉത്തരവായിരിക്കുന്നത്. എൻഫോഴ്സ്മെന്റ് ആർ ടിഒ വാഹനത്തിന് 45500 രൂപ ഫൈനിട്ട് ആർ.സി സസ്പെന്റ് ചെയ്ത് ഉത്തരവായിരുന്നു. നമ്പർ പ്ലേറ്റില്ലാതെ ഓടിച്ച വാഹനം ഏറെ പണിപ്പെട്ടാണ് മോട്ടോർ വാഹന വകുപ്പ് കണ്ടെത്തിയത്. കൂടാതെ വാഹനം പൂർവ്വ സ്ഥിതിയിലാക്കി മലപ്പുറം ആർടിഒ ഓഫീസിൽ കാണിക്കാൻ നിർദ്ദേശം നൽകുമെന്നും വാഹനം ഓഫീസിൽ ഹാജരാക്കാതെ മലപ്പുറം ജില്ലയിൽ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ വാഹനം ഡീറ്റെയിൻ ചെയ്യുന്നതിന് മലപ്പുറം ജില്ലയിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമെന്നും ഉത്തരവിൽ പറയുന്നു.

നമ്പർ പ്ലേറ്റില്ലാതെ രൂപമാറ്റം വരുത്തിയ വാഹനത്തിൽ സീറ്റ് ബെൽറ്റില്ലാതെ ഓടിക്കുന്നതായുള്ള വീഡിയോ ദൃശ്യത്തിന്റെ പശ്ചാത്തലത്തിൽ യൂത്ത് കോൺഗ്രസ് കണ്ണൂർ ജില്ല വൈസ് പ്രസിഡന്റ് ഫർസീൻ മജീദ് വയനാട് ആർ ടി ഒ യ്ക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് നടപടി. പനമരം ടൗണിലൂടെയാണ് ഇത്തരത്തിൽ നിയമ ലംഘനം നടത്തി വാഹനമോടിച്ചത്.



എറണാകുളം ട്രാകോ കേബിൾ കമ്പനിയുടെ ഹെഡ് ഓഫീസിന് മുന്നിൽ എസ്.ടി.യു നടത്തിയ അതിജീവന സമരം സംസ്ഥാന പ്രസിഡണ്ട് അഡ്വ.എം.റഹമത്തുല്ല ഉദ്ഘാടനം ചെയ്യുന്നു

## അവകാശ സംരക്ഷണ ദിനം എസ്.ടി.യു അതിജീവന സമരം നടത്തി

കൊച്ചി:പൊതുമേഖലാ സ്ഥാപനങ്ങളെയും ജീവനക്കാരെയും സംരക്ഷിക്കുക എന്ന ആവശ്യവുമായി സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ പബ്ലിക് സെക്ടർ എംപ്ലോയീസ് കോൺഫെഡറേഷൻ (എസ്ടി.യു ) സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ അവകാശ സംരക്ഷണ ദിനം ആചരിച്ചു. ഇതിന്റെ ഭാഗമായി സ്ഥാപനങ്ങൾക്ക് മുന്നിൽ പോസ്റ്റർ പ്രദർശനം, ബാഡ്ജ് ധരിക്കൽ, അവകാശ സംരക്ഷണ പ്രതിജ്ഞയെടുക്കൽ, പ്രചരണ യോഗങ്ങൾ എന്നിവ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ സംഘടിപ്പിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളോടും ജീവനക്കാരോടും ഇടത് സർക്കാരും മാനേജ്മെന്റും കാണിക്കുന്ന അനീതി തുറന്ന് കാണിച്ചു. കേരളത്തിലെ പ്രമുഖ പൊതുമേഖലാ സ്ഥാപനമായ എറണാകുളം ഇരുമ്പനത്തെ ട്രാക്കോ കേബിൾ ഹെഡ് ഓഫീസിന് മുൻപിൽ അതിജീവന സമരം നടത്തി സംസ്ഥാന തല ഉദ്ഘാടനം നിർവഹിച്ചു. സമരം എസ്ടിയു സംസ്ഥാന പ്രസിഡന്റ് അഡ്വ എം റഹ്മത്തുല്ല ഉദ്ഘാടനം ചെയ്തു.

കഴിഞ്ഞ ഒൻപത് മാസമായി ശമ്പളം നൽകാത്ത ട്രാക്കോ കേബിൾ കമ്പനിയിലെ 500 തൊഴിലാളികളും അവരെ ആശ്രയിച്ച് കഴിയുന്ന കുടുംബങ്ങളും കടുത്ത ദുരിതത്തിലാണ്. തൊഴിലാളികളുടെ പി.എഫ് വിഹിതം പോലും അടക്കാൻ മാനേജ്മെന്റ് തയ്യാറാകുന്നില്ല. മാനേജ്മെന്റിന്റെ കെടുകാര്യസ്ഥത മൂലവും സർക്കാരിന്റെ നിസ്സഹകരണവും മൂലവും കമ്പനിക്ക് നിലവിൽ പ്രവർത്തന മൂലധനം ഇല്ല. എന്നാൽ കമ്പനിക്ക് വിവിധ സ്ഥാപനങ്ങളിൽ നിന്നും ഓർഡറുകൾ ലഭിക്കുകയും ചെയ്യുന്നുണ്ട്. ജന സെക്രട്ടറി കെ.പി മുഹമ്മദ് അഷ്റഫ് അധ്യക്ഷത വഹിച്ചു. എറണാകുളത്തെ ഏറ്റവും കണ്ണായ സ്ഥലമായ ഇരുമ്പനത്തെ ഭൂമി വിൽക്കാനുള്ള നീക്കത്തിൽ നിന്ന് മാനേജ്മെന്റ് പിന്മാറണമെന്ന് നേതാക്കൾ ആവശ്യപ്പെട്ടു.ഐ.എൻ.ടി.യു സി സംസ്ഥാന ജനറൽ സെക്രട്ടറി വി.പി.ജോർജ്, മുസ്‌ലിം ലീഗ് ജില്ലാ ജനറൽ സെക്രട്ടറി അഡ്വ.വി.ഇ. അബ്ദുൽ ഗഫൂർ, എസ്ടി.യു എറണാകുളം ജില്ലാ പ്രസിഡണ്ട് കരീം പാടത്തിക്കര, ട്രഷറർ പി.എം അലി, പത്തനംതിട്ട ജില്ലാ ജന സെക്രട്ടറി അയൂബ് കുമ്മണ്ണൂർ, ട്രാകോ കേബിൾ എ.ഐ.ടി.യു.സി സെക്രട്ടറിമാരായ അനിൽ കുമാർ, സതീഷ് മേനോൻ, ഐ.എൻ.ടി.യു.സി സെക്രട്ടറിമാരായ സി.ജെ.റോബർട്ട്, സൈമൺ കെ മാത്യു, എസ്ടി.യു നേതാക്കളായ ടി.പി.മുഹമ്മദ് അനീസ് ,എസ് .അനസ്, എൻ.കെ.അസ്ലം, ബഷീർ കുട്ടി, പി.കെ.നാസർ, ഷാജഹാൻ, പി.എ ഉസ്മാൻ ,ജേക്കബ് മാമല, അജ്മൽ ഷാ, ഹംസ മല്ലപ്പള്ളി, എൻ.കെ.ഹനീഫ, ഷുക്കൂർ കരിപ്പായി, എം എ. നദീർ, കബീർ കാടാമ്പുഴ, എസ്.എച്ച്.റഹ്മാൻ, കുഞ്ഞു മുഹമ്മദ്, നാസർ തിരുവല്ല, മുഹമ്മദ് ഷാഫി തിരുവല്ല പ്രസംഗിച്ചു. സംസ്ഥാനത്തെ വിവിധ പൊതുമേഖല സ്ഥാപനങ്ങളിൽ സമരം എസ്. ടി.യു ദേശീയ സംസ്ഥാന നേതാക്കൾ പങ്കെടുത്തു.

## കെ.എം.സി.സി ഹജ്ജ് വളണ്ടിയർ സ്നേഹസംഗമം




ഹജ്ജ് വളണ്ടിയർ സ്നേഹസംഗമം അഹമ്മദ് പാളയാട്ട് ഉദ്ഘാടനം ചെയ്യുന്നു

ജിദ്ദ: ഹജ്ജ് സേവനത്തിന് പോയ വളണ്ടിയർമാർക്ക് ജിദ്ദ കെ.എം.സി.സി കോഴിക്കോട് ജില്ലാ കമ്മിറ്റി സ്നേഹസംഗമം സംഘടിപ്പിച്ചു. സഊദി നാഷണൽ കെ.എം.സി.സി ട്രഷററും ഹജ്ജ് സെൽ ചെയർമാനുമായ അഹമ്മദ് പാളയാട്ട് ഉദ്ഘാടനം ചെയ്തു. ജില്ലാ കെ.എം.സി.സി പ്രസിഡന്റ് ഇബ്രാഹിം കൊല്ലി അധ്യക്ഷത വഹിച്ചു. ഹജ്ജ് നിർവഹിക്കാനെത്തിയ ബാലുശ്ശേരി മണ്ഡലം മുസ്‌ലിം ലീഗ് പ്രസിഡന്റ് സാജിദ് കോറോത്ത് മുഖ്യ പ്രഭാഷണം നടത്തി. സഊദി നാഷണൽ ഹജ്ജ് സെൽ ക്യാപ്റ്റൻ ശിഹാബ് താമരക്കുളം, ജിദ്ദ കെ.എം.സി.സി ആക്ടിങ് പ്രസിഡന്റ് റസാക്ക് മാസ്റ്റർ, ആക്ടിങ് ജനറൽ സെക്രട്ടറി ഇസ്ഹാഖ് പുണ്ടോളി, ട്രഷറർ വി.പി അബ്ദുൽ റഹിമാൻ, വൈസ് പ്രസിഡന്റ് ലത്തീഫ് കാളരാന്തിരി, സെക്രട്ടറി ലത്തീഫ് വെള്ളമുണ്ട, ജിദ്ദ ഹജ്ജ് സെൽ ക്യാപ്റ്റൻ സിറാജ് ടി. പി, മക്ക കെ.എം.സി.സി വൈസ് പ്രസിഡന്റ് നാസർ കിൻസാര, മെഡിക്കൽ വിങ് കൺവീനർ ബഷീർ മാനിപുരം, ജിദ്ദ മലപ്പുറം ജില്ലാ കെ.എം.സി.സി പ്രസിഡന്റ് ഇസ്മായിൽ മുണ്ടുപറമ്പ്, ജനറൽ സെക്രട്ടറി നാണി മാസ്റ്റർ, കുന്ദമംഗലം മണ്ഡലം വനിതാ ലീഗ് പ്രസിഡന്റ് ഫസീല ടീച്ചർ, ജില്ലാ കെ.എം.സി.സി ഹജ്ജ് സെൽ കോർഡിനേറ്റർ ഷബീർ അലി, ജിദ്ദ കെ. എം.സി.സി വനിതാ വിങ് സെക്രട്ടറി നസീഹ അൻവർ, ഹജ്ജ് വളണ്ടിയർ ഗ്രൂപ്പ് ക്യാപ്റ്റന്മാരായ ബഷീർ വീര്യമ്പ്രം, താരീഖ് അൻവർ, യൂനുസ് അലി സി.കെ ഷംസി ചോയിമുക്ക്, കോയമോൻ ഒളവണ്ണ, സിദ്ദീഖ് സി.പി, മുഹമ്മദ് അലി തുടങ്ങിയവർ സംസാരിച്ചു.

സേവനം ചെയ്ത വളന്റിയർമാർക്കുള്ള ജില്ലാ കമ്മിറ്റിയുടെ സർട്ടിഫിക്കറ്റുകൾ ജില്ലാ ഭാരവാഹികളായ അസ്സൻ കോയ പെരുമണ്ണ, ടി.കെ അബ്ദുൽ റഹിമാൻ, സുബൈർ വാണിമേൽ, അബ്ദുൽ വഹാബ് എൻ.പി, റിയാസ് താത്തോത്ത്, സൈദലവി കെ, നൗഫൽ റഹേലി, സാലിഹ് പൊയിൽതൊടി, റഫീഖ് ചാലിക്കര, തഹ്ദീർ വടകര തുടങ്ങിയവർ വിതരണം ചെയ്തു. ഖാലിദ് പാളയാട്ട്, സലാം ബാലുശ്ശേരി, ഫൈസൽ മണലൊടി, ശിഹാബ് മാവൂർ, ഹനീഫ, മൻസൂർ, ഫാത്തിമ സിദ്ദീഖ്, ഹാജറ ബഷീർ, ശാലിയ വഹാബ്, സഫ്ന തുടങ്ങിയവർ നേതൃത്വം നൽകി. ജില്ലാ ജനറൽ സെക്രട്ടറി സൈനുൽ ആബിദീൻ സ്വാഗതവും ട്രഷറർ അബ്ദുൽ സലാം ഒ.പി നന്ദിയും പറഞ്ഞു. സലിം മലയിൽ ഖിറാഅത്ത് നടത്തി.

## നടക്കാവ് മാതൃക ഇനി കശ്മീരിലും



കോഴിക്കോട്: വിദ്യാഭ്യാസ രംഗത്തും മറ്റും നിരവധി മാതൃകാപരമായ പ്രവർത്തനങ്ങളാൽ സജീവമായ ഫൈസൽ ആന്റ് ഷബാന ഫൗണ്ടേഷൻ മറ്റൊരു സുപ്രധാന പദ്ധതിക്ക് തുടക്കം കുറിക്കുന്നു. കേരളത്തിന് അഭിമാനിക്കാവുന്ന നടക്കാവ് മോഡൽ സ്കൂൾ കശ്മീരിലും പ്രവർത്തനമാരംഭിക്കുന്നു. ഗിവിംഗ് ടു ക്രിയേറ്റ് ഇംപാക്ട് എന്ന വിശാലമായ ലക്ഷ്യത്തോടെ സ്ഥാപിതമായ ഫൈസൽ ഷബാന ഫൗണ്ടേഷൻ ഇന്ത്യയിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള ഊർജിതമായ ശ്രമങ്ങളിലാണ്. അതിന്റെ ആദ്യപടിയായി കോഴിക്കോട് നടക്കാവ് സ്കൂൾ ഏറ്റെടുത്തതും തുടർന്ന് നടത്തിയ പ്രവർത്തനങ്ങളും രാജ്യവ്യാപകമായി ശ്രദ്ധിക്കപ്പെട്ടിരുന്നു. അതിന്റെ തുടർച്ചയെന്നോണം കശ്മീരിലെ ശ്രീനഗർ കോത്തി ബാഗിലുള്ള ഗവൺമെന്റ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിന്റെ (ജി. ജി.എച്ച്.എസ്.എസ്) നടത്തിപ്പിൽ പങ്കാളികളാവുകയാണ് ഫൈസൽ ആന്റ് ഷബാന ഫൗണ്ടേഷൻ. ഉദ്ഘാടനം കഴിഞ്ഞ ദിവസം ശ്രീനഗറിൽ നടന്നു. കെ.ഇ.എഫ് ഹോൾഡിംഗ്സ് ചെയർമാനും ഫൈസൽ ആന്റ് ഷബാന ഫൗണ്ടേഷൻ സഹസ്ഥാപകനും ഡയറക്ടറുമായ കെ.ഇ ഫൈസൽ, കെ.ഇ. എഫ്. ഹോൾഡിംഗ്സിന്റെ വൈസ് ചെയർപേഴ്സണും ഫൈസൽ ആന്റ് ഷബാന ഫൗണ്ടേഷൻ സ്ഥാപകയും ഡയറക്ടറുമായ ഷബാന ഫൈസൽ, പീക്ക് മൊബിലിറ്റി സ്ഥാപകൻ സാക്ക് ഫൈസൽ, കശ്മീർ സ്കൂൾ ഓഫ് എഡ്യൂക്കേഷൻ ഡയറക്ടർ തസ്സാദുഖ് ഹുസൈൻ മിർ ജെക്കസ് ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥർ പങ്കെടുത്തു.